

Mr. P.K. Chatterjee
20.7.43

240247

244

# DASAKUMARA CHARITAM.

by

**P. R. DORASWAMI SARMA**

"SIROMANI" WITH "PROFICIENCY"

LECTURER IN SAMSKRIT

*ST. BERCHMAN'S COLLEGE*

*Changanacherry.*

*All rights reserved by the author.*

rice Re. 1. ]

Printed at

The National Printing House,

TIRUVALLA.

This book is very
Good
By S.K. Chatterjee
Cr

240247

# ഉപോദ്ഘാതം.

ഭാഷാപ്രണയികളായ ചില സഹൃദയന്മാർ സംസ്കൃതത്തിലെ ഗദ്യഗ്രന്ഥങ്ങളെ മലയാള ഭാഷയിൽ പരിവൎത്തനം ചെയ്താൽ കൊള്ളാമെന്ന് എന്നോടു പല പ്രാവശ്യം പറയുകയുണ്ടായി. അതനുസരിച്ച് ആദ്യമായി ഞാൻ കാദംബരീകഥയെ സംഗ്രഹിച്ചു മലയാളത്തിലേക്കു പരിവൎത്തനം ചെയ്തു. പ്രസ്തുത പുസ്തകം എഴുതിതീൎന്ന ഉടനെ തന്നെ തൃശ്ശിവപേരൂർ "വിദ്യാവിനോദിനി" പ്രസ്സ് ഉടമസ്ഥന്മാർ അതിനെ സസന്തോഷം സ്വീകരിച്ചു പ്രസിദ്ധം ചെയ്തു. എന്റെ 'കാദംബരി' പുസ്തകത്തെ പററി ചില പത്രങ്ങളിൽ പ്രോത്സാഹകങ്ങളായ ചില നിരൂപണങ്ങൾ കാണ്മാനും പ്രസ്തുത പുസ്തകം കൊച്ചിരാജ്യത്തു സ്കൂളുകളിൽ ഒരു പാഠ്യപുസ്തകമായി അംഗീകരിക്കപ്പെട്ടു എന്നു കേൾപ്പാനും ഇടയായതു് എന്നെ ഏതാദൃശമായ ഉദ്യമത്തിൽ ഉത്സുകനാക്കിത്തീൎത്തു. അനന്തരം ദണ്ഡിയുടെ "ദശകുമാരചരിത" കഥയെ പരിവൎത്തനം ചെയ്വാനാരംഭിച്ചു. ആഗന്തുകങ്ങളായ ചില പ്രതിബന്ധങ്ങൾ നിമിത്തം അപ്പഴപ്പോൾ പ്രസ്തുതോദ്യമത്തിൽ നിന്നു വിരമിക്കേണ്ടതായിവന്നു എങ്കിലും ഈ പുസ്തകം അല്പാല്പമായി സുമാർ ഒരു കൊല്ലം മുമ്പു് എഴുതിത്തീൎന്നു.

ജാതെ ജഗതി വാല്മീകൌ കവിരിത്യഭിധാ ഭവത്
കവീ ഇതി തതൊ വ്യാസെ കവയ സ്ത്വയി ദണ്ഡിനി

എന്നിപ്രകാരം ചില പണ്ഡിതന്മാർ ദണ്ഡിയെപ്പററി അഭിപ്രായപ്പെട്ടിരുന്നതായി അറിയുന്നു. കാളിദാ

സൻ, ഭവഭൂതി, ബാണൻ മുതലായ മഹാകവികളെപ്പോലെ ദണ്ഡിയും ഭാഷാപ്രാവീണ്യത്തിൽ പ്രശംസയെ അർഹിക്കുന്നുണ്ടു്. ദണ്ഡിയുടെ പ്രധാന ഗുണം പദലാളിത്യമാണെന്നാണു് പണ്ഡിതന്മാരുടെ അഭിപ്രായം. പ്രകൃതിവിലാസങ്ങളെ തന്മയത്വത്തോടുകൂടി വർണ്ണിക്കുന്ന വിഷയത്തിൽ ദണ്ഡി മേൽപറഞ്ഞ മൂന്നു കവികളോടു സാമ്യം വഹിക്കുന്നില്ലെന്നുതന്നെ പറയണം. എങ്കിലും വർണ്ണനയിൽ ഈ കവി പല സ്ഥലങ്ങളിൽ അസാമാന്യമായ സാമർത്ഥ്യം പ്രകടിപ്പിക്കുന്നുണ്ടു്. 'ദശകുമാരചരിത'ത്തിലെ ഭാഷാരീതി കഥാവസ്തുവിനു യോജിച്ചതാണെന്നുള്ളതിനു പുറമെ അതു സുഗ്രഹവും ഊർജ്ജസ്വലവുമാണെന്നുള്ളതു പ്രസ്തുത കൃതിയിലെ ഒരു വിശേഷമാണു്. 'ദശകുമാരചരിത'ത്തിൽ കവി കഥാബന്ധത്തിനും വർണ്ണനയ്ക്കുമാണു് പ്രാധാന്യം കൊടുക്കുന്നതു്. മൂലകൃതിയിലെ ഭാഷ, രീതി മുതലായ ഗുണങ്ങളേപ്പററി ഭാഷാന്തരീകരണത്തിൽ പ്രതിപാദിക്കുന്നതു് ആശാസ്യമാണെന്നു തോന്നുന്നില്ല.

'ദശകുമാരചരിതം' ദണ്ഡിയുടേതാണെന്നും അല്ലെന്നും വിമർശകന്മാരുടെ ഇടയിൽ അഭിപ്രായഭേദം കാണുന്നു. കാവ്യാദർശം എന്ന അലങ്കാരഗ്രന്ഥത്തിൽ ദണ്ഡി പറയുന്ന കാവ്യനിയമങ്ങളെ 'ദശകുമാരചരിതം' അനുസരിക്കുന്നില്ലെന്നുള്ളതാണു മേൽപറഞ്ഞ അഭിപ്രായഭേദത്തിനു പ്രധാനകാരണം.

ദണ്ഡിയുടെ ജീവചരിത്രത്തെപ്പററി അധികം വിവരമൊന്നുമില്ല. ഇദ്ദേഹം ഒരു ദാക്ഷിണാത്യനാണെന്നും വി

ദർദേശീയനാണെന്നും വിചാരിക്കാം. ദ്യൂതകല, ഗണികാജീവിതം, ശൃംഗാരരസം ഇവയുടെ പ്രതിപാദനരീതിയിൽനിന്നു ഇദ്ദേഹം ഐഹികദുഃഖങ്ങളനുഭവിക്കാതെ സുഖജീവിതം നയിച്ച ഒരാളാണെന്നു ഊഹിക്കാം.

ദണ്ഡിയുടെ കാലനിർണ്ണയവിഷയത്തിലും അഭിപ്രായഭേദമില്ലെന്നില്ല. ദണ്ഡിയും കാളിദാസനും ഭവഭൂതിയും ഒരു കാലത്തു ജീവിച്ചിരുന്നു എന്നും മററും പറയുന്ന ചില ഐതിഹ്യകഥകൾ കവിയുടെ കാലം നിർണ്ണയിക്കുന്നതിൽ നമ്മെ സഹായിക്കുന്നതല്ല. ദണ്ഡി ൬-ാം നൂററാണ്ടിൽ ജീവിച്ചിരുന്നു എന്നു ചിലരും ൭-ാം നൂററാണ്ടിൽ ജീവിച്ചിരുന്നു എന്നു മററുചിലരും പറയുന്നു. ആധുനികസിദ്ധാന്തപ്രകാരം ഈ കവി ൬-ാം നൂററാണ്ടിലാണ് ജീവിച്ചിരുന്നതു് എന്നു നിസ്സംശയം പറയാം.

സദസദ്വിവേചനത്തിലും സദാചാരവർണ്ണനയിലും കവി അശ്രദ്ധനായിരിക്കുന്നു എന്നു ഒരു ന്യൂനത പ്രസ്തുതകൃതിക്കുണ്ടെന്നു ആക്ഷേപിക്കാവുന്നതാണ്. എന്നാൽ കഥാപാത്രങ്ങൾ രാജകീയവർഗ്ഗത്തിൽപെട്ട ശസ്ത്രോപജീവികളാണെന്നും അന്യോന്യം പ്രണയപൂർവ്വകമായ ഗാന്ധർവ്വവിവാഹം അവരുടെ ഇടയിൽ ശാസ്ത്രസമ്മതമാണെന്നും പ്രകൃതത്തിൽ സ്മർത്തവ്യമാണ്. കഥയിലെ പ്രധാനനായകനായ രാജവാഹനന്റെ സ്വഭാവത്തെ കവി ആദ്യന്തം ഒരേ രീതിയിൽ ദോഷംകൂടാതെ വർണ്ണിച്ചിരിക്കുന്നു. കഥാനായകൻ സ്നേഹിതന്മാരുടെ കൃത്യങ്ങളെ പ്രശംസിക്കുന്നു എന്ന കാരണത്താൽ അദ്ദേഹം അവയെ സർവ്വപ്രകാരേണ അനുമോദിച്ചു എന്നു പറയേണമെന്നില്ലല്ലോ. ഒരുവ

ൻെറ പരാക്രമകൃത്യം അഥവാ സദാചാരവിരുദ്ധമായാലും അതിനെ തല്ക്കാലം അഭിനന്ദിക്കുന്നതു ലോകസാധാരണമാണെല്ലോ.

ഈ പുസ്തകം മൂലകൃതിയുടെ പ്രതിപദപരിവൎത്തനമല്ലെന്നു മാത്രമല്ല എൻെറ ഉദ്ദേശം അനുസരിച്ചു മൂലകൃതിയിലെ ചില ഭാഗങ്ങളെ ഇതിൽ സംഗ്രഹിക്കേണ്ടതായും അപൂൎവ്വം ചില ഭാഗങ്ങളെ ത്യജിക്കേണ്ടതായും വന്നിട്ടുണ്ടു്. ഭാഷാപ്രണയികളായ സഹൃദയന്മാർ എൻെറ ഈ പുസ്തകത്തെ സാഹിത്യകോടിയിൽ പരിഗണിക്കുമെങ്കിൽ എൻെറ ഉദ്യമം സഫലമായി.

15th August 1930.<br>
Changanacherry.

P. R. Doraswami Sarma.

# കഥാനായകന്മാർ.

1. രാജവാഹനൻ— മഗധരാജാവായ രാജഹംസന്റെ പുത്രൻ.
2. സോമദത്തൻ— രാജഹംസന്റെ മന്ത്രിയായ സിതവൎമ്മാവിന്റെ പുത്രനും സുമതിയുടെ സഹോദരനുമായ സത്യവൎമ്മാവിന്റെ പുത്രൻ.
3. പുഷ്പോദ്ഭവൻ—രാജഹംസരാജാവിന്റെ രണ്ടാമത്തെ മന്ത്രിയായ പത്മോദ്ഭവന്റെ പുത്രനും സുശ്രുതന്റെ സോദരനുമായ രത്നോദ്ഭവന്റെ പുത്രൻ.
4. അപഹാരവൎമ്മ } മിഥിലരാജാവും രാജഹംസന്റെ സ്നേഹിതനുമായ പ്രഹാരവൎമ്മാവിന്റെ പുത്രന്മാർ.
5. ഉപഹാരവൎമ്മ }
6. അൎത്ഥപാലൻ—രാജഹംസന്റെ മന്ത്രിമാരിൽ ഒരുവനായ ധൎമ്മപാലന്റെ പുത്രനും സുമിത്രന്റെ സോദരനുമായ കാമപാലന്റെ പുത്രൻ.
7. പ്രമതി— സിതവൎമ്മാവിന്റെ പുത്രനും സത്യവൎമ്മാവിന്റെ സഹോദരനുമായ സുമതിയുടെ പുത്രൻ.
8. മിത്രഗുപ്തൻ— ധൎമ്മപാലന്റെ പുത്രനും കാമപാലന്റെ സോദരനുമായ സുമന്ത്രന്റെ പുത്രൻ.
9. മന്ത്രഗുപ്തൻ— സുമന്ത്രന്റെ സോദരനായ സുമിത്രന്റെ പുത്രൻ.
10. വിശ്രുതൻ— പത്മോദ്ഭവന്റെ പുത്രനും രത്നോദ്ഭവന്റെ സഹോദരനുമായ സുശ്രുതന്റെ പുത്രൻ.

John -
Lazzar Bangalow.

# ദശകുമാരചരിതം.

മഗധദേശങ്ങൾക്കലങ്കാരഭൂതമായ പുഷ്പപുരീ നഗരത്തിൽ ഭരതഭഗീരഥാദിതുല്യനായി നിരവദ്യരൂപനായി രാജഹംസൻ എന്നു പേരായ ഒരു രാജാവു് വാണുകൊണ്ടിരുന്നു. സമ്പത്തിൽ കുബേര തുല്യനായ ആ രാജാവിന്റെ നഗരം അസംഖ്യം രത്നാദ്യമൂല്യവസ്തുക്കളെക്കൊണ്ടു 'രത്നാകരം' എന്ന നാമത്തെ സവ്വപ്രകാരേണ അർഹിച്ചു. രാജഹംസരാജാവു് നീതിമാഗ്ഗത്തിൽനിന്നു തെറ്റാതെ അനവരതം പ്രജാക്ഷേമ പരിപാലനത്തിൽ ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹത്തിന്റെ പട്ടമഹിഷിയുടെ പേർ വസുമതി എന്നായിരുന്നു. ആ സ്ത്രീരത്നം തന്റെ ബുദ്ധിവൈഭവംകൊണ്ടും ലീലാപാടവംകൊണ്ടും രമണീയതയാലും യോഷിത്കുലത്തിനു ഒരു ഭൂഷണമായി പരിലസിച്ചു. പരമശിവന്റെ തൃക്കണ്ണിൽനിന്നുണ്ടായ അഗ്നിയിൽ കാമദേവൻ ദഹിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉപകരണദ്രവ്യങ്ങളെല്ലാം വസുമതിയുടെ ഓരോ അവയവമായി പരിണമിച്ചുവൊ എന്നും ലോകത്തിലുള്ള എല്ലാ ഉപമാദ്രവ്യങ്ങളുടേയും സമുച്ചയരൂപമായി ഒരു ആകൃതികണ്ടാൽകൊള്ളാമെന്നു ആഗ്രഹിച്ചു് ബ്രഹ്മാവു് തന്റെ ആഗ്രഹനിവൃത്തിക്കായി സൃഷ്ടിച്ച ഒരു ആകൃതിവിശേഷമാണൊ

എന്നും തോന്നുമാറു വസുമതിയുടെ രൂപം നിസ്തുലമായി ശോഭിച്ചു.

രാജഹംസനു ധർമ്മപാലൻ പത്മോൽഭവൻ, സിതവർമ്മൻ, എന്നു പേരായി വിധേയരായ മൂന്നു കലാമാത്യന്മാർ ഉണ്ടായിരുന്നു. അവരിൽ സിതവർമ്മനു സുമതി സത്യവർമ്മാവു എന്നു പേരായ രണ്ടു പുത്രന്മാരും ധർമ്മപാലനു സുമന്ത്രൻ സുമിത്രൻ കാമപാലൻ എന്നു മൂന്നു പുത്രന്മാരും പത്മോൽഭവനു സുശ്രുതൻ രത്നോൽഭവൻ എന്നു പേരായി രണ്ടു പുത്രന്മാരും ഉണ്ടായി. കാലക്രമത്തിൽ ധർമ്മശീലനും സത്യസന്ധനും ആയ സത്യവർമ്മാവു് സംസാരം നിസ്സാരമാണെന്നും സങ്കടപ്രായമാണെന്നും രാഗദ്വേഷാദി ദോഷഗ്രസ്തമാണെന്നും ഭോഗങ്ങൾ മിന്നൽ പിണരുപോലെ ക്ഷണഭംഗുരങ്ങളാണെന്നും നിശ്ചയിച്ചു് തീർത്ഥയാത്രക്കായി ദേശാന്തരത്തിലേക്ക പോയി. ദുർവ്വിനീതനായ കാമപാലൻ മോഹഗ്രസ്തനായി പിതൃജനങ്ങളുടേയും അഗ്രജന്മാരുടെയും ശാസനങ്ങളെ അതിക്രമിച്ചു് വിടനാടപരായണനായും വേശ്യാലമ്പടനായും കാലം നയിച്ചുവന്നു. രത്നോൽഭവനാകട്ടെ വാണിജ്യത്തിൽ പ്രകൃത്യാ തന്നെ ആസക്തനായിരുന്നതിനാൽ കച്ചവടത്തിന്നായി കപ്പൽ കയറി വിദേശത്തിലേക്കപോയി. മററു മന്ത്രിപുത്രന്മാരെല്ലാവരും ഭരണ തന്ത്രത്തിൽ പിതൃജനങ്ങളാൽ നിയുക്തന്മാരായി രാജശാസനങ്ങളെ അനുസരിച്ചു് സ്വകൃത്യങ്ങൾ നിർവ്വഹിച്ചു പോന്നു.

ഒരിക്കൽ മഗധനായകനായ രാജഹംസൻ ദിഗ്വിജയത്തിലുള്ള ആശംസയാലും യുദ്ധത്തിലുള്ള അഭിലാഷ

ത്താലും ചതുരംഗബലത്തോടുകൂടി മാളവേശ്വരനായ മാനസാരനോടു യുദ്ധംചെയ്യാൻ പുറപ്പെട്ടു. ഭേരികളുടെ ധ്വംകാരശബ്ദം സാഗരങ്ങളുടെ നിർഘോഷാഹങ്കാരത്തെ അധഃകരിക്കേണമെന്നുള്ള ആഗ്രഹത്താൽ ദിക്ചക്രവാളങ്ങളെ ചലിപ്പിക്കുന്നതുപോലെ അത്യുച്ചത്തിൽ മുഴങ്ങി. മാളവനാഥനായ മാനസാരൻ ഗജതുരഗാദികളോടുകൂടി സവിഗ്രഹമായ വിഗ്രഹം എന്നു തോന്നുമാറു് സാഗ്രഹനായി മഗധരാജാവിനോടു എതൃത്തു. ഗജങ്ങളുടേയും, തുരഗങ്ങളുടേയും ഖുരങ്ങൾ തട്ടി ചൂർണ്ണിതമായ ക്ഷോണിയിൽനിന്നു ധൂളീപടലം ആകാശം മുഴുവൻ വ്യാപിച്ചു. സേനകൾ തമ്മിൽ ഘോരമായി യുദ്ധംചെയ്തു. അവസാനം മാളവസൈന്യം ക്ഷയിച്ചുതുടങ്ങി. മഗധരാജാവു് മാളവരാജനെ പിടിച്ചു് ബന്ധനസ്ഥനാക്കി എങ്കിലും ദയാവിഷ്ടനായി വീണ്ടും അദ്ദേഹത്തെ മോചിപ്പിച്ചു് രാജാവാക്കി ത്തിരിച്ചയച്ചു.

രാജഹംസൻ അന്യശാസനങ്ങൾക്കു കീഴ്പ്പെടാതെ ഏകഛത്രാധിപതിയായി രാജ്യം ഭരിച്ചുവന്നു. എല്ലാ സുഖങ്ങളും ഭാഗ്യങ്ങളും തികഞ്ഞ ആ രാജാവിന്നു പുത്രമുഖദർശനഭാഗ്യംമാത്രം ഉണ്ടായിരുന്നില്ല. അദ്ദേഹം ചരാചരഗുരുവായി സകലലോകങ്ങൾക്കും ഏക കാരണഭൂതനായ ഭഗവാൻ നാരായണനെ നിരന്തരം പൂജിച്ചുവന്നു. ദേവതമാരെയും ഋഷിമാരേയും പൂർവ്വാധികം വന്ദിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ പട്ടമഹിഷിയായ വിലാസവതി ഒരുദിവസം പ്രഭാതസമയത്തു "ഭർത്താവോടുകൂടി താൻ കല്പവല്ലീഫലമനുഭവിക്കുന്നതാണു്" എന്നു്, തന്നോടു ഒരുദിവ്യാകൃതി പറഞ്ഞതായി സ്വപ്നംകണ്ടു. രാജ്ഞി പെട്ടെന്നു

എഴുന്നീററു ഈ സന്തോഷവൃത്താന്തം ഭർത്താവിനെ അറിയിച്ചു. പ്രഭാതസമയത്തിൽ കാണപ്പെട്ടതായ സ്വപ്നങ്ങളെല്ലാം ഒട്ടുമിക്കതും ഫലിക്കുന്നതാണെന്നു പറഞ്ഞു്, ആനന്ദസംഭരിതനായ രാജാവു് ദയിതയെ സന്തോഷിപ്പിച്ചു. കാലക്രമത്തിൽ വിലാസവതി ഗർഭം ധരിച്ചു. കുബേരതുല്യനായ രാജാവു് സുഹൃത്തുക്കളേയും ബന്ധുക്കളേയും ക്ഷണിച്ചുവരുത്തി തന്റെ മനോരഥസിദ്ധിക്കനുരൂപമായി പത്നിയുടെ സീമന്താദ്യുത്സവങ്ങൾ യഥാകാലം ആഘോഷിച്ചു.

ഒരുദിവസം രാജാവു് സുഹൃത്തുക്കളോടും മന്ത്രിമാരോടും പുരോഹിതന്മാരോടുംകൂടി സിംഹാസനാരൂഢനായി ആസ്ഥാനസഭയിൽ ഇരിക്കുമ്പോൾ ഒരു ദ്വാരപാലകൻ ബദ്ധാംജലിയായി രാജസമീപം ചെന്നു, ഏതോ ഒരു താപസൻ രാജാവിനെ കാണ്മാനായി പടിക്കൽ നില്ക്കുന്ന വിവരം അറിയിച്ചു. അനന്തരം രാജാവിന്റെ കല്പനപ്രകാരം ദ്വാരപാലകൻ ഉടനെ ചെന്നു് താപസനെ രാജസമീപം നയിച്ചു. താപസനെ കണ്ട ഉടനെ രാജാവു് പരിജനങ്ങളെയെല്ലാം പറഞ്ഞയച്ചു്, മന്ത്രിസഹിതനായി മന്ദസ്മിതംപൂണ്ടു് 'ഈ വേഷത്തിൽ അങ്ങു് ഏതെല്ലാം ദേശങ്ങൾ സഞ്ചരിച്ചു, എന്തെല്ലാം വിശേഷങ്ങൾ കണ്ടു?' എന്നു് അദ്ദേഹത്തോടു ചോദിച്ചു. താപസൻ പറഞ്ഞു:-

'അങ്ങയുടെ ആജ്ഞയെ ശിരസാവഹിച്ചു് നിർദ്ദോഷമായ ഈ വേഷവും സ്വീകരിച്ചു് ഞാൻ മാളവേശന്റെ നഗരത്തിൽ പ്രവേശിച്ചു. അവിടെ ഏതാനും ദിവസങ്ങൾ ഗൂഢമായി താമസിച്ചു് ആ രാജ്യത്തിലെ വ

ത്തമാനങ്ങളെല്ലാം ഞാൻ മനസ്സിലാക്കി. മാനിയായ മാനസാരൻ യുദ്ധത്തിൽ പരാജിതനായിഭവിക്കയാൽ അത്യന്തം ഖിന്നമാനസനായിത്തീൎന്നിരിക്കുന്നു. നിർഭയനായ ആ രാജാവു് തന്റെ പരാജയത്തിന്നു പ്രതികാരം ചെയ്യാൻ ഇച്ഛിച്ചു് മഹാകാലനിവാസിയായി കാളീവിലാസിയായി അന്ധകാരനായ ഭഗവാൻ അംബികാപതിയെ തപസ്സുകൊണ്ടു പ്രസാദിപ്പിച്ചു. പ്രീതനായ ഭഗവാനിൽനിന്നു ശത്രുനാശകവും ഭയാനകവുമായ ഒരു ഗദ അനുഗ്രഹത്തിന്നു ലഭിച്ചിരിക്കുന്നു. തന്നോടു എതിൎപ്പാൻ ലോകത്തിൽ ആർക്കും സാദ്ധ്യമല്ലെന്നു അഭിമാനിച്ചുകൊണ്ടു് മഹാഭിമാനിയായ മാളവരാജാവു് അങ്ങയോടു യുദ്ധം ചെയ്യാൻ വേണ്ടതായ ഒരുക്കങ്ങൾ ചെയ്തുവരുന്നു. എനിക്കു പറവാനുള്ളു ഇത്രമാത്രമാണു്. ഇനി കൎത്തവ്യങ്ങളിൽ ദേവൻതന്നെ പ്രമാണം.'

താപസവേഷധാരിയായ ചാരന്റെ വാക്കുകേട്ടു് മന്ത്രിമാർ തമ്മിൽ ആലോചിച്ചു് രാജാവിനോടു ഇപ്രകാരം പറഞ്ഞു:—

'ബാഹ്യസഹായങ്ങളെ അപേക്ഷിക്കാതെ കേവലം ദൈവസഹായത്തെ മാത്രം അവലംബിച്ചാണു് ശത്രുരാജാവു് യുദ്ധത്തിന്നു ഒരുങ്ങിവരുന്നതു്. ദൈവാജ്ഞയെ ലംഘിക്കുന്നതു മനുഷ്യൎക്കു സാദ്ധ്യമല്ലാത്തതിനാൽ ഈ സമയത്തു യുദ്ധം ചെയ്യുന്നതു നമുക്കു യുക്തമല്ലെന്നാണു് തോന്നുന്നതു്. അതിനാൽ ശത്രുക്കൾ അകത്തു പ്രവേശിക്കാതിരിപ്പാൻ താമസിയാതെ ദുൎഗ്ഗസംശ്രയം ചെയ്യുന്നതായിരിക്കും ഉചിതം എന്നു തോന്നുന്നു.'

ഈ വിധം മന്ത്രിമാർ പല പ്രാവശ്യം വിജ്ഞാപിച്ചു. എങ്കിലും അവരുടെ വിജ്ഞാപനങ്ങളെ അനാദരിച്ച് യുദ്ധം തന്നെയാണ കർത്തവ്യമെന്നു രാജാവു് നിശ്ചയിച്ചു. ദൈവലബ്ധമായ ശക്തിയാൽ ഗർവിഷ്ഠനായ മാനസാരൻ സാമഗ്രികളോടുകൂടി യുദ്ധംചെയ്വാൻ മഗധദേശത്തിൽ പ്രവേശിച്ചു. ഇതറിഞ്ഞു മന്ത്രിമാർ അന്തഃപുരസ്ത്രീകളെയെല്ലാം ശത്രുക്കൾ കാണാതെ വിന്ധ്യാടവീമധ്യത്തിൽ കൊണ്ടുപോയി മൂലബലങ്ങളോടുകൂടി അവിടെ ഒളിപ്പിച്ചു. രാജഹംസനാകട്ടെ, സൈന്യസമേതം പുറത്തുവന്നു ശത്രുരാജാവിനോടു എതൃത്തു. പരസ്പരം ബദ്ധവൈരന്മാരും ധീരന്മാരുമായ ഇരുകൂട്ടരും തമ്മിൽ യുദ്ധംചെയ്തുകൊണ്ടിരുന്നപ്പോൾ ജയകാംക്ഷിയായ മാളവേശൻ ഗത്യന്തരമില്ലെന്നു കണ്ടു ദൈവലബ്ധമായ ഗദ എടുത്തു യുദ്ധത്തിൽ അതിവിദഗ്ദ്ധനായ രാജഹംസന്റെ മീതെ എറിഞ്ഞു. മഗധരാജാവു് തീക്ഷ്ണങ്ങളായ ശരങ്ങൾകൊണ്ടു ആ ഗദയെ ശകലങ്ങളാക്കി മുറിച്ചു എങ്കിലും ദൈവശാസനത്തിന്റെ അലംഘ്യതഹേതുവാൽ അതു തേരാളിയെ കൊന്നു് രഥസ്ഥനായ രാജാവിനെ മൂർച്ഛിതനാക്കിത്തീർത്തു. ഈ സംഭ്രമത്തിൽ രഥാശ്വങ്ങൾ രാജാവോടുകൂടി രഥത്തെ വലിച്ചുകൊണ്ടു അന്തഃപുരജനങ്ങൾ ശരണം പ്രാപിച്ചിരുന്നതായ സ്ഥലത്തു ദൈവഗത്യാ ചെന്നുചേർന്നു. മാളവനാഥൻ ജയലക്ഷ്മിയോടുകൂടി മഗധരാജ്യത്തെ ആക്രമിച്ചു് തലസ്ഥാനമായ പുഷ്പപുരത്തിൽ വാസം തുടങ്ങി. ആയുധങ്ങൾപെട്ടു മുറിവേററു ബോധരഹിതരായി കിടന്നിരുന്ന മന്ത്രിമാർ പ്രഭാതസമയത്തിലെ കളിർകാററുകൊണ്ടു് ദൈവഗത്യാ ഉണർന്നു. അവർ

രാജാവിനെ പല സ്ഥലങ്ങളിലും അന്വേഷിച്ച് കാണാതെ ഖിന്നമാനസരായി വസുമതീസമീപം ചെന്നു. വസുമതിയാകട്ടെ അവരിൽ നിന്നു സൈന്യങ്ങളുടെ നാശത്തെപ്പററിയും രാജാവിനെ കാണാത്ത വിവരത്തെപ്പററിയും അറിഞ്ഞു ദുഃഖാൎണ്ണവമഗ്നയായിത്തീൎന്നു. ഭൎത്താവിനെ താനും അനുഗമിക്കുന്നതാണെന്നു നിശ്ചയിച്ചു. 'ദേവി! ദേവൻ മരിച്ചിട്ടുണ്ടെന്നും ഇല്ലെന്നും പറവാൻ പാടില്ലാ. വസ്തുതത്വമറിയാതെ സാഹസം പ്രവൎത്തിക്കുന്നതു വളരെ അനുചിതമാകുന്നു. കൂടാതെ സ്വപ്നത്തിന്നനുഗുണമായി സാൎവ്വഭൌമനായ രാജകുമാരൻ ദേവിയുടെ ഗൎഭത്തിൽ സ്ഥിതി ചെയ്യുന്നുവെല്ലൊ. അതിനാൽ എല്ലാംകൊണ്ടും ഭവതിക്കു മരണം ഇപ്പോൾ അനുചിതമാണ്" എന്നും മററും പറഞ്ഞു മന്ത്രിമാർ രാജ്ഞിയെ തൽക്കാലം ആശ്വസിപ്പിച്ചു. നേരം അൎദ്ധരാത്രിയായി. പരിജനങ്ങളെല്ലാം ഗാഢനിദ്രയെ പ്രാപിച്ചു. പരിതസ്ഥിതികളെല്ലാം നിശ്ശബ്ദതയിൽ ലയിച്ചിരുന്നു. ശോകാൎണ്ണവമഗ്നയായി കിം കൎത്തവ്യതാമൂഢയായ വിലാസവതി ദുഃഖം അസഹ്യമാണെന്നു കണ്ടു ആരുമറിയാതെ പതുക്കെ നടന്നു നിശ്ശബ്ദമായി സേനകളും മന്ത്രിമാരും താമസിച്ചിരുന്ന കൂടാരങ്ങൾ കടന്നു അല്പനേരംകൊണ്ടു ശ്രാന്തങ്ങളായ രാജാശ്വങ്ങൾ ഗമിപ്പാൻ ശക്തിയില്ലാതെ ബോധരഹിതനായ രാജാവിനെ വഹിച്ചുകൊണ്ടു നിന്നിരുന്ന സ്ഥലത്ത് എങ്ങിനെയോ ചെന്നുചേൎന്നു. അനന്തരം ഒരു വൃക്ഷശാഖയിൽ ഉത്തരീയത്തെ ബന്ധിച്ചു മരണോന്മുഖിയായി വാങ്ങ് മാധുൎയ്യംകൊണ്ടു കോകിലങ്ങളെ അധഃകരിക്കത്തക്കവണ്ണം 'ഭൎത്തൃനായക' അടുത്ത ജന്മത്തിലും ഭവാൻതന്നെ എനിക്കു വല്ലഭനായി ഭ

വിക്കേണമെ; ദുഃഖബഹുലമായ ഈ ലോകത്തിൽ എന്റെ പ്രാണനാഥനില്ലാതെ ഒരു നിമിഷംപോലും ജീവിച്ചിരിപ്പാൻ ഞാൻ ശക്തയല്ല, അതിനാൽ ഞാൻ ഇതാ അങ്ങയെ അനുഗമിക്കുന്നുണ്ട്” എന്നും മററും പറഞ്ഞു വിലപിച്ചു. ചന്ദ്രകിരണങ്ങളുടെ ശീതളമായ സംപർക്കത്താൽ തത്സമയം ബോധവാനായിതീർന്ന രാജാവു് വിലാപം കേട്ടു അതു തന്റെ പ്രിയതമയുടെ ശബ്ദമാണെന്നു നിശ്ചയിച്ച് പതുക്കെ വിളിച്ചു. ശരീരത്തിൽ നിന്നു വളരെ രക്തം വ്രണങ്ങൾ വഴിയായി ഒഴുകിപ്പോയിരുന്നതിനാൽ അദ്ദേഹത്തിനു കിടന്നിരുന്ന ദിക്കിൽനിന്ന് ഇളകുവാൻ സാധിച്ചില്ല. വല്ലഭന്റെ ശബ്ദംകേട്ടു ഉടനെ രാജ്ഞി സസംഭ്രമം ഓടിചെന്ന് ആനന്ദസംഭരിതയായി ഇമ പൂട്ടാതെ കുറെനേരം രാജാവിനെ നോക്കിനിന്നു. അനന്തരം അവർ പുരോഹിതന്മാരെയും മന്ത്രിമാരെയും ഉറക്കെ വിളിച്ചുവരുത്തി അവർക്കു രാജാവിനെ കാട്ടികൊടുത്തു. രാജാവിന്റെ അപ്പോഴത്തെ സ്ഥിതികണ്ടു്, അമാത്യന്മാർ വളരെ വ്യസനിച്ചു. രാജപാദങ്ങളെ തങ്ങളുടെ ശിരസ്സുകളിൽ എടുത്തുവെച്ചു. സാരഥി മൃതനായി താഴെ വീണപ്പോൾ അശ്വങ്ങൾ വേഗത്തിൽ രഥത്തെ വലിച്ചുകൊണ്ടു വനത്തിലേക്കു പോയ വിവരം അവർ രാജാവിനോടു പറഞ്ഞു. ഇതു കേട്ടു രാജാവു യുദ്ധത്തിൽ ദയാഹീനനായ മാളവരാജാവ് നമ്മുടെ സൈന്യങ്ങളെയെല്ലാം കൊന്ന് അവസാനത്തിൽ ദൈവദത്തമായ തന്റെ ഗദകൊണ്ട് എന്നെ അടിച്ചു. ഞാൻ പെട്ടെന്നു മൂർച്ഛിതനായി രഥത്തിൽ വീണു. നിങ്ങൾ പറഞ്ഞതുപോലെ അശ്വങ്ങൾ ദൈവഗത്യാ രഥ

ത്തെ വലിച്ച് ഇവിടെ കൊണ്ടുവന്നിരിക്കാം. ഇപ്പോഴ് പുലർകാലത്തിലെ കുളിർകാററുതട്ടി എനിക്കു ബോധംവ ന്നിരിക്കുന്നു എന്നു പറഞ്ഞു. അനന്തരം അമാത്യന്മാർ രാ ജാവിനെ കൂടാരത്തിൽ കൊണ്ടുപോയി ശരീരത്തിൽ ത റച്ചിരുന്നതായ ബാണശകലങ്ങളെല്ലാം എടുത്തുകളഞ്ഞു വ്രണങ്ങളിൽ മരുന്നു പുരട്ടി. വേദനയെല്ലാം ഒരുവിധം ശമിച്ചപ്പോൾ രാജാവിൻെറമുഖം വികസിതമായ താമര പ്പൂപോലെ ഉത്ഫുല്ലമായി ശോഭിച്ചു. തനിക്കു സംഭവി ച്ച ആപത്തിനേയും പരാജയത്തേയും പററി ഓർത്തപ്പോ ൾ വികസിതമായ രാജമുഖം സന്ധ്യാകാലത്തു മുകുളീഭ വിക്കുന്നതായ താമരപ്പൂപോലെ ചുളിഞ്ഞു നിഷ്പ്രഭമാ യിത്തീൎന്നു. ഇതുകണ്ടു വസുമതി ഇപ്രകാരം പറഞ്ഞു:—

പ്രാണനാഥ! രാജാക്കന്മാരുടെ ഇടയിൽ അത്യന്തം ശ്രേഷ്ഠനും പരാക്രമിയുമായ അങ്ങ് ഇപ്പോൾ വിന്ധ്യാട വീമദ്ധ്യത്തിൽ ഇരിക്കുന്നു എന്നത് എത്രമാത്രം അസം ഭാവ്യമാണ്. മിന്നൽപിണർപോലെ ക്ഷണഭംഗുരമായ സമ്പത്തു പെട്ടെന്ന് ഉണ്ടാകുന്നതുപോലെ പെട്ടെന്നു ന ശിക്കുന്നു. അതിനാൽ സവ്വവും ദൈവായത്തമാണെന്ന റിഞ്ഞു സമാധാനിക്കുന്നതല്ലാതെ ഇക്കാൎയ്യങ്ങളിൽ ഗത്യ ന്തരമില്ല. പണ്ടു ഹരിശ്ചന്ദ്രൻ, ധൎമ്മപുത്രൻ മുതലായ രാജശ്രേഷ്ഠന്മാർ ഐശ്വൎയ്യത്തിൽ ദേവേന്ദ്രതുല്യരായി സ ത്യം, ധൎമ്മം, ദയ, പരോപകാരം, ഈശ്വരഭക്തി, സദാ ചാരം മുതലായ ഗുണങ്ങൾക്കുത്തമാലംഭൃതരായി ഇരു ന്നുഎങ്കിലും ദൈവായത്തമായ ദുഃഖയന്ത്രം അവരെ യും പീഡിപ്പിക്കാതിരുന്നില്ല. അതുപോലെതന്നെ. ഭ

വാനും കാലതാമസം കൂടാതെ പൂർവ്വാവസ്ഥയെ പ്രാപി ച്ചു രാജ്യം ഭരിക്കുമാറു സർവ്വശക്തനായ ദൈവം അനുഗ്ര ഹിക്കട്ടെ. നമുക്കു ഈ വ്യസനങ്ങളെപ്പററി ചിന്തി ക്കാതെ ഈശ്വരനെ അധികമായി ആരാധിക്കാം.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു. രാജഹംസൻ ത ൻെറ അഭിലാഷസിദ്ധിക്കായി വാമദേവൻ എന്നു പേരാ യ താപസശ്രേഷ്ഠനെ ശരണംപ്രാപിച്ചു. അദ്ദേഹത്തെ സാഷ്ടാംഗം നമസ്കരിച്ച് അദ്ദേഹം നൽകിയതായ ഉപ ചാരങ്ങളെ സവിനയം സ്വീകരിച്ചു സോമകുലാവതംസി യായ രാജാവു താപസനോട്ട് ഇപ്രകാരം പറഞ്ഞു:— 'ഭഗവൻ, മാനസാരൻ പ്രബലമായ ദൈവബലംകൊ ണ്ടു എന്നെ ജയിച്ച് എൻെറ രാജ്യത്തെ യഥേഷ്ടം അ നുഭവിക്കുന്നു. ഞാനും ഉഗ്രമായ തപസ്സുചെയ്തു ഭേൽക്കാ രുണ്യത്താൽ എൻെറ ശത്രുവിനെ ഉന്മൂലനം ചെയ്യുമാ റു എന്നെ അനുഗ്രഹിക്കേണം.' ഇതു കേട്ടു ത്രികാല ജ്ഞനായ താപസൻ പറഞ്ഞു:—'അല്ലയോ രാജാവേ അങ്ങു തപസ്സുകൊണ്ടു ശരീരത്തെ ക്ലേശിപ്പിക്കണമെ ന്നില്ല. വസുമതീഗർഭസ്ഥനായ രാജനന്ദനൻ സകല ശത്രുകുലങ്ങളേയും നശിപ്പിക്കുന്നതാണ്. ഭവാൻ കുറേ കാലം സ്വസ്ഥചിത്തനായിരുന്നാലും'

'ഇതു സത്യം തന്നെ' എന്നു ഒരു ആകാശവാണി യും പെട്ടെന്നു ഉണ്ടായി. രാജാവ് മുനിവചനമവലംബി ച്ച് സ്വസ്ഥനായി താമസിച്ചു.

ഏതാനും ദിവസം കഴിഞ്ഞു സംപൂർണ്ണ ഗർഭയായ വസുമതി ശുഭദിനത്തിൽ പുണ്യസമയത്ത് സകല ല

ക്ഷണങ്ങളും തികഞ്ഞ ഒരു പുത്രനെ പ്രസവിച്ചു. ഉചിതജ്ഞനായ രാജാവ് പുരോഹിതന്മാരെ വരുത്തി ബാലോചിതങ്ങളായ സംസ്കാരങ്ങളെല്ലാം നടത്തി. പത്താംദിവസം പുത്രനു രാജവാഹനൻ എന്നു പേരിട്ടു. സുമതി സുമന്ത്രസുമിത്ര സുശ്രുതന്മാക്കും യഥാക്രമം പ്രമതി മിത്രഗുപ്തൻ മന്ത്രഗുപ്തൻ വിശ്രുതൻ എന്നു നാലു പുത്രന്മാർ ജനിച്ചു. രാജവാഹനൻ ആത്മമിത്രങ്ങളായ മന്ത്രിപുത്രന്മാരോടുകൂടി ബാലകേളികഠം അനുഭവിച്ചു വന്നു.

ഒരു ദിവസം ഒരു താപസൻ രാജലക്ഷണയുക്തനും നയനാനന്ദകരനുമായ ഒരു കുമാരനെ കൊണ്ടുചെന്നു രാജസമക്ഷത്തിൽ അപ്പിച്ച് ഇപ്രകാരം പറഞ്ഞു.

"ഭൂവല്ലഭ! ഞാൻ ദർഭ, സമിത്തു മുതലായതുകൊണ്ടുവരുവാനായി വനത്തിലേക്കു പോയപ്പോഠം അനാഥയായ ഒരു സ്ത്രീ വിമ്മി വിമ്മി കരഞ്ഞുകൊണ്ടിരുന്നതുകണ്ടു. അവഠം ആരാണെന്നും വിജനമായ വനത്തിൽ ഏകാകിനിയായി ഇരുന്നു കരയുവാൻ കാരണമെന്തെന്നും ഞാൻ അവളോടു ചോദിച്ചപ്പോഠം അവഠം ഇപ്രകാരം പറഞ്ഞു.

മുനിശ്രേഷ്ഠ! ലാവണ്യത്തിൽ കാമതുല്യനായ മിഥിലാനായകൻ തന്റെ സുഹൃത്തായ മഗധരാജന്റെ പട്ടമഹിഷിയായ വസുമതീദേവിയുടെ സീമന്ത മഹോത്സവത്തിന്നായി പുത്രദാരങ്ങളോടുകൂടി പുഷ്പപുരത്തിലേക്കു പോയിരുന്നു. അടിയന്തിരം കഴിഞ്ഞു സ്നേഹിതനോടുകൂടി അവിടെ കുറെദിവസം താമസിച്ചു. അപ്പോഴാണു മാളവരാജാവ് മഗധരാജാവിനോടുകൂടി യുദ്ധംചെയ്വാൻ പുഷ്പപുരത്തിൽ വന്നതു്. സമ്പത്തിലും ആപത്തിലും സമ

ക്രിയന്മാരാണല്ലൊ യഥാർത്ഥ സുഹൃത്തുക്കൾ എന്ന ആപ്തവാക്യത്തെ പുരസ്കരിച്ച് വിദേഹാധിപതിയായ പ്രഹാരവർമ്മാവ് സുഹൃത്തിനുവേണ്ടി മാനസാരത്തോടു യുദ്ധംചെയ്തു. യുദ്ധത്തിൽ ഒട്ടുമിക്കസൈന്യങ്ങളും നശിച്ചു. ബാക്കി ഉണ്ടായിരുന്ന ഏതാനും സൈന്യങ്ങളോടുകൂടി രാജാവ് സ്വ നഗരത്തിലേക്കു യാത്രയായി. വനമാർഗ്ഗത്തിൽകൂടി പൊയ്ക്കൊണ്ടിരുന്നപ്പോൾ പെട്ടെന്നു അസംഖ്യം കാട്ടാളന്മാർ ഒരു കൂട്ടമായി വന്നു അദ്ദേഹത്തെ തടഞ്ഞു. തന്നിമിത്തം രാജാവും പരിജനങ്ങളും തമ്മിൽ പിരിഞ്ഞു അങ്ങിങ്ങ് ഓടിപ്പോയി. രാജാവിന്റെ രണ്ടു ചെറിയ പുത്രന്മാരെ ഞാനും എന്റെ പുത്രിയുമാണ് എടുത്തുകൊണ്ടിരുന്നതു്. രാജാവിനേയും സൈന്യങ്ങളേയും പിന്തുടൎന്നു ഓടുവാൻ ഞങ്ങൾക്കു സാധിച്ചില്ല. ഞങ്ങൾ വഴിയറിയാതെ ചുററിനടന്നുകൊണ്ടിരുന്നപ്പോൾ ഘോരമായ ഒരു വ്യാഘ്രം എന്റെ നേരെ വന്നു. അതിനെക്കണ്ടു പേടിച്ചു ഞാൻ ഓടിയപ്പോൾ ഒരു പാറമേൽ കാൽതടഞ്ഞു താഴെ വീണു. ബാലൻ എന്റെ കയ്യിൽനിന്നും തെററി സമീപത്തിൽ കിടന്നിരുന്ന ഒരു ഗോശവത്തിന്റെ മീതെ വീണു. വ്യാഘ്രം ഓടിച്ചെന്നു ഗോശവം ഭക്ഷിപ്പാനാരംഭിച്ചു. പെട്ടെന്നു ചില കാട്ടാളന്മാർ അവിടെ എത്തി പുലിയെ കൊന്നു ബാലനെ എടുത്തുകൊണ്ടു പോയി. മറെറാരു കുമാരനും എന്റെ പുത്രിയും എവിടെ പോയി എന്നു യാതൊരു വിവരവുമില്ല. ഈ സംഭവങ്ങളെല്ലാം കണ്ടു പരിഭ്രമിച്ച് ഞാൻ ബോധംകെട്ടു താഴെ വീണു. ഏതൊ ഒരു ആട്ടിടയൻ ആടുകളെ മേച്ചുകൊണ്ടിരുന്നപ്പോൾ യദൃച്ഛയാ ഞാൻ ബോധരഹിതയാ

യി കിടക്കുന്നതു കണ്ടു. കൃപാലുവായ ആ മനുഷ്യൻ പതു ക്കെ എന്നെ എടുത്തു സ്വഗൃഹത്തിലേക്കു കൊണ്ടുപോയി, എനിക്കു വേണ്ടതായ ശുശ്രൂഷകളെല്ലാം ചെയ്തു. എന്റെ ദേഹത്തിലെ വ്രണങ്ങളെല്ലാം ഒരുവിധം ഉണങ്ങുന്നതുവരെ നാലുദിവസം ഞാൻ അവിടെത്തന്നെ താമസിച്ചു. വീണ്ടും രാജാവിനേയും ബാലന്മാരേയും എന്റെ പുത്രിയേയും അന്വേഷിച്ചു പുറപ്പെട്ടു. ആരും സഹായമില്ലാത്തതിനാൽ ഞാൻ ഇവിടെ ഇരുന്നു കരയുന്നതാണ്. എന്തായാലും ഞാൻ സ്വാമിയെ അന്വേഷിക്കാൻ നിശ്ചയിച്ചിരിക്കുന്നു.

ഇത്രയും പറഞ്ഞ ആ വൃദ്ധസ്ത്രീ അവിടെനിന്നു നിർഗ്ഗമിച്ചു. അങ്ങയുടെ സഖാവായ വിദേഹാധിപനു സംഭവിച്ചതായ ആപത്തിനെ ഓർത്തു ഞാൻ വ്യസനിച്ചു. അനന്തരം കാട്ടാളന്മാരുടെ കയ്യിൽപെട്ട ബാലനെ അന്വേഷിച്ച് ഞാൻ ഒരു ചണ്ഡികാമന്ദിരത്തിൽ ചെന്നു. അവിടെ കണ്ട കാഴ്ച ഏററവും ശോചനീയമായിരുന്നു. രാജകുമാരനെ ദേവതക്കു ബലികൊടുപ്പാൻ നിശ്ചയിച്ച് കുറെ കാട്ടാളന്മാർ ഒന്നിച്ചുചേന്ന്, ഏതു പ്രകാരത്തിലാണു ബാലനെ നിഗ്രഹിക്കേണ്ടതു—വൃക്ഷശാഖയിൽ കെട്ടിതൂക്കി വാൾകൊണ്ടു ശിരസ്സു ഛേദിക്കയാണോ വേണ്ടതു്, അല്ലെങ്കിൽ ഒരു കുഴിയിൽ ഇറക്കി കഴുത്തുവരെ മൂടി ശിരസ്സു ഛേദിക്കയാണൊ നല്ലതു, അഥവാ വേട്ടനായ്ക്കളെകൊണ്ടു കടിപ്പിച്ചു കൊല്ലുകയാണൊ ഉചിതം, അതുമല്ലെങ്കിൽ ഉന്നതമായ ഒരു വൃക്ഷത്തിൽ നിന്നു താഴെ പാറമേൽ ഇട്ടു നിഗ്രഹിക്കുന്നതായിരിക്കുമോ ശ്രേഷ്ഠം എന്നും മററും ആലോചിക്കയായിരുന്നു. ഞാൻ അവരോ

ട്ട ഇപ്രകാരം പറഞ്ഞു. 'കിരാതശ്രേഷ്ഠന്മാരെ, വൃദ്ധനായ ഞാൻ വഴിതെററി കാട്ടിൽക്കൂടി സഞ്ചരിക്കയായിരുന്നു. എൻെറ കയ്യിൽ ഒരു ബാലൻ ഉണ്ടായിരുന്നു. ബാലനെ ഒരു വൃക്ഷഛായയിൽവെച്ച് വഴി അന്വേഷിപ്പാനായി ഞാൻ കുറെദൂരം പോയി. തിരികെ വന്നപ്പോൾ ബാലനെ കണ്ടില്ല. ശിശുവിനെ ആർ കൊണ്ടുപോയി, എവിടെ കൊണ്ടുപോയി എന്നും മററും അറിയാതെ ഞാൻ കുറെദിവസങ്ങളായി അലഞ്ഞുനടക്കുന്നു. ഞാൻ എന്തു ചെയ്യട്ടെ, എവിടെ പോകട്ടെ. നിങ്ങൾ ആരെങ്കിലും എൻെറ ബാലനെ കണ്ടുവൊ?

ഇതുകേട്ട് കിരാതന്മാർ, 'ദ്വിജോത്തമ, ഇവിടെ ഒരു ബാലനുണ്ട്. ഈ ശിശു അങ്ങു പറയുന്ന ശിശുവാണെങ്കിൽ എടുത്തുകൊൾക.' എന്നു പറഞ്ഞു ബാലനെ എൻെറ കയ്യിൽതന്നു. ഞാൻ അവരെ അനുഗ്രഹിച്ച് ബാലനെ എടുത്ത് അങ്ങയുടെ സമീപം ഇതാ വന്നിരിക്കുന്നു. ഈ കുമാരനെ അങ്ങ് പിതൃസ്ഥാനത്തിൽ ഇരുന്നു രക്ഷിച്ചാലും."

തൻെറ സുഹൃത്തിനു സംഭവിച്ചതായ ആപത്തു നിമിത്തം രാജാവിനുണ്ടായിരുന്നദുഃഖം സുഹൃത്പുത്രനെ കണ്ടതിനാൽ അല്പം ശമിച്ചതുപോലെ തോന്നി. ആ കുമാരനെ ഉപഹാരവർമ്മ എന്ന പേരോടുകൂടി രാജാവ് തൻെറ പുത്രനെപോലെ വളർത്തിവന്നു.

ഒരു ദിവസം രാജാവ് തീർത്ഥസ്നാനത്തിന്നായി സഞ്ചരിക്കുമ്പോൾ ഒരു കാട്ടാളൻെറ ഗൃഹത്തിന്നു സമീപം ഒരു ശബരസ്ത്രീ കോമളകളേബരനായ ഒരു കുമാരനെ മ-

ടിയിൽവെച്ച് ലാളിക്കയായിരുന്നു. ഇതു കണ്ടു രാജാവിന്നു വളരെ കൌതുകംതോന്നി. അനന്തരം ആ സ്ത്രീയെ തന്റെ സമീപം വരുത്തി 'ഭാമിനി, രാജലക്ഷണങ്ങളോടുകൂടിയ ഈ ബാലൻ കാട്ടാളന്മാരുടെ വംശത്തിൽ ജനിപ്പാൻ ന്യായമില്ലല്ലോ. ഇതു് ആരുടെ പുത്രനാണ്? ഭവതിക്കു ഈ ബാലനെ എങ്ങിനെ കിട്ടി?' എന്നു ചോദിച്ചു ശബരസ്ത്രീ പറഞ്ഞു:—'ഇന്ദ്രതുല്യനായ മിഥിലാപതി പുഷ്പപുരത്തിൽ നിന്നു സ്വനഗരത്തിലേക്കു തിരിച്ചുപോകുമ്പോൾ ശബരന്മാർ അദ്ദേഹത്തെ തടഞ്ഞു സർവ്വസ്വവും അപഹരിച്ചു. ആ കൂട്ടത്തിൽ എന്റെ ഭർത്താവു് ഈ കുമാരനെ അപഹരിച്ചുകൊണ്ടുവന്നു എനിക്കു തന്നു.'

ഇത്രയും കേട്ടപ്പോൾ രാജാവു് ആ ബാലൻ മുനിപറഞ്ഞ ദ്വിതീയ രാജകുമാരനാണെന്നു നിശ്ചയിച്ചു. സാമദാനങ്ങൾ കൊണ്ടു ശബരസ്ത്രീയെ സന്തോഷിപ്പിച്ചു് ആ കുമാരനെ എടുത്തു് അപഹാരവർമ്മ എന്ന പേരുമിട്ടു് വസുമതിയുടെ കയ്യിൽ കൊടുത്തു.

ഒരിക്കൽ വാമദേവന്റെ ശിഷ്യനായ സോമശർമ്മാവു് ഒരു ബാലനെ രാജാവിനു കാഴ്ചയായി വെച്ചു് ഇപ്രകാരം പറഞ്ഞു:—

ഞാൻ രാമതീർത്ഥത്തിൽ സ്നാനം ചെയ്തു കാട്ടിൽ കൂടി തിരികെ വന്നുകൊണ്ടിരുന്നപ്പോൾ ഒരു വൃദ്ധസ്ത്രീ കുസുമസുകുമാരനായ ഈ കുമാരനെ കയ്യിൽ വെച്ചുകൊണ്ടിരുന്നതു കണ്ടു. 'വൃദ്ധേ! നീ ആരാണു്? വിജനമായ കാട്ടിൽ ഈ ബാലനെ എടുത്തുകൊണ്ടു ഏകാകിനിയായി സഞ്ചരിപ്പാൻ കാരണമെന്തു്?' എന്നു ഞാൻ ചോദിച്ചതിനു വൃ

ആ സ്ത്രീ ഇപ്രകാരം മറുപടി പറഞ്ഞു. കാലയവനം എന്നു പേരായ ദ്വീപിൽ കാലഗുപ്തൻ എന്നു പേരായ ഒരു വൈശ്യശ്രേഷ്ഠൻ ഉണ്ടായിരുന്നു. ധനാഢ്യനായ അദ്ദേഹത്തിന്നു സുവൃത്ത എന്നുപേരായ ഒരു പുത്രീരത്നമുണ്ടായി. അവളെ ഈ ദ്വീപിൽനിന്നു വന്നവനും രമണീയ ഗുണശാലിയും സുകുമാരരൂപനുമായ രത്നോദ്ഭവൻ എന്നു പേരായ ഒരു വണിക്കുവരൻ വിവാഹം ചെയ്തു. കാലക്രമത്തിൽ സുവൃത്ത ഗർഭം ധരിച്ചു. രത്നോദ്ഭവൻ തന്റെ സോദരന്മാരെ കാണ്മാനുള്ള അഭിലാഷത്താൽ ശ്വശുരനായ കാലഗുപ്തനേയും അദ്ദേഹത്തിന്റെ ഭാൎയ്യയേയും സമാധാനപ്പെടുത്തി പ്രിയതമയോടുകൂടി കപ്പൽ കയറി സ്വദേശത്തിലേക്കു പുറപ്പെട്ടു. കരയിൽനിന്ന് കുറെ അകലെ വെച്ച് കപ്പൽ കൊടുങ്കാററിൽപെട്ടു സമുദ്രത്തിൽ മുങ്ങി. ധാത്രിയായ ഞാൻ സുവൃത്തയെ ഒരു കൈകൊണ്ടു പിടിച്ച് മറെറാരു കൈകൊണ്ട് ഒരു പലകക്കഷ്ണത്തെ അവലംബിച്ച് ദൈവഗത്യാ കരയ്ക്കു വന്നു ചേൎന്നു. രത്നോദ്ഭവൻ സമുദ്രത്തിൽ മുങ്ങി മരിച്ചുവൊ ഞങ്ങളെപോലെ ഏതെങ്കിലും പ്രകാരത്തിൽ കരയിൽ വന്നെത്തിയൊ എന്നറിയുന്നില്ല. ഗർഭിണിയായ സുവൃത്ത ഈ കാട്ടിൽവെച്ചുതന്നെ ഈ പുത്രനെ പ്രസവിച്ചു. പ്രസവവേദനയാൽ പരിശ്രാന്തയായ അവൾ പ്രചുരഛായശീതളമായ തരുതലത്തിൽ ശയിച്ചുകൊണ്ടിരിക്കുന്നു. വിജനമായ ഈ വനത്തിൽതാമസിക്കുന്നതു അസാദ്ധ്യമെന്നും ആപൽക്കരമെന്നും കണ്ടു ജനപദത്തിലേക്കു പോകുന്നതിന്നു ഏതെങ്കിലും മാൎഗ്ഗമുണ്ടോ എന്നന്വേഷിക്കുവാനായി ഞാൻ പുറപ്പെട്ടിരിക്കയാണു. പരവശയായ മാ

താവിൻെറ അരികത്തു ശിശുവിനെ വെച്ചുപോകുന്നതു അനുചിതമാണെന്നു വിചാരിച്ച് ഞാൻ ശിശുവിനേയും എടുത്തുകൊണ്ടു പോന്നു എന്നേയുള്ളു.

വൃദ്ധസ്ത്രീ ഇത്രയും പറഞ്ഞ ഉടനെ അവിടെ ഒരു കാട്ടാനയെ കാണാറായി. ആനയെ കണ്ടു പേടിച്ച് വൃദ്ധസ്ത്രീ പരിഭ്രമത്തിൽ ശിശുവിനെ താഴത്തിട്ട് ഓടിക്കളഞ്ഞു. ഞാൻ സമീപത്തുണ്ടായിരുന്ന ഒരു ലതാഗൃഹത്തിൽ ഒളിഞ്ഞുനിന്നു ആനയേയും ബാലനേയും നോക്കിക്കൊണ്ടിരുന്നു. ആന ഓടിവന്നു ശിശുവിനെ തുമ്പിക്കൈകൊണ്ടു എടുത്തു മുകളിലേക്കു എറിഞ്ഞു. വിധിയുടെ അനുകൂല്യത്താൽ ശിശു താഴെ ഭൂമിയിൽ വീഴാതെ ഇടതിങ്ങിയ ഒരു മരത്തിൻെറ ശാഖയിൽ തങ്ങി. ഉടനെ ഒരു വാനരം ഓടിച്ചെന്നു ഭക്ഷണസാധനമാണെന്നു ഭ്രമിച്ച് ശിശുവിനെ എടുത്തു. ഭക്ഷണദ്രവ്യമല്ലെന്നു അറിഞ്ഞ ഉടനെ ആ വാനരം ശിശുവിനെ വിസ്തൃതമായ ഒരു വൃക്ഷശാഖയിൽ വെച്ചിട്ട് ഓടി. കാട്ടാന അവിടെ നിന്നു പോയ ഉടനെ ഞാൻ ലതാഗൃഹത്തിൽനിന്നു പുറത്തുവന്നു വൃക്ഷത്തിന്മേൽ കയറി ബാലനെ എടുത്തു. വനാന്തരത്തിൽ വൃദ്ധസ്ത്രീയെ എത്ര തന്നെ അന്വേഷിച്ചിട്ടും കണ്ടില്ല. എന്തു ചെയ്യേണമെന്നറിയാതെ ഞാൻ ശിശുവിനെ എടുത്തു ഗുരുസമീപം ചെന്നു. ഗുരുവിൻെറ ആദേശപ്രകാരം ഞാൻ ഈ ബാലനെ അങ്ങയുടെ അടുക്കലേക്കു കൊണ്ടുവന്നിരിക്കുന്നതാണ്."

സുഹൃത്തുക്കൾക്കെല്ലാം ഒരേസമയത്തുതന്നെ ആപത്തു നേരിട്ടതോർത്തു രാജാവ് അത്യന്തം വിസ്മയിച്ചു. ര

ത്തോദ്ഭവനു എന്തു സംഭവിച്ചുവൊ എന്നറിയാതെ കുറെ നേരം ഖിന്നമാനസനായിരുന്നതിന്നുശേഷം ശിശുവിനെ എടുത്തു പുഷ്പോദ്ഭവൻ എന്നു പേർ കൊടുത്തു സുശ്രുതനെ വിളിച്ചു വിവരമെല്ലാം പറഞ്ഞു വിഷാദത്തോടും സന്തോഷത്തോടും കൂടി ആ പൈതലിനെ ശ്രുശ്രുതന്റെ കയ്യിൽ കൊടുത്തു.

അടുത്തദിവസം വസുമതി പുത്രതായ ഒരു ബാലനെ മാറോടണച്ചുംകൊണ്ടു രാജസമീപം ചെന്നു. ആ ബാലൻ ആരാണെന്നു രാജാവു് ചോദിച്ചതിന്നു രാജ്ഞി ഇപ്രകാരം പറഞ്ഞു.

'ഇന്നലെ രാത്രി ദിവ്യരൂപധാരിണിയായ ഒരു വനിതാരത്നം എന്റെ അരികത്തുവന്നു. ഞാൻ ഉറങ്ങിക്കൊണ്ടിരിക്കയായിരുന്നു. എന്നെ തട്ടി ഉണർത്തി 'ദേവി, നിങ്ങളുടെ മന്ത്രിയും ധർമ്മപാലന്റെ പുത്രനുമായ കാമപാലന്റെ ഭാര്യയാകുന്നു ഞാൻ. എന്റെ പേർ താരാവലി എന്നാകുന്നു. യുവരാജാവായ രാജവാഹനനെ പരിചരിക്കുന്നതിന്നായി ഞാൻ ഞങ്ങളുടെ ഈ പുത്രനെ ഭവതിയുടെ കൈവശം ഏല്പിക്കുന്നു' എന്നു പറഞ്ഞു ഈ ബാലനെ എന്റെ കയ്യിൽ അർപ്പിച്ചു് ആ നാരീരത്നം അവിടെ നിന്നും തിരോധാനം ചെയ്തു.

രാജാവു ഇതുകേട്ടു് അത്യന്തം വിസ്മയപരവശനായി. ഉടനെ സുമിത്രനെ വിളിച്ചു് ആ ബാലനെ അർത്ഥപാലൻ എന്ന പേരോടുകൂടി സുമിത്രന്റെ കയ്യിൽ കൊടുത്തു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം കാലത്തു് വാമദേവന്റെ ശിഷ്യൻ സുകുമാരശരീര

നായ ഒരു ബാലനെ എടുത്തുകൊണ്ടു രാജസമീപം ചെന്നു ബാലനെ രാജസന്നിധിയിൽവെച്ച് ഇപ്രകാരം പറഞ്ഞു.

"തീർത്ഥയാത്രക്കായി ഞാൻ കാവേരിതീരത്തിലേക്കു പോയിരുന്നപ്പോൾ ഒരു വൃദ്ധസ്ത്രീ ഈ ബാലനെ മടിയിൽവച്ചു കരഞ്ഞുകൊണ്ടിരുന്നതു ഞാൻ കണ്ടു. 'വൃദ്ധെ, നീ ആരാണ്? ഇതു് ആരുടെ പുത്രനാണ്? നീ ഇവിടെ വരുവാൻ കാരണമെന്ത്? നീ എന്തു കാരണത്താലാണു കരയുന്നതു്?' എന്നു ഞാൻ അവളോടു ചോദിച്ചതിനു് അവൾ ഈവിധം മറുപടി പറഞ്ഞു. 'രാജഹംസമന്ത്രിയായ സിതവർമ്മാവിന്റെ അനുജൻ സത്യവർമ്മാവു് തീർത്ഥയാത്രക്കായി ഇവിടെ വന്നിരുന്നു. അദ്ദേഹം ഒരു അഗ്രഹാരത്തിൽ കാളി എന്നു പേരായ ഒരു ഭൂസുരപുത്രിയെ വിവാഹം ചെയ്തു. അവളിൽ സന്താനമൊന്നും ലഭിക്കാഞ്ഞതിനാൽ അവളുടെ സോദരിയായ കാഞ്ചനവതിയെ വിവാഹംചെയ്തു. അവളിൽനിന്നും ഒരു പുത്രസന്താനം ഉണ്ടായി. അസൂയാഭരിതയായ കാളി ഒരുദിവസം ചില കളവുപറഞ്ഞു വിശ്വസിപ്പിച്ച് എന്നെയും ഈ ബാലനേയും ഇവിടെ കൊണ്ടുവന്നു ഞങ്ങൾ രണ്ടുപേരെയും ഈ നദിയിൽ പിടിച്ചു തള്ളി. ഞാൻ ഒരു കൈകൊണ്ടു ബാലനെ പിടിച്ച് മറ്റൊരു കൈകൊണ്ടു തുഴയുവാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ ഞാൻ വളരെ ക്ഷീണിച്ച് വീണ്ടും തുഴയുവാൻ അശക്തയായിത്തീർന്നു. അപ്പോൾ ദൈവഗത്യാ ഒരു മരം ഒഴുകി വരുന്നതു കണ്ടു ഞാൻ അതു പിടിച്ച് പതുക്കെ ബാലനെ അതിൽവെച്ചു. അതിൽ പററിപ്പിടിച്ചിരുന്ന ഒരു

കൃഷ്ണസർപ്പം എന്നെ കടിച്ചിട്ട് വെള്ളത്തിലേക്കു ചാടി. ഞാൻ ബാലനേയും മരത്തടിയേയും വിട്ടില്ല. അവസാനം ഞങ്ങൾ മരത്തടിയോടുകൂടി ഒരു കരയ്ക്കു വന്നടിഞ്ഞു. വിഷവേഗത്താൽ ഞാൻ മരിക്കുന്നു പക്ഷം ഈ ശിശുവിന്ന് ആരും ആശ്രയമില്ലല്ലൊ എന്നു വിചാരിച്ച് ഞാൻ കരയുന്നതാണ്.' ഇത്രയും പറയുമ്പോഴേക്കും വിഷവേഗത്താൽ ആ വൃദ്ധയുടെ ശരീരമെല്ലാം തളൎന്നു. അവൾ ഭാവം മാറി നിലത്തുപതിച്ചു. ഇതുകണ്ടു എൻെറ ഹൃദയം ദയാവിഷ്ടമായിത്തീൎന്നു. മന്ത്രശക്തികൊണ്ടു വിഷം ഇറക്കുവാൻ ഞാൻ വളരെ ശ്രമിച്ചു എങ്കിലും എൻെറ യത്നങ്ങളൊന്നും ഫലിച്ചില്ല. സമീപത്തിൽ വല്ല ഔഷധങ്ങൾ കിട്ടുമൊ എന്നന്വേഷിപ്പാനായി ഞാൻ കുറെ ദൂരം പോയി. തിരികെ വന്നപ്പോൾ വൃദ്ധസ്ത്രീ മരിച്ചുകിടക്കുന്നതു കണ്ടു. ഞാൻ അവൾക്കു വേണ്ടതായ അഗ്നിസംസ്കാരമെല്ലാം ചെയ്തു. അഗതിയായ ബാലനെ എടുത്തു സത്യവൎമ്മാവു വസിക്കുന്ന അഗ്രഹാരം അന്വേഷിച്ചു പോകുന്നതു അസാദ്ധ്യമാണെന്നു തോന്നി. അങ്ങയുടെ മന്ത്രിപുത്രന്നു അങ്ങുതന്നെയാണു രക്ഷിതാവു എന്നു നിശ്ചയിച്ചു കുമാരനെ ഇവിടെ കൊണ്ടുവന്നു."

സത്യവൎമ്മാവിൻെറ ചരിത്രം കേട്ട് ഖിന്നമാനസനായ രാജാവു ബാലന്നു സോമദത്തൻ എന്ന നാമകരണം ചെയ്തു സത്യവൎമ്മാവിൻെറ സോദരനായ സുമതിയെ ഏല്പിച്ചു.

ഈവിധം ദൈവേച്ഛയാൽ ഒന്നിച്ചുചേൎന്നതായ കുമാരമണ്ഡലത്തോടുകൂടി ബാലകേളികൾ അനുഭവിച്ചു

കൊണ്ടിരുന്ന രാജവാഹനന്നു കാലക്രമത്തിൽ ചൌളം ഉപനയനം മുതലായ സംസ്കാരങ്ങളെല്ലാം കഴിഞ്ഞു. അതാതുകാലങ്ങളിൽ അതിനിപുണന്മാരായ ആചാൎയ്യന്മാരിൽനിന്നു രാജവാഹനൻ സകലകലാവിജ്ഞാനം, നിഖിലദേശഭാഷാപാണ്ഡിത്യം, വേദത്തിൽ അസാധാരണമായ നൈപുണ്യം, കാവ്യനാടകേതിഹാസപുരാണാദികളിൽ അനിതരസാധാരണമായ പാണ്ഡിത്യം, ധൎമ്മശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, തൎക്കം മുതലായവയിൽ അസാമാന്യമായ ചാതുൎയ്യം, കൌടില്യം കാമന്ദകീയം മുതലായ നീതിപടലങ്ങളിൽ അപ്രതിമമായ കൌശലം, വീണാദിവാദ്യങ്ങളിൽ അസാമാന്യമായ സാമൎത്ഥ്യം, സംഗീതസാഹിത്യാദികലകളിൽ നിസ്തുലമായ വിജ്ഞാനം, മന്ത്രൌഷധാദിമായാപ്രപഞ്ചങ്ങളിൽ വിശേഷമായ അറിവ്, മാതംഗതുരംഗാദ്യാരോഹണത്തിൽ അതിധീരമായ പാടവം, വിവിധായുധപ്രയോഗത്തിൽ ആശാസ്യമായ സാമൎത്ഥ്യം, ചൌൎയ്യാദികപടവിദ്യകളിൽ പ്രൌഢത്വം മുതലായതെല്ലാം വഴിപോലെ സമ്പാദിച്ചു. വിദ്യാസമ്പന്നന്മാരും കൃത്യങ്ങളിൽ അനലസന്മാരുമായ കുമാരന്മാരെക്കണ്ടു സന്തുഷ്ടചിത്തനായ രാജാവ് 'ഞാൻ ഇനി ശത്രുക്കൾക്കു ദുൎല്ലഭനാകുന്നു' എന്നുവിചാരിച്ചു അത്യന്തമായ ആനന്ദംപൂണ്ടു.

---

# II

ഒരു ദിവസം രാജാവു് കുമാരന്മാരാൽ പരിവൃതനായി അവരുടെ മധുരസംഭാഷണങ്ങൾ കേട്ടു രസിക്കയായിരുന്നു. അപ്പോൾ അവിടെ യദൃച്ഛയാ വാമദേവമഹർഷി വന്നു. രാജാവു് ഋഷിയെ യഥാവിധി സത്കരിച്ചു. രാജകുമാരന്മാരെല്ലാവരും മുനിപാദങ്ങളിൽ വീണു സാഷ്ടാംഗം നമസ്കരിച്ചു. അദ്ദേഹം അവരെയെല്ലാം പ്രത്യേകമായി ആലിംഗനം ചെയ്തു സത്യവാക്കുകൊണ്ടു ആശീർവ്വദിച്ചു് 'ഭൂവല്ലഭ, അങ്ങയുടെ പുത്രനെ നോക്കുമ്പോൾ അങ്ങയുടെ മനോരഥങ്ങളെല്ലാം സാധിച്ചതുപോൽ തോന്നുന്നു. സഹചരന്മാരോടുകൂടി രാജവാഹനൻ ദിഗ്വിജയം ആരംഭിക്കേണ്ടതായ സമയം സമീപിച്ചിരിക്കുന്നു.' എന്നു രാജാവിനോടു പറഞ്ഞു. സൌന്ദര്യത്തിൽ കാമദേവ തുല്യന്മാരും പൌരുഷത്തിൽ രാമാദി സദൃശന്മാരുമായ കുമാരന്മാർ തങ്ങളുടെ ദിഗ്വിജയത്തിൽ രാജാവിനെ ഉത്സുകനാക്കിത്തീർത്തു. മററു രാജകുമാരന്മാരെയെല്ലാം രാജവാഹനനെ സഹായിപ്പാനേൽപിച്ചു് പുത്രനു സമയോചിതങ്ങളായ ഉപദേശങ്ങൾ നൽകി ശുഭമായ മുഹൂർത്തത്തിൽ പരിവാരങ്ങളോടുകൂടി രാജാവു് കുമാരനെ വിജയത്തിന്നായി പറഞ്ഞയച്ചു.

രാജവാഹനൻ മംഗളസൂചകമായ ശുഭശകുനങ്ങളോടുകൂടി പുറപ്പെട്ടു് പലദേശങ്ങൾ കടന്നു വിന്ധ്യാടവീ മദ്ധ്യത്തിൽ പ്രവേശിച്ചു. അവിടെ കാളായസം പോലെ കർക്കശശരീരനായ ഒരു പുരുഷനെകണ്ടു. ആ പുരുഷന്റെ ശരീരമാസകലം ശസ്ത്രപ്രഹാരത്താൽ വ്രണചിഹ്നിതമായിരുന്നു. ആ മനുഷ്യൻ ഒരു കിരാതനാണെന്നു് പ്രഥമ ദൃ

ഷ്ടിയിൽ ഏവരും ശങ്കിച്ചുപോകും. എന്നാൽ യജ്ഞോപ വീതം ധരിച്ചിരുന്നതിനാൽ ബ്രാഹ്മണത്വവും അനുമേയ മായിരുന്നു. ആ അപരിചിതൻ ചെയ്തതായ സൽക്കാരങ്ങ ളെല്ലാം സ്വീകരിച്ച് രാജവാഹനൻ അദ്ദേഹത്തോടു ചോ ദിച്ചു:-'മാനവ, ജനസംചാരശൂന്യവും ഘോരപ്രചാരവുമാ യ ഈ വിന്ധ്യാടവീ മദ്ധ്യത്തിൽ ഭവാൻ ഏകാകിയായി വസിപ്പാൻ കാരണമെന്തു്? അങ്ങയുടെ യജ്ഞോപവീ തം ഭൂസുരഭാവത്തെ ദ്യോതിപ്പിക്കുന്നു. ശരീരത്തിലുള്ള വ്ര ണചിഹ്നങ്ങൾകൊണ്ടു ഭവാൻ ഒരു കിരാതനാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. വസ്തുതത്വം പറഞ്ഞാലും

ഇതുകേട്ടു് ആ പുരുഷൻ രാജവാഹനനെപ്പററി എല്ലാ താനും വിവരങ്ങൾ വയസ്യരോടു ചോദിച്ചറിഞ്ഞതിനു ശേഷം തൻെറ വൃത്താന്തം പറയുവാനാരംഭിച്ചു. 'രാജന ന്ദന, വേദാദിവിദ്യാഭ്യാസം ത്യജിച്ച് തങ്ങളുടെ കുലാചാ രങ്ങളെ ദൂരീകരിച്ച് സത്യം ശൌചം മുതലായ ധർമ്മസ മുച്ചയത്തെ പരിഹരിച്ച് പാപാന്വേഷികളായി ചില ബ്രാഹ്മണാധമന്മാർ ഈ കാട്ടിൽ വസിക്കുന്നുണ്ടു്. ഞാൻ അവരിൽ ഒരാളുടെ പുത്രനാകുന്നു. എൻെറ പേർ മാതം ഗൻ എന്നാണു്. കിരാതന്മാരോടുകൂടി ഗ്രാമങ്ങളിൽ ചെ ന്നു ധനവാന്മാരെയും സ്ത്രീകളേയും ബാലരേയും ബന്ധി ച്ച് ഈ കാട്ടിൽ കൊണ്ടുവന്നു് അവരുടെ ധനമെല്ലാം അ പഹരിച്ച് ദയാഹീനനായി ഞാൻ സംചരിച്ചുകൊണ്ടിരു ന്നു. ഒരു ദിവസം എൻെറ സഹചരന്മാർ സാധുവായ ഒരുബ്രാഹ്മണനെ കൊല്ലുവാൻ ഉദ്യമിച്ചു. അതുകണ്ടു എ നിക്കു അതിയായ ദയതോന്നി. ബ്രാഹ്മണനെ കൊല്ലു കരുതെന്നു ഞാൻ അവരോടു ശഠിച്ചു, അവർ വളരെ കോ

പാന്ഥന്മാരായിതീൎന്ന്, എന്നെ വളരെ ശകാരിച്ചു. അവരുടെ വാക്പാരുഷ്യം അസഹ്യമായിരുന്നതിനാൽ ഞാൻ ബ്രാഹ്മണനെ രക്ഷിക്കുന്നതിന്നായി അവരോടുകൂടി യുദ്ധം ചെയ്തു. അവർ വളരെ ആളുകളുണ്ടായിരുന്നതിനാൽ ഏകാകിയായി അവരോടു എതൃക്കാൻ എനിക്കു സാധിച്ചില്ല. അവസാനം ഞാൻ അടിപെട്ടു മൂൎച്ഛിതനായി താഴെ വീണു്, കുറെനേരം ബോധരഹിതനായി തന്നെ കിടന്നു. ശബരന്മാരെല്ലാവരും അവിടെ നിന്നുപോയി, മഹീസുരൻ എനിക്കു സമയോചിതങ്ങളായ ഉപചാരങ്ങളെല്ലാം ചെയ്തു. അല്പനേരം കഴിഞ്ഞപ്പോൾ എനിക്കു ബോധം വന്നു. ഞാൻ ഒരു ശിലാതലത്തിൽ അനങ്ങാതെ കിടക്കുകയായിരുന്നു. എന്റെ ബന്ധുജനങ്ങൾ എങ്ങിനെയൊ ഈ വിവരമെല്ലാം അറിഞ്ഞു് അവിടെവന്നു എന്നെ പതുക്കെ എടുത്തു ഗൃഹത്തിലേക്കു കൊണ്ടുപോയി. രണ്ടുമൂന്നുദിവസം കൊണ്ടു എന്റെ ശരീരത്തിലുണ്ടായിരുന്ന വ്രണങ്ങളെല്ലാം ഒരുവിധം ഉണങ്ങി. കൃതജ്ഞനായ ബ്രാഹ്മണൻ എനിക്കു് അക്ഷരവിദ്യയും പാപക്ഷയകാരണമായ സദാചാരവും ശിവനു ചെയ്യേണ്ടതായ പൂജാക്രമങ്ങളും ഉപദേശിച്ചു. അനന്തരം ഞാൻ ചെയ്ത പൂജകളെല്ലാം സ്വീകരിച്ചു് അദ്ദേഹം അവിടെ നിന്നു നിൎഗ്ഗമിച്ചു. അതു മുതൽ ഞാൻ കിരാത സംസൎഗ്ഗത്തെ സൎവ്വഥാ ഉപേക്ഷിച്ചു. ഇപ്പോൾ ബന്ധുക്കളെയെല്ലാം ത്യജിച്ചു് സകല ലോകങ്ങൾക്കും ഏക ഗുരുവും ഇന്ദുകലാവതംസനുമായ ഭഗവാൻ ഭവാനീപതിയെ സേവിച്ചുകൊണ്ടു് ഈ വിന്ധ്യാടവീമദ്ധ്യത്തിൽ വസിച്ചുവരുന്നു.'

ഇത്രയും പറഞ്ഞു് ആ ഭൂസുരൻ രാജകുമാരനെ വയ

ന്യഗണത്തിൽ നിന്നു വേർതിരിച്ചു് സ്വകാൎയ്യമായി മി ലത്തു ചെവിയിൽ മന്ത്രിച്ചു.

'ഞാൻ ഇന്നു കാലത്തു ആശ്ചൎയ്യകരമായ ഒരു സ്വപ്നംകണ്ടു. ഭഗവാൻ അംബികാപതി ഞാൻ ഉറങ്ങിക്കൊണ്ടിരുന്നപ്പോൾ എന്റെ സമീപം വന്നു എന്നെ തട്ടിയുണൎത്തി. 'മാതംഗ, ദണ്ഡകാരണ്യത്തിന്റെ അന്തരാളത്തിലേക്കു ഒഴുകുന്ന നദീതീരത്തിൽ സിദ്ധന്മാരും സാദ്ധ്യന്മാരും ആരാധിക്കുന്നതായ ഒരു സ്ഫടികലിംഗമുണ്ടു്. അതിന്റെ പിൻഭാഗത്തു അദ്രിനാഥ കന്യയുടെ കാലടികൾ പതിഞ്ഞതായ ഒരു കല്ലുകാണും. അതിന്റെ സമീപത്തിൽതന്നെ ഒരു ഗുഹയുണ്ടു് ആ ഗുഹയിൽ പ്രവേശിച്ചാൽ ഒരു താമ്രശാസനം കാണാം. അതിൽ എഴുതിയിരിക്കുന്നപ്രകാരം പ്രവൎത്തിക്കുന്നപക്ഷം നീ ഒരു രാജ്യത്തിന്നു അധിപതിയായി ഭവിക്കുന്നതാണു്. നിനക്കു ഇക്കാൎയ്യത്തിൽ വേണ്ട സഹായങ്ങൾ ചെയ്യുന്നതിന്നു ഇന്നൊ നാളെയൊ ഒരു രാജകുമാരൻ ഇവിടെവരും' എന്നിപ്രകാരം എന്നോടു പറഞ്ഞു. സ്വപ്നങ്ങളെല്ലാം ഫലിക്കാറില്ലെങ്കിലും അങ്ങയുടെ ആഗമനം എന്റെ സ്വപ്നത്തിന്നു അനുരൂപമായിരിക്കുന്നതിനാൽ എനിക്കു ഞാൻ കണ്ട സ്വപ്നത്തിൽ യഥാൎത്ഥബുദ്ധി ജനിച്ചിരിക്കുന്നു. അതിനാൽ എനിക്കു വേണ്ടതായസഹായങ്ങൾ ചെയ്തു എന്നെ അനുഗ്രഹിച്ചാലും'

രാജവാഹനൻ പരിജനങ്ങളും മിത്രങ്ങളുമെല്ലാം ഉറങ്ങി എന്നുകണ്ടു് അവരെ എല്ലാം അവിടെ വിട്ടു് മാതംഗനോടുകൂടി പുറപ്പെട്ടു. അനുചരന്മാർ ഉണൎന്നപ്പോൾ പെട്ടെന്നു രാജകുമാരനെ കാണായ്കയാൽ വല്ലാതെ പരിഭ്ര

മിച്ച് വിഷണ്ണഹൃദയരായിത്തീൎന്നു. അവർ സമീപസ്ഥല ങ്ങളിലെല്ലാം അദ്ദേഹത്തെ അന്വേഷിച്ചു എന്നാൽ എ ങ്ങും കണ്ടില്ല. അനന്തരം അവരെല്ലാവരും രാജകുമാരനെ തിരഞ്ഞു ദേശാന്തരങ്ങളിലേക്ക പോകുവാൻ നിശ്ചയി ച്ചു. ഓരോരുത്തർ ഓരോ സ്ഥലങ്ങളിൽ പോയി അന്വേ ഷിച്ച് അവസാനം എല്ലാവരും ഒരുസ്ഥലത്തു ഒന്നിച്ചുകൂ ടേണമെന്നു നിശ്ചയിച്ച് അവർതമ്മിൽ പിരിഞ്ഞു.

ലോകൈകവീരനായ രാജകുമാരനോട്ടുകൂടി സന്തുഷ്ട ഹൃദയനായി മാതംഗൻ സ്വപ്നാനുസാരേണ ഗുഹയി ൽ പ്രവേശിച്ച്, അവിടെ ഉണ്ടായിരുന്ന താമ്രശാസനം എടുത്തു വായിച്ചു. അതിൽ കണ്ടപ്രകാരം രാജകുമാരനോ ട്ടുകൂടി അവിടെനിന്ന് ഒരു കുറുകിയ വഴിയിൽകൂടി നട ന്നു. കുറെ ചെന്നപ്പോൾ അതിരമണീയമായ ഒരു കേ ളീവനം കണ്ടു. അതിൽ പ്രവേശിച്ച് ബ്രാഹ്മണൻ വ ലുതായ ഒരു ഹോമകുണ്ഡം തയ്യാറാക്കി, ആജ്യം മുതലാ യ ദ്രവ്യങ്ങൾകൊണ്ടു ഹോമം ആരംഭിച്ചു. രാജവാഹന ൻ വിസ്മയത്തോട്ടുകൂടി ഹോമകുണ്ഡത്തിൽതന്നെ ബദ്ധ ദൃഷ്ടിയായി നിന്നുകൊണ്ടിരുന്നു. മാതംഗൻ ഉജ്ജ്വലി തമായ ഹോമാഗ്നിയിൽ ചാടി ദിവ്യരൂപം ധരിച്ചു. അ പ്പോൾ രാജകുമാരൻ അത്യന്തം വിസ്മയപരവശനായി. ഉടനെ ലലനാകുലത്തിന്നു ലലാമഭൂതയായ ഒരു കന്യകാ രത്നം മണിമയങ്ങളായ മണ്ഡനങ്ങൾ അണിഞ്ഞു അനേ കം സഖീജനങ്ങളാൽ അനുഗമിക്കപ്പെട്ടു അവിടെ വന്നു ഭൂസുരോത്തമന് അത്യുജ്ജ്വലമായ ഒരു രത്നം കൊടുത്തു് കളകണ്ഠസ്വരത്തിൽ ഇപ്രകാരം അരുളിച്ചെയ്തു: "എ ന്റെ പേർ കാളിന്ദി എന്നാകുന്നു. എന്റെ പിതാവ്

ഈ ദേശങ്ങൾക്കെല്ലാം അധിപതിയായിരുന്നു. മഹാനുഭാവനായ അദ്ദേഹം അടുത്ത കാലത്തു് ഒരു യുദ്ധത്തിൽ മരിച്ചുപോയി. പിതൃവിയോഗത്താൽ ശോകാൎണ്ണവമഗ്നയായ എന്നെ കണ്ടു കാരുണികനായ ഒരു താപസൻ ദിവ്യരൂപധാരിയായ ഒരു മൎത്ത്യൻ എനിക്കു വല്ലഭനായി ഭവിക്കുന്നതാണെന്നും, അദ്ദേഹം പിത്രാൎജ്ജിതങ്ങളായ ദേശങ്ങളെയെല്ലാം ശരിയായി പരിപാലിക്കുന്നതാണെന്നും പറഞ്ഞു് എന്നെ ആശ്വസിപ്പിച്ചു. മേഘശബ്ദം കേട്ടു വൎഷാഗമനത്തെ സകൗതുകം പ്രതീക്ഷിക്കുന്ന ചാതകിയെപ്പോലെ താപസൻെറ ആദേശം കേട്ടതുമുതൽ ഞാൻ അങ്ങയുടെ ആഗമനത്തെ കുറേദിവസമായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അങ്ങയെ ഇപ്പോൾ കണ്ടതിനാൽ എൻെറ മനോരഥങ്ങളെല്ലാം ഫലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ അങ്ങു് ദയവായി ഈ ദേശങ്ങളുടെ ആധിപത്യം സ്വീകരിച്ചു് എന്നെ അനുഗ്രഹിച്ചാലും."

ബ്രാഹ്മണൻ രാജവാഹനൻെറ സമ്മതത്തോടുകൂടി ആ കന്യകയെ വിവാഹം ചെയ്തു്, പരമാനന്ദനിമഗ്നനായി പ്രിയതമയോടുകൂടി അവിടെത്തന്നെ വാസമുറപ്പിച്ചു. തദവസരത്തിൽ രാജവാഹനനു വയസ്യഗണങ്ങളെ കാണ്മാൻ ആഗ്രഹം വൎദ്ധിച്ചുതുടങ്ങി. സഹായകരണത്താൽ സന്തുഷ്ടനായ മാതംഗൻ തനിക്കു കാളിന്ദിയിൽനിന്നു ലഭിച്ചതും വിശപ്പു്, ദാഹം മുതലായവയെ ശമിപ്പിക്കുന്നതുമായ രത്നം രാജകുമാരനു ദാനംചെയ്തു. അനന്തരം രാജവാഹനൻ അവിടെനിന്നു പുറപ്പെട്ടു. ബ്രാഹ്മണനും രാജകുമാരനെ അനുഗമിച്ചു. രാജകുമാരൻ കുറേദൂരം ചെ

ന്നു ബ്രാഹ്മണനെ തിരികെ അയച്ച് ഗൃഹാമാൎഗ്ഗത്തിൽക്കൂടി പുറത്തുകടന്നു. വയസ്യഗണങ്ങളെയെല്ലാം താൻ വിട്ടുപിരിഞ്ഞ സ്ഥലത്തു ചെന്നപ്പോൾ അവിടെഎങ്ങും കാണാതെ രാജവാഹനൻ ഖിന്നമാനസനായിതീൎന്നു. ഉടനെ താനും ദേശസഞ്ചാരത്തിനായി പുറപ്പെട്ടു. ഓരോ സ്ഥലങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം വിസ്തൃതമായ ഒരു ഗ്രാമത്തിൽ ചെന്നു്, അവിടെ ഉണ്ടായിരുന്ന ഒരു ക്രീഡാവനത്തിൽ വിശ്രമിപ്പാനായി പ്രവേശിച്ചു. അതിൽ ഒരു പുരുഷൻ കാന്താസമേതനായി ഊഞ്ഞാൽ ആടികൊണ്ടിരുന്നു. രാജാവിനെ കണ്ടു ഉടനെ ആ പുരുഷൻ എഴുനീററു. 'ആശ്ചൎയ്യം.' ഈ വരുന്നതു് എന്റെ സ്നേഹിതൻ രാജവാഹനനാണല്ലൊ. അവിചാരിതമായി പ്രിയസുഹൃത്തിനെ കാണ്മാൻ എനിക്കു സാധിച്ചതു എന്റെ വലിയ ഭാഗ്യംതന്നെ' എന്നു പറഞ്ഞുകൊണ്ടു ഓടിച്ചെന്നു രാജകുമാരന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു. രാജവാഹനന്റെ നേത്രങ്ങളിൽ ആനന്ദബാഷ്പം നിറഞ്ഞു. അദ്ദേഹം പുളകാഞ്ചിതഗാത്രനായ സ്നേഹിതനെ ഗാഢമായി ആശ്ലേഷിച്ചു്, 'സോമദത്തനാണൊ ഇതു്' എന്നു ചോദിച്ചു. അനന്തരം അവരിരുവരും ഒരു വൃക്ഷമൂലത്തിൽ ചെന്നിരുന്നു. 'സ്നേഹിത! ഇത്രകാലം ഭവാൻ എവിടെയെല്ലാം സഞ്ചരിച്ചു? ഇപ്പോൾ എങ്ങോട്ടാണു പുറപ്പെട്ടിരിക്കുന്നതു്? ഈ തരുണി ആരാണു്? ഈ പരിജനങ്ങളെയെല്ലാം എങ്ങിനെ കിട്ടി?' എന്നും മററും രാജവാഹനൻ സ്നേഹിതനോടു ചോദിച്ചു. അതുകേട്ടു സോമദത്തൻ തന്റെ ചരിത്രം പറയുവാൻ തുടങ്ങി.

# III

അങ്ങയുടെ പാദകമലങ്ങളെ സേവിപ്പാനുള്ള അഭിലാഷത്താൽ ഞാൻ ഭവാനെ അന്വേഷിച്ച് പലസ്ഥലങ്ങളിൽ ചുററിനടന്നു. അങ്ങനെയിരിക്കെ ഒരുദിവസം ഒരു കാനനപ്രദേശത്തിൽ ചെന്നുചേൎന്നു. ദാഹം വളരെ അസഹ്യമായിരുന്നതിനാൽ അവിടെ എങ്ങാനും ജലം കിട്ടുമോ എന്നന്വേഷിച്ചപ്പോൾ ലതാപരിവൃതമായ ഒരു സരസ്സു കണ്ടു വളരെ സന്തോഷിച്ചു. സരസ്സിൽ ഇറങ്ങി യഥേഷ്ടം ജലപാനം ചെയ്ത് കരയ്ക്കുകയറുവാനായി ഭാവിച്ചപ്പോൾ ഉജ്ജ്വലാകാരമായ ഒരു രത്നം കിടക്കുന്നതു കണ്ടു. അതു എടുത്തു സരസ്സിൽനിന്നു കുറെ ദൂരം പോയപ്പോൾ ഒരു ദേവാലയം ലക്ഷ്യമായി. വെയിലിന്റെ ശക്തി ദുസ്സഹമായിരുന്നതിനാൽ അല്പം വിശ്രമിപ്പാനായി ഞാൻ ആ ദേവാലയത്തിൽ പ്രവേശിച്ചു. അവിടെ ഒരു വൃദ്ധബ്രാഹ്മണൻ വളരെ പുത്രന്മാരോടുകൂടി അത്യന്തം ദീനഭാവത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തെ കണ്ട ഉടനെ എനിക്കു വലുതായ അനുകമ്പ തോന്നി. ഞാൻ അദ്ദേഹത്തോടു കുശലം ചോദിച്ചു. തന്റെ പുത്രന്മാർ മാതൃഹീനരാണെന്നും ഉപായാന്തരങ്ങൾകൊണ്ടു അവരെ രക്ഷിക്കുന്നതു അസാദ്ധ്യമായിത്തീൎന്നതിനാൽ അവിടെവന്നു ഭിക്ഷാവൃത്തികൊണ്ടു ഏതൊപ്രകാരത്തിൽ അവരെ രക്ഷിച്ചുകൊണ്ട് ആ ദേവാലയത്തിൽ താൻ താമസിക്കയായിരുന്നു എന്നും ആശാപൂൎണ്ണമാനസനായ ആ സാധുബ്രാഹ്മണൻ പറഞ്ഞു. ദേവാലയത്തിനു അധികം അകലെയല്ലാത ഒരുകൂട്ടം സൈന്യം കൂടാരമടിച്ചു താമസിച്ചി

ന്നു. ആ സൈന്യത്തിൻെറ അധിപതി ആരാണെന്നും അദ്ദേഹം അവിടെ സൈന്യങ്ങളോടുകൂടി വരുവാൻ കാരണമെന്താണെന്നും മററും ഞാൻ ബ്രാഹ്മണനോടു ചോദിച്ചതിന്ന അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു:—

'ഈ ദേശങ്ങൾക്കെല്ലാം അധിപതി വീരകേതുരാജാവാകുന്നു. ഈ രാജാവിന്നു വാമലോചന എന്നു പേരായ ഒരു പുത്രിയുണ്ട്. ഈ തരുണീരത്നത്തിൻെറ ഗുണഗണങ്ങളെപ്പററി കർണ്ണാകർണ്ണികയാകേട്ട മത്തകാലൻ എന്നു പേരായ ലാടേശ്വരൻ വാമലോചനയെ തനിക്കു വിവാഹംചെയ്തുകൊടുക്കേണമെന്നു വീരകേതുവിനോടു ആവശ്യപ്പെട്ടു. വീരകേതു ലാടേശ്വരന്നു പുത്രിയെ കൊടുപ്പാൻ ഇഷ്ടപ്പെടാത്തതിനാൽ ലാടേശ്വരൻ വീരകേതുവിൻെറ നഗരത്തെ ഉപരോധിച്ചു. ഭീതനായ വീരകേതു ശത്രുവോടുകൂടി യുദ്ധംചെയ്യുന്നതു ദുഷ്കരമാണെന്നു നിശ്ചയിച്ച് മനസ്സില്ലാമനസ്സോടെ മത്തകാലന്നു പുത്രിയെ കൊടുത്തു. പ്രിയാലാഭത്താൽ സംതുഷ്ടഹൃദയനായ ലാടരാജാവ് വിവാഹം തൻെറ രാജ്യത്തിൽവെച്ചുതന്നെ ആഘോഷിക്കേണമെന്നു നിശ്ചയിച്ച് സൈന്യങ്ങളോടും രാജപുത്രിയോടുംകൂടി സ്വനഗരത്തിലേക്കു മടങ്ങി പോകുന്ന വഴിക്കു ഇവിടെ ഒന്നുരണ്ടുദിവസം വേട്ടയ്ക്കായി താമസിക്കയാണ്. വീരകേതുവിന്നു മാനപാലൻ എന്നു പേരായ ഒരു മന്ത്രി ഉണ്ടു്. രാജാവിന്നു സംഭവിച്ച അവമാനത്തെ ഓർത്തു ഖിന്നമാനസനായ മാനപാലൻ ചതുരംഗബലത്തോടുകൂടിചെന്നു ലാടേശ്വരസൈന്യത്തെ ഭേദിച്ചു.'

വൃദ്ധനായ വിപ്രൻ ഇത്രയും പറഞ്ഞപ്പോൾ അദ്ദേഹം ഒരു വിദ്വാനും ദാനയോഗ്യനുമാണെന്നു നിശ്ചയിച്ചു

എനിക്ക നദിയിൽനിന്ന കിട്ടിയ രത്നത്തെ ഞാൻ അദ്ദേഹത്തിന്ന കൊടുത്തു. പരമാഹ്ലാദംപൂണ്ട വിപ്രൻ എന്നെ വീണ്ടുംവീണ്ടും അനുഗ്രഹിച്ച് പുത്രന്മാരോടുകൂടി അവിടെനിന്ന പോയി. അദ്ധ്വാശ്രമത്താൽ ഞാൻ തൽക്ഷണം അറിയാതെ ഉറങ്ങിപ്പോയി. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഞാൻ രത്നംകൊടുത്ത ആ ബ്രാഹ്മണൻ ബന്ധിതനായി വളരെ ഖഡ്ഗധാരികളാൽ ചുററപ്പെട്ടവനായി എൻെറ മുമ്പാകെ നില്ക്കുന്നതു കണ്ടു.

'ഇദ്ദേഹമാണ ചോരൻ ഞാനല്ല' എന്ന എന്നെ ചൂണ്ടികാണിച്ചുകൊണ്ടു ബ്രാഹ്മണൻ ഖഡ്ഗധാരികളോടു പറഞ്ഞു. അവർ ഉടനെ ബ്രാഹ്മണനെ വിട്ടു നിരപരാധിയായ എന്നെ പിടിച്ചു ബന്ധിച്ചു. എനിക്ക ഏതുപ്രകാരത്തിലാണ രത്നം കിട്ടിയത്ത് എന്ന ഞാൻ അവരോടു എത്രതന്നെ പറഞ്ഞിട്ടും അവർ അതൊന്നും കേൾക്കാതെ എന്നെ കയറുകൊണ്ടു കെട്ടി കാരാഗൃഹത്തിൽകൊണ്ടുപോയി 'ഇതാ നിൻെറ ചങ്ങാതിമാർ കിടക്കുന്നു' എന്ന പറഞ്ഞു് ചിലതടവുകാരെ ചൂണ്ടികാണിച്ച് എന്നെയും കാരാഗൃഹത്തിൽ ഇട്ടു. ഇതിനെല്ലാം കാരണമെന്തെന്നറിയാതെ കിംകർത്തവ്യതാ മൂഢനായി ഞാൻ കാരാഗൃഹത്തിലുള്ള ചില തടവുകാരെ നോക്കി. 'വീരപുരുഷന്മാരെ! എന്തു കാരണത്താലാണ നിങ്ങൾ കാരാഗൃഹവാസദുഃഖമനുഭവിക്കുന്നത്? നിങ്ങൾ എൻെറ ചങ്ങാതിമാരാണെന്ന് ഇവർ പറഞ്ഞതിൻെറ താല്പര്യമെന്ത്?' എന്ന അവരോടു ചോദിച്ചു. അപ്പോൾ ദേവാലയത്തിൽ വെച്ച് ബ്രാഹ്മണൻ പറഞ്ഞ ലാടപതിവൃത്താന്തമെല്ലാം അവർ പറഞ്ഞു. കൂടാതെ അവർ വീരകേതു മന്ത്രിയാ

യ മാനപാലൻെറ കിങ്കരന്മാരാണെന്നും മന്ത്രിയുടെ ആജ്ഞപ്രകാരം ലാടേശ്വരനെ കൊല്ലുന്നതിനു വേണ്ടി അവർ അദ്ദേഹത്തിൻെറ കൂടാരത്തിൽ രാത്രി തുരങ്കം വെച്ചു കടന്നു എന്നും അവിടെ രാജാവിനെ കാണായ്കയാൽ വിഷണ്ണരായിതീൎന്ന് അവിടെ നിന്നു വളരെ ധനം അപഹരിച്ച് മഹാടവിയിൽ പ്രവേശിച്ചു എന്നും പിറെറദിവസം രാജകിങ്കരന്മാർ അന്വേഷിച്ചു ചെന്ന അവരെയെല്ലാം കണ്ടുപിടിച്ച് അവരുടെ കയ്യിൽ നിന്നു തൊണ്ടിസ്സാമാനങ്ങളെല്ലാം തിരികെ മേടിച്ച് പരിശോധിച്ചപ്പോൾ അമൂല്യമായ ഒരു രത്നം കാണായ്കയാൽ അവരെയെല്ലാം ചങ്ങലകൊണ്ടു ബന്ധിച്ചു കാരാഗൃഹത്തിൽ ഇട്ടു എന്നും എന്നെ അറിയിച്ചു. ഞാൻ ബ്രാഹ്മണനു കൊടുത്ത രത്നവും അവർ പറഞ്ഞതായരത്നവും ഒന്നാണെന്നു ഞാൻ നിശ്ചയിച്ചു ഞാൻ അങ്ങയെ അന്വേഷിച്ചു നടന്നുകൊണ്ടിരുന്ന വിവരവും എനിക്കു രത്നം കിട്ടിയ്വിവരവും ഞാൻ അതിനെ ബ്രാഹ്മണനു കൊടുത്ത സമ്പ്രദായവും തന്നിമിത്തമാണ് എനിക്കു ആപത്തു നേരിട്ടതു് എന്നുള്ള വൃത്താന്തവും ഞാൻ അവരെ അറിയിച്ചു. പെട്ടെന്ന് സമയോചിതങ്ങളായ സല്ലാപങ്ങൾകൊണ്ടു ഞാൻ അവരുടെ ആപ്തമിത്രമായിതീൎന്നു. നേരം അൎദ്ധരാത്രിയായപ്പോൾ അവരുടേയും എൻെറയും ചങ്ങലകൾ മുറിച്ച് ഞങ്ങളെല്ലാവരുംക്രൂടി പതുക്കെപ്പുറത്തുകടന്നു. ആസമയം ദ്വാരപാലകന്മാർ ഉറങ്ങിക്കൊണ്ടിരുന്നു. അവരുടെ ആയുധങ്ങളെയെല്ലാം അവരറിയാതെ ഞങ്ങൾ അപഹരിച്ചു. ചില ഭീറുകാർ ഞങ്ങളെ കണ്ടു തടയുവാനുദ്യമിച്ചു. ഞങ്ങൾ പെട്ടെന്ന് അവരെയെല്ലാം തോല്പിച്ച് ഓടി, മാനപാലൻെറ

ഗൃഹത്തിൽ പ്രവേശിച്ചു. മാനപാലൻ തന്റെ കിങ്കരന്മാരിൽനിന്ന എന്റെ കലാഭിമാനവൃത്താന്തവും ഞാൻ ചെയ്ത വീരകൃത്യങ്ങളും കേട്ടറിഞ്ഞു് എന്നെബഹുമാനിച്ചു. പിറേറദിവസം കാലത്തു മത്തപാലന്റെ ചില കിങ്കരന്മാർ മാനപാലന്റെ ഗൃഹത്തിൽ വന്നു്, അദ്ദേഹത്തോടു ഞങ്ങളുടെ രാജമന്ദിരത്തിൽ ചില ചോരവീരന്മാർ തുരങ്കംവെച്ചു കടന്നു വളരെ സാമാനങ്ങൾ അപഹരിച്ചിരിക്കുന്നു; അവരെല്ലാവരും അങ്ങയുടെ ഗൃഹത്തിലുണ്ടെന്നു ഞങ്ങൾ അറിയുന്നു; അവരെ വിട്ടുതരിക, അല്ലെങ്കിൽ വലിയ അനൎത്ഥമുണ്ടാകുന്നതാണ്" എന്നു പരുഷമായി പറഞ്ഞു. ഇതുകേട്ടു ക്രോധാവിഷ്ടനായ മാനപാലൻ നിങ്ങൾ പറയുന്ന ലാടപതി ആരാണ്? അദ്ദേഹമായി എനിക്ക എന്തു മൈത്രിയാണുള്ളതു്? ഈ ദുഷ്ടനെ സേവിക്കുന്നതുകൊണ്ടു എന്താണഫലം?' എന്നുപറഞ്ഞു് അവരെ അധിക്ഷേപിച്ചു. അവർ മാനപാലൻ പറഞ്ഞതെല്ലാം ലാടേശ്വരനോടു ചെന്നുപറഞ്ഞു. കുപിതനായ ലാടപതി തന്റെ ദൌൎബ്ബീല്യംകൊണ്ടുള്ള ഗൎവ്വിനാൽ ചെറിയ ഒരു സേനയോടുകൂടി യുദ്ധത്തിനായി പുറപ്പെട്ടു. മാനിയായ മാനപാലൻ യുദ്ധം ചെയ്യണമെന്നു മുമ്പുതന്നെ നിശ്ചയിച്ചിരുന്നതിനാൽ ആവശ്യമുള്ള യോദ്ധാക്കളോടുകൂടി യുദ്ധത്തിനായി പുറപ്പെട്ടു. ബഹുമാനപുരസ്സരം മാനപാലൻ ഏല്പിച്ചതായ തുരഗങ്ങൾ, രഥം, സമൎത്ഥനായ സാരഥി, ദൃഢമായ കവചം, അനുരൂപമായ ചാപം, വിവിധങ്ങളായ ബാണങ്ങൾ നിറഞ്ഞ ആവനാഴികൾ, യുദ്ധോചിതങ്ങളായ ആയുധങ്ങൾ ഇവയോടുകൂടി ഞാനും യുദ്ധസന്നദ്ധനായി അദ്ദേഹത്തെ പിന്തുടൎന്നു. പരസ്പരം മത്സ

രത്തോടുകൂടി സങ്കലമായി യുദ്ധം ചെയ്തുകൊണ്ടിരുന്ന ഇരുസേനകളുടെ ഇടയിൽ കടന്നു ഞാൻ ശത്രുക്കളെ ശരവർഷത്തിൽ മുക്കി. അനന്തരം എന്റെ രഥത്തെ ഞാൻ ശത്രുരാജാവിന്റെ സമീപം നയിച്ച് വളരെ വേഗത്തിൽ അദ്ദേഹത്തിന്റെ രഥത്തെ ആക്രമിച്ച് ശത്രുവിന്റെ ശിരസ്സ് ഛേദിച്ചു. ശത്രുരാജാവ് മൃതനായി താഴെ വീണ ഉടനെ അയാളുടെ സേനകളെല്ലാം അങ്ങുമിങ്ങും ഓടപ്പോയി. ശത്രുക്കളുടെ നാനാവിധങ്ങളായ യുദ്ധസാമഗ്രികളെല്ലാം ഞങ്ങൾക്കധീനമായി. പരമാനന്ദനിമഗ്നനായ മാനപാലൻ എന്നെ പലപ്രകാരത്തിൽ ബഹുമാനിച്ചു. അനന്തരം രാജാവിനെ വിവരം അറിയിക്കുന്നതിനായി ആളുകളെ നിയോഗിച്ചു. നടന്ന സംഭവങ്ങളെല്ലാം കേട്ട രാജാവ് വളരെ സന്തോഷത്തോടുകൂടി വന്നു എന്റെ ധീരകൃത്യങ്ങൾ കേട്ടു വളരെ വിസ്മയിച്ചു. അമാത്യന്റേയും ബന്ധുജനങ്ങളുടേയും സമ്മതത്തോടുകൂടി തന്റെ പുത്രിയെ പുണ്യദിനത്തിൽ എനിക്കു പാണിഗ്രഹണം ചെയ്തുതന്ന് എന്നെ യുവരാജാവാക്കി അഭിഷേകം ചെയ്തു. ഞാൻ രാജാവിനെ സന്തോഷിപ്പിച്ചുകൊണ്ടു പ്രിയതമയോടുകൂടി പലവിധ സുഖങ്ങൾ അനുഭവിച്ചു. എങ്കിലും അങ്ങയോടുള്ള വിരഹദുഃഖം എനിക്ക് അത്യന്തം അസഹ്യമായിത്തീർന്നു. മഹാകാലനിവാസിയായ ഭഗവാൻ പരമശിവനെ ആരാധിക്കുന്നപക്ഷം അങ്ങയെ കണ്ടുകിട്ടുന്നതാണെന്നു ഒരു സിദ്ധൻ എന്നോടുപറഞ്ഞു. അദ്ദേഹത്തിന്റെ ആദേശപ്രകാരം ഈശരാരാധനത്തിനുവേണ്ടി പത്നീസമേതനായി ഞാൻ ഇവിടെ വന്നിരിക്കുന്നു. ഭക്തവത്സലനായ ഗൌരീപതിയുടെ കാരുണ്യ

കൊണ്ടു് എനിക്കു അങ്ങയെ കാണ്മാൻ ഇപ്പോൾ സാധിച്ചിരിക്കുന്നു.

സോമദത്തൻെറ ചരിത്രം കേട്ട രാജവാഹനൻ ആശ്ചർയ്യപ്പെട്ടു്, തൻെറസ്നേഹിതൻെറ പരാക്രമകൃത്യങ്ങളെ അഭിനന്ദിച്ചു. നിരപരാധിയായ സ്നേഹിതൻ ശിക്ഷ അനുഭവിച്ചതോൎത്തു ദൈവത്തെ ഉപാലംഭനംചെയ്തു. അനന്തരം രാജവാഹനൻ സ്നേഹിതനോടു ആത്മചരിതങ്ങളെല്ലാം പറഞ്ഞു. ഉടനെ പുരോഭാഗത്തിൽ പുഷ്പോദ്ഭവൻ നിൽക്കുന്നതു കണ്ടു. സാഞ്ജലിയായി വണങ്ങിനിന്നുകൊണ്ടിരുന്ന സ്നേഹിതനെ അദ്ദേഹം ഗാഢമായി ആലിംഗനം ചെയ്തു. ആനന്ദബാഷ്പത്താൽ ഇരുവരുടേയും നേത്രങ്ങൾ വികസിതമായി. അനന്തരം രാജവാഹനൻ 'സോമദത്ത! ഇതാ പുഷ്പോദ്ഭവൻ നിൽക്കുന്നതു കണ്ടില്ലേ' എന്നു പറഞ്ഞു സോമദത്തനു പുഷ്പോദ്ഭവനെ കാണിച്ചുകൊടുത്തു. അവരിരുവരും ചിരകാലത്തെ തങ്ങളുടെ വിരഹദുഃഖത്തെ ത്യജിച്ചു് പരസ്പരം ആലിംഗനസുഖമനുഭവിച്ചു. അനന്തരം രാജാവു് മന്ദസ്മിതംപൂണ്ടു പുഷ്പോദ്ഭവനോടു ഇപ്രകാരം പറഞ്ഞു:—ഭൂസുരനെ സഹായിക്കേണമെന്നു എനിക്കു തോന്നി. നിങ്ങൾ വല്ല പ്രതിബന്ധവും ചെയ്യുമെന്നു ശങ്കിച്ചു് നിങ്ങളോടു പറയാതെ ഞാൻ പോയതാണ്. എന്നെ അന്വേഷിച്ചു് ഭവാൻ എവിടെയെല്ലാം പോയി? എന്തെല്ലാം വിശേഷങ്ങൾകണ്ടു?

പുഷ്പോദ്ഭവൻ രാജകുമാരൻെറ പാദങ്ങളിൽ വീണു നമസ്കരിച്ചു് സവൃത്താന്തം പറയുവാനാരംഭിച്ചു.

---

# IV

ദേവൻ ഞങ്ങളെ പെട്ടെന്നു വിട്ടുപോയതു മഹീസുരനെ സഹായിപ്പാൻ വേണ്ടിതന്നെയായിരിക്കേണമെന്നു ഞങ്ങളെല്ലാവരും ഊഹിക്കാതിരുന്നില്ല. അങ്ങ് എവിടേക്കാണു പോയത് എന്നു നിൎണ്ണയിപ്പാൻ സാധിക്കാതെ ഞങ്ങൾ എല്ലാവരും തമ്മിൽ പിരിഞ്ഞു് അങ്ങയെ അന്വേഷിപ്പാനായി പുറപ്പെട്ടു. ഞാൻ മററുള്ളവരെപ്പോലെ ഭവാനെ അന്വേഷിച്ചു സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം ഉച്ചസമയത്തു വെയിൽ അത്യന്തം ദുസ്സഹമായിരുന്നതിനാൽ ഗിരിതടത്തിലുള്ള ഒരു വൃക്ഷച്ഛായയിൽ അല്പം വിശ്രമിപ്പാനായി ഇരുന്നു. അപ്പോൾ പുരോഭാഗത്തിൽ സങ്കുചിതാവയവങ്ങളോട്ടുകൂടിയ ഒരു മനുഷ്യാകാരം കണ്ടു. അതിൻെറ ആകൃതി ഏകദേശം ഒരു ആമയുടെ ആകൃതിപോലെ തോന്നി. പെട്ടെന്നു ഞാൻ മുകളിലേക്കു നോക്കിയപ്പോൾ ആകാശത്തിൽ നിന്നു ഒരു പുരുഷൻ താഴെ വീഴുന്നതുകണ്ടു. ഭൂമിയിൽ പതിക്കാറായപ്പോൾ ഞാൻ ആ പുരുഷനെ പിടിച്ചു പതുക്കെ നിലത്തുവെച്ചു. അദ്ദേഹത്തിനു അപ്പോൾ ബോധമുണ്ടായിരുന്നില്ല. ഞാൻ ചെയ്തതായ ശീതളോപചാരങ്ങളാൽ അല്പനേരംകൊണ്ടു അയാൾക്കു ബോധംവന്നു. മുകളിൽനിന്നു ഭൂമിയിൽ പതിപ്പാൻ കാരണമെന്തെന്നു ഞാൻ ചോദിച്ചപ്പോൾ കണ്ണീർ പൊഴിച്ചുകൊണ്ടു ഗദ്ഗദാക്ഷരത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു:

മഗധരാജൻെറ അമാത്യനായ പത്മോദ്ഭവൻെറ പുത്രനാകുന്ന ഞാൻ. എൻെറ പേർ രത്നോദ്ഭവൻ എ

ന്നാണ്. വാണിജ്യത്തിന്നായി ഞാൻ കാലയവനദ്വീപിലേക്കുപോയി. അവിടെ ഒരു വണിക്കന്യകയെ വിവാഹം ചെയ്തു. കുറെ കാലം ശ്വശുരഗൃഹത്തിൽ താമസിച്ചതിനുശേഷം ഞാൻ ഭാൎയ്യയോടുകൂടി സ്വദേശത്തിലേക്കു പുറപ്പെട്ടു. ഞങ്ങൾ കപ്പലിൽ യാത്രചെയ്കയായിരുന്നു. ഏകദേശം കര അടുക്കാറായപ്പോൾ വലുതായ മഴയും കാററും തുടങ്ങി. എന്തിന്നധികം പറയുന്നു. കപ്പൽ മറിഞ്ഞു യാത്രക്കാരെല്ലാവരും സമുദ്രത്തിൽ മുങ്ങി. ഞാൻ എങ്ങിനെയോ ദൈവഗത്യാ കരയ്ക്കുവന്നുചേൎന്നു. പത്നീവിരഹത്താൽ ദുഃഖാൎണ്ണവമഗ്നനായി ഒരു താപസന്റെ ആദേശപ്രകാരം ഞാൻ പതിനാറുകൊല്ലം കഴിച്ചുകൂട്ടി. എന്നിട്ടും ദുഃഖത്തിന്നു അവസാനം കാണായ്കയാൽ ഞാൻ ഒരു മലയുടെ മുകളിൽ നിന്നു താഴെ പതിച്ചതാണ്'.

രത്നോൽഭവൻ ഇത്രയും പറഞ്ഞപ്പോൾ അവിടെ അവ്യക്തമായ മൃദുസ്വരത്തിൽ ഒരു നാരീരോദനം കേൾക്കാറായി. ഭൃഗുപതനം ചെയ്ത രത്നോൽഭവൻ എന്റെ പിതാവാണെന്നു ഞാൻ നിശ്ചയിച്ചു. 'എനിക്കു അങ്ങയോടു വളരെ കാൎയ്യങ്ങൾ പറയേണ്ടതുണ്ട്. ഞാൻ അതെല്ലാം പിന്നെ പറഞ്ഞുകൊള്ളാം. ഈ വിജനസ്ഥലത്തു നാരീശബ്ദം കേൾപ്പാൻ കാരണമെന്തെന്നു ഞാൻ അന്വേഷിച്ചുവരാം. അതുവരെ അങ്ങ് ഇവിടെ ഇരുന്നു വിശ്രമിച്ചാലും' എന്നു പിതാവിനോടു പറഞ്ഞു ഞാൻ വളരെ വേഗം പുറപ്പെട്ടു. കുറേദൂരം ചെന്നപ്പോൾ ഭയങ്കരമായി കത്തിക്കൊണ്ടിരുന്ന തീയിൽ ചാടുവാൻ തയ്യാറായി കൈകൂപ്പി തൊഴുതുനിന്നിരുന്ന ഒരു സ്ത്രീയുടെ

കൈപിടിച്ചു് ഒരു വൃദ്ധസ്ത്രീ വിലപിച്ചുകൊണ്ടിരുന്നതുകണ്ടു. ഞാൻ അവരെ കൂട്ടിക്കൊണ്ടു പിതൃസമീപം ചെന്നു. സ്ഥവിരയോടു "വൃദ്ധേ ഭവതികൾ ആരാണ് എവിടെ ഉള്ളവരാണ്? ഈ കാട്ടിൽ എന്തുകാരണത്താലാണു നിങ്ങൾ ഈ ദുരവസ്ഥ അനുഭവിക്കുന്നതു്" എന്നു ചോദിച്ചു. വൃദ്ധ പറഞ്ഞു:—"കാലയവനദ്വീപിൽ വസിക്കുന്ന കാലഗുപ്തൻ എന്നു പേരായ വണിക്കിൻെറ ഏകപുത്രിയാകുന്നു ഇവൾ. ഭർത്താവായ രത്നോദ്ഭവനോടുകൂടി കപ്പൽയാത്ര ചെയ്യുമ്പോൾ കപ്പൽ മറിഞ്ഞു. ഒരു പലക കണ്ടു് അതിനെ അവലംബിച്ചു ഞങ്ങൾ രണ്ടുപേരും ദൈവഗത്യാ കരയ്ക്കു വന്നുചേർന്നു. ഇവളുടെ പ്രസവസമയം ആസന്നമായിരുന്നതിനാൽ ഇവൾ കാട്ടിൽത്തന്നെ ഒരു പുത്രനെ പ്രസവിച്ചു. ഭാഗ്യദോഷത്താൽ ശിശുവിനെ ഒരു വനഗജം എടുത്തുകൊണ്ടുപോയി. പതിനാറു സംവത്സരം കഴിഞ്ഞാൽ ഭർത്തൃപുത്രസംഗമമുണ്ടാകുന്നതാണെന്നു ഒരു സിദ്ധൻ പറഞ്ഞതു വിശ്വസിച്ചു് ഇവൾ എന്നോടുകൂടി ഇത്രകാലം കഴിച്ചു. സിദ്ധൻ പറഞ്ഞ അവധി ഇന്നലെ കഴിഞ്ഞു. വീണ്ടും അപാരമായ ശോകം സഹിപ്പാൻ ശക്തയല്ലാതെ അഗ്നിപ്രവേശം ചെയ്വാൻ ഇവൾ ഉദ്യമിച്ചതാണ്."

ഇത്രയും കേട്ടപ്പോൾ ആ സ്ത്രീ എൻെറ മാതാവാണെന്നറിഞ്ഞു ഞാൻ സാഷ്ടാംഗം പാദങ്ങളിൽ വീണു നമസ്കരിച്ചു. വൃദ്ധയുടെ വാക്കു കേട്ടു പിതാവിൻെറ മുഖം സന്തോഷത്താൽ വികസിതമായി ഭവിച്ചു. പിതൃജനങ്ങൾ ആനന്ദാശ്രുവർഷംകൊണ്ടു് എന്നെ അഭിഷേകം ചെയ്തു. അനന്തരം അവർ ഒരു വൃക്ഷച്ഛായയിൽ

ഇരുന്നു. പിതാവു മഹാരാജാവിനെപ്പററി വൎത്തമാന
ങ്ങൾ ചോദിച്ചു. മഹാരാജാവിൻെറ രാജ്യഭ്രംശം, ഭവാ
ൻെറ ജനനം, മററു രാജകുമാരന്മാരുടെ പ്രാപ്തി, അങ്ങയു
ടെ ദിഗ്വിജയാരംഭം, മാതംഗാനുയാനം മുതലായ സക
ല വൎത്തമാനങ്ങളും ഞാൻ വിസ്തരിച്ചുപറഞ്ഞു. അനന്ത
രം ഞാൻ മാതാപിതാക്കന്മാരെ ഒരു മുനിയുടെ ആശ്രമ
ത്തിൽ താമസിപ്പിച്ചു വീണ്ടും അങ്ങയെ അന്വേഷിപ്പാ
നായി പുറപ്പെട്ടു. സകല കാൎയ്യങ്ങളും ധനാധീനമായി
രുന്നതിനാൽ എങ്ങിനെ എങ്കിലും കുറെ ധനം സമ്പാ
ദിക്കണമെന്നു ഞാൻ നിശ്ചയിച്ചു. ഇതിലേക്കായി കു
റെ ശിഷ്യന്മാരെ സമ്പാദിച്ചു വിന്ധ്യാടവീമദ്ധ്യത്തിലുള്ള
പൌരാണികങ്ങളായ ചില സ്ഥലങ്ങളിൽ ചെന്നു അ
വിടെ ചില വൃക്ഷങ്ങളുടെ അടിയിൽ സുവൎണ്ണപൂൎണ്ണങ്ങ
ളായ പാത്രങ്ങൾ ഉണ്ടെന്നു സിദ്ധാഞ്ജനംകൊണ്ടു മനസ്സി
ലാക്കി. ആ സ്ഥലങ്ങളിൽ കുഴിച്ചുനോക്കിയപ്പോൾ ദീ
നാരം എന്നു പേരുള്ള വളരെ നാണയങ്ങൾ കിട്ടി. അവി
ടെനിന്നു കുറേദൂരത്തായി ഒരുകൂട്ടം കച്ചവടക്കാർ കൂടാരമ
ടിച്ചു താമസിച്ചിരുന്നു. അവരുടെ അടുക്കൽനിന്നു ഞാ
ൻ കുറെ നാണയങ്ങൾ കൊടുത്തു കുറെ സഞ്ചികളേ
യും കാളകളേയും വാങ്ങിച്ചു. സഞ്ചികളിൽ നാണ
യങ്ങൾ നിറച്ച് വേറെ ചില സാമാനങ്ങളാണെ
ന്നു പറഞ്ഞുകൊണ്ടു ഞാൻ അവരുടെ കൂടാരത്തിൽ പ്ര
വേശിച്ചു. ചന്ദ്രപാലൻ എന്നു പേരായ ഒരു വണിക്പു
ത്രനായിരുന്നു ആ കൂടാരത്തിൻെറ അധികാരി. ഞാൻ
അദ്ദേഹത്തിൻെറ മിത്രമായിത്തീൎന്നതിനാൽ അദ്ദേഹ
ത്തോടുകൂടി ഉജ്ജയിനിക്കുപോയി. എൻെറ മാതാപി

താക്കന്മാരെയും അവിടെ കൊണ്ടുചെന്നാക്കി. ചന്ദ്രപാലന്റെ പിതാവായ ബന്ധുപാലൻ വഴിക്കു, ഞാൻ മാളവനാഥനെ കണ്ടു അവിടെ ഗൂഢമായി വസിച്ചു. വീണ്ടും അങ്ങയെ അന്വേഷിപ്പാനായി ഞാൻ പുറപ്പെട്ടു. എന്റെ പരമമിത്രമായ ബന്ധുപാലൻ അപാരമായ ഭൂമണ്ഡലം മുഴുവൻ അന്വേഷിക്കുന്നതു് അസാദ്ധ്യമാണെന്നും അങ്ങയെ കാണ്മാൻ എപ്പോൾ സാധിക്കുമെന്നു ശകുനം നോക്കി പറയാമെന്നും പറഞ്ഞു് എന്നെ സമാധാനപ്പെടുത്തി. അദ്ദേഹത്തിന്റെ വാക്കു് എനിക്കു അമൃതിനു തുല്യമായി തോന്നി. ഞാൻ എല്ലാദിവസവും അദ്ദേഹത്തെ കാണ്മാൻ പൊയ്ക്കൊണ്ടിരുന്നു. ഒരു ദിവസം പതിവുപോലെ ഞാൻ അദ്ദേഹത്തെ കാണ്മാൻ പോയപ്പോൾ ബാലചന്ദ്രിക എന്നു പേരായ അദ്ദേഹത്തിന്റെ പുത്രിയെ കാണ്മാൻ എനിക്കു ഇടയായി. നയനചന്ദ്രികയായ ആ തരുണീരത്നം ശരീരത്തോടുകൂടിയ വണിക്മന്ദിരലക്ഷ്മിയെപ്പോലെ വിളങ്ങിക്കൊണ്ടിരുന്നു. സുകുമാരമായ അവളുടെ ദശ്നത്താൽ ഞാൻ അല്പം തരളഹൃദയനായിത്തീർന്നു. എന്റെ ധീരഭാവം കുറച്ചൊന്നു മങ്ങിയതുപോലെ തോന്നി. ഞാൻ കാമദേവന്റെ ബാണങ്ങൾക്കു ലക്ഷ്യമായി ഭവിച്ചു. അവൾ തന്റെ കടാക്ഷവീക്ഷണങ്ങൾകൊണ്ടു് എന്നെ പലപ്രാവശ്യം വിഷമിപ്പിച്ചു. മന്ദമാരുതൻ തട്ടി ഇളകുന്നതായ ഒരു ലതപോലെ അവളുടെ ശരീരം വിറച്ചു. അനുരാഗത്തിന്റെയും ലജ്ജയുടേയും മദ്ധ്യവത്തികളായ നോട്ടങ്ങൾകൊണ്ടു് അവൾ തന്റെ മനോവൃത്തികളെ എന്നെ മനസ്സിലാക്കി. അവളുടെ ചേഷ്ടകളിൽ നിന്നു ആ യുവതീരത്നത്തിനു് എന്നിൽ അനുരാഗമുണ്ടെന്നു ഞാൻ നിശ്ചയിച്ചു.

ഒരു ദിവസം ബന്ധുപാലൻ ശകുനം നോക്കി പറയുന്നതിന്നായി എന്നോടുകൂടി ഉദ്യാനത്തിലേക്കുവന്ന് അവിടെ ഒരു വൃക്ഷഛായയിൽ ഇരുന്നു പക്ഷിവചനങ്ങളെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഞാൻ എന്റെ ഉൽക്കണ്ഠയെ വിനോദിപ്പിക്കുന്നതിന്നായി ഉദ്യാനത്തിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നപ്പോൾ അവിടെ സരസ്സീരത്തിൽ ബാലചന്ദ്രിക ചിന്താക്രാന്തയായി ഇരിക്കുന്നതുകണ്ടു. പ്രേമത്താലും ലജ്ജയാലും കൌതുകത്താലും മനോരമമായ അവളുടെ ലീലാവിലോകനസുഖത്തെ ഞാൻ കുറേനേരം അനുഭവിച്ചു. അനന്തരം അവളുടെ മുഖത്തിൽ സ്പഷ്ടമായി കാണാമായിരുന്ന വിഷാദഭാവത്തിന്നു കാരണമെന്താണെന്നു ഞാൻ അവളോടു ചോദിച്ചു. അവൾ സ്വാഭാവികങ്ങളായ ലജ്ജാഭയങ്ങൾ വിട്ടു ഇപ്രകാരം പറഞ്ഞു:—"മാളവാധീശനായ മാനസാരൻ വാർദ്ധക്യാതിരേകത്താൽ സ്വപുത്രനായ ദർപ്പസാരനെ ഉജ്ജയിനിയിൽ രാജാവാക്കി അഭിഷേകം ചെയ്തു. ദർപ്പസാരൻ കുറേകാലം രാജ്യം ഭരിച്ചു. തപസ്സുചെയ്തുകൊണ്ടു രാജാധിരാജനായി സകല മഹീമണ്ഡലത്തേയും ഭരിക്കേണമെന്ന് ആഗ്രഹിച്ച് തൽക്കാലം രാജ്യഭരണകൃത്യത്തെ പൈതൃഷ്വസേയന്മാരും ചണ്ഡകർമ്മാക്കളുമായ ചണ്ഡവർമ്മാവിനേയും ദാരുവർമ്മാവിനേയും ഏല്പിച്ച് തപസ്സു ചെയ്വാൻ അദ്ദേഹം രാജരാജഗിരിയിലേക്കു പോയി. രാജ്യത്തെ ശത്രുബാധയൊന്നും കൂടാതെ ചണ്ഡവർമ്മാവു ഭരിക്കുന്നുണ്ട്. ദാരുവർമ്മാവ് മാതുലന്മാരുടേയും അഗ്രജന്മാരുടേയും ശാസനകളെ അതിക്രമിച്ച് പാരദാര്യം പരദ്രവ്യാപഹരണം മുതലായ ദുഷ്കർമ്മങ്ങൾ ചെയ്തുവരുന്നു. ഈയിടെ ഒരു ദിവസം ആ ദുഷ്ടൻ

ബലാൽക്കാരേണ എന്നെ അവമാനിപ്പാൻ യത്നിച്ചു. അതിനെപ്പററി ആലോചിച്ച് ഞാൻ ദുഃഖിക്കയാണ്."

ബാലചന്ദ്രികയുടെ മനോഗതവും അവൾക്ക എന്നിലുണ്ടായിരുന്ന രാഗാതിരേകവും ഞാൻ മനസ്സിലാക്കി. ദാരുവർമ്മാവിന്റെ ദുഷ്ക്കർമ്മാഭിലാഷം എന്റെ അഭിമതസിദ്ധിക്ക കാരണമായി ഭവിക്കുമെന്നു ഞാൻ നിശ്ചയിച്ചു. ദാരുവർമ്മാവിനെ നിഗ്രഹിപ്പാനുള്ള ഉപായം എന്തായിരിക്കുമെന്നു ആലോചിച്ച്, ഇപ്രകാരം ഞാൻ ബാലചന്ദ്രികയോടു പറഞ്ഞു:—

ഹെ! സുന്ദരി! ഭവതിയെ അഭിലഷിക്കുന്ന ദുഷ്ടനെ നിഗ്രഹിപ്പാൻ ഞാൻ ചെറുതായ ഒരു ഉപായം പറയാം. ഭവതിയെ ഒരു യക്ഷൻ ബാധിച്ചിരിക്കുന്നു എന്നും യാതൊരു സാഹസികൻ രതിമന്ദിരത്തിൽ ആ യക്ഷനെ ജയിച്ച് ഭവതിയോടുകൂടി സല്ലാപസുഖമനുഭവിച്ച് യാതൊരു ആപത്തും കൂടാതെ നിർഗ്ഗമിക്കുമോ അവൻ മാത്രമാണ് ഭവതിയെ വിവാഹംചെയ്‌വാൻ അർഹിക്കുന്നതു് എന്നും ഒരു സിദ്ധൻ പറഞ്ഞതായി ഭവതിയുടെബന്ധുജനങ്ങൾ ഒരു കിംവദന്തി ഉണ്ടാക്കേണം. ആ ദുഷ്ടൻ ഇതുകേട്ടു പേടിച്ച് സ്വസ്ഥനായിരിക്കുന്നതാണെങ്കിൽ വളരെ നന്നായി. തന്റെ ദുസ്സ്വഭാവത്താൽ വീണ്ടും ഭവതിയെ അവമാനിപ്പാൻ യത്നിക്കുന്നു എങ്കിൽ ഭവതിയുടെ ബന്ധുജനങ്ങൾ അയാളോട് 'ഞങ്ങളുടെ ഗൃഹത്തിൽ വെച്ച് സാഹസകൃത്യം ചെയ്യാൻ ഞങ്ങൾ അനുവദിക്കുന്നതല്ല. പൌരജനങ്ങൾ കാണത്തക്കവണ്ണം ബാലചന്ദ്രികയെ അങ്ങയുടെ വീട്ടിലേക്കു കൊണ്ടുപോയി അവളോടുകൂ

ടി ക്രീഡിച്ച് ആയുഷ്മാനായി നിൎഗ്ഗമിക്കുന്നപക്ഷം അവളെ വിവാഹം ചെയ്തുകൊൾക' എന്നുപറയേണം. ഈ വിധം ചെയ്തുകൊള്ളാമെന്നു അയാൾസമ്മതിക്കും. ഭവതിയെ അയാൾ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോകുമ്പോൾ സഖിയുടെ വേഷം ധരിച്ചു ഞാനും വരാം. ഞാൻ ഏകാന്തത്തിൽ ആ ദുഷ്ടനെ മുഷ്ടിപ്രഹരംകൊണ്ടു കൊന്നു സഖിയുടെ വേഷത്തിൽ തന്നെ പുറത്തു വന്നുകൊള്ളാം. ഭവതി ഞാൻ പറഞ്ഞ ഈ ഉപായം സ്വീകരിച്ച് ഭയത്തേയും ലജ്ജയേയും വിട്ടു അച്ഛനമ്മമാരോടു നമുക്ക് തമ്മിലുള്ള അനുരാഗത്തെപ്പററി പറഞ്ഞു അവരെക്കൊണ്ടു വേണ്ടവിധം പ്രവൎത്തിപ്പിക്കേണം. അവരുടെ ആനുകൂല്യമില്ലെങ്കിൽ ഈ കാൎയ്യം നടക്കുന്നതല്ല.

ഞാൻ പറഞ്ഞുകൊടുത്ത ഉപായം വളരെ നല്ലതാണെന്നു ബാലചന്ദ്രിക സമ്മതിച്ചു. അവൾ അതുപോലെയെല്ലാം പ്രവൎത്തിച്ചുകൊള്ളാമെന്നു സമ്മതിച്ചു സ്വഗൃഹത്തിലേക്കുപോയി. ഞാൻ ബന്ധുപാലന്റെ സമീപം ചെന്നു. അന്നു മുതൽ മുപ്പതുദിവസം കഴിഞ്ഞാൽ അങ്ങയെ കാണ്മാൻ സാധിക്കുമെന്നു അദ്ദേഹം ശകുനംനോക്കി പറഞ്ഞു. അനന്തരം ഞാനും ബന്ധുപാലനും അദ്ദേഹത്തിന്റെ ഗൃഹത്തിലേക്കു പോയി അവിടെ കുറെനേരം ഇരുന്നതിനുശേഷം ഞാൻ എന്റെ ഗൃഹത്തിലേക്കു മടങ്ങി. ഉദ്ദേശിച്ചപ്രകാരം തന്നെ ദാരുവൎമ്മാവു ബാലചന്ദ്രികയെ സ്വഗൃഹത്തിലേക്കു വിളിച്ചു. അവൾ ഈ വിവരം എന്നെ അറിയിച്ചു. ഞാൻ വനിതായോഗ്യങ്ങളായ നൂപുരം, കാഞ്ചി, കങ്കണം, കടകം ഹാരം മുതലായ ആഭരണങ്ങൾ അണിഞ്ഞു പട്ടുചേല ഉടുത്തു ബാല ചന്ദ്രികയോടു

കൂടി പുറപ്പെട്ടു. ദാരുവർമ്മാവിൻെറ ഗൃഹത്തിൽ ചെന്നു ദ്വാരപാലകന്മാർ കാണിച്ചുതന്ന വഴിയിൽ കൂടി ഞങ്ങൾ സങ്കേതസ്ഥലത്തെത്തി. ജനങ്ങൾ പ്രസ്താവിച്ചിരുന്ന യക്ഷകഥയെ പരീക്ഷിക്കുന്നതിനായി വളരെ നഗരജനങ്ങൾ ദാരുവർമ്മാവിൻെറ ഗൃഹത്തിന്നുചുററും കൂടിയിരുന്നു. രാത്രിസമയമായിരുന്നതിനാൽ ആക്കും എൻെറ കൃത്രിമവേഷം കണ്ടറിവാൻ സാധിച്ചില്ല. ഞങ്ങളെ കണ്ട ഉടനെ ദാരുവർമ്മാവു് എഴുന്നേററു. പലതരം പട്ടുവസ്ത്രങ്ങൾ, കസ്തൂരികാമിളിതമായ ഹരിചന്ദനം, കർപ്പൂരസഹിതമായ താംബൂലം, സുരഭികളായ കുസുമങ്ങൾ മുതലായ വിശേഷ വസ്തുക്കൾകൊണ്ടു ഞങ്ങളെ സൽക്കരിച്ചു. കുറെനേരം ബാലചന്ദ്രികയോടുകൂടി സംസാരിച്ചുകൊണ്ടിരുന്നതിന്നു ശേഷം വിവേകശൂന്യനായ ആ ദുഷ്ടൻ രാഗാന്ധതയാൽ ആ സുമുഖിയെ ആലിംഗനം ചെയ്വാൻ ഉദ്യമിച്ചു. ഉടനെ ഞാൻ ആ ദുഷ്ടനെ കട്ടിലിൽനിന്നു താഴെ വലിച്ചു മുഷ്ടികൾകൊണ്ടു പ്രഹരിച്ചു. സ്വസ്ഥാനങ്ങളിൽനിന്നു വീണ ആഭരണങ്ങളെയെല്ലാം അതാതു സ്ഥാനങ്ങളിൽ വെച്ചതിനുശേഷം ഭയത്താൽ വിറച്ചുകൊണ്ടിരുന്ന പ്രിയതമയെ സമാശ്വസിപ്പിച്ചു്, ജനങ്ങൾ കൂടിയിരുന്ന സ്ഥലത്തു് ഓടിച്ചെന്നു 'ബാലചന്ദ്രികയുടെ ശരീരത്തിൽ വസിക്കുന്ന യക്ഷൻ ദാരുവർമ്മാവിനെ കൊല്ലുന്നു' എന്നു ഉറക്കെ നിലവിളിച്ചു. ഉടനെ ജനങ്ങളെല്ലാം 'ഹാ! ഹാ!' എന്നു ഉച്ചത്തിൽ ആക്രോശിച്ചു. 'ബാലചന്ദ്രികയെബാധിച്ചിരിക്കുന്ന യക്ഷൻ ബലവാനാണെന്നറിഞ്ഞിട്ടും മദാന്ധനായ ദാരുവർമ്മാവു് അവളെ കാമിച്ചുവല്ലോ. അവനവൻെറ കർമ്മഫല

ങ്ങളെ അവനാവനല്ലാതെ മററാരെങ്കിലും അനുഭവിക്കു മൊ? അതിനാൽ നമ്മൾ വെറുതെ എന്തിനു വില പിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു് അവരെല്ലാവരും അക ത്തു കടന്നു. ഈ തിരക്കിൽ ഞാൻ ബാലചന്ദ്രികയോടു കൂടി ആരുമറിയാതെ പുറത്തു കടന്നുപോയി. ഏതാനും ദിവസങ്ങൾ കഴിഞ്ഞു. പൌരജനങ്ങളുടെ സമക്ഷത്തി ൽവച്ചുതന്നെ സിദ്ധാദേശപ്രകാരം ഞാൻ ബാലചന്ദ്രിക യെ വിവാഹം ചെയ്തു. അങ്ങയെ ഇന്നു കാണ്മാൻ സാ ധിക്കുമെന്നായിരുന്നു ബന്ധുപാലൻ പറഞ്ഞിരുന്നതു്. അതനുസരിച്ചു ഞാൻ നഗരത്തിൽനിന്നു പുറത്തുവന്നു. ഭാഗ്യവശാൽ നേത്രാനന്ദകരമായ ഭവാൻെറ ദശ്നസുഖം എനിക്കു ലഭിക്കയും ചെയ്തു.

ഈവിധം മിത്രവൃത്താന്തം കേട്ടു രാജവാഹനൻ വ ളരെ സന്തോഷിച്ചു. തൻെറയും സോമദത്തൻെറയും വൃത്താന്തങ്ങളെല്ലാം സ്നേഹിതനോടു പറഞ്ഞു. സോമ ദത്തനോടു താൻ വസിച്ചിരുന്ന സ്ഥലത്തിൽ ഭായ്യയേ യും പരിവാരങ്ങളേയും കൊണ്ടുവിട്ടു വരുവാനായി പറ ഞ്ഞു പുഷ്പോൽഭവനോടുകൂടി അവന്തികാപുരത്തിൽ പ്രവേശിച്ചു. പുഷ്പോൽഭവൻ രാജകുമാരനെ ബന്ധു പാലൻ മുതലായ ബന്ധുജനങ്ങൾക്കു പരിചയപ്പെടു ത്തി. ബന്ധുപാലൻ രാജപുത്രനെ യഥാവിധി സല്ക്കരി ച്ചു. പുഷ്പോൽഭവൻ സ്വഗൃഹത്തിൽതന്നെ സ്നേഹിത നു കുളി, ഭക്ഷണം മുതലായ എല്ലാ സൌകയ്യങ്ങളും ചെ യ്തുകൊടുത്തു് അവിടെത്തന്നെ അദ്ദേഹത്തെ താമസി പ്പിച്ചു.

---

# V

വസന്തകാലമാരംഭിച്ചു. ദക്ഷിണാനിലൻ ഹരിചന്ദനത്തിന്റെ പരിമളത്തോടുകൂടി വിയോഗികളുടെ ഹൃദയത്തിൽ ലീനമായികിടക്കുന്ന കാമാഗ്നിയെ ഉജ്ജ്വലിപ്പിച്ചു കൊണ്ടു മന്ദംമന്ദം വീശിത്തുടങ്ങി. സഹകാരപല്ലവങ്ങളെ യഥേഷ്ടം ഭക്ഷിച്ച് കോകിലങ്ങൾ മധുരമായി പാട്ടാരംഭിച്ചു. പുഷ്പങ്ങളിൽനിന്നു മധുപാനംചെയ്ത് ഭ്രമരങ്ങൾ ഝങ്കാരശബ്ദത്താൽ ദിക്ചക്രവാളത്തെ മുഖരീകൃതമാക്കി. മാനിനികൾ ഉൽക്കണ്ഠാപരവശരായിത്തീൎന്നു. മാകന്ദം സിന്ദുവാരം രക്താശോകം മുതലായ വൃക്ഷങ്ങളെല്ലാം പുഷ്പപൂൎണ്ണങ്ങളായി. രസികജനങ്ങളുടെ ഹൃദയങ്ങൾ മദനമഹോത്സവത്തിൽ ഉത്സുകങ്ങളായിത്തീൎന്നു.

അതിരമണീയമായ ഈ കാലത്തിൽ ഒരുദിവസം അവന്തിസുന്ദരി എന്നു പേരായ മാനസാരപുത്രി പ്രിയവയസ്യയായ ബാലചന്ദ്രികയോടുകൂടി നഗരോപാന്തത്തിലുള്ള രമ്യോദ്യാനത്തിൽ പോയി അവിടെ പൌരസുന്ദരികളോടുകൂടി ഒരു ചൂതവൃക്ഷഛായയിൽ ഇരുന്നു ഗന്ധംകുസുമം മുതലായ പരിമളദ്രവ്യങ്ങൾകൊണ്ട് മനോഭവനെ പൂജിച്ചുകൊണ്ടു ക്രീഡിക്കയായിരുന്നു. വസന്തസഹായനായ കാമദേവൻ രതീദേവിയെ കാണ്മാൻ പോകയാണോ എന്നു തോന്നുമാറ് പുഷ്പോദ്ഭവനോടുകൂടി രാജവാഹനൻ ആ ഉപവനത്തിൽചെന്നു. ഇടതൂൎന്ന കിസലയങ്ങളാലും കുസുമങ്ങളാലും ഫലങ്ങളാലും സമുല്ലസിതങ്ങളായി മലയമാരുതനാൽ ഇളക്കപ്പെട്ട രസാലവൃക്ഷങ്ങളിൽ ഇരുന്ന് കോകിലങ്ങൾ കീരാളികൾ മധുകരങ്ങൾ മുതലായവ

മധുരമായി ശബ്ദിച്ചുകൊണ്ടിരുന്നതിനെ ശ്രദ്ധയോടെ കേട്ടുരസിച്ചും, അല്പം വികസിതങ്ങളായ ഇന്ദീവരങ്ങൾ കൽഹാരങ്ങൾ രാജീവങ്ങൾ ഇവയിൽ ഇരുന്നു ക്രീഡിച്ചുകൊണ്ടിരുന്ന കളഹംസസാരസചക്രവാകാദികളുടെ കളകളാരവത്താൽ വ്യാകുലങ്ങളും വിമലസലിലങ്ങളുമായ ലളിതസരസ്സുകളെക്കണ്ടു ആനന്ദിച്ചും രാജവാഹനൻ സ്നേഹിതനോടുകൂടി ആ ലലനാസമീപം ചെന്നു. 'ഇവിടെ ഇരിക്കാമല്ലൊ' എന്നു ബാലചന്ദ്രിക പറഞ്ഞതനുസരിച്ചു രാജവാഹനൻ കൃശോദരിയായ അവന്തിസുന്ദരിയുടെ സമീപം ചെന്നു. രതീദേവിയുടെ ആവശ്യപ്രകാരം ക്രീഡയ്ക്കായി ഉത്തമങ്ങളായ ഉപമാദ്രവ്യങ്ങൾകൊണ്ടു കാമദേവൻ ഒരു സ്ത്രീരത്നത്തെ സൃഷ്ടിച്ചതായിരിക്കുമൊ എന്നു തോന്നുമാറു് ആ അബലാരത്നം ശോഭിച്ചു. മൂർത്തിമതിയായ ലക്ഷ്മിയാണോ എന്നു തോന്നുമാറു് വിളങ്ങുകൊണ്ടിരുന്ന ആ മാളവേശകന്യക,രാജവാഹനനെ കണ്ടു. തന്റെ ആരാധനകൊണ്ടു സന്തുഷ്ടനായ കാമദേവൻ തനിക്കു വരം നൽകുന്നതിനായി അവിടെ ആവിർഭവിച്ചിരിക്കുമോ എന്നു ശങ്കിച്ചുപോയി. മന്ദമാരുതൻ തട്ടി ഇളകുന്നതായ ലതപോലെ മദനാവേശത്താൽ അവളുടെ ശരീരം അല്പം വിറച്ചു. അനന്തരം അവൾ ക്രീഡയിൽനിന്നു വിരമിച്ചു് ലജ്ജാസൂചകങ്ങളായ പല ഭാവഭേദങ്ങൾ കാണിച്ചു.

ലലനാജനങ്ങളെ സൃഷ്ടിക്കുന്ന കൂട്ടത്തിൽ ബ്രഹ്മാവു് ഘുണാക്ഷരന്യായേന ഈ സ്ത്രീരത്നത്തെ സൃഷ്ടിച്ചതായിരിക്കണം. അദ്ദേഹത്തിനു ഇപ്രകാരമുള്ള ആകൃതികളെ സൃഷ്ടിപ്പാൻ സാധിക്കുമെങ്കിൽ ഇവളെപ്പോലെ വേ

റൊരു നാരിരത്നത്തെ ഇതേവരെ സൃഷ്ടിക്കാത്തതു എന്തുകൊണ്ട്' എന്നുംമററും വിസ്മയത്തോടുകൂടി ഓരോന്നു വികല്പിച്ചുകൊണ്ടു രാജവാഹനൻ മാളവേശപുത്രിയെ സൂക്ഷിച്ചുനോക്കി. അദ്ദേഹത്തിനു് അഭിമുഖമായി നില്പാൻ ലജ്ജിച്ചു് അവറം സഖികളുടെ പിന്നിൽ അല്പം മാഞ്ഞു കടക്കൺകൊണ്ടു അദ്ദേഹത്തെ നോക്കിക്കൊണ്ടുതന്നെ നിന്നു. അവളുടെ ഭാവരസാദികറംകൊണ്ടു ബലവാനായിത്തീൎന്ന കാമദേവൻ പ്രകൃത്യാ ധീരപ്രകൃതിയായിരുന്ന രാജകുമാരനെ അല്പം തരളഹൃദയനാക്കിച്ചെയ്യാതിരുന്നില്ല. അവന്തിസുന്ദരിയാകട്ടെ രാജവാഹനന്റെ ലാവണ്യാതിശയംകണ്ടു് ഇപ്രകാരം ചിന്തിച്ചു.

'ഈ മഹാത്മാവു് തന്റെ അനന്യസാധാരണമായ സൌന്ദൎയ്യംകൊണ്ടു് ഏതുരാജ്യത്തെ അലങ്കരിക്കുന്നുവൊ? ഭാഗ്യവതികളായ ഏതു തരുണിമാൎക്കു് ഇദ്ദേഹം നയനാനന്ദം നറംകുന്നുവൊ? പുത്രവതികളായ സീമന്തിനികളുടെ ഇടയിൽ ഏതു പുരന്ധ്രി ഈ പുത്രരത്നലാഭത്താൽ അഗ്രസ്ഥാനമലങ്കരിക്കുന്നുവൊ? ഇദ്ദേഹം ആരുടെ പുത്രനായിരിക്കും? ഇദ്ദേഹം ഇവിടെ വരുവാൻ കാരണമെന്തു്? ദുഷ്ടനായ മന്മഥൻ എന്റെ മനസ്സിനെ മഥനം ചെയ്തു തന്റെ പേരിനെ അന്വൎത്ഥമാക്കി ചെയ്യുമെന്നു തോന്നുന്നു. ഞാനെന്തു ചെയ്യും. ഞാൻ ഇതേവരെ അനുഭവിച്ചിട്ടില്ലാത്ത പല വികാരങ്ങറം എന്റെ ഹൃദയത്തിൽ ഉദിച്ചുവളരുന്നുവെല്ലൊ. ഇദ്ദേഹം ആരാണെന്നും മററും എങ്ങനെയാണ് ഞാൻ അറിയുന്നതു്.' രാജകുമാരന്റെയും രാജകുമാരിയുടെയും അന്തരംഗവൃത്തികളെ അവരുടെ ഭാവഭേദങ്ങറം കൊണ്ടു ബാലചന്ദ്രിക മനസ്സിലാക്കി. എങ്കി

ലും സ്ത്രീജനങ്ങളുടെ ഇടയിൽ വെച്ച് രാജപുത്രവൃത്താന്തം പറയുന്നത് അനുചിതമാണെന്നു വിചാരിച്ചു ലോകസാധാരണമായി സഖി, ഇദ്ദേഹം മണിമന്ത്രൌഷധിജ്ഞനായ ഒരു ഭൂസുരകുമാരനാകുന്നു; ഇദ്ദേഹം എല്ലാകലകളിലും സമത്ഥനും യുദ്ധത്തിൽ അത്യന്തം നിപുണനുമാകുന്നു; അതിനാൽ പൂജാർഹനായ ഇദ്ദേഹത്തെ പൂജിച്ചാലും' എന്നു് അവന്തി സുന്ദരിയെ നോക്കി പറഞ്ഞു. താൻ വിചാരിച്ചതുപോലെ തന്നെ തന്റെ സഖിയും അഭിപ്രായപ്പെട്ടതിൽ രാജകന്യക വളരെ സന്തോഷിച്ചു. മന്ദമാരുതനാൽ ആകുലീകരിക്കപ്പെട്ട തിരമാലകൾപോലെ അവൾ കാമനാൽ ആകുലീകരിക്കപ്പെട്ടു. അനന്തരം രാജകുമാരനെ ഉചിതമായ സ്ഥാനത്തിലിരുത്തി ഗന്ധം കുസുമം താംബൂലം മുതലായ പൂജാദ്രവ്യങ്ങൾ കൊണ്ടു് അദ്ദേഹത്തിന്നു യഥാവിധി പൂജകൾ നൽകി.

രാജവാഹനൻ ഇപ്രകാരം ചിന്തിച്ചു:—നിശ്ചയമായും ഇവൾ പൂർവ്വജന്മത്തിൽ എന്റെ പത്നിയായിരുന്നിരിക്കണം. അല്ലെങ്കിൽ കണ്ടമാത്രയിൽ തന്നെ എനിക്കു ഇവളിൽ അനുരാഗം ജനിക്കുന്നതല്ല. ശാപാവസാനത്തിൽ താപസൻ തന്ന ജാതിസ്മരത്വം ഞങ്ങൾ രണ്ടുപേൎക്കും തുല്യം തന്നെയാണു്. അതിനാൽ പ്രത്യേകം ചില സംഭവങ്ങളെ സൂചിപ്പിക്കുന്ന ചില വാക്കുകൾകൊണ്ടു ഞാൻ ഇവൾക്കു പൂർവ്വസ്മരണയുണ്ടാകുവാൻ ശ്രമിക്കാം.

ഈ സമയത്തു മനോരമമായ ഒരു രാജഹംസം ക്രീഡയ്ക്കായി അവിടെ വന്നു. അതിനെ തനിക്കു പിടിച്ചു തരേണമെന്നു സമുത്സുകയായ രാജകന്യക ബാലചന്ദ്രി

കയോടു പറഞ്ഞു. തന്റെ ഉദ്ദേശം സാധിപ്പാൻ അതു തന്നെയാണു തക്കതായ സമയം എന്നു നിശ്ചയിച്ചു സംഭാഷണനിപുണനായ രാജവാഹനൻ ബാലചന്ദ്രികയെ ഉദ്ദേശിച്ച് ഇപ്രകാരം പറഞ്ഞു.

"സഖി, പണ്ടു ശംബൻ എന്നു പേരായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസം വിഹരിപ്പാനായി മനോവല്ലഭയോടുകൂടി ഒരു കമലാകരത്തിലേക്കു പോയി. അവിടെ ചെന്താമരപ്പുഷ്പങ്ങളുടെ സമീപത്തിൽ ഒരു രാജഹംസം ഉറങ്ങിക്കൊണ്ടിരുന്നു. രാജാവു പതുക്കെ ചെന്ന് അതിനെ പിടിച്ചു താമരവള്ളയാൽകൊണ്ടു അതിന്റെ കാലു രണ്ടും കെട്ടി. അനന്തരം കാന്താമുഖം നോക്കി മന്ദസ്മിതത്തോടുകൂടി "മതിമുഖി! ഞാൻ ബന്ധിച്ചിരിക്കുന്ന ഹംസം ശാന്തനായ മുനിയെപ്പോലെ നിശ്ചേഷ്ടനായിരിക്കുന്നു. അതിനാൽ ഞാൻ ഇതിനെ വിട്ടുകളയാം" എന്നു പറഞ്ഞു. ഉടനെ രാജഹംസം നേത്രങ്ങൾ തുറന്നു രാജാവിനെ നോക്കി. 'മഹീപാല, ഈ അംബുജഖണ്ഡത്തിൽ സമാധിതത്പരനായി പരമാനന്ദം പൂണ്ടു സ്ഥിതിചെയ്തിരുന്ന എന്നെ അകാരണമായി രാജ്യഗർവ്വം നിമിത്തം അവമാനിച്ചിരിക്കുന്നതിനാൽ ഇതിന്റെ ഫലമായി അങ്ങ് കാന്താവിരഹസന്താപമനുഭവിക്കുന്നതാണു" എന്നു ശപിച്ചു. ഇതു കേട്ടു വിഷണ്ണവദനനായ രാജാവു ജീവിതേശ്വരീവിരഹം അസഹ്യമാണെന്നു കണ്ടു ഭൂമിയിൽ വീണു സാഷ്ടാംഗം നമസ്കരിച്ച് 'അറിവില്ലായ്മയാൽ ഞാൻ ഈ അപരാധം ചെയ്തുപോയി' എന്നു പറഞ്ഞു ക്ഷമായാചനം ചെയ്തു. "രാജാവെ, ഈ ജന്മത്തിൽ എന്റെ ശാപം ഫലിക്കില്ല. എ

ങ്കിലും എന്റെ വാക്കു വിഫലീഭവിക്കാത്തതിനാൽ എപ്പോഴെങ്കിലും ഒരു കാലത്തു അങ്ങ് ഈ ശാപഫലം അനുഭവിക്കതന്നെ വേണം. വരുന്ന ജന്മത്തിലും നിങ്ങൾ രണ്ടുപേരും ഭാര്യാഭത്താക്കന്മാരായിത്തന്നെ ഇരിക്കും. രണ്ടു ക്ഷണനേരം എന്റെ ചരണങ്ങളെ ബന്ധിച്ചതിനാൽ രണ്ടു മാസം ഭവാൻ ശൃംഖലാബന്ധിതനായി ഭവിച്ചു കാന്താവിരഹദുഃഖമനുഭവിച്ചു വീണ്ടും വളരെക്കാലം വല്ലഭയോടുകൂടി രാജ്യസുഖമനുഭവിക്കുന്നതാണ്" എന്നു പറഞ്ഞു് ഹംസം അദ്ദേഹത്തെ സമാധാനപ്പെടുത്തിയിട്ട് ആ ദമ്പതിമാക്കു ജാതിസ്മരത്വശക്തിയും നൽകി. അതിനാൽ ഹംസത്തെ ബന്ധിക്കുന്നതു് അനുചിതമാണെന്നാണു തോന്നുന്നതു്."

രാജവാഹനൻ പറഞ്ഞ ശാംബവൃത്താന്തം കേട്ടു ഉടനെ രാജപുത്രി തന്റെ പൂർവ്വജന്മവൃത്താന്തങ്ങളെ സ്മരിച്ചു. രാജവാഹനൻ അവളുടെ പ്രാണവല്ലഭനാണെന്നറിഞ്ഞു് അമന്ദമായ ആനന്ദം പൂണ്ടു. അനന്തരം രാജകുമാരനെ നോക്കി, "പണ്ടു ശാംബൻ യജ്ഞവതിയെ സന്തോഷിപ്പിക്കുന്നതിനായി ഹംസത്തെ ബന്ധിച്ചു. ലോകത്തിൽ പൊന്മാനിന്റെ ജന്മം അസംഭവമാണെന്നറിഞ്ഞിട്ടുകൂടി ശ്രീരാമൻ ദയിതയെ സന്തോഷിപ്പിക്കുന്നതിനായി പൊന്മാനിനെ പിടിപ്പാൻ യത്നിച്ചു. ലോകത്തിൽ പണ്ഡിതന്മാർകൂടി ആപത്കാലങ്ങളിൽ അകാര്യങ്ങൾ ചെയ്തുപോകുന്നു" എന്നു പ്രശാന്തമധുരമായി പറഞ്ഞു.

ഇപ്രകാരം കുമാരികുമാരന്മാർ അന്യോന്യം പൂർവ്വജന്മവൃത്താന്തങ്ങൾ പറഞ്ഞു രാഗപൂർണ്ണമാനസരായി തീർന്നു.

ആ സമയത്തു മാളവേന്ദ്രമഹിഷി പുത്രിയുടെ ക്രീഡകൾ കാണ്മാനായി പരിജനങ്ങളോടുകൂടി അവിടെ എത്തി. രാജ്ഞിയെ കുറെ ദൂരത്തിൽനിന്നുതന്നെ കണ്ടു ബാലചന്ദ്രിക രഹസ്യം പരസ്യമാകുമൊ എന്നു ശങ്കിച്ച് കൈകാട്ടി രാജകുമാരനേയും സ്നേഹിതനെയും അവിടെനിന്നു മറച്ചു. രാജ്ഞിവന്നു കുറെനേരം പുത്രിയുടെ വിഹാരലീലകൾ കണ്ടു അവിടെതാമസിച്ചു. അനന്തരം പുത്രിയോടുകൂടി ഗൃഹത്തിലേക്കു മടങ്ങുവാൻ ഭാവിച്ചു. മാതാവോടുകൂടി രാജപുത്രി ഗൃഹത്തിലേക്കു പോവാൻ ഒട്ടും ആഗ്രഹിച്ചില്ല. ഒരു ഭാഗത്തു മാതൃവചനം. മറെറാരു ഭാഗത്തു ദയിതമുഖദർശനം. സാധുവായ ആ അബലാരത്നം ഗമനാഗമനങ്ങളാൽ വിമൂഢയായി തീൎന്നു. എങ്കിലും വളരെ പ്രയത്നപ്പെട്ടു മാതാവോടുകൂടി പുറപ്പെട്ടു. അമ്മ അറിയാതെ ഏതു വിധത്തിലാണു ദയിതനോടു യാത്ര പറയേണ്ടതു എന്നാലോചിച്ച് 'അല്ലയോ രാജഹംസ, കേളീവനത്തിൽ വിഹരിപ്പാനായി നീ എന്റെ സമീപം വന്നു. നിന്നെ പെട്ടെന്നു ഞാൻ വിട്ടുപോകുന്നതു അനുചിതം തന്നെയാണ്. എങ്കിലും ഇക്കാരണത്താൽ നിനക്കു എന്നിലുള്ള സ്നേഹം കുറയരുതെ' എന്നു ഹംസത്തോടു പറയുന്നതുപോലെ രാജകുമാരനെ ഉദ്ദേശിച്ചു പറഞ്ഞു വീണ്ടും വീണ്ടും പിന്നോട്ടു തിരിഞ്ഞു നോക്കിക്കൊണ്ടു ഗൃഹത്തിലേക്കു പോയി. ഹൃദയദയിതന്റെ കുലം പേരു മുതലായ വിവരങ്ങളെല്ലാം ബാലചന്ദ്രികയോടു ചോദിച്ചറിഞ്ഞു. ബഹുളപക്ഷത്തിൽ ക്ഷയിക്കുന്ന ചന്ദ്രകലപോലെ രാജകന്യക വിരഹദുഃഖത്താൽ പ്രതിക്ഷണം ക്ഷയിച്ചുതുടങ്ങി. അവൾക്ക് ആഹാരാദികൃത്യങ്ങളിൽ ശ്രദ്ധയില്ലാതായി.

ആ അബലാരത്നം ഈ വിധം സങ്കടമനുഭവിക്കുന്നതു കണ്ടു ഖിന്നരായ സഖീജനങ്ങൾ ബിസതന്തുമയങ്ങളായ വസ്ത്രങ്ങൾ നളിനീദളമയങ്ങളായ വിശറികൾ മുതലായ സന്താപാപഹരണദ്രവ്യങ്ങൾകൊണ്ടു സഖിയുടെ ദുഃഖത്തിന്നു പ്രതിക്രിയ ചെയ്തു. എങ്കിലും അവർ ചെയ്ത ഉപചരണങ്ങളെല്ലാം തിളയ്ക്കുന്ന എണ്ണയിൽ വെള്ളം ഒഴിക്കുന്നതുപോലെ സാധുവായ ആ യുവതിയെ അധികമായി ദഹിപ്പിച്ചു തുടങ്ങി. കിംകർത്തവ്യതാ മൂഢയായി വിഷാദത്തോടെ നിന്നുകൊണ്ടിരുന്ന ബാലചന്ദ്രികയെ നോക്കി അവന്തി സുന്ദരി ഗൽഗദത്തോടുകൂടി ഇപ്രകാരം പറഞ്ഞു.

പ്രിയസഖി! കാമൻ കുസുമായുധനാണെന്നും പഞ്ചബാണനാണെന്നും ജനങ്ങൾ പറയുന്നതു അസത്യംതന്നെ. ഇരുമ്പുകൊണ്ടുണ്ടാക്കിയ അസംഖ്യം ബാണങ്ങൾകൊണ്ടു അദ്ദേഹം എന്നെ പീഡിപ്പിക്കുന്നു. ചന്ദ്രൻ ബഡവാഗ്നിയെക്കാൾ അധികം താപകരനാണെന്നു ഞാൻ വിചാരിക്കുന്നു. ചന്ദ്രൻ അകത്തു പ്രവേശിക്കുമ്പോൾ സമുദ്രം ക്ഷയിക്കുന്നതും പുറത്തുവരുമ്പോൾ വർദ്ധിക്കുന്നതും നമുക്കു കണ്ടനുഭവമാണല്ലൊ. ദോഷാകരന്റെ ദുഷ്കർമ്മത്തെ ഞാനേതുതരത്തിലാണു വർണ്ണിക്കേണ്ടതു. ഇവൻ തന്റെ സഹോദരിയായ ലക്ഷ്മിയുടെ പത്മാലയത്തെക്കൂടി നശിപ്പിക്കുന്നു. സഖി, നിങ്ങൾ ചെയ്യുന്ന ഉപചരണങ്ങൾകൊണ്ടു എനിക്കു താപം വർദ്ധിക്കുന്നതല്ലാതെ യാതൊരു കുറവുമില്ല. അതിനാൽ നിങ്ങൾ എല്ലാവരും ആയാസപ്പെട്ടതു മതി. രാജകുമാരനല്ലാതെ മററാൎക്കും എന്റെ താപം ശമിപ്പിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. മന്ദൻ കവിയശസ്സിനെ പ്രാൎത്ഥിക്കുന്നതു

പോലെയും, വാമനൻ വളരെ ഉയരത്തിൽ നില്ക്കുന്ന ഫലങ്ങളെ പറിപ്പാൻ ഉദ്യമിക്കുന്നതുപോലെയും ഞാൻ അദ്ദേഹത്തെ ആഗ്രഹിക്കുന്നതിനാൽ പരിഹാസത്തിന്നു പാത്രീഭവിക്കുന്നതല്ലാതെ എന്റെ ആഗ്രഹം ഫലിക്കുമെന്നു തോന്നുന്നില്ല.

സഖിയുടെ അവസ്ഥകണ്ടു ബാലചന്ദ്രിക വല്ലാതെ പരിഭ്രമിച്ചു. രാജകുമാരനെ കൊണ്ടുവരാത്തപക്ഷം സഖി നാമാവശേഷയായിത്തീരുന്നതാണെന്നു അവൾക്കു തോന്നി. കുസുമബാണൻ അദ്ദേഹത്തെയും പരവശനാക്കി ചെയ്തിരിക്കുമെന്നു അവൾ വിശ്വസിച്ചു. അനന്തരം അവന്തിസുന്ദരിയെ രക്ഷിക്കുന്നതിന്നായി സമയോചിതംപോലെ പ്രവൎത്തിപ്പാൻ സാമൎത്ഥ്യമുള്ള ചില സഖീജനങ്ങളെ ഏല്പിച്ച് ബാലചന്ദ്രിക രാജകുമാരമന്ദിരത്തിലേക്കു പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ രാജകുമാരന്റെ സ്ഥിതി ഏററവും പരിതാപകരമായിരുന്നു. അനംഗതപ്തങ്ങളായ അവയവങ്ങളുടെ സ്പൎശത്താൽ വാടിച്ചുളിഞ്ഞ ശയനത്തിൽ കിടന്നു രാജവാഹനൻ പ്രാണേശ്വരിയെപ്പററി സ്നേഹിതനായ പുഷ്പോൽഭവനോടു ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു. ബാലചന്ദ്രികയെ കണ്ടു ഉടനെ വളരെ സന്തോഷിച്ച് സമീപത്തിലേക്കു വിളിച്ച്, ഇരിപ്പാൻ ഒരു പീഠം കാണിച്ചുകൊടുത്തു. അനന്തരം തന്റെ പ്രിയതമ കൊടുത്തയച്ചിരുന്ന താംബൂലാദികൾ സ്വീകരിച്ച് ബാലചന്ദ്രികയോടു കാന്താവൃത്താന്തം ചോദിച്ചു.

അവൾ സവിനയം പറഞ്ഞു:—ക്രീഡാവനത്തിൽ വെച്ചു അങ്ങയെ കണ്ടതുമുതൽ എന്റെ സഖി ദുസ്സഹ

ങ്ങളായ കാമപീഡകഠം അനുഭവിക്കുന്നു. പുഷ്പതല്പാദിക ഠംകൂടി അവഠംക്കു താപശാന്തി നഠംകുന്നില്ല. എപ്പോഴും അങ്ങയെത്തന്നെ ധ്യാനിച്ചുകൊണ്ടു ആഹാരനിദ്രാദികളിൽ ശ്രദ്ധയില്ലാതെ അത്യന്താ ക്ലേശിക്കുന്നു. തന്റെ താപശാന്തിക്കു യാതൊരു ഉപായവും കാണാത്തതിനാൽ അവഠം തന്നത്താൻ ഒരു എഴുത്തു് എഴുതി അങ്ങേക്കു തന്നയച്ചിരിക്കുന്നു.

രാജകുമാരൻ എഴുത്തു മേടിച്ചു വായിച്ചു—

'സുഭഗകുസുമസുകുമാരം ജഗദനവദ്യാംവിലോക്യതെരൂപം
മമമാനസമഭിലഷതിതപച്ചിത്തംകുരുതഥാമൃദുളം'

അനന്തരം ബാലചന്ദ്രികയോടു പറഞ്ഞു. 'സഖി, ഛായപോലെ എന്നെ സവപ്രകാരത്തിലും അനുവത്തിക്കുന്ന പുഷ്പോദ്ഭവന്റെ വല്ലഭയായ ഭവതി അവന്തിസുന്ദരിയുടെ ബഹിശ്ചരങ്ങളായ പ്രാണങ്ങഠംക്കു തുല്യയാണെന്നു് എനിക്കറിയാം. ഭവതിയുടെ ചാതുയ്യം തന്നെയാണു് ഈ ക്രിയാലതയ്ക്കു് ആലംബമായിരിക്കുന്നതു്. അതിനാൽ ഞാൻ യഥോചിതം പ്രവത്തിച്ചുകൊള്ളാം. ഭവതിയുടെ സഖി എന്റെ മനസ്സ് വളരെ കഠിനമാണെന്നു് എഴുത്തിൽ പറയുന്നു. കേളീവനത്തിൽ വെച്ചു് അവഠം എന്റെ മനസ്സിനെ അപഹരിച്ചുകൊണ്ടു പോയിരിക്കുന്നതിനാൽ അതിന്റെ മാധുയ്യകാഠിന്യങ്ങളെപ്പററി എന്നേക്കാഠം അവഠംക്കു അധികമായി അറിയാം. കന്യാന്തഃപുരത്തിൽ പ്രവേശിക്കുന്നതു സുകരമല്ലെന്നു ഭവതിക്കും സഖിക്കും അറിയാവുന്നതാണല്ലോ. അതിനാൽ ഏതെങ്കിലും ഉപായം കണ്ടുപിടിച്ചു് നാളെയൊ മററ

ന്നാളൊ ഞാൻ അവിടെ വന്നു സഖിയെ കണ്ടുകൊള്ളാം.
ഈ വിവരം പറഞ്ഞു സഖയെ ആശ്വസിപ്പിക്കുക. സു
കുമാരമായ സഖീശരീരത്തെ നിർബ്ബാധമായി സൂക്ഷിക്കേ
ണ്ടതു ഭവതിയുടെ കൃത്യമാകുന്നു.'

രാജകുമാരന്റെ പ്രേമഗർഭിതങ്ങളായ വാക്കുകൾ
കേട്ടു സന്തുഷ്ടയായ ബാലചന്ദ്രിക കന്യാപുരത്തിലേക്കു
പോയി.

രാജവാഹനൻ ഹൃദയവല്ലഭയുടെ അവലോകനസു
ഖമനുഭവിച്ചതായ ഉദ്യാനത്തിലേക്കു സ്നേഹിതനോടുകൂടി
വിരഹവിനോദത്തിന്നായി പുറപ്പെട്ടു. അവിടെ പ്രിയതമ
പറിച്ചുവെച്ചിരുന്ന പല്ലവകുസുമങ്ങൾ, അവൾ മന്മഥ
നെ ആരാധിച്ച സ്ഥലം, അവളുടെ കാലടികൾ പതി
ഞ്ഞിരുന്ന മണൽത്തിട്ടുകൾ, അവൾ ശയിച്ച പല്ലവത
ല്പം, മന്ദമാരുതനാൽ കമ്പിതങ്ങളായ നവചൂതപല്ലവങ്ങ
ൾ ഇവയെല്ലാം കണ്ടു രസിച്ചും, കോകിലങ്ങൾ, തത്തക
ൾ വണ്ടുകൾ ഇവയുടെ മധുരശബ്ദങ്ങൾ കേട്ടു ആനന്ദി
ച്ചും ഉദ്യാനത്തിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു.

ആ അവസരത്തിൽ മണികുണ്ഡലങ്ങൾ അണി
ഞ്ഞു നേരിയതായ വസ്ത്രം ധരിച്ചു് ഒരു ബ്രാഹ്മണൻ മു
ണ്ഡിതശിരസ്കരായ ചില ശിഷ്യന്മാരോടുകൂടി ആ ഉദ്യാ
നത്തിൽ പ്രവേശിച്ചു. അദ്ദേഹം ആരാണെന്നും ഏതു
വിദ്യയിലാണു അദ്ദേഹത്തിന്നു അധികം നൈപുണ്യമുള്ള
തു എന്നും രാജവാഹനൻ അദ്ദേഹത്തോടു ചോദിച്ചു. ത
ന്റെ പേർ വിദ്യേശ്വരൻ എന്നാണെന്നും താൻ ഇന്ദ്ര
ജാലവിദ്യയിൽ വളരെ നിപുണനാണെന്നും പല ദേശ

ങ്ങളിൽ സഞ്ചരിക്കുന്ന കൂട്ടത്തിൽ ഉജ്ജയിനിക്കു പോയ താണെന്നും ബ്രാഹ്മണൻ മറുപടി പറഞ്ഞു. കൂടാതെ രാജകുമാരന്റെ ലീലാവദനത്തിൽ ഒരുതരം വിളർപ്പു കണ്ട തിന്നു കാരണമെന്താണെന്നും ആ ബ്രാഹ്മണൻ അറിവാൻ ആഗ്രഹിച്ചു. ഇതിന്നു പുഷ്പോദ്ഭവനാണു സമാധാനം പറഞ്ഞതു്. 'സ്നേഹിതന്മാർക്കു തമ്മിൽ സഖ്യമുണ്ടാകുന്നതു സംഭാഷണപൂർവ്വകമാണല്ലോ. അങ്ങയുടെ പ്രിയഭാഷണത്താൽ അങ്ങു് ഞങ്ങളുടെ മിത്രമായിത്തീർന്നിരിക്കുന്നു. സുഹൃത്തുക്കളോടു പറവാൻ പാടില്ലാത്തതായി ലോകത്തിലെന്താണുള്ളതു്. ഈ കേളീവനത്തിൽ വസന്തമഹോത്സവത്തിന്നായി വന്നിരുന്ന മാളവേന്ദ്രപുത്രിക്കും ഈ രാജകുമാരനും തമ്മിൽ ആകസ്മികദർശനത്താൽ പരസ്പരം അനുരാഗം ജനിച്ചു. ആഗ്രഹസാദ്ധ്യത്തിന്നു ഉപായമൊന്നും കാണാതെ ഇദ്ദേഹം ഈ അവസ്ഥ അനുഭവിക്കുന്നതാണു്.'

വിദ്യേശ്വരൻ രാജകുമാരന്റെ ലജ്ജാഭിരാമമായ മുഖംനോക്കി മന്ദഹാസത്തോടുകൂടി 'അങ്ങയുടെ അനുചരനായ ഞാൻ ജീവിച്ചിരിക്കുമ്പോൾ അങ്ങേക്കു അസാദ്ധ്യമായി യാതൊന്നുമില്ല. ഞാൻ ഇന്ദ്രജാലംകൊണ്ടു മാളവേന്ദ്രനെ മോഹിപ്പിച്ചു പൌരജനങ്ങളുടെ മുമ്പാകെ തന്നെ അദ്ദേഹത്തിന്റെ പുത്രിയും അങ്ങും ആയിട്ടുള്ള വിവാഹം നടത്തി നിങ്ങളെ കന്യാന്തഃപുരത്തിൽ പ്രവേശിപ്പിച്ചുകൊള്ളാം. ഈ വിവരം രാജകന്യകയേയും അറിയിക്കണം.'—എന്നു പറഞ്ഞു.

സന്തുഷ്ടമാനസനായ രാജകുമാരൻ വിപ്രനെ യഥാവിധി ബഹുമാനിച്ചു. വിദ്യേശ്വരന്റെ വിദ്യാപാടവത്താ

ൽ തൻെറ മനോരഥം നിശ്ചയമായും ഫലിക്കുമെന്നു രാജവാഹനൻ നിശ്ചയിച്ചു. ബ്രാഹ്മണൻ പറഞ്ഞതെല്ലാം വല്ലഭയെ അറിയിക്കുന്നതിനായി ബാലചന്ദ്രികയെ പറഞ്ഞയച്ചു, ബ്രാഹ്മണനെ തൽക്കാലം പറഞ്ഞയച്ച്, രാജവാഹനൻ സ്നേഹിതനോടുകൂടി ഗൃഹത്തിലേക്കു പോയി. വളരെ പ്രയത്നപ്പെട്ടു ആ ദിവസം കഴിച്ചുകൂട്ടി. പിറെറ ദിവസം കാലത്തു മഹീസുരൻ പരിജനങ്ങളോടുകൂടി രാജഭവനത്തിൽചെന്നു. ദ്വാരപാലകന്മാർ ഐന്ദ്രജാലികൻവന്നവിവരം രാജാവിനെ അറിയിച്ചു. രാജാജ്ഞപ്രകാരം വിദ്യേശ്വരൻ അരമനയിൽ പ്രവേശിച്ച് രാജാവിനെ നമസ്കരിച്ചു. പരിജനങ്ങൾ വാദ്യഘോഷങ്ങൾ മുഴക്കി. ഗായകന്മാർ പാടിത്തുടങ്ങി. വിദ്യേശ്വരൻ കുറേനേരം കണ്ണടച്ച് എന്തോ ധ്യാനിക്കുന്നവനെപ്പോലെ നിശ്ചേഷ്ടനായിരുന്നു. ഘോരമായ വിഷം ഛർദ്ദിച്ചുകൊണ്ടു വളരെ ഘോരസർപ്പങ്ങൾ അങ്ങുമിങ്ങും ഓടിത്തുടങ്ങി. അസംഖ്യം കഴുകന്മാർ വന്നു ഈ സർപ്പങ്ങളെ കൊത്തിഎടുത്തു ആകാശത്തിൽ പറന്നു. അനന്തരം വിദ്യേശ്വരൻ ഹിരണ്യകശിപുവിനെ നരസിംഹം പിളർന്നു കൊല്ലുന്നതുപോൽ അഭിനയിച്ചു. മററനേകം അത്യൽഭുതങ്ങൾ കാണിച്ചതിന്നുശേഷം ആശ്ചര്യപരവശനായ രാജാവിനെ നോക്കി ഐന്ദ്രജാലികൻ 'ദേവ, ഏതൊരു കാര്യവും മംഗളമായി അവസാനിക്കേണമെല്ലോ. അതിനാൽ ഞാൻ അങ്ങയുടെ പുത്രിയെപ്പോലുള്ള ഒരുകന്യകയ്ക്കും എല്ലാ ഗുണങ്ങളും തികഞ്ഞ ഒരു രാജപുത്രനും തമ്മിൽ വിവാഹം അഭിനയിച്ചു കാണിക്കാം' എന്നു പറഞ്ഞു. ഇതു കേട്ടു രാജാവുൾപ്പെടെ എല്ലാ കാണികളും ആ അൽഭുതം

കാണ്മാൻ വളരെ ആഗ്രഹിച്ചു. താൻ ഉദ്ദേശിച്ചതുപോലെ കാൎയ്യം സാധിപ്പാൻ അവസരം കിട്ടിയതിനാൽ മഹീസുരനും വളരെ സന്തോഷിച്ചു. അനന്തരം ഐന്ദ്രജാലികൻ എല്ലാവരേയും മോഹിപ്പിക്കുന്നതായ ഒരു തരം മഷി തന്റെ നേത്രങ്ങളിൽ എഴുതി ചുററും നോക്കി. അദ്ദേഹം അടുത്തു കാണിപ്പാൻ പോകുന്നതു ഇന്ദ്രജാലം തന്നെയാണെന്നു് എല്ലാവരും വിശ്വസിച്ചു് കണ്ണിമപൂട്ടാതെ നോക്കിക്കൊണ്ടിരുന്നു. സങ്കേതപ്രകാരം അവിടെ ഹാജരായിരുന്ന രാജകുമാരനും അനേകം ഭൂഷണങ്ങൾ അണിഞ്ഞു പൂൎവ്വനിശ്ചയപ്രകാരം അവിടെ സ്വയം പ്രതീക്ഷിച്ചുനിന്നുകൊണ്ടിരുന്ന അവന്തിസുന്ദരിക്കും തമ്മിൽ അഗ്നിസാക്ഷികമായി വിവാഹം നടന്നു. വിവാഹം കഴിഞ്ഞ ഉടനെ 'ഇന്ദ്രജാല പുരുഷന്മാർക്കെല്ലാം പോകാം' എന്നു ബ്രാഹ്മണൻ പറഞ്ഞതനുസരിച്ചു മായാമാനുഷന്മാരെല്ലാവരും തിരോഭവിച്ചു. രാജവാഹനൻ പൂൎവ്വസംകല്പപ്രകാരം ഒരു ഇന്ദ്രജാലപുരുഷന്റെ നിലയിൽ കന്യാന്തഃപുരത്തിൽ പ്രവേശിച്ചു. രാജാവു് ബ്രാഹ്മണന്റെ അൽഭുതകൃത്യങ്ങൾ കണ്ടു വളരെ വിസ്മയിച്ചു. അദ്ദേഹത്തിനു പല സമ്മാനങ്ങളും കൊടുത്തിട്ടു് അരമനയിലേക്കു പോയി. അവന്തിസുന്ദരി സഹചരീപരിവാരങ്ങളോടുകൂടി തന്റെ സുന്ദരമായ മന്ദിരത്തിലേക്കു തിരിച്ചു. ദൈവബലത്താലും മനുഷ്യബലത്താലും തങ്ങളുടെ ഇഷ്ടം സാധിച്ചതിനാൽ യുവതീയുവാക്കന്മാർ ആനന്ദസാഗരമദ്ധ്യത്തിൽ മജ്ജനം ചെയ്തു. രാജവാഹനൻ മനോഹരങ്ങളായ അനേകം വൃത്താന്തങ്ങൾ പറഞ്ഞു പ്രിയതമയെ സന്തോഷിപ്പിച്ചുകൊണ്ടിരുന്നു.

അന്യോന്യം വളരെ വിശ്രംഭകഥകൾ പറഞ്ഞു കൊണ്ടുതന്നെ ദമ്പതിമാർ ഉറങ്ങിപ്പോയി, താമരവളയംകൊണ്ടു കാൽ രണ്ടും ബന്ധിച്ച ഒരു ഹംസത്തെ അവർ സ്വപ്നത്തിൽ കണ്ടു. ഉടനെ അവരിരുവരും പരിഭ്രമിച്ച് ഉണൎന്നു. രാജകുമാരന്റെ ചരണയുഗളം ഒരു രജതശൃംഖലയാൽ ബന്ധിക്കപ്പെട്ടിരുന്നതായി കാണപ്പെട്ടു. ഇതെന്തെന്നറിയാതെ രാജകന്യക ഭയത്താലും വിഹ്വലതയാലും താനറിയാതെ ഉറക്കെ നിലവിളിച്ചുപോയി. ഈ ശബ്ദം കേട്ടു കന്യാന്തഃപുരമെല്ലാം അത്യന്തം ആകുലീഭവിച്ചു. തത്സമയം എന്തു ചെയ്യേണ്ടുമെന്നറിയാതെ കന്യാന്തഃപുരവാസികളെല്ലാവരും അത്യന്തം പരിഭ്രമിച്ചു. രഹസ്യഭേദം വരുമെന്നതിനെ ഓർക്കാതെ അവരെല്ലാവരും ഉറക്കെ നിലവിളിച്ചുകൊണ്ട് ഓടിച്ചെന്നു. ഈ കുഴപ്പത്തിൽ അന്തഃപുരപാലകന്മാരും തടസ്ഥംകൂടാതെ അവിടെ എത്തി. അവരെല്ലാവരും ബന്ധിതനായ രാജകുമാരനെ കണ്ടു. അദ്ദേഹത്തിന്റെ സമീപം ചെല്ലുവാൻ ആൎക്കും ധൈൎയ്യമുണ്ടായില്ല. വിവരമെല്ലാം അന്തഃപുരപാലകന്മാർ ഉടനെ ചണ്ഡവൎമ്മാവിനെ അറിയിച്ചു. കോപാന്ധനായ രാജാവു ഓടിച്ചെന്നു. "എന്റെ അനുജൻ മരിപ്പാൻ കാരണഭൂതയും പാപയും ആയ ബാലചന്ദ്രികയുടെ ഭൎത്താവും അത്യന്തം ഗൎവിതനും വൈദേശികവണിൿപുത്രനുമായ പുഷ്പോദ്ഭവന്റെ മിത്രനായ ആ ചപലബ്രാഹ്മണനാണൊ ഇതു്. മൂഢരായ പൌരജനങ്ങളെ കപടോപായങ്ങൾകൊണ്ടു വശീകരിച്ചു താൻ വളരെ ശക്തിമാനാണെന്നും യോഗ്യനാണെന്നും നടിക്കുന്ന ഈ പാപി എങ്ങിനെ ഇവിടെ വ

ന്നു. പാപയായ ഈ അവന്തിസുന്ദരി എന്നെപ്പോലുള്ള പുരുഷസിംഹങ്ങളെ അവഗണിച്ചു ദുരാചാരനായ ഈ ദുഷ്ടനെ എങ്ങനെ സ്നേഹിച്ചു. അനാൎയ്യയായ ഈ കുലപാംസുനി കാണത്തക്കവണ്ണം ഈ ദുഷ്ടനെ ശൂലാരോപണം ചെയ്യണം"—എന്നിപ്രകാരം ഭീഷണവാക്കൾ പറഞ്ഞു് കാളായസംപോലെ കൎക്കശമായ ബാഹുദണ്ഡംകൊണ്ടു രാജകുമാരന്റെ ഹസ്തകമലങ്ങൾ പിടിച്ചു വലിച്ചു. സ്വഭാവധീരനും പൌരുഷത്തിന് ഇരിപ്പിടവുമായ രാജകുമാരൻ ദൈവദത്തമായ കാൎയ്യത്തിൽ വരുന്നതെല്ലാം സഹിക്കയല്ലാതെ മററു ഗത്യന്തരമില്ലെന്നു നിശ്ചയിച്ചു. ഹംസകഥയെ ഓൎത്തു് എങ്ങിനെയെങ്കിലും രണ്ടു മാസം സഹിക്കേണമെന്നു പറഞ്ഞു പ്രാണപരിത്യാഗരാഗിണിയായ പ്രാണപ്രിയയെ ആശ്വസിപ്പിച്ചു ശത്രുവശ്യനായിത്തീൎന്നു. മഹാദേവിയും മഹാരാജാവും വൎത്തമാനമെല്ലാമറിഞ്ഞു. ചണ്ഡവൎമ്മാവും കൂട്ടുകാരും രാജകുമാരനെ കൊല്ലുവാനായി ഉദ്യമിച്ചു. രാജവാഹനന്റെ രൂപലാവണ്യാദികൾ കണ്ടു വിസ്മിതരായ മാളവേന്ദ്രമഹിഷിമാർ ജാമാതാവിനെ കൊല്ലുന്നപക്ഷം തങ്ങളും ആത്മഹത്യ ചെയ്യുന്നതാണെന്നു പറഞ്ഞു രാജകുമാരനെ തല്ക്കാലം മരണത്തിൽനിന്നു രക്ഷിച്ചു. എങ്കിലും അപ്രഭുത്വം ഹേതുവാൽ ആപത്തിൽനിന്നു അദ്ദേഹത്തെ രക്ഷിപ്പാൻ അവൎക്കു സാധിച്ചില്ല. ചണ്ഡശീലനായ ചണ്ഡവൎമ്മാവു നടന്ന സംഭവങ്ങളെല്ലാം രാജരാജഗിരിയിൽ തപസ്സു ചെയ്തുകൊണ്ടിരുന്ന ദൎപ്പസാരനെ അറിയിച്ചു. പുഷ്പോദ്ഭവനേയും കുടുംബത്തേയും സൎവ്വസ്വവുമപഹരിച്ചു ബന്ധനത്തിൽ വെച്ചു. രാജകേസരികി

ശോകത്തെ എന്നപോലെ രാജവാഹനനെ ദാരുപഞ്ജരത്തിൽ നിബന്ധിച്ചു. അനന്തരം ചണ്ഡവമ്മാവു് അംഗരാജാവിനോടുകൂടി യുദ്ധം ചെയ്യുന്നതിനായി അംഗരാജ്യത്തിലേക്ക പുറപ്പെട്ടു. ബന്ധിതനായ രാജകുമാരനെ മററുള്ളവരുടെ കയ്യിൽ ഏല്പിപ്പാൻ വിശ്വാസമില്ലാതെ തൻെറ കൂടെതന്നെ കൊണ്ടുപോയി. സൈന്യസമേതനായിചെന്നു അംഗരാജ്യത്തിൻെറ രാജധാനിയായ ചംപാനഗരത്തെ ഉപരോധിച്ചു. അംഗേശ്വരനായ സിംഹവമ്മാവു പ്രബലമായ ബലത്തോടുകൂടി യുദ്ധത്തിനു പുറപ്പെട്ടു. തൻെറ ആവശ്യപ്രകാരം യുദ്ധത്തിൽ തന്നെ സഹായിക്കാമെന്നു മററു ചില രാജാക്കന്മാർ സമ്മതിച്ചിരുന്നു എങ്കിലും അവരുടെ ആഗമനത്തെ പ്രതീക്ഷിക്കാതെ സധൈര്യംചെന്നു ശത്രുക്കളോടു എതൃത്തു. ഇരുകൂട്ടരും തമ്മിൽ പ്രബലമായ യുദ്ധമാരംഭിച്ചു. എന്തിന്നധികം പറയുന്നു. സിംഹവമ്മാവു് സൈന്യമെല്ലാം ക്ഷയിച്ചു് അവസാനം ശത്രുരാജാവിനു വശപ്പെട്ടു. ചണ്ഡവമ്മാവിനു സിംഹവമ്മപുത്രിയായ അംബാലികയിൽ വളരെ അഭിലാഷമുണ്ടായിരുന്നതിനാൽ അയാൾ സിംഹവമ്മാവിനു പ്രാണഹാനി വരുത്തിയില്ല. അംബാലികയെ തനിക്ക വിവാഹം ചെയ്തുകൊടുപ്പാൻ ആവശ്യപ്പെട്ടതനുസരിച്ചു് പ്രവൎത്തിക്കാഞ്ഞതിനാലാണു ചണ്ഡവമ്മാവു സിംഹവമ്മാവിനോടു യുദ്ധം ചെയ്തതു്. യുദ്ധാവസാനത്തിൽ ശത്രുരാജാവു സിംഹവമ്മാവിനെ ബന്ധനത്തിൽ ആക്കി. അന്നു രാത്രി തന്നെ അംബാലികയെ താൻ വിവാഹം ചെയ്യുന്നതാണെന്നു പരസ്യവും ചെയ്തു. വിവാഹത്തിനു വേണ്ടതായ ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ രാജരാജഗിരിയി

ൽ നിന്നു ദർപ്പസാരൻെറ മറുപടിയും കൊണ്ടു ദൂതൻ തിരിച്ചുവന്നു. ദർപ്പസാരൻെറ സന്ദേശം താഴെ പറയുംപ്രകാരമായിരുന്നു.

മൂഢ, കന്യാന്തഃപുരത്തെ ദൂഷിപ്പിച്ചിരിക്കുന്ന ഒരുവനിൽ ദാക്ഷിണ്യത്തിനു അവകാശമെന്തു്? വാർദ്ധക്യത്താൽ മാനാവമാനങ്ങൾ തിരിച്ചറിയാത്ത ഒരു വൃദ്ധരാജാവു കേവലം പുത്രീസ്നേഹത്താൽ എന്തെങ്കിലും അത്ഥരഹിതമായി പറയുന്നു എങ്കിൽ നീ അപ്രകാരം പ്രവത്തിക്കേണ്ടാമെന്നുണ്ടോ. അതിനാൽ താമസിയാതെ കാമോന്മത്തനായ ആ ദുഷ്ടനെ ചിത്രവധം ചെയ്തു ആ സന്തോഷവത്തമാനം എന്നെ അറിയിക്കുക! ആ ദുഷ്ടകന്യകയെയും അനുജൻ കീത്തിസാരനേയും താമസിയാതെ ബന്ധനത്തിലും ഇടുക.

കന്യാന്തഃപുരദൂഷകനായ ദുഷ്ടനേയും ഒരു വലുതായ മത്തഗജത്തേയും കാലത്തു രാജഭവനദ്വാരത്തിൽ കൊണ്ടുവരണം. വിവാഹമംഗളം ആഘോഷിച്ച് ഞാൻ തന്നെ അവിടെ വന്നു ഹസ്തീന്ദ്രനെ കൊണ്ടു ആ ദുഷ്ടനെ നിഗ്രഹിപ്പിക്കാം. അനന്തരം ഞാൻ ആ ഗജത്തിന്മേൽ തന്നെ കയറി ശത്രുക്കളെ സഹായിപ്പാൻ വന്നുകൊണ്ടിരിക്കുന്ന രാജാക്കന്മാരോടു യുദ്ധം ചെയ്തു അവരുടെ കോശങ്ങളേയും വാഹനങ്ങളേയും അപഹരിക്കുന്നതാണ് എന്നിപ്രകാരം ചണ്ഡവർമ്മാവു അനുചരന്മാരോട് ആജ്ഞാപിച്ചു.

നേരം പ്രഭാതമായപ്പോൾ രാജാജ്ഞപ്രകാരം കിങ്കരന്മാർ രാജപുത്രനേയും മദജലം ഒഴുകിക്കൊണ്ടിരുന്ന ദ

ന്തീന്ദ്രനേയും രാജാങ്കണത്തിൽ കൊണ്ടുചെന്നു. ഹാ! രാജവാഹനന്റെ അവസ്ഥ! 'സുകുമാരനായ ഇദ്ദേഹത്തിന്നു ഈ അവസ്ഥ വന്നുവെല്ലോ' എന്നു ചിലരും 'കന്യാന്തഃപുരത്തെ ദൂഷിപ്പിച്ചവനായ ഈ ദുഷ്ടന്നു ഇതുതന്നെയാണു ഉചിതമായ ശിക്ഷ' എന്നു മററുചിലരും പറഞ്ഞുകൊണ്ടിരുന്നു. ജനങ്ങൾ കൂട്ടംകൂട്ടമായി രാജാങ്കണത്തിൽ വന്നു നിറഞ്ഞു. പെട്ടെന്നു രാജകുമാരന്റെ ചരണങ്ങളെ ബന്ധിച്ചിരുന്ന വെള്ളിച്ചങ്ങല തന്നത്താൻ പൊട്ടി' അപ്സരോരൂപിണിയായ ഒരു സ്ത്രീ രാജകുമാരനെ പ്രദക്ഷിണംചെയ്തു സവിനയം തൊഴുതുകൊണ്ടു ഇപ്രകാരം പറഞ്ഞു.

എന്നെ അനുഗ്രഹിച്ചാലും. ഞാൻ സോമരശ്മിസംഭവയായ സുരതമഞ്ജരിയാകുന്നു. ഞാൻ നഭോമാൎഗ്ഗമായി ഒരുദിവസം സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ഹംസം എന്റെ മുഖംകണ്ടു താമരപ്പൂവാണെന്നു ഭ്രമിച്ച് എന്നെ പിന്തുടൎന്നു. ഞാൻ എന്തുതന്നെ ചെയ്തിട്ടും അതു എന്നെ വിട്ടുപോയില്ല. ഞാൻ വല്ലാതെ കുഴങ്ങി. എന്റെ കഴുത്തിലുണ്ടായിരുന്ന മുത്തുമാല കുഴപ്പത്തിൽ താഴെ പൊട്ടിവീണു. അതു മന്ദോദകം എന്നുപേരായ ഹൈമവതസരസ്സിൽ സ്നാനംചെയ്തുകൊണ്ടിരുന്ന മാൎക്കണ്ഡേയമഹൎഷിയുടെ ശിരസ്സിൽ പതിച്ചു. ഉടനെ അദ്ദേഹം കോപാന്ധനായിത്തീൎന്നു. 'പാവെ, വിവേകശൂന്യമായി പ്രവൎത്തിച്ചതിനാൽ നീ ഒരു ലോഹമായി തീരുന്നതാണു്' എന്നിങ്ങനെ എന്നെ അദ്ദേഹം ശപിച്ചു. ഞാൻ അദ്ദേഹത്തോടു പലപ്രാവശ്യം യാചിച്ചപ്പോൾ രണ്ടുമാസം ഞാൻ ഭവാന്റെ പാദബന്ധനമായിരുന്ന് പി

ന്നിട്ട് ശാപത്തിൽനിന്ന മോചിക്കുന്നോതാണെന്ന താപസ ൻ അരുളിച്ചെയ്തു. ഉടനെ ഞാൻ ഒരു രജതശൃംഖലയാ യി ഭൂമിയിൽ പതിച്ചു. ഇക്ഷ്വാകുരാജാവായ വേഗവാ ൻെറ പൌത്രനും മാനസവേഗൻെറ പുത്രനുമായ വീരശേ ഖരൻ ശങ്കരഗിരിയിൽ വന്നപ്പോൾ ആ ചങ്ങല അവി ടെ കിടക്കുന്നതുകണ്ടു് അതിനെ എടുത്തു സൂക്ഷിച്ചു. വീരശേഖരൻ തൻെറ പിതാവിൻെറ വൈരിയും വത്സരാ ജവംശത്തെ സംരക്ഷിക്കുന്നവനുമായ നരവാഹനദത്തനു പ്രതിക്രിയചെയ്യാൻ ഉത്സാഹിച്ചു. ഏകാകിയായി ശത്രു വിനോടു യുദ്ധംചെയ്യുന്നതു അസാദ്ധ്യമാണെന്നു തോന്നി യതിനാൽ അദ്ദേഹം രാജരാജഗിരിയിൽ തപസ്സു ചെയ്യു ന്ന ദപ്പസാരനോടുകൂടി സഖ്യംചെയ്തു. ദപ്പസാരൻ സോദ രിയായ അവന്തിസുന്ദരിയെ വീരശേഖരനു വിവാഹം ചെയ്തുകൊടുക്കാമെന്നു വാഗ്ദാനംചെയ്തു. ഒരുദിവസം നി ൎമ്മലമായ പൂനിലാവിൽ അവന്തിസുന്ദരിയെ കാണ്മാനാ ഗ്രഹിച്ചു് വീരശേഖരൻ കന്യാന്തഃപുരത്തിൽ ചെന്നു തിര സ്കരിണീവിദ്യയുടെ സഹായത്താൽ ആരും കാണാതെ അ വന്തിസുന്ദരിയുടെ മുറിയിൽ കടന്നു. അപ്പോൾ അവർ ഭവാനൊരുമിച്ചു് ഉറങ്ങിക്കൊണ്ടിരുന്നു. ഇതുകണ്ടു് വീര ശേഖരൻ വളരെകുപിതനായിത്തീൎന്നു. എങ്കിലും അങ്ങയു ടെ ശരീരത്തിന്നു അപായമൊന്നും ചെയ്വാൻതുനിഞ്ഞില്ല. കയ്യിലുണ്ടായിരുന്ന രജതശൃംഖലകൊണ്ടു അങ്ങയുടെ കാ ൽ രണ്ടും ബന്ധിച്ചു് അവിടെനിന്നു ആരുമറിയാതെത ന്നെ പുറത്തുപോയി. എൻെറ ശാപവും അങ്ങയുടെ ബ ന്ധനവും അവസാനിച്ചിരിക്കുന്നു. എന്നെ അനുഗ്രഹിച്ചാ ലും. ഞാൻ അങ്ങയ്ക്കുവേണ്ടി എന്താണു ചെയ്യേണ്ടതു്.

ഇത്രയും പറഞ്ഞു ആ സ്ത്രീ രാജകുമാരന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു. ഈ വിവരമെല്ലാംപറഞ്ഞു പ്രിയതമയെ ആശ്വസിപ്പിപ്പാനായി രാജവാഹനൻ അവളെ പറഞ്ഞയച്ചു.

ഈ സമയത്തു ചണ്ഡവർമ്മാവ് മരിച്ചു എന്നും സിംഹവർമ്മപുത്രിയായ അവന്തിസുന്ദരിയെ പാണിഗ്രഹണം ചെയ്യാനായി കൈനീട്ടിയപ്പോൾ ഏതോ ഒരു യുവാവുവന്ന് കൈ പിടിച്ചുവലിച്ച് നഖപ്രഹാരത്താലും മുഷ്ടിഘാതത്താലും ചണ്ഡവർമ്മാവിനെ കൊന്ന് ഒട്ടവളരെ ആളുകളേയും നിഗ്രഹിച്ച് രാജമന്ദിരത്തിൽ വിഹരിക്കുന്നതായി കോലാഹലശബ്ദം മുഴങ്ങി. ഉടനെ രാജവാഹനൻ തന്നെ കൊല്ലുവാനായി വന്നു നിന്നിരുന്ന മത്തഗജത്തിന്മേൽ കയറി രാജഭവനത്തിലേക്കു തിരിച്ചു. അവിടെചെന്ന് അകത്തു കടന്ന് മേഘശബ്ദംപോലെ ഉച്ചസ്വരത്തിൽ ഗർജ്ജിച്ചു. ഉടനെ ഒരു യുവാവ് ഓടിച്ചെന്ന് സംജ്ഞാസങ്കേതിതമായ കുഞ്ജരത്തിന്മേൽ കയറി. 'ഇതു എന്റെ പ്രിയസഖാവായ അപഹാരവർമ്മാവാണല്ലോ' എന്നു പറഞ്ഞു രാജവാഹനൻ ആ യുവാവിനെ ആലിംഗനം ചെയ്ത് തന്റെ പിന്നിലിരുത്തി. അനന്തരം യുദ്ധത്തിന്നായി ഒരുങ്ങിയവരോടു യുദ്ധം ചെയ്തു. താമസിയാതെ പുറമെനിന്നു ഒരു സൈന്യം വന്നു ചണ്ഡവർമ്മാവിന്റെ സൈന്യത്തെ വളഞ്ഞു. കർണ്ണികാരപുഷ്പംപോലെ വെളുത്തു കുരുവിന്ദസവർണ്ണങ്ങളായ കുന്തളങ്ങളോടും കമലകോമളങ്ങളായ പാണിപാദങ്ങളോടുംകൂടി നീലലോചനനായി കടിതടനിവിഷ്ടങ്ങളായ സുവർണ്ണനഖങ്ങളോടുകൂടി പട്ടുവസ്ത്രം ധരിച്ച് കൃശോദരനായി വ്യൂഢോരസ്കനായ ഒരു യു

വാവ് ഇഷുവർഷംകൊണ്ടു ശത്രുസൈന്യത്തെ ഭേദിച്ചു തുടങ്ങി. അശ്വാരൂഢനായ ആ യുവാവ് രാജവാഹനന്റെ സമീപം ചെന്ന് ബദ്ധാഞ്ജലിയായി വന്ദിച്ചു. അനന്തരം അപഹാരവർമ്മാവിനെ നോക്കി 'ഭവാന്റെ ആവശ്യപ്രകാരം അംഗരാജാവിനെ സഹായിപ്പാനായി രാജാക്കന്മാർ വന്നിരിക്കുന്നു. ശത്രുസൈന്യമെല്ലാം നഷ്ടപ്രായമായി കാണുന്നു. ഞങ്ങൾ എന്താണ് ചെയ്യേണ്ടത്' എന്നിങ്ങനെ പറഞ്ഞു.

സ്നേഹിതന്റെ ഗംഭീരമായ വാക്കുകേട്ട അപഹാരവർമ്മാവു വളരെ സന്തോഷിച്ചു. അനന്തരം രാജവാഹനനെ നോക്കി 'ഇദ്ദേഹത്തെ അറിഞ്ഞില്ലേ. ഇദ്ദേഹം എന്റെ പ്രിയ സുഹൃത്തായ ധനമിത്രനാകുന്നു. അങ്ങേക്കു അപ്രിയമില്ലെങ്കിൽ ഇദ്ദേഹം പോയി അംഗരാജാവിനെ ബന്ധനത്തിൽ നിന്നു മോചിപ്പിച്ചു ശത്രുക്കൾ അപഹരിച്ചതായ കോശങ്ങളേയും വാഹനങ്ങളേയും വീണ്ടെടുക്കട്ടെ. ഭവാൻ ഈ രാജാക്കന്മാരോടുകൂടി ഇവിടെ ഇരുന്നു വിശ്രമിച്ചാലും' എന്നു പറഞ്ഞു.

ഇഷ്ടംപോലെ ചെയ്തുകൊള്ളാമെന്നു സമ്മതം നൽകി രാജവാഹനൻ സ്നേഹിതൻ പറഞ്ഞതനുസരിച്ചു നഗരത്തിൽ നിന്നു പുറത്തുപോയി അതിമഹത്തായ ഒരു വൃക്ഷച്ഛായയിൽ ചെന്നു ഗജത്തിൽ നിന്നു താഴെ ഇറങ്ങി ഒരു മണൽത്തിട്ടിലിരുന്നു. താമസിയാതെ ഉപഹാരവർമ്മാവു അർത്ഥപാലൻ, പ്രമതി, മിത്രഗുപ്തൻ, മന്ത്രഗുപ്തൻ, വിശ്രുതൻ, പ്രഹാരവർമ്മാവു, കാശിരാജനായ കാമപാലൻ ചമ്പേശ്വരനായ സിംഹവർമ്മാവു മുതലായവ

രോട്ടുകൂടി ധനമിത്രൻ അവിടെ വന്നു രാജകുമാരനെ വന്ദിച്ചു. 'മിത്രഗണങ്ങളെല്ലാം ഒന്നിച്ചു ചേൎന്നുവൊ. ഇതു എന്തൊരു ഭാഗ്യമാണു്' എന്നു പറഞ്ഞു രാജവാഹനൻ മിത്രങ്ങളെ എല്ലാവരേയും പ്രത്യേകമായി ആലിംഗനം ചെയ്തു കാശീപതിയേയും അംഗരാജാവിനേയും യഥാവിധി ബഹുമാനിച്ചു. അവർ രാജകുമാരനെ ഗാഢമായി ആശ്ലേഷിച്ചു. അനന്തരം രാജവാഹനൻ സോമദത്തൻ പുഷ്പോൽഭവൻ ഇവർ മൂന്നുപേരും തങ്ങളുടെ ചരിത്രങ്ങളെല്ലാം പറഞ്ഞു. മററു സുഹൃത്തുക്കളുടെ വൃത്താന്തങ്ങൾ അറിയണമെന്നു രാജവാഹനൻ ആവശ്യപ്പെട്ടതനുസരിച്ചു് ആദ്യമായി അപഹാരവൎമ്മാവു തന്റെ ചരിത്രം പറവാനാരംഭിച്ചു.

---

# VI

മഹീസുരന്റെകൂടെ ഭവാൻ പോയതിനാൽ ഞങ്ങളെല്ലാവരും അങ്ങയെ അന്വേഷിച്ചു് ഓരോ ദിക്കിലേക്കു പുറപ്പെട്ടു. ഞാൻ പലസ്ഥലങ്ങളിൽ അങ്ങയെ അന്വേഷിച്ചു് അവസാനം അംഗരാജ്യത്തിൽ ചെന്നുചേൎന്നു. അവിടെ ചംപാനഗരത്തിന്റെ ബഹിൎഭാഗത്തായി ഗംഗാതീരത്തിൽ മരീചി എന്നു പേരായ ഒരു താപസശ്രേഷ്ഠൻ ഉള്ളതായി കേട്ടു. ത്രികാലജ്ഞനായ അദ്ദേഹത്തെ കാണുന്നപക്ഷം അങ്ങയെപ്പററി വിവരങ്ങളെല്ലാം അറിയാമെന്നുവിചാരിച്ചു് ഞാൻ അവിടെ പോയി. അവിടെ ഒരു മാവിന്റെ തണലിൽ ഒരു ആശ്രമത്തേയും അതിൽ വിഷണ്ണഹൃദയനായ ഒരു താപസനേയും കണ്ടു. അദ്ദേ

ഹം എനിക്കു അതിഥിസൽക്കാരം ചെയ്തു. അവിടെ അല്പനേരം വിശ്രമിച്ചതിന്നുശേഷം ഭഗവാൻ മരീചിമഹർഷി എവിടെയാണെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം ദീർഘമായി നിശ്വസിച്ച് ഇപ്രകാരംപറഞ്ഞു:

"മരീചി എന്നുപേരായ ഒരു താപസൻ ഈ ആശ്രമത്തിൽ വസിച്ചിരുന്നു. ഒരുദിവസം കാമമഞ്ജരി എന്നു പേരായ ഒരു ഗണികാസ്ത്രീ കണ്ണീർപൊഴിച്ചുകൊണ്ടു അദ്ദേഹത്തിൻെറ സമീപം വന്നു. താമസിയാതെതന്നെ അവളുടെ അമ്മ മുതലായ ബന്ധുജനങ്ങളും വന്നു. അവരെയെല്ലാം കൃപാലുവായ താപസൻ ആർദ്രവാക്കുകൾ കൊണ്ടു ആശ്വസിപ്പിച്ച് അവരുടെ സങ്കടമെന്തെന്നു ആ ഗണികായുവതിയോടു ചോദിച്ചു. അവൾ ലജ്ജാഗൌരവങ്ങളോടുകൂടി 'ഭഗവൻ, ഐഹികസുഖത്തിന്നു അർഹതയില്ലാത്ത ഈ ജനം പരലോകസുഖത്തിന്നായി കൊണ്ടു അങ്ങയെ ശരണംപ്രാപിച്ചിരിക്കുന്നു' എന്നു പറഞ്ഞു. ഇതുകേട്ടു അവളുടെ മാതാവ് താപസനെ വന്ദിച്ചുകൊണ്ട് ഇപ്രകാരം അറിയിച്ചു.

അങ്ങയുടെ ദാസിയായ ഞാൻ എൻെറ പേരിലുള്ള ദോഷം എന്താണെന്നു പറയാം. എൻെറ അധികാരമനുസരിച്ചു ഞാൻ പ്രവൎത്തിച്ചതാണ് എനിക്കു ദോഷമായി തീൎന്നിരിക്കുന്നതു്. ഒരു ഗണികാമാതാവിൻെറ കൃത്യങ്ങൾ എന്തെല്ലാമാണെന്നു അല്പം പറയേണ്ടിയിരിക്കുന്നു. പുത്രിക്കു ജനിച്ചതുമുതൽ വേണ്ടതായ അംഗശുശ്രൂഷകൾ ചെയ്യണം. പുത്രിയുടെ തേജസ്സ്, ബലം, വൎണ്ണം, ബുദ്ധി ഇതെല്ലാം വൎദ്ധിക്കത്തക്ക വിധത്തിലും വാതപി

ത്താദി ദോഷങ്ങൾ, ജാഠരാഗ്നി, സപ്തധാതുക്കൾ ഇവ യെല്ലാറ്റിന്നും വൈഷമ്യം വരാത്തവിധത്തിലും മിതമായ ആഹാരംകൊണ്ടു പുത്രിയെ പോഷിപ്പിക്കണം. അഞ്ചാമത്തെ വയസ്സുമുതൽ പുത്രിയെ പിതാവിനെപോലും അധികമായി കാണിക്കരുത്. അവളുടെ ജന്മദിനത്തിലും മററു പുണ്യദിവസങ്ങളിലും മംഗളവിധികൾ ചെയ്യണം. നൃത്തഗീതവാദ്യനാട്യാദികളിൽ നല്ലവണ്ണം പരിചയിപ്പിക്കേണം. വ്യാകരണം തർക്കം ജ്യോതിഷം മുതലായ ശാസ്ത്രങ്ങളിൽ സാമാന്യമായ അറിവു ഉണ്ടാക്കിക്കൊടുക്കണം. ക്രീഡാകൌശലം ദ്യൂതകലകൾ മുതലായവ പരിശീലിപ്പിക്കണം. അതാതുകലകളിൽ പ്രസിദ്ധരായവരെക്കൊണ്ടു പുത്രിയുടെ കല്യാണലക്ഷണങ്ങളെപ്പററി ഉൽഘോഷിപ്പിക്കണം. വിടൻ, വിദൂഷകൻ, പീഠമർദ്ദൻ മുതലായവരെക്കൊണ്ടു പുത്രിയുടെ രൂപശീലാദികളെപ്പററി പ്രശംസിപ്പിക്കേണം. പുത്രി യുവാക്കളുടെ മനോരഥങ്ങൾക്കു ലക്ഷ്യഭൂതയായി ഭവിക്കുമ്പോൾ പുത്രിക്കു വലുതായ ശുല്ക്കം നിശ്ചയിക്കണം. സ്വതെ രാഗാന്ധനായ ഒരുവനൊ, ജാതി, രൂപം, വയസ്സ്, അർത്ഥം, ശക്തി, ത്യാഗം, ദാക്ഷിണ്യം, ശീലം, മാധുര്യം മുതലായ ഉത്തമഗുണങ്ങളോടുകൂടിയ ഒരു സ്വതന്ത്രപുരുഷനൊ പുത്രിയെ വിവാഹംചെയ്തുകൊടുക്കേണം. അധികഗുണങ്ങളുള്ളവനും അസ്വതന്ത്രനും അതിബുദ്ധിമാനുമായ ഒരുവന്നു പുത്രിയെ കൊടുക്കുന്നപക്ഷം വളരെ പണം കിട്ടിയതായി പ്രസ്താവിക്കണം. ഗാന്ധർവ്വവിവാഹം തീർച്ചപ്പെടുത്തി എന്നുപറഞ്ഞു കാമുകന്മാരുടെ പിതൃജനങ്ങളിൽനിന്നു ശുല്ക്കം അപഹരിക്കേണം. അവർ ശുല്ക്കം കൊടുക്കാത്തപ

ക്ഷം രാജാവിനേയും അധികാരികളേയും വശപ്പെട്ടത്തി കോടതിമൂലമായി അതു ശുല്ക്കം മേടിക്കേണം. ഒരു ഗണികയ്ക്കു ഗമ്മ്യനെക്കുറിച്ചു സജ്ജതയല്ലാതെ സംഗമില്ലാ. അഥവാ ഒരു ഗണികയ്ക്കു ഗമ്മ്യനെക്കുറിച്ച് പ്രീതിയുണ്ടെങ്കിൽ മാതൃശാസനങ്ങളെ അതിക്രമിപ്പാൻ പാടുള്ളതല്ല. ഇങ്ങനെഎല്ലാം ഇരിക്കെ സ്വധമ്മത്തെ ലംഘിച്ചു കേവലം ആഗന്തുകനായ ഒരു പുരുഷനെ രൂപവാനെന്നുള്ള കാരണത്താൽ മാത്രം കയ്യിൽനിന്നു ധനവ്യയം ചെയ്തുകൊണ്ടു ഒരുമാസമായി ഇവൾ കാമിക്കുന്നു. ആപ്തജനങ്ങൾ ഉപദേശിച്ചപ്പോൾ ദ്വേഷ്യപ്പെട്ടു ഇവൾ സ്വകുടുംബം വിട്ടു വന്നിരിക്കുന്നു. ഇവൾക്കു ബുദ്ധിയില്ലെന്നു ഞാൻ പറഞ്ഞതിനാൽ എന്നോടും കോപിച്ച് വനവാസത്തിന്നായി വന്നിരിക്കയാണു്. ഇവളുടെ നിശ്ചയങ്ങൾക്കു ഭേദംവരാത്തപക്ഷം ഞങ്ങളെല്ലാവരും ഇവിടെത്തന്നെ താമസിക്കുന്നതാണു്.

'ഭദ്രെ, വനവാസം ദുഃഖകരമാകുന്നു. അതിൻെറ ഫലം മോക്ഷമൊ സ്വൎഗ്ഗപ്രാപ്തിയൊ ആണു്. ആത്മജ്ഞാനസാദ്ധ്യമായ മോക്ഷം പ്രായേണ ദുസ്സാദ്ധമാകുന്നു, സ്വൎഗ്ഗപ്രാപ്തിക്കുവേണ്ടി ഒരാൾ വനവാസദുഃഖമനുഭവിക്കേണമെന്നില്ല. അവരവരുടെ കുലധമ്മങ്ങളെ അനുഷ്ഠിക്കുന്ന ഏവൎക്കും സ്വൎഗ്ഗപ്രാപ്തി ഉണ്ടാകുന്നതാണു്. അതിനാൽ അസാദ്ധ്യമായ ആരംഭത്തിൽ നിന്നു പിൻവലിച്ചു് മാതാവു് പറയുന്നതുപോലെ പ്രവൎത്തിക്കുക' എന്നു താപസൻ അനുകമ്പയോടുകൂടി പറഞ്ഞപ്പോൾ ആ ഗണികായുവതി 'അവിടത്തെ പാദമൂലങ്ങൾ എനിക്കു ശരണമായി ഭവിക്കുന്നില്ലെങ്കിൽ പിന്നെ എനിക്കു ശരണം അ

ന്റിഭഗവാൻ തന്നെയാണ് എന്നു മറുപടിപറഞ്ഞു. അനന്തരം ആ താപസൻ കുറെ നേരം ആലോചിച്ചതിന്നു ശേഷം ഗണികാമാതാവിനോട് 'ഇപ്പോൾ ഗൃഹത്തിലേക്കുപൊയ്ക്കൊൾക, കുറെദിവസം കഴിയുമ്പോഴേക്കും അരണ്യവാസം ക്ലേശകരമാണെന്നു കണ്ടു ഇവൾ തന്നെ താൻ ഗൃഹത്തിലേക്കു മടങ്ങിവരുന്നതാണ്' എന്നു പറഞ്ഞു. താപസൻ പറഞ്ഞതനുസരിച്ച് വൃദ്ധ സ്വജനങ്ങളോടുകൂടി ഗൃഹത്തിലേക്കു തിരിച്ചു.

വാരകന്യക ഋഷിവയ്യനിൽ അതിയായ ഭക്തിവൈഭവത്തോടുകൂടി പ്രാതസ്നാനം ചെയ്തു പട്ടുവസ്ത്രം ധരിച്ച് ശരീരക്ലേശങ്ങളെ ഗണിക്കാതെ ആശ്രമത്തിന്നു ചുററുമുള്ള ചെറിയ വൃക്ഷങ്ങളെ നദീജലംകൊണ്ടു നനച്ചും ദേവതാർച്ചനത്തിന്നായി കുസുമങ്ങൾ പറിച്ചും ഗന്ധമാല്യാദികൾകൊണ്ടു പരമശിവനെ ആരാധിച്ചും ഏകാന്തത്തിൽ ത്രിവൎഗ്ഗസംബന്ധികളായ കഥകൾ കേട്ടും കാലക്രമത്തിൽ അദ്ദേഹത്തെ സന്തോഷിപ്പിച്ചു

ഒരുദിവസം മുനി തന്നിൽ അനുരക്തനാണെന്നു കണ്ടു അവൾ 'കഷ്ടം! മൂഢമായ ലോകം ധൎമ്മത്തോടുകൂടി അൎത്ഥകാമങ്ങളെ ഗണിക്കുന്നുവല്ലൊ' എന്നു പറഞ്ഞു അല്പം പുഞ്ചിരി ഇട്ടു. ഏതു കാരണത്താലാണ് ധൎമ്മം അൎത്ഥകാമങ്ങളെ അതിശയിക്കുന്നതു എന്നു താപസൻ ചോദിച്ചതിന്നു അവൾ ഇപ്രകാരം മറുപടി പറഞ്ഞു.

ഈ നിസ്സാരമായ ജനത്തിൽ നിന്നാണോ അങ്ങു ത്രിവൎഗ്ഗങ്ങളുടെ ബലാബലത്തെപ്പററി അറിവാനാഗ്രഹിക്കുന്നതു്. അഥവാ ഇതും അങ്ങയുടെ ഈ ദാസജനത്തിന്നു

ഒരുതരം അനുഗ്രഹം തന്നെയാണ്. എന്തായാലും എന്നോടു ചോദിച്ചസ്ഥിതിക്കു എനിക്കു തോന്നുന്നതു തെറ്റായാലും ശരിയായാലും ഞാൻ പറയാം. ധമ്മം കൂടാതെ അത്ഥകാമങ്ങൾ ഇല്ല. എന്നാൽ നേരെമറിച്ച് ധമ്മം അത്ഥകാമങ്ങളെ അപേക്ഷിക്കാതെതന്നെ മോക്ഷത്തിന്നു കാരണമായി ഭവിക്കുന്നു. "ധമ്മാദത്ഥശ്ചകാമശ്ച" എന്നാണല്ലൊ ആപ്തവാക്യം. ധമ്മത്തെ അർത്ഥകാമങ്ങൾ ഒരിക്കലും ബാധിക്കുന്നതല്ല. അഥവാ ബാധിതമായാലുംകൂടി ധമ്മം അല്പായാസംകൊണ്ടുതന്നെ ക്രമീകരിക്കപ്പെട്ടു അനല്പമായ ശ്രേയസ്സിന്നു കാരണമായി ഭവിക്കുന്നു. ധമ്മപൂതമായ മനസ്സിൽ സ്വച്ഛമായ നഭസ്സിൽ എന്നപോലെ രജസ്സ് ഒരിക്കലും സംബന്ധിക്കുന്നതല്ല. ഇക്കാരണങ്ങളാൽ അർത്ഥകാമങ്ങളെ ധമ്മത്തോടുകൂടി ഒരിക്കലും ഉപമിക്കാവുന്നതല്ല"

ഋഷി പറഞ്ഞു:—അല്ലയൊ വിലാസിനി, നീ പറയുന്നതു വളരെ ശരിതന്നെയാണ്. തത്വദർശികൾക്കു ധമ്മം വിഷയോപഭോഗത്താൽ ഒരിക്കലും ഉപരോധിക്കപ്പെടുന്നില്ല എന്നതു വാസ്തവംതന്നെ. എന്നാൽ ജനിച്ചതുമുതൽ ഇതേവരെ ഞാൻ അത്ഥകാമങ്ങളെപ്പറ്റി ചിന്തിച്ചിട്ടുപോലുമില്ല. ഇവയുടെ സ്വരൂപമെന്താണെന്നും ഇവയുടെ ഫലമെന്താണെന്നും അറിയേണ്ടതു ആവശ്യമാണല്ലൊ.' വാരകന്യക പറഞ്ഞു:–ആർജ്ജനം, വർദ്ധനം, രക്ഷണം ഇതാകുന്നു അത്ഥത്തിന്റെ സ്വരൂപം. കൃഷി, പാശുപാല്യം, വാണിജ്യം, സന്ധി, വിഗ്രഹം മുതലായവയെല്ലാം അത്ഥത്തിന്റെ പരിവാരങ്ങളാകുന്നു. സത്പാത്രങ്ങളിൽ വിനിമയം ചെയ്യുന്നതാണു അർത്ഥത്തിന്റെ

ഫലം. കാമം എന്നു പറയുന്നതു വിഷയാസക്തചിത്ത രായ സ്ത്രീപുരുഷന്മാരുടെ സുഖസ്വൽവിശേഷമാകുന്നു. ഇതിൻെറ പരിവാരങ്ങൾ ലൌകികങ്ങളായ രൂപലാവണ്യാദികളാകുന്നു. ആഹ്ലാദജനകവും സ്വർഗ്ഗമാണമധുരവുമായ ഇതിൻെറ ഫലം ആത്മാഭിമാനനാശകവും ആത്മസംവേദ്യവുമായ ഒരുതരം അപരോക്ഷസുഖമാകുന്നു. ഇതിന്നു വേണ്ടി തന്നെയാണ് വളരെ ജനങ്ങൾ കഷ്ടങ്ങളായ തപസ്സുകൾ ശ്രേഷ്ഠങ്ങളായ ദാനങ്ങൾ ഭയങ്കരങ്ങളായ യുദ്ധങ്ങൾ അസാദ്ധ്യങ്ങളായ സമുദ്രലംഘനക്രിയകൾ മുതലായവയെല്ലാം ചെയ്യുന്നതു്.

ഇത്രയെല്ലാം കേട്ടിട്ടും ആ മുനി വിധിബലത്താലൊ അവളുടെ ലീലാപാടവത്താലൊ തൻെറ ബുദ്ധിമാന്ദ്യത്താലൊ ആ പ്രദേശം അവിനയവ്യാപ്തമായിരുന്നതിനാലൊ സ്വനിയമങ്ങളെ അനാദരിച്ചു് അവളിൽ ആസക്തചിത്തനായിത്തീർന്നു. അവൾ മൂഢാത്മാവായ അദ്ദേഹത്തെ ഒരു രഥത്തിൽ വെച്ചു് രാജവീഥിയിൽ കൂടി സ്വഗൃഹത്തിലേക്കു കൊണ്ടുപോയി. അടുത്ത ദിവസം കാമോത്സവദിനമായിരുന്നു. നേരം പ്രഭാതമായപ്പോൾ ജാബാലി കുളിച്ചു് ശരീരമെല്ലാം ചന്ദനം പൂശി സ്വവൃത്തം മറന്നു കാമിജനവൃത്തങ്ങളെപ്പററി ഓരോന്നു പറഞ്ഞുകൊണ്ടു കാമമഞ്ജരിയോടുകൂടി രാജമാർഗ്ഗമായി ചെന്നു് ഉത്സവാഘോഷത്തിൽ പങ്കുകൊണ്ടു. ഉപവനത്തിൻെറ ഒരു ഭാഗത്തു രാജാവു് അനേകം യുവതിമാരാൽ പരിവൃതനായി ഇരുന്നുകൊണ്ടിരുന്നു. കാമമഞ്ജരി അവിടെ ചെന്നു രാജസമ്മതപ്രകാരം താപസനോടുകൂടി രാജാവിൻെറ സമീപത്തിൽ തന്നെ ഇരുന്നു. ഉടനെ സഭയിൽ

നിന്നു ഒരു സ്ത്രീ എഴുന്നീററു 'എന്നെ കാമമഞ്ജരി ജയിച്ചിരിക്കുന്നു. ഇന്നു മുതൽ ഞാൻ കാമമഞ്ജരിക്കു ദാസ്യവൃത്തി ചെയ്യുന്നതാണ്" എന്നു പറഞ്ഞു. അപ്പോൾ സഭയിൽ കോലാഹലശബ്ദം മുഴങ്ങി. സംതുഷ്ടനായ രാജാവു് കാമമഞ്ജരിക്കു അമൂല്യങ്ങളായ പലതരം സമ്മാനങ്ങൾ നൽകി. വാരസ്ത്രീകളും പൌരസ്ത്രീകളും ഒരുപോലെ അവളെ പ്രശംസിച്ചു. അവൾ സ്വഭവനത്തിലേക്കു പോകുന്നതിനു മുമ്പു് ജാബാലിയോടു 'ഭഗവൻ, ഇതാ എന്റെ നമസ്കാരം. അങ്ങയുടെ അനുഗ്രഹത്തിനു ഞാൻ എന്നും കൃതാർത്ഥയായിരിക്കുന്നതാണ്. ഇനി അങ്ങയുടെ ഇഷ്ടംപോലെ പ്രവർത്തിച്ചുകൊൾക' എന്നു പറഞ്ഞു.

'പ്രിയെ, ഇതെന്താണ്? നിന്റെ ഈ ഉദാസീനതയ്ക്കു കാരണമെന്തു്? നിനക്കു എന്നിലുണ്ടായിരുന്ന ആ അസാധാരണമായ അനുരാഗമെവിടെ?' എന്നു താപസൻ ചോദിച്ചു.

കാമമഞ്ജരി മന്ദഹാസത്തോടെ പറഞ്ഞു:—'ഭഗവൻ, കുറച്ചുമുമ്പു് സഭയിൽവച്ചു എന്റെ ദാസ്യവൃത്തി അംഗീകരിച്ച ആ സ്ത്രീക്കും എനിക്കുംതമ്മിൽ ഒരിക്കൽ മത്സരമുണ്ടായി. 'മരീചിമഹർഷിയെ ജയിച്ചവൾപോലെ നീ സംസാരിക്കുന്നുവല്ലോ' എന്നു പറഞ്ഞു് അവൾ എന്നെ ആക്ഷേപിച്ചു. അങ്ങയെ ഞാൻ വശീകരിക്കുന്ന പക്ഷം അവൾ എന്റെ ദാസ്യവൃത്തി അംഗീകരിക്കുന്നതാണെന്നു സമ്മതിച്ചു. അങ്ങയുടെ പ്രസാദത്താൽ എന്റെ ആഗ്രഹം സാധിച്ചിരിക്കുന്നു.'

ഈവിധം കാമമഞ്ജരിയാൽ അപമാനിക്കപ്പെട്ട ആ താപസൻ ആശ്രമത്തിലേക്കു തിരികെ വന്നു. യാതൊരു

മരീചി, ദുഷ്ടയായ ആ വാരാംഗനയാൽ തിരസ്കരിക്കപ്പെട്ട ശൂന്യഹൃദയനായി സ്വാശ്രമത്തിലേക്കു തിരികെ വന്നവൊ അദ്ദേഹംതന്നെയാണ ഞാൻ എന്നറിഞ്ഞാലും. അവൾ എന്നെ അവമാനിച്ചതുനിമിത്തം എനിക്കു വിണ്ടും വിഷയാദികളിൽ വൈരാഗ്യം ഉണ്ടായിരിക്കുന്നു. എങ്കിലും പൂർവ്വസ്ഥിതിയെ പ്രാപിപ്പാൻ കുറെ ദിവസംകൂടി കഴിയണം. താമസിയാതെതന്നെ ഞാൻ അങ്ങയുടെ ആഗ്രഹം സാധിപ്പിച്ചുതരാം. അതുവരെ ഭവാൻ ഈ ചമ്പാ നഗരത്തിൽതന്നെ താമസിക്കണം.”

മുനിയുടെ ഹൃദയത്തിൽനിന്നു നിർഗ്ഗമിച്ചതായ അജ്ഞാനമാകുന്ന അന്ധകാരത്തിന്റെ സ്പർശത്തെ പേടിച്ചിട്ടൊ എന്നു തോന്നുമാറു ഭഗവാൻ സഹസ്രകിരണൻ തന്റെ കിരണസഹസ്രങ്ങളെ പിൻവലിച്ചു. ഋഷിമുക്തമായ രാഗം സന്ധ്യാഭ്രപത്തിൽ സ്ഫുരിച്ചു. മുനിവൃത്താന്തം കേട്ടു വൈരാഗ്യം സിദ്ധിച്ചതുപോലെ കമലവനങ്ങളെല്ലാം മുകുളീഭവിച്ചു. മുനിശാസനമനുസരിച്ച് ഞാൻ അദ്ദേഹമൊരുമിച്ചു സന്ധ്യാവന്ദനംകഴിച്ച്, അദ്ദേഹത്തിന്റെ സമീപത്തിൽതന്നെ പല കഥകൾ പറഞ്ഞുകൊണ്ടു കിടന്നുറങ്ങി. നേരം പ്രഭാതമായി. ഉദയസാനുശിഖരത്തിൽ സൂര്യഭഗവാൻ കല്പദ്രുമകിസലയങ്ങൾപോലെ അരുണവർണ്ണമായ ജ്യോതിസ്സോടുകൂടി ഉദിച്ചുയർന്നുതുടങ്ങി. ഞാൻ താപസനെ നമസ്കരിച്ച് നഗരത്തിലേക്കു പുറപ്പെട്ടു. പോകുമ്പോൾ വഴിയുടെ സമീപത്തായി ഒരു അശോകവൃക്ഷത്തിന്റെ താഴെ കൃപണവർണ്ണനായി മാനസപീഡയാൽ ദുർബ്ബലനായി വിത്രപാടികളിൽവെച്ച് അഗ്രഗണ്യനായി നിയമരഹിതനായി ഒരു ബൈരാഗാൻ ഇരിക്കു

ന്നതു കണ്ടു. അദ്ദേഹത്തിന്റെ മലിനമായ മുഖത്തിൽ നിന്നും ഇടവിടാതെ കണ്ണീർ പൊഴിഞ്ഞുകൊണ്ടിരുന്നു. ഞാൻ അദ്ദേഹത്തിന്റെ സമീപംചെന്നു് 'അങ്ങു് എന്തു കാരണത്താലാണു കരയുന്നതു്? തപസ്സിന്നും രോദനത്തിന്നും തമ്മിലുള്ള അകലം മഹത്താണല്ലൊ. വിരോധമില്ലെങ്കിൽ ശോകകാരണം എന്താണെന്നു പറഞ്ഞാൽകൊള്ളാം' എന്നു ചോദിച്ചു.

ബൈരവലാൻ പറഞ്ഞു:—'ഞാൻ ഈ ചംപാനഗരത്തിലുള്ള നിധിപാലിതൻ എന്നു പേരായ വണിക്കിന്റെ ജ്യേഷ്ഠപുത്രനാകുന്നു. എന്റെ പേർ വസുപാലിതൻ എന്നത്രെ. എന്റെ വിരൂപതഹേതുവായിട്ടു ജനങ്ങൾ എന്നെ വിരൂപൻ എന്നു വിളിച്ചുവന്നു. ഈ നഗരത്തിൽ തന്നെ സുന്ദരകൻ എന്നു പേരായ ഒരാൾ ഉണ്ടു്. അയാൾ ആകൃതിയിൽവളരെ സുന്ദരനും കലകളിൽ സമർത്ഥനും ഗുണശാലിയുമാണു്. ധനത്തിൽ അയാൾ എന്നേക്കാൾ വളരെ താഴ്ന്നവനാണു്. രൂപത്തേയും ധനത്തേയും നിമിത്തീകരിച്ചു് അയാൾക്കും എനിക്കും തമ്മിൽ വൈരം ജനിച്ചു. ഇതിന്നുകാരണം കലഹപ്രിയന്മാരായ ചില പൌരധൂർത്തന്മാർ തന്നെയാണു്. ഒരു ദിവസം ഒരു ഉത്സവത്തിൽവെച്ചു ഞങ്ങൾ രണ്ടുപേരും പരസ്പരം ആക്ഷേപിപ്പാനിടയായി. മേല്പറഞ്ഞ ചില ധൂർത്തന്മാർ വന്നു 'ശരീരവും ധനവും പൌരുഷത്തെ ആശ്രയിക്കുന്നില്ല. യാതൊരുവനെ ഉത്തമയായ ഗണികാസ്ത്രീകാമിക്കുന്നുവോ അവനാണു യഥാർത്ഥപുരുഷൻ. അതിനാൽ യുവതികളുടെ ഇടയിൽ ലലാമഭൂതയായ കാമമഞ്ജരി ആരെ കാമിക്കുന്നുവൊ അവനാകുന്നു പുരുഷശ്രേഷ്ഠ

ൻ' എന്നു് സ്വാഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. അപ്രകാരംസമ്മതിച്ചു് ഞങ്ങൾ കാമമഞ്ജരിയുടെ അടുക്കൽ ദൂതന്മാരെ അയച്ചു. എന്നെതന്നെയാണു അവൾ തിരഞ്ഞെടുത്തതു്. ഞങ്ങൾ രണ്ടുപേരുംകൂടി ഇരിക്കുമ്പോൾ അവൾ എന്നെ കടാക്ഷവീക്ഷണങ്ങൾകൊണ്ടു അനുഗ്രഹിച്ചു് സുന്ദരകനെ നാണിപ്പിച്ചു. സൌന്ദര്യമന്യനായ ഞാൻ എൻെറ ധനത്തിന്നും ഗൃഹത്തിന്നും പരിജനങ്ങൾക്കും എൻെറ ശരീരത്തിന്നും ജീവിതത്തിന്നും അവളെ ഈശ്വരിയാക്കി ചെയ്തു. ഇതിൻെറ ഫലമായി എന്നെ അവൾ കൌപീനമാത്രാവശേഷനാക്കിത്തീർത്തു. അവൾ എൻെറ സർവ്വസ്വവും അപഹരിച്ചു് എന്നെ ബഹിഷ്കരിച്ചു. ഞാൻ ജനങ്ങളുടെ പരിഹാസത്തിന്നു പാത്രമായി. പൌരവൃദ്ധന്മാരുടെ ആക്ഷേപങ്ങൾ സഹിപ്പാൻ പാടില്ലാതെ ഞാൻ ഇവിടെവന്നു. ഏതൊ ഒരു താപസൻ എനിക്കു മോക്ഷമാർഗ്ഗം ഉപദേശിച്ചു. വേശ്യാഗൃഹത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടവക്കു ഈ വേഷം തന്നെയാണു ഉചിതമെന്നു ഞാൻ നിശ്ചയിച്ചു. അനന്തരം തലമുടിയെല്ലാം വെട്ടിക്കളഞ്ഞു. വിശപ്പു ദാഹം മുതലായ ദുഃഖങ്ങൾ അനുഭവിച്ചുകൊണ്ടു ഒന്നിലും ശ്രദ്ധയില്ലാതെ ഞാൻ സഞ്ചരിക്കയാണു്. ദ്വിജാതിയിൽപെട്ട ഞാൻ ഈ ബൌദ്ധാചാരം സ്വീകരിച്ചിരിക്കുന്നതു സ്വധർമ്മത്തിന്നു വിരോധം തന്നെയാണു്. എൻെറ പൂർവ്വജന്മാരെല്ലാവരും ശ്രുതിസ്മൃതികളെ അനുസരിച്ചാണു ജീവിച്ചുവന്നതു്. ഭാഗ്യഹീനനായ എനിക്കു നിന്ദ്യമായ രൂപം കാരണം ഈ ദുഃഖങ്ങളെല്ലാം അനുഭവിക്കേണ്ടിവന്നു. ബ്രഹ്മാവു്, വിഷ്ണു, ശിവൻ, മുതലായ ദേവന്മാരെ നിന്ദിക്കയാൽ മരണാനന്തരം

ഞാൻ പരലോക ദുഃഖമനുഭവിക്കുമെന്നുള്ളതും നിശ്ചയം തന്നെ. സ്വധർമ്മവിരുദ്ധമായ ഈ മാർഗ്ഗത്തെ എനിക്കു കാരണവശാൽ ആശ്രയിക്കേണ്ടതായി വന്നിരിക്കുന്നു. ഈ അവസ്ഥകളെല്ലാം ഓർത്തു ഞാൻ കരയുന്നതാണ്.'

ഇത്രയും കേട്ടു ഞാൻ ആ ബൌദ്ധഭിക്ഷുവോടു, കുറെ ദിവസം അദ്ദേഹം അവിടെ തന്നെ ക്ഷമയോടുകൂടി ഇരിക്കുന്നപക്ഷം ആ വേശ്യ അദ്ദേഹത്തിന്റെ ധനമെല്ലാം തിരികെ കൊടുക്കത്തക്കവണ്ണം ഞാൻ പ്രവർത്തിച്ചുകൊള്ളാമെന്നും അതിന്നു പല ഉപായങ്ങളുണ്ടെന്നും പറഞ്ഞു് അദ്ദേഹത്തെ തൽക്കാലം സമാധാനപ്പെടുത്തി അവിടെ നിന്നു പുറപ്പെട്ടു് നഗരത്തിൽ പ്രവേശിച്ചു ആ നഗരം ലുബ്ധന്മാരും ധനികന്മാരും നിറഞ്ഞതാണെന്നു മനസ്സിലായി. അർത്ഥം നശ്വരമാണെന്നു മനസ്സിലാക്കി അവരെ എല്ലാം ഒരു പാഠം പഠിപ്പിക്കേണമെന്നു് ഞാൻ നിശ്ചയിച്ചു. അതിന്നായി ഞാൻ സ്തേയശാസ്ത്രത്തിൽ ബുദ്ധിയെ പ്രവർത്തിപ്പിച്ചു. അനന്തരം ദ്യൂതസഭയിൽപോയി ചൂതുകളിക്കാരോടുകൂടി സഖ്യം ചെയ്തു. ദ്യൂതകലകളിലെല്ലാം എനിക്കു് കൌശലം സിദ്ധിച്ചു. ഒരു ദിവസം ഒരാൾ ദ്യൂതത്തിൽ തെററിക്കളിക്കുന്നതുകണ്ടു് ഞാൻ അയാളെ പരിഹസിച്ചു. അവൻ ക്രോധാരുണാക്ഷനായി എന്നെ നോക്കി. 'എടാ! നീ എന്നെ ദ്യൂതം പഠിപ്പിക്കയാണോ? അത്രമാത്രം നിനക്കു് അറിവുണ്ടെങ്കിൽ എന്നോടുകൂടി മത്സരിപ്പാൻ വരിക!' എന്നു് ആക്ഷേപിച്ചുപറഞ്ഞു. അനന്തരം ഞങ്ങൾ രണ്ടുപേരുംകൂടി കളിതുടങ്ങി. അയാൾ തോററു. എനിക്കു് പതിനാറായിരം പണം കിട്ടി. അതിൽ പകുതി പ്രധാനിക്കും മ

റാ് സഭ്യക്കൾക്കൂടി കൊടുത്തു് ബാക്കി പകുതി എടുത്തുംകൊണ്ടു് ഞാൻ അവിടെനിന്നും പുറപ്പെട്ടു. അപ്പോൾ എല്ലാവരും എന്നെ പ്രശംസിച്ചു. പ്രധാനിയുടെ അപേക്ഷപ്രകാരം ഞാൻ അവിടത്തന്നെ അവരോടുകൂടി ഭക്ഷണവും കഴിച്ചു. വിമർദ്ദകൻ എന്നു പേരായ ഒരുവനാണ് എന്നെ ദ്യൂതത്തിൽ പ്രവൎത്തിപ്പിച്ചതു്. ക്രമേണ അവൻ എൻെറ പ്രിയമിത്രമായിത്തീൎന്നു. അവൻ വഴിക്കു് നഗരവാസികളുടെ ബലം, ശീലം, കൎമ്മം മുതലായതെല്ലാം ഞാൻ നല്ലവണ്ണം മനസ്സിലാക്കി. ഒരു ദിവസം ക്രൂരിരുട്ടത്തു ചോരണത്തിന്നുവേണ്ട സാമഗ്രികളോടുകൂടി ഞങ്ങൾ ഒരു ലുബ്ധേശ്വരൻെറ ഗൃഹത്തിൽ പോയി തുരങ്കംവെച്ചു് അകത്തുകടന്നു് വളരെ മൂലധനം അപഹരിച്ചു. രാജവീഥിയിൽ ചെന്നപ്പോൾ പെട്ടെന്നു് മിന്നൽപിണരുപോലെ ഒരു വെളിച്ചം കണ്ടു. കുറച്ചുകഴിഞ്ഞപ്പോൾ ഞങ്ങൾക്കു് അഭിമുഖമായി ഒരു സ്ത്രീ വരുന്നു എന്നു മനസ്സിലാക്കി. ഒരു സമയം നഗരമോഷണത്താൽ രോഷിതയായ നഗരദേവതതന്നെ ആയിരിക്കുമൊ ആ സ്വരൂപം എന്നു് ഞങ്ങൾക്കു തോന്നി. ഭവതി ആരാണു് എവിടേക്കാണു് പോകുന്നതു് എന്നു് ഞാൻ അവളോടു ചോദിച്ചു. ഈ നഗരത്തിൽ കുബേരദത്തൻ എന്നു പേരായ ഒരു വൈശ്യശ്രേഷ്ഠൻ ഉണ്ടു്. ഞാൻ അദ്ദേഹത്തിൻെറ പുത്രിയാകുന്നു. ഞാൻ ജനിച്ച ഉടനെ തന്നെ എൻെറ പിതാവു് എന്നെ ഈ ദേശക്കാരനും വളരെ ധനികനുമായ ധനമിത്രന്നു് വിവാഹം ചെയ്തുകൊടുക്കാമെന്നു് വാഗ്ദാനം ചെയ്തു. ധനമിത്രൻെറ പിതാവു് മരിച്ചുപോയി. അധികമായ ഔദാൎയ്യം നിമിത്തം ധനമിത്രൻ തൻെറ സ്വത്തുക

ളെല്ലാം അൎത്ഥികൾക്ക് ദാനം ചെയ്ത് അവസാനം ദരിദ്രനായിത്തീൎന്നു. അതിനാൽ എന്റെ പിതാവ് എന്നെ ധനമിത്രന്ന് കൊടുപ്പാൻ ഇഷ്ടപ്പെടാതെ അൎത്ഥപതി എന്നപേരായ വേറൊരുവന്നു കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു. അമംഗളമായ ആ വിവാഹം നാളെ കാലത്ത് നടക്കുന്നതാണെന്നറിഞ്ഞു് ഞാൻ ആരും കാണാതെ പുറത്തുകടന്ന് ബാല്യത്തിൽ പരിചയിച്ചതായ വഴിയിൽ കൂടി പ്രിയതമന്റെ ഗൃഹത്തിലേക്കു പോകയാകുന്നു. അതിനാൽ എന്നെ നിങ്ങളാരും ഉപദ്രവിക്കരുത്. എന്റെ കയ്യിലുള്ള ഭാണ്ഡം നിങ്ങൾക്കു തരാം' എന്നു പറഞ്ഞു് കയ്യിലുണ്ടായിരുന്ന ഭാണ്ഡം അവൾ എനിക്കു തന്നു.

'അല്ലയൊ! സാദ്ധ്വി! വരിക ഞാൻ ഭവതിയെ ഭൎത്തൃഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോകാം' എന്നു പറഞ്ഞ് ഞാൻ അല്പദൂരം നടക്കുമ്പോഴേക്കും വളരെ നഗരജനങ്ങൾ ഒരു കൂട്ടമായി കയ്യിൽ വിളക്കും ആയുധങ്ങളുമായി വരുന്നതുകണ്ടു. ഉടനെ കന്യകയുടെ ശരീരം ഭയത്താൽ വിറച്ചുതുടങ്ങി. 'ഭദ്രെ! പേടിക്കേണ്ട. എന്റെ കയ്യിൽ ഈ വാൾ ഉള്ളപ്പോൾ ഭവതി ഒട്ടും പരിഭ്രമിക്കേണ്ടാ. എങ്കിലും ഭവതിക്കുവേണ്ടി ഞാൻ ചെറിയ ഒരു ഉപായം ആലോചിക്കുന്നു. വിഷം തീണ്ടിയവൻ പോലെ ഞാൻ ഇവിടെ കിടക്കാം. നാം ഈ രാത്രിയാണ് ഈ നഗരത്തിൽ വന്നതു് എന്നും ഞാൻ നിന്റെ ഭൎത്താവാണെന്നും ഈ തണ്ണീർപന്തലിന്നരികത്തു വെച്ച് എന്നെ പാമ്പു കടിച്ചുവെന്നും അവരിൽ ആരെങ്കിലും വിഷവൈദ്യം അറിയുന്നവരുണ്ടെങ്കിൽ എന്നെ ജീവിപ്പിച്ചാൽ കൊള്ളാം

എന്നും ഭവതി അവരോടുപറയണം.' എന്നിപ്രകാരം ഞാൻ അവൎക്കു് ഉപദേശിച്ചു. ഗത്യന്തരം ഇല്ലാത്തതിനാൽ ആ അബലാരത്നം ഞാൻ പറഞ്ഞതുപോലെ എല്ലാം പ്രവൎത്തിച്ചു. ഞാൻ ശ്വാസം അടക്കി കിടന്നു. അവരിൽ ഒരുവൻ എന്നെ നോക്കി ചില മുറിമന്ത്രവാദങ്ങളെല്ലാം ചെയ്തു. യാതൊരു ഫലവും കണ്ടില്ല. 'ഇദ്ദേഹം മരിച്ചുകഴിഞ്ഞു. ശരീരം മരംപോലെ സ്തബ്ധമായിരിക്കുന്നു. ദൎശനശക്തി ഇല്ലാതായി. ഊഷ്മാവു് ശമിച്ചിരിക്കുന്നതുപോലെ തോന്നുന്നു. ഇദ്ദേഹത്തെ നാളെ നമുക്കു് ദഹിപ്പിക്കാം. ഇപ്പോൾ ഒന്നും ചെയ്യേണ്ട. എന്തു ചെയ്യാം. ദൈവത്തെ അതിക്രമിപ്പാൻ ആൎക്കും സാദ്ധ്യമല്ലല്ലൊ.' എന്നു പറഞ്ഞു് അയാൾ മററുള്ളവരോടുകൂടി അവിടെ നിന്നും പോയി. ഞാൻ എഴുന്നീററു് ആ സ്ത്രീയെ ധനമിത്രന്റെ ഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ധനമിത്രനോടു വിവരമെല്ലാം പറഞ്ഞു. സ്ത്രീ തന്നെ ആ ഭാണ്ഡത്തെ അദ്ദേഹത്തിന്നു കൊടുത്തു. ധനമിത്രൻ ആ ഭാണ്ഡമെടുത്തു് ലജ്ജയോടും സന്തോഷത്തോടും സംഭ്രമത്തോടും കൂടി എഴുന്നേററു് എന്നോടു ഇപ്രകാരം പറഞ്ഞു. "ആൎയ്യ! ഭവാൻ എനിക്കു് എന്റെ പ്രിയയെ തന്നു് എന്റെ വാക്കുകളെയെല്ലാം അപഹരിച്ചിരിക്കുന്നു. അങ്ങയുടെ അത്ഭുതമായ ഈ കൎമ്മത്തെപ്പററി എനിക്കു് ഒന്നുംതന്നെ പറവാൻ തോന്നുന്നില്ല. അങ്ങയുടെ തൊഴിലിൽപെട്ട ഒരുവനെങ്കിലും ഈവിധമുള്ള ഉദാരകൃത്യം ചെയ്തതായി ഞാൻ കണ്ടിട്ടും കേട്ടിട്ടും ഇല്ല. മററുള്ളവരിൽ (തസ്കരന്മാരിൽ) കാണുന്നതായ ക്രോധലോഭാദികൾ അങ്ങയിൽ കാണുന്നില്ല. സാധുഗുണം എന്താണെന്നു് അങ്ങേ പ്രവൃത്തിമൂ

This book is very Nice

ലം കാണിച്ചിരിക്കുന്നു. ഔദാര്യത്തിന്റെ സ്വരൂപം എന്താണെന്ന് ഞാൻ ഇപ്പോൾ നല്ലവണ്ണം മനസ്സിലാക്കി. ഭവാൻ അങ്ങയുടെ സല്ക്കർമ്മംകൊണ്ട് ഈ ദാസജനത്തെ വിലയ്ക്കു മേടിച്ചിരിക്കുന്നു. എന്റെ പ്രിയയെ എനിക്കു തന്നതിനു പകരമായി എന്റെ ശരീരത്തെ ഞാൻ തരുന്നതാണെങ്കിൽ അതും ശരിയല്ലെന്നു തോന്നുന്നു. എന്തെന്നാൽ എന്റെ ഈ ശരീരവും അങ്ങ് എനിക്കു തന്നതാണ്. പ്രിയയെ ലഭിക്കാത്തപക്ഷം എന്റെ ഈ ശരീരം നശിക്കുമായിരുന്നു. അതിനാൽ അങ്ങു തന്നതായ ശരീരത്തെ അങ്ങേക്കായി തരുന്നതിൽ എന്തു വിശേഷമാണ് ഉള്ളതു്. എന്തിനു ഞാൻ അധികം പറയുന്നു. ഈ സമയം മുതൽ ഞാൻ അങ്ങയുടെ ദാസനാണെന്നറിഞ്ഞു് എന്നെ വേണ്ടവിധം ഭരിച്ചാലും'. ഈവിധം പറഞ്ഞു് ധനമിത്രൻ എന്റെ കാൽക്കൽവീണു നമസ്കരിച്ചു. ഞാൻ അയാളെ എഴുന്നേൽപ്പിച്ച് പുറത്തു തലോടിക്കൊണ്ട് അയാളുടെ അഭിപ്രായമെന്താണെന്നു ചോദിച്ചു. 'പിതൃജനങ്ങളുടെ സമ്മതം കൂടാതെ ഇവളെ ഇവിടെ വെച്ചുകൊണ്ടിരിക്കുന്നതു് യുക്തമായി തോന്നുന്നില്ല. അതിനാൽ ഈ രാത്രി തന്നെ ഈ ദേശം വിട്ടു് പൊയ്ക്കൊള്ളയാം. അങ്ങയുടെ അഭിപ്രായമെന്തു്. ഞാൻ അതുപോലെ പ്രവർത്തിപ്പാൻ തയ്യാറാണ്.' ഞാൻ വീണ്ടും പറഞ്ഞു 'ഇതു് ശരിതന്നെ. എന്നാൽ ധീരനായ ഒരുവനു് സ്വദേശം പരദേശം എന്ന ഭേദം ഇല്ലല്ലൊ. കൂടാതെ ഇവൾ ബാലയാണ്. കാന്താരമാർഗ്ഗങ്ങൾ കഷ്ടങ്ങളും അപായഭൂയിഷ്ഠങ്ങളുമാണെന്നു് അറിയാമല്ലൊ. ദേശത്യാഗംകൊണ്ടു വലിയ പ്രയോജനമുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല.

എന്തായാലും വരിക നമുക്ക് ഇവളെ ഇവളുടെ ഗൃഹത്തിലേക്ക തന്നെ കൂട്ടിക്കൊണ്ടുപോകാം.'

അനന്തരം ഞങ്ങൾ രണ്ടുപേരുംകൂടി അവളെ കൂട്ടിക്കൊണ്ടുപോയി. അവളുടെ സഹായത്തോടുകൂടി തന്നെ ഞങ്ങൾ അവളുടെ ഗൃഹത്തിൽനിന്ന് മൺപാത്രങ്ങൾ ഒഴികെ മറെറല്ലാ സാമാനങ്ങളും മോഷ്ടിച്ചു. പുറത്തുകടന്ന് തൊണ്ടിസ്സാമാനങ്ങളെ ഒരു സ്ഥലത്തു മറവുചെയ്തു. വഴിയരികെ ഒരു ആന കിടന്നുറങ്ങിക്കൊണ്ടിരുന്നു. ഞങ്ങൾ ആനപ്പുറത്തുകയറി ആനയെ കാൽകൊണ്ടു തട്ടി ഉണൎത്തി അൎത്ഥപതിയുടെ ഗൃഹത്തിലേക്ക തിരിച്ചു. അവിടെ ചെന്ന് അയാളുടെ ഗൃഹത്തെയും ഒരുവിധം നശിപ്പിച്ചു. അനന്തരം ഒരു ജീൎണ്ണോദ്യാനത്തിൽ പോയി ഞങ്ങൾ ഒരു വൃക്ഷത്തിന്മേൽ പിടിച്ചു കയറി. ആന ഓടിപ്പോയി. ഞങ്ങൾ പതുക്കെ താഴത്തിറങ്ങി. ഗൃഹത്തിൽ പോയി കുളിയും ഊണും കഴിച്ച് കിടന്നുറങ്ങി.

നേരം ഏകദേശം പ്രഭാതമായി. ഉദയാചലത്തിൻെറ പത്മരാഗമയമായ കൊടുമുടിയിൽനിന്ന് രക്തവൎണ്ണമായ സൂൎയ്യമണ്ഡലം കല്പദ്രുമത്തിൻെറ സ്വൎണ്ണപല്ലവങ്ങൾ പോലെ പാടലവൎണ്ണത്തോടുകൂടി ഉദിച്ചുയൎന്നുതുടങ്ങി. ഞങ്ങൾ എഴുന്നേററു് കാലും മുഖവും കഴുകി സന്ധ്യാവന്ദനം മുതലായ നിത്യകൎമ്മങ്ങൾചെയ്തു് തലേദിവസം രാത്രി ചെയ്തതായ മോഷണത്തെപ്പററി ജനങ്ങൾ എന്തു പറഞ്ഞുകൊണ്ടിരിക്കുന്നു എന്നറിയുന്നതിനായി പുറത്തിറങ്ങി. വാരസ്ത്രീഗൃഹങ്ങളിൽ കോലാഹലശബ്ദം കേട്ടു് അൎത്ഥപതി കുബേരദത്തനു കുറെ പണം കൊടുത്തു

ഒരു മാസത്തേക്കു വിവാഹം നീട്ടിവയ്ക്കുന്നതിന്നായി ആവശ്യപ്പെട്ടു. ഞാൻ ധനമിത്രനോടു സ്വകാൎയ്യമായി ഇപ്രകാരം പറഞ്ഞു. "സ്നേഹിതാ, ഈ തോൽസഞ്ചി എടുത്തുകൊണ്ടു് അംഗരാജാവിൻെറ സമീപംചെന്നു ഭവാൻ കോടി പ്രഭുവായ വസുമിത്രൻെറ ഏകപുത്രനാണെന്നും പിതാവിൻെറ മരണാനന്തരം അങ്ങയുടെ ധനമെല്ലാം അൎത്ഥികൾക്കു ദാനംചെയ്കനിമിത്തം അങ്ങേക്കു വിവാഹം ചെയ്തു തരുവാനായി നിശ്ചയിച്ചിരുന്ന കുലപാലികയെ അവളുടെ പിതാവായ കുബേരദത്തൻ അൎത്ഥപതിക്കു വിവാഹംചെയ്തുകൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു എന്നും, ഈ അവമാനംനിമിത്തം ഭവാൻ ഒരു വനത്തിൽചെന്നു ആത്മഹത്യ ചെയ്യാനായി ഉദ്യമിച്ചപ്പോൾ ഒരു താപസൻ വന്നു ആ സാഹസകൃത്യത്തിന്നു കാരണം അവമാനമാണെന്നറിഞ്ഞു "കുഞ്ഞെ, നീ മൂഢൻതന്നെയാണു്, ആത്മത്യാഗത്തേക്കാൾ വലുതായ പാപം ലോകത്തിൽ മറെറാന്നുമില്ല. സജ്ജനങ്ങൾ ആത്മനാശംചെയ്യാതെതന്നെയാണു കഷ്ടങ്ങളിൽനിന്നു രക്ഷ പ്രാപിക്കുന്നതു്. ധനം സമ്പാദിപ്പാൻ വളരെ ഉപായങ്ങളുണ്ടു്. ധനം ഉണ്ടായിരുന്നതു നശിച്ചുപോയി എന്ന കാരണത്താൽ ആത്മഹത്യചെയ്യാൻ ഉദ്യമിക്കുന്നതിനേക്കാൾ വലുതായ മൂഢത ലോകത്തിൽ മറെറാന്നുമില്ല. അതിനാൽ ഈ സാഹസ കൃത്യത്തിൽ നിന്നു വിരമിക്കുക. ഞാൻ ഒരു മന്ത്രസിദ്ധനാണു്. എൻെറകയ്യിലുള്ള ഈ തോൽസഞ്ചികൊണ്ടു വളരെ ധനം സമ്പാദിക്കാം. ഇതിൻെറ സഹായത്താൽ ഞാൻ വളരെ ധനം സമ്പാദിച്ചു് സാധുക്കൾക്കു ദാനം ചെയ്തിട്ടുണ്ടു്. വാൎദ്ധക്യം എന്നെ അധികാധികം ബാ

ധിച്ചു തുടങ്ങിയിരിക്കുന്നതിനാൽ ഇനി ഈ സഞ്ചി കൊ
ണ്ടു് എനിക്കു വലിയ ആവശ്യമില്ല. അതിനാൽ ഈ സ
ഞ്ചി നീ എടുത്തുകൊൾക. ഞാനൊഴികെ വണിക്കുകൾ
ക്കും വേശ്യാസ്ത്രീകൾക്കും മാത്രമെ ഇതുകൊണ്ടു ധനലാ
ഭമുണ്ടാകയുള്ളൂ. ഒരാളുടെ ധനം അന്യായമായി അപഹരി
ച്ചാൽ അതിനെ അയാൾക്കുതന്നെ തിരികെ കൊടുക്കേ
ണം. ന്യായമായി സംപാദിക്കുന്ന ധനത്തെ സൽകർമ്മങ്ങ
ൾക്കായി ചിലവുചെയ്യണം. ദേവതയെ എന്നപോലെ
ഈ സഞ്ചിയെ ശുചിയായ ഒരു സ്ഥലത്തു വെച്ചു് പൂജി
ക്കണം. എന്നാൽ പ്രതിദിനം കാലത്തു നോക്കിയാൽ ഇ
തിൽ ഒരു കട്ടസ്വർണ്ണം കാണും" എന്നു പറഞ്ഞു ആ താ
പസൻ സഞ്ചിയെ അങ്ങേക്കുതന്നു തിരോഭവിച്ചു എന്നും
ഈ സഞ്ചിയെ രാജാവറിയാതെ അനുഭവിക്കുന്നതു ശരി
യല്ലെന്നു വിചാരിച്ചു് രാജസമീപം കൊണ്ടുചെന്നതാണെ
ന്നും പറയണം. ഇതുകേട്ടാൽ രാജാവു് അങ്ങയുടെ മര്യാദക
ണ്ടു വളരെ സന്തോഷിക്കും. സഞ്ചിയെ യഥേഷ്ടം അനുഭ
വിച്ചുകൊള്ളുവാനായി അദ്ദേഹം സമ്മതിക്കും. രാജാവു് ഇ
ത്രയും ചെയ്താൽ സഞ്ചിയെ ആരും മോഷണം ചെയ്യാ
തിരിക്കേണമെന്നു അദ്ദേഹത്തോടു പ്രാർത്ഥിക്കണം. ഇ
തും അദ്ദേഹം സമ്മതിക്കും. അനന്തരം ഗൃഹത്തിൽവന്നു
ഇഷ്ടംപോലെ അർത്ഥത്യാഗം ചെയ്തുകൊൾക. ന്യായല
ബ്ധമായ ധനംകൊണ്ടു രാത്രി സഞ്ചിനിറയ്ക്കണം. കാലത്തു
ജനങ്ങൾക്കു മുമ്പാകെ സഞ്ചിയിൽനിന്നു പണം എടുത്തു
അർത്ഥികൾക്കുദാനം ചെയ്യണം. ഇതെല്ലാം കണ്ടാൽ കു
ബേരദത്തൻ അർത്ഥപതിയെ തൃണംപോലെ കരുതി പു
ത്രിയോടുകൂടി അങ്ങയെ കാണ്മാനായി വരും. ഇതുകണ്ടു അ

ർത്ഥപതി ദ്വേഷ്യപ്പെട്ടു ധനഗർവ്വത്താൽ വ്യവഹരിക്കു ന്നതിനായി വരും. പല ഉപായങ്ങൾകൊണ്ടു അവനെ കൌപീനമാത്രാവശേഷനാക്കി ചെയ്യാം. ഇങ്ങിനെ ചെ യ്യുന്നതിനാൽ നമ്മെപ്പററി ആരും ഒന്നും ശങ്കിക്കയില്ല' എന്റെ ഉപദേശംകേട്ടു ധനമിത്രൻ വളരെ സന്തോഷി ച്ചു. ഞാൻ പറഞ്ഞതുപോലെയെല്ലാം പ്രവത്തിച്ചു. അ ന്നു പകൽ തന്നെ എന്റെ നിയോഗപ്രകാരം വിമർദ്ദ കൻ അർത്ഥപതിയുടെ അടുക്കൽചെന്നു സേവയുംകൂടി അർത്ഥപതിക്കു ധനമിത്രനിൽ വൈരം ജനിപ്പിച്ചു. അ ർത്ഥലുബ്ധനായ കുബേരദത്തൻ അർത്ഥപതിയിൽനിന്നു നിവത്തിച്ച് ധനമിത്രനുതന്നെ പുത്രിയെ ദാനംചെയ്തു.

ഒരു ദിവസം കാമമഞ്ജരിയുടെ കനിഷ്ഠസോദരിയാ യ രാഗമഞ്ജരി ജനങ്ങൾ നിറഞ്ഞ ഒരു സഭയിൽവെച്ച് പാടി നൃത്തം ചെയ്യുന്നതാണെന്നു ഒരു വിളംബരമുണ്ടാ യി. ഞാനും സഖാവായ ധനമിത്രനോടുകൂടി സഭയിൽചെ ന്നു. രാഗമഞ്ജരി നൃത്തം ചെയ്വാനാരംഭിച്ചപ്പോൾ എ ന്റെ ഹൃദയം അവളുടെ രണ്ടാമത്തെ രംഗഭൂമിയായി തീന്നു. അവളുടെ ഭാവരസങ്ങളാൽ ലബ്ധബലനായ പ ഞ്ചബാണൻ എന്നെ പരവശനാക്കിത്തീത്തു. നഗരമോ ഷണത്താൽ രോഷിതയായ നഗരദേവതയെപ്പോലെഅ വൾ ലീലാകടാക്ഷാദികൾകൊണ്ടു എന്നെ ബന്ധിച്ചു. നൃത്തമെല്ലാം കഴിഞ്ഞു. വിലാസത്താലൊ അഥവാ അ ഭിലാഷത്താലൊ അല്ലെങ്കിൽ ഭാഗ്യത്താലൊ എന്നെ അവൾ സഖികളാരും കാണാതെ പല പ്രാവശ്യം കടക്ക ൺകൊണ്ടു നോക്കിയിട്ടു് അല്പം പുഞ്ചിരി തൂകിക്കൊണ്ടു സഖിമാരോടുകൂടി പുറപ്പെട്ടു. ഞാൻ ഗൃഹത്തിൽചെന്നു

ഉൽക്കണ്ഠനിമിത്തം എനിക്കു ആഹാരവിഹാരാദികളിൽ
ശ്രദ്ധ ഇല്ലാതായി. തലവേദനയാണെന്നു പറഞ്ഞു ഞാൻ
കിടക്കയിൽകിടന്നു. മദനതന്ത്രത്തിൽ സമർത്ഥനായ ധ
നമിത്രൻ എൻെറ അരികത്തു വന്നിരുന്നു സ്വകാൎയ്യമായി
പറഞ്ഞു.

'സ്നേഹിത, ആ ഗണികാകന്യക ഭാഗ്യവതിതന്നെ
യാണ്. അങ്ങയുടെ മനസ്സ് അവളെ അഭിലഷിക്കുന്നു
വല്ലൊ. അവളുടെ ഭാവവൃത്തി ഏതുപ്രകാരമായിരുന്നു
എന്നു ഞാൻ നല്ലപോലെ നോക്കി. അവളും താമസി
യാതെ കുസുമശരൻെറ ശരശയനത്തിൽ പതിക്കുമെന്നാ
ണ് എൻെറ വിശ്വാസം. നിങ്ങളുടെ അനുഗ്രഹം ഔഷധാ
നത്തിലല്ലെങ്കിലും അല്പ വക്രങ്ങളായ ചില യത്നങ്ങൾ
കൊണ്ടു മാത്രമെ സാദ്ധ്യമാകയുള്ളു. താൻ ഗുണങ്ങ
ളെ ഗണിക്കുന്നതല്ലാതെ ധനത്തെ ഗണിക്കുന്നതല്ലെ
ന്നും തന്നെ ഒരാൾ പാണിഗ്രഹണം ചെയ്യുല്ലാതെ താ
ൻ ഒരാൾക്കു ഭാൎയ്യയാകുന്നതല്ലെന്നും അവൾ ഗണികാധ
ൎമ്മത്തിന്നു വിരോധമായി പറയുകയുണ്ടായി. ഇവളുടെ
ഈ നിശ്ചയത്തെ മാററുന്നതിന്നായി ബന്ധുജനങ്ങൾ വ
ളരെ യത്നിച്ചു എങ്കിലും അതൊന്നും ഫലിക്കാതെ അവ
ർ രാജാവിൻെറ അടുക്കൽ ചെന്ന് ആരെങ്കിലും തങ്ങളു
ടെ സമ്മതം കൂടാതെ രാഗമഞ്ജരിയെ വിവാഹം ചെയ്യു
ന്നപക്ഷം അവനെ ഒരു തസ്കരനെപ്പോലെ ശിക്ഷിക്ക
ണമെന്നു സങ്കടം ബോധിപ്പിച്ചിട്ടുണ്ട്. അതിനാൽ ഗു
ണങ്ങൾ കൊണ്ടു രാഗമഞ്ജരിയെ ജയിക്കയും ധനംകൊ
ടുത്തു അവളുടെ സ്വജനങ്ങളെ സന്തോഷിപ്പിക്കയും
വേണം.'

കാമമഞ്ജരിയുടെ പ്രധാനദൂതിയായ ധൎമ്മരക്ഷിതയെ ഞാൻ വസ്ത്രാദിദാനംകൊണ്ടു വശീകരിച്ചു. രാഗമംജരിയെ എനിക്കു തരുമെങ്കിൽ ധനമിത്രന്റെ തോൽസഞ്ചി മോഷ്ടിച്ചു് കൊടുക്കാമെന്നു ധൎമ്മരക്ഷിത വഴിക്കു രാഗമംജരിയുടെ അമ്മയേയും സോദരിയേയും അറിയിച്ചു. കാമമംജരി അപ്രകാരം സമ്മതിച്ചു. ഞാൻ തോൽസഞ്ചി കൊടുത്തു രാഗമംജരിയുടെ കരകിസലയം ഗ്രഹിച്ചു. അടുത്ത ദിവസം ഞാൻ ആ നഗരത്തിലെ പ്രധാനികളെ കാൎയ്യാന്തരവ്യാജേന വിളിച്ചുവരുത്തി ഒരു സഭകൂട്ടി. ആ സഭയിൽവെച്ചു് വിമൎദ്ദകൻ എന്റെ ഉപദേശപ്രകാരം അൎത്ഥപതിയെ സഹായിക്കുന്ന നിലയിൽ ധനമിത്രനെ വളരെ ആക്ഷേപിച്ചു. നിരപരാധിയായ തന്നെ യോഗ്യന്മാർ നിറഞ്ഞതായ സഭയിൽ വെച്ചു് ആക്ഷേപിപ്പാൻ കാരണമെന്താണെന്നു ധനമിത്രൻ ചോദിച്ചു. കുബേരദത്തൻ സ്വപുത്രിയെ അൎത്ഥപതിക്കു വിവാഹം ചെയ്തു കൊടുപ്പാൻ നിശ്ചയിച്ചിരുന്നപ്പോൾ ധനമിത്രൻ ദ്രവ്യം കൊണ്ടു പിതൃജനങ്ങളെ മോഹിപ്പിച്ചു് ആ കന്യകയെ വശീകരിപ്പാൻ ഉത്സാഹിക്കുന്നതു ധനഗൎവ്വം കൊണ്ടാണെന്നും താൻ അൎത്ഥപതിയുടെ ആത്മമിത്രമാണെന്നും സ്നേഹിതന്നു വേണ്ടി സ്വപ്രാണനെ ത്യജിക്കുവാൻ കൂടി സദാ സന്നദ്ധനാണെന്നും അല്പശ്രമം കൊണ്ടു ധനമിത്രന്റെ തോൽസഞ്ചി നശിക്കുന്നതാണെന്നും മററും പറഞ്ഞു വിമൎദ്ദകൻ വീണ്ടും ധനമിത്രനെ ആക്ഷേപിച്ചു. പൌരമുഖ്യന്മാർ ഇതു കണ്ടു വളരെ ദ്വേഷ്യപ്പെട്ടു വിമൎദ്ദകനെ സഭയിൽനിന്നു പുറത്താക്കി. ധനമിത്രൻ രാജാവിന്റെ അടുക്കൽ ചെന്നു വിമൎദ്ദകൻ തന്നെ

ആക്ഷേപിച്ചതിനെപ്പററിയും തൻെറ തോൽസഞ്ചി ക ളവുപോയതായും അറിയിച്ചു. രാജാവ് അത്ഥപതിയെ വിളിച്ചുവരുത്തി തൻെറ അധീനത്തിൽ വിമർദ്ദകൻ എ ന്ന പേരായ ഒരാം ഉണ്ടോ എന്നു ചോദിച്ചു. അത്ഥപ തി കാൎയ്യമൊന്നും മനസ്സിലാവാതെ ഉണ്ടെന്നു സമ്മതിച്ച തിനാൽ വിമർദ്ദകനെ കൂട്ടിക്കൊണ്ടു വരുവാനായി രാ ജാവു ആജ്ഞാപിച്ചു. അത്ഥപതി വിമർദ്ദകനെ അ ന്വേഷിച്ചുതുടങ്ങി. ഞാൻ വിമർദ്ദകനെ ഉജ്ജയിനിയിലേ ക്ക പറഞ്ഞയച്ചിരുന്നു. അത്ഥപതി എത്രതന്നെ അ ന്വേഷിച്ചിട്ടും വിമർദ്ദകനെപ്പററി യാതൊരു അറിവും കിട്ടാത്തതിനാൽ വിമർദ്ദകൻെറ കുററം തന്നിൽ ആരോ പിക്കപ്പെടുന്നതാണെന്നു നിശ്ചയിച്ചു ഭയവ്യാകുലനായി രാജസമീപം ചെന്നു താൻ നിരപരാധിയാണെന്നു അറി യിച്ചു. ധനമിത്രൻ നടന്നസംഭവങ്ങളെപ്പററി വീണ്ടും രാജാവിനെ ഓൎമ്മിപ്പിച്ചു. രാജാവു അത്ഥപതിയെ ബ ന്ധനസ്ഥനാക്കി.

കാമമഞ്ജരി തോൽസഞ്ചിയുടെ മാഹാത്മ്യമറിവാ നായി വിരൂപകനിൽനിന്നു താൻ അപഹരിച്ച ധനമെ ല്ലാം രഹസ്യമായി അയാൾക്കുതന്നെ കൊടുത്തു. വിരൂപ കൻ വളരെ സന്തോഷിച്ച് ബൌദ്ധാചാരങ്ങളെല്ലാം വി ട്ടു പൂൎവ്വധൎമ്മത്തെത്തന്നെ വീണ്ടും സ്വീകരിച്ചു. തോൽ സഞ്ചിയുടെ സഹായംകൊണ്ടു വലിയ ധനികനായി തീ രാമെന്നു വിശ്വസിച്ച് കാമമഞ്ജരി തൻെറ സർവ്വസ്വ വും അന്യൎക്കു ദാനം ചെയ്തുതുടങ്ങി. ഈ സമയത്ത് എ ൻെറ ഉപദേശപ്രകാരം ധനമിത്രൻ പാത്ഥിവസമീപം ചെന്ന് ഇപ്രകാരം പറഞ്ഞു: "ദേവ, കാമമഞ്ജരിയെ അ

വളുടെ ലോഭാധിക്യം നിമിത്തം ജനങ്ങൾ ലോഭമഞ്ജരി എന്നു പറഞ്ഞു ആക്ഷേപിച്ചിരുന്നു. അവൾ ഇപ്പോൾ ഗൃഹത്തിലുള്ള ഉരൽ, ഉലക്ക മുതലായതുകൂടി സാധുക്കൾക്കു ദാനംചെയ്തുകഴിഞ്ഞിരിക്കുന്നു. അതിനാൽ കളവുപോയിരിക്കുന്ന എന്റെ തോൽസഞ്ചി അവളുടെ കയ്യിലുണ്ടെന്നു് എനിക്കു സംശയമുണ്ടു്. വണിക്കുകൾക്കും ഗണികാസ്ത്രീകൾക്കും മാത്രമെ ഈ സഞ്ചികൊണ്ടു ഗുണമുണ്ടാകയുള്ളു എന്ന വസ്തുതം ഞാൻ ദേവനെ മുമ്പു തന്നെ അറിയിച്ചിട്ടുണ്ടല്ലൊ." ഉടനേതന്നെ കാമമഞ്ജരിയെയും അവളുടെ അമ്മയെയും കൂട്ടിക്കൊണ്ടുവരുവാനായി രാജാവു് ആളയച്ചു. ഞാൻ ഇതെല്ലാം അറിഞ്ഞു് അവളുടെ അടുക്കൽ ചെന്നു സ്വകാര്യമായി ഇപ്രകാരം പറഞ്ഞു: "സർവ്വസ്വത്യാഗം നിമിത്തം ഭവതിയുടെ കൈവശം ചർമ്മരത്നമുണ്ടെന്നു ശങ്കിച്ചാണു രാജാവു ഭവതിയെ വിളിപ്പാൻ ആളയച്ചിരിക്കുന്നതു്. രാജാവു് ഇക്കാര്യത്തിൽ ഭവതിയെ വളരെ നിർബന്ധിക്കുന്നപക്ഷം ഞാനാണു ഭവതിക്കു ചർമ്മരത്നം തന്നതു് എന്നു പറയേണ്ടതായിവരും. അങ്ങിനെ പറയുന്നതായാൽ എന്റെ ഗതി ചിത്രവധംതന്നെയാണു്. ഞാൻ മരിച്ചാൽ ഭവതിയുടെ സോദരി ജീവിച്ചിരിക്കുന്ന കാര്യം വളരെ സംശയമാകുന്നു. ഭവതിക്കുണ്ടായിരുന്ന ധനമെല്ലാം ഇപ്പോൾ നശിച്ചിരിക്കുന്നു. ചർമ്മരത്നത്തെ തിരികെ ധനമിത്രനു തന്നെ കൊടുക്കേണ്ടതായും വരും. എനിക്കു് ഇക്കാര്യത്തിൽ ഒരു ഉപായമേ തോന്നുന്നുള്ളു. അർത്ഥപതി എന്തായാലും കുററക്കാരനായിട്ടാണു തീൎന്നിരിക്കുന്നതു്. ഭവതിയുടെ കൈവശം ചർമ്മരത്നമുണ്ടെന്നു രാജാവും ജനങ്ങ

ളും വളരെ സംശയിക്കുന്നതിനാൽ ഈ വസ്തുത മറയ്ക്കാവുന്നതല്ല. അതിനാൽ അർത്ഥപതിയാണു നിങ്ങൾക്കു ചമ്മരത്തം തന്നതു് എന്നു പറയുന്നപക്ഷം നിങ്ങൾക്കു ഈ ആപത്തിൽനിന്നു രക്ഷപ്പെടാമെന്നു തോന്നുന്നു. ഇനി ഉചിതംപോലെ പ്രവൎത്തിച്ചുകൊൾക."

കാമമഞ്ജരി മാതാവോടുകൂടി രാജസമീപം ചെന്നു. ആദ്യമായി രാജാവിനോടു പല ഒഴികഴിവുകൾ പറഞ്ഞുനോക്കി. രാജാവു് പല പ്രകാരത്തിൽ പേടിപ്പിച്ചതിനാൽ അവസാനം അർത്ഥപതിയാണു തങ്ങൾക്കു ചമ്മരത്തം തന്നതു് എന്നു പറഞ്ഞു. ഇക്കാൎയ്യത്തിൽ നിരപരാധിയായ അൎത്ഥപതി കുററക്കാരനായി. രാജാവു വളരെ കോപിച്ചു. പ്രാണഹാനിവരത്തക്കവണ്ണം അൎത്ഥപതിയെശിക്ഷിക്കണമെന്നു ആജ്ഞാപിച്ചു. ഈ കുററത്തിനുവേണ്ടി അൎത്ഥപതിയെ അധികമായി ശിക്ഷിക്കരുതെന്നു ധനമിത്രൻ രാജാവിനോടു പ്രാർത്ഥിച്ചു. രാജാവു അൎത്ഥപതിയെ ധനഹീനനായി നാടുകടത്തി. കാമമഞ്ജരിയുടെ കഷ്ടസ്ഥിതികണ്ടു രാജാവു് അൎത്ഥപതിയുടെ ധനത്തിൽനിന്നു ചെറുതായ ഒരംശം അവൾക്കു നിത്യവൃത്തിക്കായി കൊടുത്തു. ധനമിത്രന്റെ ഔദാൎയ്യവും കീൎത്തിയും നാടെല്ലാം പരന്നു. രാജാവു് വളരെ സന്തോഷിച്ചു. ധനമിത്രൻ ശുഭദിനത്തിൽ കുലപാലികയെ വിവാഹം ചെയ്തു.

ഈവിധം ഞാൻ ആ നഗരത്തിലെ ലുബ്ധരായ ധനികന്മാരെയെല്ലാം നിർധനന്മാരാക്കുകയും ദാനതല്പരന്മാരായ നിർധനന്മാരെ ധനികന്മാരാക്കുകയും ചെയ്തു.

ഒരു ദിവസം ഞാൻ ഭാഗ്യദോഷത്താൽ പോലീസുകാരുടെ കയ്യിൽപെട്ടു. അവർ എന്നെ കള്ളനാണെന്നു

നിശ്ചയിച്ച് കണ്ടകൻ എന്ന പേരായ മജിസ്ട്രേട്ടിൻെറ അടുക്കൽ കൊണ്ടുപോയി അയാളുടെ കല്പനപ്രകാരം ജയിലിൽ ഇട്ടു. എൻെറ പിന്നാലെ രാഗമഞ്ജരിയുടെ പരിചാരികയായ ഒരു വൃദ്ധസ്ത്രീ ഉണ്ടായിരുന്നു. ഞാൻ ആപത്തിൽ പെട്ടതിന്നു പുറമെ ഭാൎയ്യയായ രാഗമഞ്ജരിക്കും സ്നേഹിതനായ ധനമിത്രന്നും എന്തെങ്കിലും ദോഷംവന്നു ചേരുന്നതാണെന്നു ഞാൻ നിശ്ചയിച്ചു. ധനമിത്രൻ എൻെറ ഗൂഢശത്രുവാണെന്നും തോൽസഞ്ചിയുടെ മാഹാത്മ്യംകൊണ്ടു ധനമിത്രൻ രാഗമഞ്ജരിയെ വശീകരിപ്പാൻ ഉത്സാഹിക്കുന്നതായി എനിക്കു സംശയം തോന്നിയതിനാൽ ഞാൻ ധനമിത്രൻെറ സഞ്ചിയും രാഗമഞ്ജരിയുടെ ചില ആഭരണങ്ങളും മോഷ്ടിച്ചു ഓടിപ്പോയതായും വഴിയിൽ പോലീസുകാരുടെ കയ്യിൽ പെട്ടതിനാൽ അവർ മജിസ്ട്രേട്ടിൻെറ കല്പനപ്രകാരം എന്നെ ജയിലിൽ ഇട്ടതായും ധനമിത്രൻ നിരപരാധിയാണെന്നും എൻെറ സംശയം തീരെ അസ്ഥാനത്തിലാണെന്നും അതിനാൽ തനിക്കു തോൽസഞ്ചിയും രാഗമഞ്ജരിക്കു അവളുടെ ആഭരണങ്ങളും തിരികെ മേടിച്ചു കൊടുക്കേണമെന്നും ധനമിത്രൻ രാജാവിനെ കണ്ടുപറയുന്നപക്ഷം അവർ ഇരുവൎക്കും കുററം കൂടാതെ കഴിക്കാമെന്നും, എനിക്കു വല്ലപ്രകാരത്തിലും രക്ഷ കിട്ടുന്നതാണെന്നും ഞാൻ നിശ്ചയിച്ചു. ഈ വിവരം ഞാൻ വൃദ്ധയായ പരിചാരികയോടു ഗൂഢമായി പറഞ്ഞു. വൃദ്ധസ്ത്രീ വളരെ സമൎത്ഥയായിരുന്നതിനാൽ ഞാൻ പറഞ്ഞതെല്ലാം യഥാവത്തായി ഗ്രഹിച്ച് ധനമിത്രനെ യഥാകാലം അറിയിച്ചു. ധനമിത്രൻ അപ്രകാരം പ്രവൎത്തിക്കയും ചെയ്തു. രാജാവ് വിവരമെല്ലാം കണ്ടകനെ അറിയിച്ചു.

കണ്ടകൻ എന്നെ പലപ്രകാരത്തിൽ നിർബന്ധിക്കയും പേടിപ്പെടുത്തുകയും ചെയ്തു. എങ്കിലും രാഗമഞ്ജരിയുടെ ആഭരണങ്ങളെല്ലാം എവിടെയാണെന്നു വൃദ്ധസ്ത്രീയോടു സ്വകാര്യമായി പറയാമെന്നും, തോൽസഞ്ചിയെ പററി ഒരക്ഷരം പോലും പറയുന്നതല്ലെന്നും ഞാൻ ഉറച്ചു പറഞ്ഞു. ഈ സ്വല്പദിവസങ്ങളുടെ ഇടയിൽ വൃദ്ധസ്ത്രീ രാജപുത്രിയായ അംബാലികയുടെ പരിചയം സമ്പാദിച്ചു. ഒരുദിവസം കണ്ടകൻ രാജഗൃഹത്തിലേക്കു പോയപ്പോൾ രാജകന്യകയ്ക്കു് അയാളിൽ അനുരാഗമുണ്ടെന്നു വൃദ്ധസ്ത്രീ കണ്ടകനെ തെററിദ്ധരിപ്പിച്ചു. ആരും കാണാതെ കന്യകാന്തഃപുരത്തിൽ പ്രവേശിക്കുന്നതു് അസാദ്ധ്യമാണെന്നും അതിനാൽ പുറമേ നിന്നു രാജകുമാരിയുടെ മുറിയിലേക്കു ഒരു ദ്വാരം ഉണ്ടാക്കുന്ന പക്ഷം തൻെറ കാര്യം ഫലിക്കുന്നതാണെന്നും പറഞ്ഞു കണ്ടകനെ വിശ്വസിപ്പിച്ചു. ഇതിനിടയ്ക്കു വൃദ്ധസ്ത്രീ പല സാമാനങ്ങൾ സ്നേഹസൂചകമായി രാജകന്യക കൊടുത്തയച്ചതാണെന്നു പറഞ്ഞു കണ്ടകനു കൊണ്ടുകൊടുത്തു് അയാൾക്കു രാജകന്യകയിൽ അനുരാഗം വർദ്ധിപ്പിച്ചു. രാഗാധീനനായ കണ്ടകൻ വൃദ്ധസ്ത്രീ പറഞ്ഞതെല്ലാം വാസ്തവമാണെന്നു വിശ്വസിച്ചു തുരങ്കം ഉണ്ടാക്കുന്നതിന്നായി എന്നെ ഏല്പിച്ചു. എന്നെ ജയിലിൽ നിന്നു വിടുന്നപക്ഷം ഞാൻ അയാളുടെ ആവശ്യം നിർവ്വഹിക്കാമെന്നു സമ്മതിച്ചു. എൻെറ അപേക്ഷയെ കണ്ടകൻ പുറമെ സ്വീകരിച്ചു എങ്കിലും വീണ്ടും എന്നെ ബന്ധനസ്ഥനാക്കേണമെന്നായിരുന്നു അയാളുടെ ആന്തരമായ ഉദ്ദേശം. ഞാൻ തുരങ്കം ഉണ്ടാക്കി. അതിൽ കൂടെ പോകുമ്പോൾ തന്നെ സഹായിപ്പാനായി

കണ്ടകൻ കൈ നീട്ടി എന്നെ വിളിച്ചു. ഞാൻ അയാളെ പിടിച്ചു വലിച്ചു താഴത്തിട്ട് എൻെറ കയ്യിലുണ്ടായിരുന്ന കത്തികൊണ്ടു കുത്തിക്കൊന്നു. അനന്തരം വൃദ്ധസ്ത്രീയുടെ സഹായത്തോടു കൂടി ഞാൻ കന്യാന്തഃപുരത്തിൽ പ്രവേശിച്ചു. ഉറങ്ങിക്കൊണ്ടിരുന്ന രാജകന്യകയുടെ രൂപലാവണ്യാദികൾ കണ്ടു ഞാൻ അത്യന്തം വിസ്മയിച്ചു. ഉറക്കത്തിൽ നിന്നു അവളെ പെട്ടെന്നു ഉണർത്തുന്നതായാൽ ആയതു് ഒരു സമയം ആപൽക്കരമായി ഭവിക്കുമെന്നു ഞാൻ സംശയിച്ചു. അനന്തരം അവിടെ തൂങ്ങിക്കൊണ്ടിരുന്ന ഒരു പലകമേൽ രാജകന്യകയെപ്പററി ആശ്ചര്യസൂചകമായി ഒരു ശ്ലോകം എഴുതി അന്യോന്യം മോതിരം മാററി ആരും അറിയാതെ ഞാൻ അവിടെ നിന്നു പുറത്തു വന്നു. ഗൃഹത്തിൽ ചെന്നു വിരഹവിധുരയായ രാഗമഞ്ജരിയെ ആശ്വസിപ്പിച്ച ശേഷം ധനമിത്രനെ കണ്ടു. ഇതിനകം മരീചിമഹർഷി വീണ്ടും അദ്ദേഹത്തിൻെറ പണ്ടത്തെ തപശ്ശക്തിയെ പ്രാപിച്ചതായി അറിഞ്ഞു ഞാൻ അദ്ദേഹത്തെ ചെന്നുകണ്ടു. ഭവാൻ താമസിയാതെ ഈ പ്രദേശത്തിലേക്കു വരുന്നതാണെന്നു അദ്ദേഹം പറഞ്ഞു. രാജകുമാരിയുടെ മുറിയിലേക്കു പോകുന്നതിനായി കണ്ടകൻെറ ആവശ്യപ്രകാരം ഉണ്ടാക്കിയതായ തുരങ്കം ഗമനയോഗ്യമായിത്തന്നെ ഇരുന്നു. വൃദ്ധസ്ത്രീ വഴിക്കു ഞാൻ രാജകന്യകയുടെ സ്നേഹത്തിനു പാത്രമായി.

ഈ സമയത്താണു ചണ്ഡവർമ്മാവു് സിംഹവർമ്മാവിനോടു സ്വപുത്രിയെ തനിക്കു വിവാഹം ചെയ്തുകൊടുക്കേണമെന്നു ആവശ്യപ്പെട്ടതു്. സിംഹവർമ്മാവു അനുകൂലിക്കാത്തതിനാൽ അദ്ദേഹത്തിൻെറ രാജധാനിയെ ച

ണ്ഡവർമ്മാവു് ആക്രമിച്ചു. സിംഹവർമ്മാവിനെ സഹായിക്കുന്നതിനായി ചില രാജാക്കന്മാർ വന്നുകൊണ്ടിരുന്നു. അവരുടെ ആഗമനത്തെ പ്രതീക്ഷിക്കാതെ സിംഹവർമ്മാവു് ശത്രുക്കളെ കണ്ട ഉടനെ അവരോടു് എതൃത്തു അവസാനം പരാജിതനായി. ശത്രുക്കൾ അദ്ദേഹത്തെ പിടിച്ചു് ബന്ധനസ്ഥനാക്കി. അനന്തരം ശത്രുസൈന്യം രാജകുമാരിയെ ബലാൽ അപഹരിച്ചു് വിവാഹം നടത്തേണ്ട സ്ഥലത്തേക്കു കൊണ്ടുപോയി. ധനമിത്രന്റെ ഗൃഹത്തിൽവെച്ചു വിവാഹം ആഘോഷിക്കുന്നതിന്നു ഞാനും വേണ്ടതായ ഒരുക്കങ്ങളെല്ലാം ചെയ്തു. സിംഹവർമ്മാവിനെ സഹായിപ്പാനായി വന്നുകൊണ്ടിരുന്ന രാജസൈന്യങ്ങളെ വേഗത്തിൽ കൂട്ടിക്കൊണ്ടുവരുവാനായി ഞാൻ ധനമിത്രനെ പറഞ്ഞയച്ചു. അംബാലികയുടെ വിവാഹോത്സവം കാണുന്നതിനായി വളരെ ജനങ്ങൾ ചണ്ഡവർമ്മഗൃഹത്തിലേക്കു പോയിക്കൊണ്ടിരുന്നു. ഞാനും അവരുടെ കൂട്ടത്തിൽ അവിടെ എത്തി. അഗ്നിസാക്ഷിയായി രാജകന്യകയെ പാണിഗ്രഹണം ചെയ്യേണ്ടതായ സമയം ആസന്നമായി. ചണ്ഡവർമ്മാവു് രാജപുത്രിയുടെ കരകിസലയം ഗ്രഹിപ്പാൻ കൈ നീട്ടി. ഉടനെ ഞാൻ കൈപിടിച്ചു വലിച്ചു താഴത്തിട്ടു കയ്യിലുണ്ടായിരുന്ന ഛുരികകൊണ്ടു മാറത്തടിച്ചു. ഇതുകണ്ടു എന്നോടു എതൃപ്പാൻ വന്ന ചിലരെ തൽക്ഷണം നിഗ്രഹിച്ചു. അനന്തരം ഭയംകൊണ്ടു വിറച്ചുകൊണ്ടിരുന്ന രാജപുത്രിയെ സാന്ത്വനവാക്കുകൾകൊണ്ടു സമാശ്വസിപ്പിച്ചു. അപ്പോഴാണ മേഘധ്വനിപോലെ ഗംഭീരമായ അങ്ങയുടെ ശബ്ദം കേട്ടതു്.

രാജവാഹനൻ സ്നേഹിതന്റെ വീരകൃത്യങ്ങളെപ്പറ്റി കേട്ടു സന്തോഷിച്ചു 'ഭവാൻ കുന്തീപുത്രനെപ്പോലും കാർക്കശ്യത്തിൽ അതിക്രമിച്ചിരിക്കുന്നു' എന്നു പറഞ്ഞു. അനന്തരം ഉപഹാരവർമ്മാവിനോടു തന്റെ വൃത്താന്തമെല്ലാം പറയുവാനാവശ്യപ്പെട്ടു. ഉപഹാരവർമ്മാവ് പ്രണയപൂർവ്വം തന്റെ കഥ പറയുവാനാരംഭിച്ചു.

---

# VII

ഞാൻ ദേവനെ അന്വേഷിച്ച് പല സ്ഥലങ്ങളിൽ പോയ കൂട്ടത്തിൽ വിദേഹരാജ്യത്തിൽ ചെന്നു. രാജധാനിയായ മിഥിലയിൽ പ്രവേശിക്കാതെ പട്ടണത്തിന്റെ ബഹിർഭാഗത്തുള്ള ഒരു മഠത്തിൽ വിശ്രമത്തിനായി കയറി. അവിടെ ഉണ്ടായിരുന്ന ഒരു വൃദ്ധതാപസി എനിക്കു പാദ്യാദികൾ നല്കി. എന്നെ കണ്ടപ്പോൾ മുതൽ ആ താപസിയുടെ നേത്രങ്ങളിൽ നിന്നു കണ്ണീർ പൊഴിഞ്ഞുതുടങ്ങി. ഞാൻ അവളോടു കാരണം ചോദിച്ചതിന്നു അവൾ പറഞ്ഞ സമാധാനം ഇപ്രകാരമായിരുന്നു:—

ഈ മിഥിലാരാജ്യത്തിന്റെ അധിപതി പ്രഹാരവർമ്മാവായിരുന്നു എന്ന് സർവ്വവിദിതമാണ്. മഗധരാജാവായ രാജഹംസൻ ഇദ്ദേഹത്തിന്റെ പ്രിയമിത്രമാണ്. ഒരിക്കൽ മഗധരാജപത്നിയായ വസുമതിയുടെ സീമന്തമഹോത്സവത്തിന്നായി പ്രഹാരവർമ്മാവ് പുത്രദാരങ്ങളോടുകൂടി പുഷ്പപുരത്തിലേക്കുപോയി. ആ സ

മയത്തു മാളവരാജാവിന്നും മഗധരാജാവിന്നും തമ്മിൽ യുദ്ധമുണ്ടായി. യുദ്ധത്തിൽ മഗധരാജാവു് പരാജിതനായി. അദ്ദേഹത്തിന്നു എന്തെല്ലാമാപത്തുകളാണു് നേരിട്ടതു എന്നറിവില്ല. പ്രഹാരവൎമ്മാവു് നാട്ടിലേക്കു തിരിച്ചുവന്നു. കുറെ ദൂരം വന്നപ്പോൾ ജ്യേഷ്ഠസഹോദരന്റെ പുത്രരായ വികടവൎമ്മപ്രഭൃതികൾ രാജ്യത്തെ ആക്രമിച്ചുതായി അറിഞ്ഞു. അരണ്യമാൎഗ്ഗത്തിൽ കൂടിയാണു അദ്ദേഹം നാട്ടിലേക്കു യാത്രചെയ്തിരുന്നതു്. കാട്ടിൽ വെച്ചു വേടന്മാർ അദ്ദേഹത്തെ ആക്രമിച്ചു് അദ്ദേഹത്തിന്റെ സർവ്വസ്വവും അപഹരിച്ചു. അദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രൻ എന്റെ കയ്യിലായിരുന്നു. ഈ കുഴപ്പത്തിൽ പരിഭ്രമിച്ചു ഞാൻ ഇടതിങ്ങിയതായ ഒരു പടർപ്പിൽ പ്രവേശിച്ചു. അവിടെ ഒരു വ്യാഘ്രത്തെ കണ്ടു ഞാൻ ഭയപ്പെട്ടു. എന്റെ കയ്യിലുണ്ടായിരുന്ന ശിശു താഴെ വീണു. വ്യാഘ്രം മൃതമായ ഒരു ഗോശരീരത്തെ ഭക്ഷിപ്പാൻ ഉദ്യമിക്കയായിരുന്നു. പെട്ടെന്നു ചില വേടർ അവിടെ വന്നു വ്യാഘ്രത്തെ കൊന്നു് ബാലനെ എടുത്തുകൊണ്ടുപോയി. ഞാൻ മോഹാലസ്യപ്പെട്ടു താഴെ വീണു. ഒരു ആട്ടിടയൻ ഞാൻ ബോധമില്ലാതെ കിടക്കുന്നതുകണ്ടു അനുകമ്പ തോന്നി എന്നെ സ്വഗൃഹത്തിലേക്കു കൊണ്ടുപോയി. ഞാൻ അവിടെ നാലഞ്ചുദിവസം താമസിച്ചു. എന്റെ ശരീരത്തിലുണ്ടായിരുന്ന വ്രണങ്ങളെല്ലാം ഉണങ്ങി. ഞാൻ രാജാവിനെ അന്വേഷിച്ചു പുറപ്പെടുവാനായി നിശ്ചയിച്ചു. എന്റെ പുത്രി ഒരു യുവാവൊന്നിച്ചു യാദൃച്ഛികമായി അവിടെ വന്നു. അവളുടെ കയ്യിലുണ്ടായിരുന്ന രാജകുമാരനെ കിരാതന്മാർ അപഹരിച്ചതാ

യും കിരാതന്മാരുടെ അധിപതി അവളെ വിവാഹം ചെയ്യാൻ ഉദ്യമിച്ചതിന്നു അവൾ അനുകൂലിക്കാത്തതിനാൽ കിരാതന്മാർ അവളുടെ ശിരസ്സ് ഛേദിപ്പാൻ ഉത്സാഹിച്ചതായും തന്റെ കൂടെ ഉണ്ടായിരുന്ന യുവാവ് തന്നെ രക്ഷിച്ചു വിവാഹം ചെയ്തതായും അവൾ പറഞ്ഞു. അനന്തരം ഞങ്ങൾ രണ്ടുപേരും ആ യുവാവോടുകൂടി രാജാവിനെ അന്വേഷിച്ചു കണ്ടു. നടന്നതായ സംഭവങ്ങളെല്ലാം ഞങ്ങൾ രാജാവിനോടും രാജ്ഞിയായ പ്രിയംവദയോടും പറഞ്ഞു.

രാജാവ് അപഹരിക്കപ്പെട്ടതായ രാജ്യത്തെ വീണ്ടെടുക്കുന്നതിനായി ജ്യേഷ്ഠന്റെ പുത്രന്മാരോടുകൂടി യുദ്ധം ചെയ്തു. അസഹായതയാൽ യുദ്ധത്തിൽ പരാജിതനായി. രാജാവും രാജ്ഞിയും ഇപ്പോൾ തടവിലാണ് ഇരിക്കുന്നതു്. വാർദ്ധക്യകാലത്തു് ഈ ദുഃഖം സഹിപ്പാൻ എനിക്കു ശക്തിയില്ല. ആത്മഹത്യ ചെയ്താലൊ എന്നു എനിക്കു തോന്നാതിരുന്നില്ല. എന്റെ പുത്രി വികടവർമ്മന്റെ പട്ടമഹിഷിയായ കല്പസുന്ദരിയെ ആശ്രയിച്ചാണ് ഇരിക്കുന്നതു്. കിരാതന്മാരുടെ കയ്യിൽ പെട്ട ആ രാജപുത്രന്മാർ ഇന്നു ജീവിച്ചിരിക്കുന്നാപക്ഷം രാജാവിന്നും രാജ്ഞിക്കും ഈ കഷ്ടങ്ങൾ വരാൻ ഇടയില്ല.'

താപസിയുടെ വാക്കുകേട്ടപ്പോൾ എനിക്ക് അസഹ്യമായ ദുഃഖമുണ്ടായി. ഞാൻ അവളോട്ട് ഇപ്രകാരം പറഞ്ഞു:-

'അമ്മെ, സമാധാനിക്കുക. ഇക്കാര്യത്തെപ്പററി എനിക്കു വളരെ പറവാനുണ്ട്. ചുരുക്കത്തിൽ പറയു

ന്നതായാൽ നിങ്ങളുടെ കയ്യിൽ നിന്നു നഷ്ടമായ ആ ബാലൻ ഞാൻതന്നെയാണ്. ഏതെങ്കിലും ഉപായം കൊണ്ടു ഞാൻ വികടവൎമ്മാവിനെ നിഗ്രഹിക്കുന്നതാണ്. അയാൾക്കു വളരെ അനുജന്മാരുള്ളതിനാൽ പൌരജനങ്ങൾ അവരുടെ പക്ഷത്തിൽ ചേരുമായിരിക്കാം. എന്നെ അറിയുന്നവർ ഇവിടെ ആരുമില്ലല്ലോ. അച്ഛനമ്മമാൎക്കു കൂടി എന്നെ കണ്ടാൽ അറിവാൻ പാടില്ല. അതിനാൽ ഏതെങ്കിലും ഉപായംകൊണ്ടു കാൎയ്യം സാധിക്കാമെന്നു തോന്നുന്നു.'

ഞാൻ പറഞ്ഞതു കേട്ടു വൃദ്ധസ്ത്രീ എന്നെ ആലിംഗനം ചെയ്തു വീണ്ടും പറഞ്ഞു:-

'കുഞ്ഞേ, സൎവ്വശക്തനായ ദൈവം നിനക്കു ദീൎഘായുസ്സും ഉത്തരോത്തരം ശ്രേയസ്സും നൽകട്ടെ. ദൈവം ഇപ്പോൾ നമുക്ക് അനുകൂലിയാണെന്നു തോന്നുന്നു. വിദേഹരാജ്യം വീണ്ടും പ്രഹാരവൎമ്മാവിന്നു വശപ്പെട്ടു എന്നുതന്നെ പറയാം. അപാരമായ ശോകസാഗരത്തിൽ നിന്നു ഞങ്ങളെയെല്ലാം രക്ഷിപ്പാൻ ഈശ്വരകാരുണ്യത്താൽ ഭവാൻ ഇവിടെ വന്നിരിക്കുന്നു. പ്രിയംവദാദേവിക്കു വീണ്ടും ഭാഗ്യോദയമുണ്ടാകട്ടെ.'

ഇത്രയും പറഞ്ഞു വൃദ്ധസ്ത്രീ എനിക്കു ഭക്ഷണം തയാറാക്കി. ഞാൻ ഊണുകഴിച്ച് രാത്രി അവിടെതന്നെ കിടന്നു. കാൎയ്യസാദ്ധ്യത്തിനു വേണ്ടമാൎഗ്ഗങ്ങൾ ഓരോന്നായി ആലോചിച്ചുതുടങ്ങി. കപടോപായംകൊണ്ടല്ലാതെ കാൎയ്യം സാധിക്കുന്നതല്ലെന്ന് എനിക്കുതോന്നി. സ്ത്രീകൾ ഉപാധികൾക്കു ഉത്ഭവക്ഷേത്രമാകയാൽ അന്തഃപുരത്തി

ലെ വർത്തമാനങ്ങൾ അറിഞ്ഞു് ആ വഴിക്ക് എന്തെങ്കിലും പ്രവർത്തിക്കണമെന്നു നിശ്ചയിച്ചു. ഈവിധം ഞാൻ ആലോചിച്ചുതന്നെ നേരം പുലൎന്നു. മഹാസമുദ്രത്തിൽ നിന്നു ഉന്മഗ്നങ്ങളായ സൂൎയ്യാശ്വങ്ങളുടെ ശ്വാസമാരുതൻ തട്ടി ഇളകുന്നതുപോലെ രാത്രി തിരോഭവിച്ചു. സമുദ്രത്തിൽ മുങ്ങിക്കിടന്നതുകൊണ്ടു് ശരീരം തണുത്തതുപോലെ അഹിമകിരണൻ മന്ദപ്രതാപത്തോടെ ആവിർഭവിച്ചു. ഞാൻ എഴുന്നേററു കാലും മുഖവും കഴുകി സന്ധ്യാവന്ദനം കഴിച്ചു. വികടവൎമ്മാവിൻെറ അന്തഃപുരത്തിലെ വൃത്താന്തങ്ങൾ വല്ലതും അറിയുമോ എന്നു ഞാൻ വൃദ്ധയോടു ചോദിച്ചു. അപ്പോൾ അവിടെ വേറൊരുസ്ത്രീ വന്നു. വിചാരിച്ച സമയത്തു തൻെറ പുത്രി അവിടെ വന്നതിനാൽ വൃദ്ധസ്ത്രീ വളരെ സന്തോഷിച്ചു. അവർ ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തി. അന്തഃപുരവൃത്താന്തം പറയുന്നതിന്നു പുത്രിയെ നിയോഗിച്ചു. രൂപത്തിലും കലകളിലും നിസ്തുല്യയും കാമരൂപോപചാരനായ കളിന്ദവൎമ്മൻെറ പുത്രിയുമായ കല്പസുന്ദരിക്കു വികടവൎമ്മാവിൽ അനുരാഗം കുറവാണെന്നും നേരമറിച്ച് വികടവൎമ്മാവു് ബഹുവല്ലഭനാണെങ്കിലും കല്പസുന്ദരിയിൽ വളരെ അനുരക്തനാണെന്നും മനസ്സിലാക്കി. ഞാൻ കൊടുക്കുന്ന ഗന്ധമാല്യാദികളോടുകൂടി കല്പസുന്ദരിയെ കണ്ടു് വികടവൎമ്മാവു വളരെ ദോഷങ്ങളുള്ളവനാണെന്നും തനിക്കു അനുരൂപനല്ലെന്നുംമററും പറഞ്ഞു കല്പസുന്ദരിക്കു അയാളിൽ വെറുപ്പ് ഉണ്ടാക്കേണമെന്നും വാസവദത്ത, ശകുന്തള, ദമയന്തി മുതലായവൎക്ക് അനുരൂപന്മാരും അഭിമതന്മാരുമായ ഭൎത്താക്കന്മാർ ലഭിച്ചതിനെപ്പററി

പറഞ്ഞു കൽപ്പസുന്ദരിക്കു പശ്ചാത്താപം ജനിപ്പിക്കേണമെന്നും അപരസ്ത്രീകളോടുകൂടി രാജാവിൻെറ വിലാസങ്ങളെ ശ്രദ്ധമായി അന്വേഷിച്ചു പറഞ്ഞു കല്പസുന്ദരിക്കു സ്വാഭിമാനം വർദ്ധിപ്പിക്കേണമെന്നും ഞാൻ പുഷ്കരികയെ (വൃദ്ധയുടെ പുത്രിക്കു അതായിരുന്നു പേർ) പറഞ്ഞേല്പിച്ചു. അന്നന്നു നടക്കുന്നതായ വത്തമാനങ്ങളെല്ലാം അന്നന്നുതന്നെ എന്നെ അറിയിക്കേണമെന്നു വൃദ്ധസ്ത്രീയോടും പറഞ്ഞു.

ഏതാനും ദിവസങ്ങൾകഴിഞ്ഞു. വൃദ്ധയും പുത്രിയും ഞാൻ പറഞ്ഞതുപോലെയെല്ലാം പ്രവത്തിച്ചു. ഞാൻ വിചാരിച്ചപോലെ തന്നെ കാൎയ്യം സഫലമായി. അനന്തരം ഞാൻ എൻെറ ഒരു ഛായവരച്ച് അതു കല്പസുന്ദരിയെ കാണിക്കേണമെന്നും അതുകണ്ടു അവൾ ആ ഛായയിലുള്ള പുരുഷനെ കണ്ടിട്ടുണ്ടോ എന്നു ചോദിക്കുന്നപക്ഷം ഉണ്ടെന്നു മാത്രം പറഞ്ഞു അതിന്നു അവൾ പറയുന്ന സമാധാനമെന്താണെന്നു എന്നെ അറിയിക്കേണമെന്നും വൃദ്ധസ്ത്രീയെ പറഞ്ഞേല്പിച്ചു. വൃദ്ധസ്ത്രീ ഞാൻകൊടുത്ത ഛായാപടവും കൊണ്ടു രാജഗൃഹത്തിൽ ചെന്നു കല്പസുന്ദരിയെ പടം കാണിച്ചു. അതുകണ്ടു് കല്പസുന്ദരി വളരെ ആശ്ചൎയ്യത്തോടും ആദരവോടും കൂടി "ഈ മാതിരി ഒരു പുരുഷൻ ലോകത്തിലുണ്ടെങ്കിൽ അതു് ജഗത്തിൻെറ വലിയ ഭാഗ്യംതന്നെ. ഈ ചിത്രം ചിത്രതരമായി തന്നെ ഇരിക്കുന്നു. ഈ പ്രദേശങ്ങളിൽ ഈ വിധം ചിത്രം വരയ്ക്കുന്നവർ ആരും ഉള്ളതായി അറിവില്ല. ആരാണ് ഇതുവരച്ചതു്" എന്നു ചോദിച്ചു.

'ദേവി ചോദിക്കുന്നതു വളരെ യുക്തം തന്നെ. സാക്ഷാൽ മന്മഥൻ കൂടി ഈവിധം സുന്ദരനായിരിക്കുമെന്നു വിചാരിപ്പാൻ വയ്യ. ഈവിധം സുന്ദരനായ ഒരു പുരുഷൻ ലോകത്തിൽ ഇല്ലെന്നു പറവാൻ വയ്യ. വിസ്തീർണ്ണമായ ഈ ലോകത്തിൽ ഇങ്ങിനെ ഒരു പുരുഷരത്നം ദൈവശക്തിയാൽ ഉണ്ടായി എന്നു വരാം. അഥവാ ഇങ്ങിനെ ഒരു പുരുഷൻ ലോകത്തിലുണ്ടെന്നും രൂപത്തിലും ശീലത്തിലും ശില്പത്തിലും വിദ്യയിലും അത്യന്തം കുശലനും മഹാകുലീനനുമായ ആ യുവാവ് സന്നിഹിതനായി ഭവിക്കുന്നു എന്നും വിചാരിക്കുക. എന്നാൽ ഭവതിക്കു എന്താണു പറവാനുള്ളതു്" എന്നു വൃദ്ധസ്ത്രീ തിരികെ ചോദിച്ചു.

കല്പസുന്ദരി പറഞ്ഞു:—എന്താണു പറയുന്നതു്? ഈ മഹാപുരുഷനെ എനിക്കു ഒന്നു കാണ്മാൻ സാധിക്കുമെങ്കിൽ എന്റെ ഈ ശരീരവും ഹൃദയവും ജീവിതം തന്നെയും അല്പമായി ഭവിക്കുന്നതാണു്. ഈ ദിവ്യപുരുഷന്റെ ദർശനത്താൽ എന്റെ നേത്രങ്ങൾ ചരിതാർത്ഥങ്ങളായി ഭവിക്കുമെങ്കിൽ അതിലേക്കു വേണ്ടതായ യത്നങ്ങൾ ചെയ്തു എന്നെ അനുഗ്രഹിക്കരുതൊ?

വൃദ്ധ പറഞ്ഞു:—'ഈ ആകൃതിയിൽ ഒരു രാജപുത്രൻ ഗൂഢമായി സഞ്ചരിക്കുന്നുണ്ടു്. ഇക്കഴിഞ്ഞ വസന്തോത്സവത്തിൽ ഭവതി സഖിമാരോടുകൂടി ഉദ്യാനത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഭവതിയെ കാണ്മാൻ അദ്ദേഹത്തിനു ഇടയായി. എന്നു മാത്രമല്ല, അദ്ദേഹം ഭവതിയെ കാമിക്കുന്നതായും തോന്നുന്നു. അദ്ദേഹം ഇപ്പോൾ എന്റെ അധീനത്തിലാണു ഇരിക്കുന്നതു്. നിങ്ങൾ

രണ്ടുപേരുടേയും പരസ്പരം അനുരൂപതകണ്ടു ഞാൻ വളരെ സന്തോഷിച്ചു. കുറെ ദിവസമായി ഞാൻകൊണ്ടുവരുന്ന മാല, ചന്ദനം മുതലായത്ത് അദ്ദേഹം തയാറാക്കുന്നതാണ്. ഈ ചിത്രം അദ്ദേഹം തന്റെ ആകൃതി സ്വയം വരച്ച് ഭവതിയെ കാണിപ്പാൻ തന്നയച്ചതാണ്. ഭവതി പറഞ്ഞതെല്ലാം വാസ്തവമാണെങ്കിൽ ഞാൻ അദ്ദേഹത്തെ ഇന്നുതന്നെ കാണിച്ചുതരാം'

കല്പസുന്ദരി:—അമ്മേ! ഞാൻ വാസ്തവം ഒളിക്കാതെ പറയാം. എന്റെ അച്ഛനും പ്രഹാരവൎമ്മാവും തമ്മിൽ ആപ്തമിത്രങ്ങളായിരുന്നു. അതുപോലെതന്നെ എന്റെ അമ്മയും പ്രിയംവദയും തമ്മിൽ വലിയ ചങ്ങാതിമാരാണ്. ഇവർ അപത്യങ്ങളില്ലാതെ കുറെക്കാലം ദുഃഖിച്ചു. ഒരാൾക്കു പുത്രനും മറെറാരാൾക്കു പുത്രിയും ജനിക്കുന്നപക്ഷം അവൎക്കു തമ്മിൽ വിവാഹം നടത്തണമെന്നു എന്റെ അമ്മയും പ്രിയംവദയും തമ്മിൽ ഒരു നിശ്ചയം ചെയ്തു. പ്രിയംവദയുടെ പുത്രന്മാർ രണ്ടുപേരും നഷ്ടരായി പോയതിനാൽ എന്റെ പിതാവ് എന്നെ വികടവൎമ്മാവിന്റെ അപേക്ഷപ്രകാരം അദ്ദേഹത്തിന്നു വിവാഹം ചെയ്തുകൊടുത്തു. ഇദ്ദേഹം വളരെ നിഷ്ഠുരനും പിതൃദ്രോഹിയും ആകുന്നു. കാവ്യനാടകാദികളിൽ തീരെ അഭിനിവേശമില്ല. ആത്മപ്രശംസ ചെയ്യുന്നതിലും, അസത്യം പറയുന്നതിലും വളരെ താല്പൎയ്യമുള്ളവനാണ്. ഞാൻ ഇദ്ദേഹത്തെ ഭൎത്താവായി ഇഷ്ടപ്പെട്ടന്നില്ല. വിശേഷിച്ച് ഈയിടെ എനിക്കു ഇദ്ദേഹത്തോടു വളരെ വെറുപ്പു തുടങ്ങിയിരിക്കുന്നു. അപത്യനിൎവ്വിശേഷമായി ഞാൻ നട്ടുവളൎത്തിവരുന്ന ചമ്പകലതയിൽ

നിന്നു എന്റെ ഇഷ്ടത്തിന്നു വിരോധമായി പുഷ്പം പറിച്ച് ഇദ്ദേഹം രമയന്തികയെ അലങ്കരിക്കുന്നതു യുക്തമാണൊ? എല്ലാററിനും പുറമെ ഇദ്ദേഹം എന്നെ അവമാനിപ്പാൻ തുടങ്ങിയിരിക്കുന്നു. എനിക്കു ഇദ്ദേഹത്തോട്ടു വെറുപ്പ് തോന്നുന്നതു അനുചിതമായിരിക്കാം. എങ്കിലും എന്റെ പരലോകഭയം ഐഹികങ്ങളായ ദുഃഖങ്ങളെയെല്ലാം മറയ്ക്കുന്നു. അനിഷ്ടജനങ്ങളോടുകൂടി സഹവസിക്കുക എന്നതു അനംഗതപ്തകളായ നാരിമാൎക്കു വളരെ പീഡാകരമാണെന്നു ഞാൻ പറയേണ്ടതില്ലല്ലൊ. അതിനാൽ ദയവായി എന്നെ ഈ മഹാപുരുഷനോടുകൂടി സംഘടിപ്പിച്ചാൽ കൊള്ളാം. അദ്ദേഹത്തിന്റെ വൎത്തമാനം കേട്ടതിനാൽ തന്നെ എന്റെ മനസ്സ് അദ്ദേഹത്തിൽ വളരെ അനുരക്തമായി തീൎന്നിരിക്കുന്നു. അതിനാൽ ഇക്കാൎയ്യത്തിൽ എന്നെ സഹായിച്ച് ഇനിയെങ്കിലും എന്റെ ജീവിതം ദുഃഖബഹുലമായി ഭവിക്കാതിരിക്കുന്നതിന്നുവേണ്ട യത്നങ്ങൾ ചെയ്താലും'.

വൃദ്ധസ്ത്രീ അന്തഃപുരവൃത്താന്തങ്ങൾ ഇത്രയും അറിഞ്ഞു എന്നോടു വന്നു പറഞ്ഞു.

അസ്തഗിരിശിഖരത്തിൽ പതിച്ചതിനാൽ മുറിവേററു ധാരയായി രക്തം ഒഴുകുന്നുവോ എന്നു തോന്നുമാറു സൂൎയ്യബിംബം രക്തീഭവിച്ചു. സൂൎയ്യനാകുന്ന തീക്കട്ട സമുദ്രത്തിൽ വീണു അണഞ്ഞുപോയപ്പോൾ അതിൽനിന്നുണ്ടായ ധൂമപടലം ദിക്കെല്ലാം വ്യാപിച്ചുവോ എന്നു തോന്നുമാറു നഭോമണ്ഡലം ഇരുട്ടിനാൽ വ്യാപ്തമായി. കുറെ നേരം കഴിഞ്ഞപ്പോൾ പരസ്ത്രീസവീകാരത്തിൽ ഉന്മുഖനായ എനിക്കു കൎത്തവ്യങ്ങൾ ഉപദേശിപ്പാനൊ എന്നു

തോന്നുമാറു ഗ്രഹാഗ്രേസരനായ ക്ഷപാകരൻ ഉദിച്ച് ഉയൎന്നുതുടങ്ങി. ഞാൻ പതിവുപോലെ ഒരുകിടക്കയിൽ കിടന്നു. പല ആലോചനകൾ ഓരോന്നായി എന്റെ ഹൃദയത്തിൽ ഉദിച്ചു. 'ഉദ്ദേശിച്ചകാൎയ്യം ഏതാനും ഫലിച്ചതുപോൽ തോന്നുന്നു. പരകളത്രലംഘനത്താൽ പക്ഷെ എനിക്കു പാപം സംഭവിക്കുമോ. ഇല്ല, അൎത്ഥവും സ്നേഹവും ലഭിക്കുന്നപക്ഷം ഈ കൃത്യം ശാസ്ത്രസമ്മതമായിട്ടുള്ളതാണല്ലൊ. കൂടാതെ ഞാൻ ഇക്കാൎയ്യത്തിൽ പ്രവൎത്തിക്കുന്നതു എന്റെ പിതൃജനങ്ങളെ ബന്ധനത്തിൽനിന്നു മോചിപ്പിക്കാനുമാകുന്നു. അതിനാൽ എന്റെ ഈ കൃത്യം ധൎമ്മസമ്പാദനത്തിനുള്ള ഉപായമായിട്ടേ ഭവിക്കയുള്ളൂ. ഒരുസമയം എന്റെ ഈ കൃത്യത്തെപ്പററി അറിഞ്ഞു രാജവാഹനനൊ, മററു സ്നേഹിതന്മാരൊ എന്നെ ആക്ഷേപിക്കുമൊ' എന്നും മററും ഓരോന്നു ആലോചിച്ചുകൊണ്ടു തന്നെ ഞാൻ നിദ്രാപരാധീനനായിഭവിച്ചു. സ്വപ്നത്തിൽ ഭഗവാൻ ഗജാനനൻ പ്രത്യക്ഷീഭവിച്ച് 'ഇക്കാൎയ്യത്തെപ്പററി നീ യാതൊന്നും ശങ്കിക്കേണ്ട. നീ എന്റെ ഒരു അംശമാണ്. ഈ കല്പസുന്ദരി പരമാൎത്ഥത്തിൽ ഗംഗയാകുന്നു. കാരണവശാൽ ഞാൻ മനുഷ്യജന്മം സ്വീകരിക്കുന്നതാണെന്നു ഗംഗാദേവി എന്നെശപിച്ചു. ഗംഗയും മാനുഷത്വംസ്വീകരിച്ച് ഒന്നിലധികംപേൎക്കു ഭാൎയ്യയായി ഭവിക്കുന്നതാണെന്നു ഞാൻ അവളേയുംശപിച്ചു. കുറെക്കാലം വേറൊരുവന്റെ ഭാൎയ്യയായിരുന്നതിന്നുശേഷം വീണ്ടും ജീവാവസാനംവരെ എന്നോടുകൂടിത്തന്നെ ഇരിക്കുന്നതാണെന്നു ഞാൻ ഗംഗയെ അനുഗ്രഹിക്കയും ചെയ്തിട്ടുണ്ട്. അതിനാൽ ഇക്കാൎയ്യം അപരിഹരണീയമാകയാൽ ഭവാൻ ഇതിനെപ്പ

ററി ഒന്നും ശങ്കിക്കേണ്ട, എന്ന് എന്നോട്ട പറഞ്ഞു. ഞാൻ കണ്ട സ്വപ്നം സത്യമൊ, മിഥ്യയൊ എന്നറിയാതെ വ്യാകുലനായിത്തീൎന്നു. എങ്കിലും സ്വപ്നം എന്റെ ഉദ്ദേശങ്ങൾക്ക അനുകൂലമായിരുന്നതിനാൽ ഞാൻ അതു വിശ്വസിച്ചു.

നേരം പ്രകാശമായി. ഞാൻ ഉണൎന്നു നിത്യകൎമ്മങ്ങളെല്ലാം ചെയ്തു. പ്രിയാസങ്കേതത്തെപ്പററി ചിന്തിച്ചുകൊണ്ടുതന്നെ ആ ദിവസമെല്ലാം കഴിച്ചുകൂട്ടി. അടുത്തദിവസം വേറെ ജോലി ഒന്നും ഇല്ലാത്തതിനാൽ എന്നപോലെ കാമദേവൻ എന്നെ തന്നെ ശരംകൊണ്ടു പ്രഹരിച്ചുതുടങ്ങി സൂൎയ്യന്റെ പ്രഭാമയമായ സരസ്സ് ശോഷിച്ച്,തിമിരമയമായ ചളിക്കട്ടകൾ കണ്ടുതുടങ്ങി. മുഷിഞ്ഞ ഒരു വസ്ത്രം ധരിച്ച് ഖഡ്ഗപാണിയായി കാൎയ്യസാദ്ധ്യത്തിനുവേണ്ട സാമഗ്രികളോട്ടകൂടി വൃദ്ധസ്ത്രീപറഞ്ഞുതന്നഅടയാളങ്ങളെല്ലാം നല്ലപോലെ ഓൎത്ത് ഞാൻ രാജമന്ദിരത്തിന്നു പുറവുമുള്ള ജലപൂൎണ്ണമായ പരിഖയിൽചെന്നു. അവിടെ പുഷ്കരിക വെച്ചിരുന്ന ഒരു മുളയുടെ സഹായത്താൽ ഞാൻ ആ പരിഖയേയും അനന്തരം പ്രാകാരഭിത്തിയേയും കടന്നു. പതുക്കെ താഴത്തിറങ്ങി ബകുലവീഥി കടന്ന്, ചമ്പകവീഥിയിൽകൂടി കുറേദൂരം ചെന്നപ്പോൾ ചക്രവാകമിഥുനങ്ങളുടെ ശബ്ദംകേട്ടു. കുറേക്കൂടി ചെന്നപ്പോൾ ഒരു കോമളമായകുസുമശയനം ദന്തമയമായ താലവൃന്തം, സുരഭിസലിലപൂൎണ്ണമായ ഒരു വെള്ളിപ്പാത്രം മുതലായതു വച്ചിരുന്നതുകണ്ടു. ഞാൻ അവിടെ ഇരുന്നുകുറെ വിശ്രമിച്ചു. അല്പനേരം കഴിഞ്ഞപ്പോൾ പരിമളമാരുതൻ പതുക്കെ വീശിത്തുടങ്ങി. താമസിയാതെ കാലടിശ

ബ്ദം കേൾക്കാറായി. ഉടനെ ഞാൻ സങ്കേതഗൃഹത്തിൽ നിന്നു പുറത്തുപോയി ഒരു രക്താശോക വൃക്ഷത്തിന്റെ പിന്നിൽ മറഞ്ഞുനിന്നു. ആ സുന്ദരി അവിടെ വന്നു എന്നെ കാണാത്തതിനാൽ വളരെ വ്യസനിച്ചു. 'കഷ്ടം! ഞാൻ വഞ്ചിക്കപ്പെട്ടു. ജീവിച്ചിരിപ്പാൻ യാതൊരു ഉപായവും കാണുന്നില്ല. ഹൃദയമേ, നീ അകാൎയ്യത്തെ കാൎയ്യമാണെന്നു വിശ്വസിച്ചു വ്യസനിക്കുന്നതുകൊണ്ടു് ഫലമെന്തു്? ഭഗവൻ പഞ്ചബാണ! ഞാൻ അങ്ങെക്കു എന്തപരാധമാണു ചെയ്തിരിക്കുന്നതു്. ഞാൻ ഒരു അബലയാകുന്നു എന്നുള്ള കാരണത്താലാണൊ എന്നെ പീഡിപ്പിക്കുന്നതു്. എന്നെ ഉപദ്രവിക്കേണമെന്നു അങ്ങേക്കു അത്രത്തോളം ആഗ്രഹമുണ്ടെങ്കിൽ എന്റെ ഓരോ അവയവങ്ങളെ ദഹിപ്പിക്കുന്നതിനേക്കാൾ എന്നെ ഒരു ക്ഷണംകൊണ്ടു ഭസ്മമാക്കി ചെയ്യരുതൊ?' എന്നും മററുംനെടുവീൎപ്പിട്ടുകൊണ്ടു് പുലമ്പി. ഉടനെഞാൻസമീപത്തുചെന്നു. ഭാമിനി, ഭവതിയെ കാമൻപീഡിപ്പിക്കുന്നതിൽ ന്യായമുണ്ടു് ഭവതി അദ്ദേഹത്തിനുഅപരാധങ്ങൾ ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതഭ്രത്രയായ രതീദേവിയെ രൂപംകൊണ്ടും അദ്ദേഹത്തിന്റെ വില്ലിനെ ഭ്രൂലതകൊണ്ടും അസ്ത്രങ്ങളെ അപാംഗവീക്ഷണങ്ങൾ കൊണ്ടും കൊടിക്കൂറയെ ദന്തമയൂഖജാലത്താലും പ്രഥമസുഹൃത്തായ മലയമാരുതനെ നിശ്വാസത്താലും കുയിൽനാദങ്ങളെ അതിമഞ്ജുളമായ പ്രലാപങ്ങൾകൊണ്ടും ജയിച്ചിരിക്കുന്നു. അതിനാലാണുഭവതിയെ കാമൻ ഇത്രയധികം ഉപദ്രവിക്കുന്നതു്. നിരപരാധിയായ എന്നെ നിഷ്കാരണമായി പീഡിപ്പിക്കുന്നതു അദ്ദേഹത്തിനു ഒരു ദോഷംതന്നെ.' എന്നു പറഞ്ഞു ഞാൻ ആ

സുമുഖിയെ ആശ്ലേഷിച്ചു. ഞങ്ങൾ രണ്ടുപേരും കുറേനേരം അന്യോന്യം ഒന്നും പറയാതെ മതിമറന്നു നിന്നുപോയി. അനന്തരം ഞാൻ ദീർഘമായി നിശ്വസിച്ച് പ്രസാരിതങ്ങളായ ഭുജങ്ങൾകൊണ്ട് വീണ്ടും അവളെ ആലിംഗനം ചെയ്തു. അവൾ കണ്ണീർപൊഴിച്ചുംകൊണ്ട് നാഥ, ഭവാൻ എന്നെ വിട്ടുപോകുന്നപക്ഷം ഞാൻ മരിക്കുന്നതാണ്. അതിനാൽ എന്നെയും കൂടെ കൊണ്ടുപോകണം എന്നു എന്നോടു സവിനയം അപേക്ഷിച്ചു. ഞാൻ അവളുടെ അപേക്ഷയെ അനുമോദിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു.

'മുഗ്ദ്ധേ, പരമാർത്ഥമായി സ്നേഹിക്കുന്ന ഒരു നാരീരത്നത്തെ ഒരു പുരുഷൻ അഭിനന്ദിക്കാതിരിക്കുമൊ? ഭവതിയുടെ ഈ നിശ്ചയം ദൃഢവും ഭവതിക്കു എന്നിലുള്ള സ്നേഹം പരമാർത്ഥവുമാണെങ്കിൽ ഞാൻ പറയുന്നതുപോലെ പ്രവൃത്തിക്കേണം. ഈ ചിത്രത്തെ രാജാവിന്നു രഹസ്യമായി കാണിച്ചുകൊടുത്ത് ഇതിൽ കാണുന്ന പുരുഷന്റെ ലാവണ്യം ഏററവും അസാധാരണമാണൊ എന്നു ചോദിക്കണം. അതെയെന്നു അദ്ദേഹം സമ്മതിക്കുന്നപക്ഷം ഭവതിയുടെ അധീനത്തിൽ ഒരു താപസസ്ത്രീ ഉണ്ടെന്നും അവളാണ് ഭവതിക്കു ഈ പടം തന്നത് എന്നും ഭവതി ഉപവാസത്തോടെ വെളുത്തവാവുദിവസം വിജനമായ ഒരു പ്രദേശത്തുചെന്നു അവിടെ ഒരു ഹോമകുണ്ഡം തയാറാക്കി അതിൽ ചന്ദനം, നെയ്യ്, പട്ടുവസ്ത്രം മുതലായ ദ്രവ്യങ്ങൾ ഹോമിച്ചതിന്നുശേഷം മണി അടിച്ചാൽ ഉടനെ ഭർത്താവു അവിടെ വന്നു അദ്ദേഹത്തിന്റെ രഹസ്യങ്ങളെല്ലാം ഭവതിയോടു പറഞ്ഞു കണ്ണുമൂടി ഭവതിയെ ആലിംഗനംചെയ്യുന്നപക്ഷം ചിത്രത്തിലുള്ള പുരുഷനെ

പോലുള്ള സൌന്ദൎയ്യം അദ്ദേഹത്തിനു ലഭിക്കുന്നതാണെന്നും ഇതെല്ലാം വേണ്ടതുപോലെ സാധിപ്പിക്കുന്നതിനു വേണ്ട മന്ത്രശക്തി ആ താപസിക്കുണ്ടെന്നും ഭവതി രാജാവിനോടു പറയേണം. ഞാൻ ഇപ്പറഞ്ഞതെല്ലാം ഭവതിക്കു സമ്മതമാണെങ്കിൽ അപ്രകാരം പ്രവൎത്തിക്കുക. പിന്നെ വേണ്ടതെല്ലാം ഞാൻ ചെയ്തുകൊള്ളാം'.

ഞാൻ പറഞ്ഞതെല്ലാം വേദവാക്യംപോലെ സ്വീകരിച്ച് ആ സുന്ദരി അരമനയിലേക്കു പോയി. ഞാനും പതുക്കെ ആരും കാണാതെ പുറത്തുകടന്നു എന്റെ വസതിയിലേക്കുമടങ്ങി.

കാലതാമസംകൂടാതെ കല്പസുന്ദരി ഞാൻ പറഞ്ഞപോലെയെല്ലാം പ്രവൎത്തിച്ചു. രാജ്ഞിയുടെ മന്ത്രബലത്താൽ രാജാവിനു അതിസുന്ദരമായ ശരീരം ലഭിക്കാൻ പോകുന്നു എന്നു നഗരജനങ്ങൾ ഘോഷിച്ചു തുടങ്ങി. ബുദ്ധിമാന്മാരായ മന്ത്രിമാരുടെ അനുവാദത്തോടുകൂടി സ്വന്തം ഉദ്യാനത്തിൽ വെച്ചു സ്വന്തം ഭാൎയ്യ തന്നെ ഈ കൃത്യം ചെയ്‌വാനുദ്യമിച്ചതിനാൽ ആൎക്കും അതിൽ അവിശ്വാസമുണ്ടായില്ല. എന്നു മാത്രമല്ല, ഈ അത്ഭുതം സംഭവിക്കുന്നപക്ഷം അതു രാജാവിനു വലുതായ ഒരു ഭാഗ്യമായിട്ടുകൂടിയാണു ജനങ്ങൾ കരുതിയതു്.

നിൎദ്ദിഷ്ടമായ ദിവസം വന്നു. നേരം സന്ധ്യയായി. പൂൎണ്ണചന്ദ്രമണ്ഡലം പ്രത്യക്ഷീഭവിച്ചു. അന്തഃപുരോദ്യാനത്തിൽ നിന്നു ധൂമ്രവൎണ്ണമായ ധൂമപടലം ഉൽഗമിച്ചു തുടങ്ങി. പാലു്, നെയ്യു്, തൈരു്, എള്ളു മുതലായ ഹോമദ്രവ്യങ്ങളുടെ പരിമളം പരിസരപ്രദേശങ്ങളിൽ ക്ര

മേണ വ്യാപിച്ചു. പുകയെല്ലാം ഒരു വിധം ശമിച്ചപ്പോൾ ഞാൻ പതുക്കെ ഉദ്യാനത്തിൽ പ്രവേശിച്ചു. സുന്ദരിയായ കല്പസുന്ദരി അവിടെ വന്നു എന്നെ ആലിംഗനം ചെയ്തു.

ഞാൻ അശോകവൃക്ഷത്തിൽ കെട്ടിയിരുന്നതായ മണി പിടിച്ചടിച്ചു. പുരോഹിതസ്ഥാനത്തിലിരുന്നു ഹോമം തുടങ്ങി. രാജാവു പൂർവ്വനിശ്ചയപ്രകാരം സങ്കേതസ്ഥലത്തിൽ എത്തി. താൻ ആഗ്രഹിക്കുന്ന രൂപം തനിക്കു ലഭിക്കുന്നപക്ഷം അന്യസ്ത്രീയെ താൻ ഒരിക്കലും കാമിക്കുന്നതല്ലെന്നു രാജാവു പ്രതിജ്ഞ ചെയ്തു. അനന്തരം തൻെറ രഹസ്യങ്ങളെല്ലാം പറയേണമെന്നു കല്പസുന്ദരി രാജാവിനോടു ആവശ്യപ്പെട്ടു. പ്രഹാരവാമ്മാവ് ബന്ധനത്തിലാണെന്നും വിഷം കൊടുത്തു അദ്ദേഹത്തെ കൊന്നു അജീർണ്ണദോഷം കൊണ്ടാണു മരിച്ചതു് എന്നു പ്രസ്താവിക്കേണമെന്നും പുൺഡ്രരാജ്യത്തെ ആക്രമിക്കുന്നതിനായി അനുജൻ വിശാലവമ്മാവിനു ചില ദേശങ്ങൾ കൊടുക്കേണമെന്നും പൌരവൃദ്ധനായ പാഞ്ചാലികനും പരിത്രാതനായ സാൎത്ഥവാഹനും ഖനതി എന്നു പേരായ ഒരു യവനനിൽ നിന്നു അൽപ്പമായ വിലയ്ക്കു അമൂല്യമായ ഒരു രത്നം മേടിച്ചുകൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടെന്നും മററുമുള്ള രഹസ്യങ്ങളെല്ലാം ഞാൻ കേൾക്കത്തക്കവണ്ണം കല്പസുന്ദരിയോടു രാജാവു പറഞ്ഞു.

ഉടനെ ഞാൻ എഴുന്നേററു 'നിൻെറ ആയുസ്സു അവസാനിച്ചു' എന്നു പറഞ്ഞു വാൾകൊണ്ടു രാജാവിനെ വെട്ടി ജ്വലിച്ചുകൊണ്ടിരുന്നതായ അഗ്നിയിൽ ഇട്ടു. അ

ല്പനേരം കൊണ്ടു രാജശരീരം ഭസ്മമായിത്തീൎന്നു. ഇതെല്ലാം കണ്ടു സ്ത്രീസ്വഭാവം ഹേതുവാൽ വിഹ്വലയായിത്തീൎന്ന ഹൃദയവല്ലഭയെ ഞാൻ ആശ്വസിപ്പിച്ച് അവളുടെ കരപല്ലവം ഗ്രഹിച്ചു. അനന്തരം രാജഗൃഹത്തിൽ എത്തി. അന്തഃപുരജനങ്ങളെല്ലാം ഞങ്ങളെ കണ്ടു വളരെ വിസ്മയിച്ചു. അവരെയെല്ലാം വേണ്ടവിധം ബഹുമാനിച്ചു പറഞ്ഞയച്ചതിന്റെ ശേഷം ഞാൻ പ്രിയതമയോടുകൂടി ആ രാത്രികഴിച്ചു. രാജകുലത്തിലെ സമ്പ്രദായമെല്ലാം ഞാൻ അവളോടു ചോദിച്ചറിഞ്ഞു. കാലത്തു സ്നാനാദിനിത്യകൎമ്മങ്ങളെല്ലാം ചെയ്തതിന്റെ ശേഷം മന്ത്രിമാരെ വരുത്തി ഇപ്രകാരം പറഞ്ഞു. 'ആൎയ്യന്മാരെ, എന്റെ രൂപം മാറിയിരിക്കുന്നതോടുകൂടി ശീലവും മാറിയിരിക്കുന്നതായി നിങ്ങൾ അറിയേണം. വിഷാന്നംകൊടുക്കേണമെന്നു നിശ്ചയിച്ചു ബന്ധനത്തിൽ ഇട്ടിരിക്കുന്ന പിതാവിനെ മോചിപ്പിക്കേണം. അദ്ദേഹം വീണ്ടും രാജ്യസുഖമനുഭവിക്കട്ടെ. പിതൃവധത്തേക്കാൾ പരമായ പാതകം ലോകത്തിൽ മറെറാന്നുമില്ല. 'അനന്തരം ഭ്രാതാവായവിശാലവൎമ്മനെ വരുത്തി' ഇപ്പോൾ പൂൺടദേശം സുഭിക്ഷമല്ലെന്നറിയുന്നു; അതിനാൽ ഇപ്പോൾ യാത്ര ചെയ്യുന്നതു യുക്തമല്ല 'എന്നു ഉപദേശിച്ചു. അനന്തരം നഗരവൃദ്ധന്മാരെ വിളിച്ചു അല്പമൂല്യം കൊടുത്തു അമൂല്യമായ രത്നം മേടിക്കുന്നതു ധൎമ്മരക്ഷണത്തിന്നനുഗുണമല്ലാത്തതിനാൽ ന്യായമായ വില കൊടുത്തു ആ രത്നം മേടിക്കേണമെന്നാജ്ഞാപിച്ചു.

ഞാൻ പറഞ്ഞ അടയാളങ്ങൾകൊണ്ടു മന്ത്രിമാരും മറെറല്ലാവരും ഞാൻ വികടവൎമ്മാവാണെന്നു വിശ്വ

സിച്ചു. എന്നെയും പ്രിയതമയേയും അവരെല്ലാവരും വളരെ പ്രശംസിച്ചു. പിതാവ് ബന്ധനത്തിൽനിന്നു മുക്തനായി. ഞാൻ ധാത്രിമൂലമായി വിവരങ്ങളെല്ലാം പിതൃജനങ്ങളെ അറിയിച്ചു. തന്മൂലം അവർ അളവററ സന്തോഷം പ്രാപിച്ചു. പിതാവു വീണ്ടും രാജസ്ഥാനത്തിൽ ഇരുന്നു എന്നെ യുവരാജാവാക്കി അഭിഷേകംചെയ്തു. ഈ സമയത്താണ പിതാവിൻെറ സഖാവായ സിംഹവൎമ്മാവു ചംപാനഗരത്തെ ചണ്ഡവൎമ്മാവ് ആക്രമിക്കുന്നതായി പിതാവിന്ന് എഴുത്തയച്ചത്. ശത്രുവധവും മിത്രരക്ഷണവും രണ്ടും കൎത്തവ്യമായതിനാൽ ഞാൻ സൈന്യങ്ങളോടു കൂടി പുറപ്പെട്ട് ഇങ്ങോട്ടുവന്നു. അങ്ങയുടെ പാദലക്ഷ്മി കണ്ടു സന്തോഷിപ്പാനും ഭാഗ്യവശാൽ എനിക്കു സാധിച്ചു.'

മിത്രവൃത്താന്തം കേട്ടു രാജവാഹനൻ പറഞ്ഞു:— പിതൃജനങ്ങൾ ബന്ധനത്തിൽനിന്നു മുക്തരായി. ദുഷ്ടനായ ശത്രു നിഗ്രഹിക്കപ്പെട്ടു. നഷ്ടമായ രാജ്യം തിരികെ ലഭിച്ചു. ഏതു കാൎയ്യവും ബുദ്ധിമാന്മാർ ചെയ്യുന്നതായാൽ ശോഭനമായിത്തന്നെഭവിക്കുന്നു'

അനന്തരം രാജവാഹനൻ അൎത്ഥപാലനോടു തൻെറ ചരിത്രംപറയുവാൻകല്പിച്ചു. അൎത്ഥപാലൻ ബദ്ധാഞ്ജലിയായിപറഞ്ഞു തുടങ്ങി.

# VIII

,ഞാൻ അങ്ങയെ പല സ്ഥലങ്ങളിൽ അന്വേഷിച്ച് അവസാനം കാശിയിൽ ചെന്നു. അവിടെ മണികർണ്ണികയിൽ കുളിച്ച് ദേവനെ ഭജിച്ച് ദേവാലയത്തിനു ചുറ്റും പ്രദക്ഷിണം ചെയ്തപ്പോൾ ദീർഘകായനായ ഒരു പുരുഷൻ കരഞ്ഞുകൊണ്ടിരിക്കുന്നതു കണ്ടു. അദ്ദേഹത്തിന്റെ നേത്രങ്ങൾ രണ്ടും നിരന്തരം അശ്രുപാതത്താൽ അത്യന്തം അരുണമായിരുന്നു. പീവരങ്ങളായ ബാഹുക്കൾ കൊണ്ട് അദ്ദേഹം പരികരബന്ധം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കാർശ്യവും കാർപ്പണ്യവും ക്ഷീണതരങ്ങളായ നേത്രങ്ങളും കണ്ടപ്പോൾ പ്രിയ ജനങ്ങൾക്കു സംഭവിച്ചതായ വ്യസനം മൂലം ആ പുരുഷൻ ജീവിതത്തിൽ നിസ്പൃഹനായി ഏതോ സാഹസകൃത്യം ചെയ്വാൻ ഉദ്യമിക്കയായിരുന്നു എന്ന് എനിക്കു തോന്നി. ഏതെങ്കിലും തരത്തിൽ ആ പുരുഷനെ സഹായിച്ചാൽ കൊള്ളാമെന്നു വിചാരിച്ച് ഞാൻ അദ്ദേഹത്തിന്റെ സമീപം ചെന്നു ശോകകാരണം ചോദിച്ചു. അദ്ദേഹം എന്നെ ബഹുമാനപുരസ്സരം നോക്കി ദീർഘമായി നിശ്വസിച്ച് ഇപ്രകാരം പറഞ്ഞു.'

"ഞാൻ ഒരു ഗൃഹസ്ഥന്റെ പുത്രനാകുന്നു. എന്റെ പേർ പൂർണ്ണഭദ്രൻ എന്നാണ്. പിതാവിന്റെ ഇഷ്ടത്തിനു വിരോധമായി ഞാൻ സ്വേച്ഛയാ ചൗര്യവൃത്തി ആശ്രയിച്ചു. കാശിയിൽ ഒരു ദിവസം ഞാൻ ഒരു ധനികന്റെ ഗൃഹത്തിൽ ചോരണം ചെയ്കയാൽ ബന്ധനസ്ഥനായി. എനിക്കു ശിക്ഷയായി രാജാവു മരണമാണു

വിധിച്ചതു്. ശിക്ഷയുള്ള സമയം ആസന്നമായി. കാമപാലൻ എന്നു പേരായ പ്രധാനമന്ത്രി രാജഗോപുരത്തിൽ കയറി ഇരുന്നു. മണിനാദം മുഴങ്ങി തുടങ്ങി. മന്ത്രിയുടെ ആജ്ഞപ്രകാരം ഒരു മത്തഗജത്തെ അലങ്കരിച്ച് എൻെറ നേരെ അഴിച്ചുവിട്ടു. ഞാൻ നിർഭയമായി ആനയോടു എതൃത്തു. ആന എന്നെ കുത്തുവാനായി തല താഴ്ത്തിയപ്പോൾ ഞാൻ കൊമ്പുകളുടെയിടയിൽ കടന്ന് എൻെറ കയ്യിലുണ്ടായിരുന്ന കത്തികൊണ്ടു ആനയുടെ തുമ്പിക്കയ്യിൽ ഒന്നു കുത്തി. വേദനകൊണ്ടു ആന പെട്ടെന്നു തിരിച്ചു. ഇതു കണ്ട ആനക്കാരൻ വളരെ ക്രുദ്ധനായി തീൎന്നു വീണ്ടും ആനയെ എൻെറ നേരെ ഓടിച്ചു. ഞാൻ പൂൎവ്വാധികം ശക്തിയോടുകൂടി തുമ്പിക്കയ്യിൽ കത്തികൊണ്ടു കുത്തിയപ്പോൾ വീണ്ടും ആന ഓടി. ആനക്കാരൻെറ നിർബന്ധത്താൽ ഒരിക്കൽകൂടി ആന എൻെറ നേരെ എതൃത്തു. അപ്പോഴും പരാജിതനായി. ആനയുടെ പരാജയവും എൻെറ ധൈൎയ്യവും കണ്ടു കാമപാലൻ വളരെ വിസ്മയിച്ച്, എന്നെ അരികത്തു വിളിച്ച് മലിനമായ വൃത്തിയിൽനിന്നു നിവൎത്തിച്ച് ആൎയ്യവൃത്തിയിൽ ജീവിതം നയിക്കുന്നപക്ഷം എന്നെ കൊല്ലുന്നതല്ലെന്നു പറഞ്ഞു. ഞാൻ അപ്രകാരം നടന്നുകൊള്ളാമെന്നുസമ്മതിച്ചു. കാലക്രമത്തിൽ ഞാൻ കാമപാലൻെറ ഒരു വിശ്വസ്തമിത്രമായിത്തീൎന്നു. എനിക്ക് അദ്ദേഹത്തിൻെറ കീഴിൽ ഒരു ജോലിയും കിട്ടി. എനിക്കു കാമപാലനോട്ട് എന്തും ചോദിക്കാം എന്നു ധൈൎയ്യം വന്നപ്പോൾ ഒരു ദിവസം ഞാൻ അദ്ദേഹത്തോട്ട് തൻെറ ചരിത്രം അറിഞ്ഞാൽ കൊള്ളാമെന്ന് ആവശ്യപ്പെട്ടു. അ

ദ്ദേഹം പറഞ്ഞ ചരിത്രത്തെ ചുരുക്കത്തിൽ ഞാൻ ഭവാനോടു പറയാം.

കുസുമപുരത്തിൽ രിപുഞ്ജയൻ എന്നു പേരായ രാജാവിന്നു ധൎമ്മപാലൻഎന്നു പേരായ ഒരു മന്ത്രി ഉണ്ടായിരുന്നു. അദ്ദേഹത്തിന്നു പ്രജ്ഞാഗുണങ്ങളെക്കൊണ്ടു് ആത്മതുല്യനായി സുമിത്രൻ എന്നു പേരായ ഒരു പുത്രനുണ്ടായി. ആ പുത്രന്റെ കനിഷ്ഠഭ്രാതാവാണു കാമപാലൻ. അവരുടെ അമ്മമാർ വേറെയാണ്. വേശ്യാലംപടനായ കാമപാലനെ ദുരാചാരങ്ങളിൽനിന്നു നിവാരണം ചെയ്യുന്നതിനായി അദ്ദേഹത്തിന്റെ പിതാവു് വളരെ യത്നിച്ചു. അദ്ദേഹം പിതൃവചനങ്ങളെ ഗണിക്കാതെ പിതൃഗൃഹം വിട്ടു ദേശാടനത്തിനായി പുറപ്പെട്ടു വാരാണസിയിൽ എത്തി. ഒരു ദിവസം കാശിരാജാവിന്റെ പുത്രിയായ കാന്തിമതി സഖിമാരോടുകൂടി പ്രമദവനത്തിൽ മഹാദേവനെ ആരാധിച്ചു് ക്രീഡിച്ചുകൊണ്ടിരുന്നതു കാമപാലൻ കണ്ടു എന്നു മാത്രമല്ല, അദ്ദേഹം രാജപുത്രിയെ കാമിക്കയും അവൎക്കുതമ്മിൽ ഗൂഢമായി സമാഗമം ഏൎപ്പെടുകയും ചെയ്തു. കാലക്രമത്തിൽ കാന്തിമതി ഗൎഭം ധരിച്ചു ഒരു പുത്രനെ പ്രസവിച്ചു. കാൎയ്യമെല്ലാം പരസ്യമാകുമല്ലോ എന്നു ശങ്കിച്ചു് ഒരു ദാസി ആ ശിശുവിനെ എടുത്തു മൃതജാതൻ എന്നുള്ള വ്യാജേന ശ്മശാനത്തിൽ കൊണ്ടിട്ടു. അൎദ്ധരാത്രിസമയത്തു ഏകാകിനിയായി അവൾ തിരികെ വരുന്നതു കണ്ടു ചില രക്ഷാപുരുഷന്മാർ എന്തൊ ശങ്കിച്ചു. വാസ്തവം പറഞ്ഞില്ലെങ്കിൽ ശിക്ഷിക്കുമെന്നു പറഞ്ഞു അവർ ആ ദാസിയെ പേടിപ്പിച്ചപ്പോൾ അവൾ കാൎയ്യമെല്ലാം അവരോടു പറഞ്ഞു

രക്ഷാപുരുഷന്മാർ ഉടനെ ചെന്നു കാര്യമെല്ലാം രാജാവിനെ അറിയിച്ചു. കാമപാലൻ ശയനഗൃഹത്തിൽ ഉറങ്ങുന്ന സമയത്തു അദ്ദേഹത്തെ കാലും കയ്യും കെട്ടി ശ്മശാനത്തിൽ കൊണ്ടുപോയി അവിടെ വെച്ചു വെട്ടിക്കൊല്ലണമെന്നു രാജാവു കൽപ്പിച്ചു. കിങ്കരന്മാർ രാജാജ്ഞപ്രകാരം കാമപാലനെ ബന്ധിച്ച് ശ്മശാനത്തിലേക്കു കൊണ്ടുപോയി. ഭാഗ്യവശാൽ കൊലയാളിയുടെ വെട്ട് കെട്ടിയിരുന്ന കയറിനെ ഭേദിച്ചതല്ലാതെ കാമപാലനെ ഭേദിച്ചില്ല. തന്നെ കെട്ടിയിരുന്ന കയറു മുറിഞ്ഞയുടനെ അദ്ദേഹം കൊലയാളിയുടെ കയ്യിൽനിന്നു വാറം തട്ടിപ്പറിച്ചു അയാളെയും മററു ചിലരെയും കൊന്നു രക്ഷപെട്ടു. അനന്തരം കാട്ടിൽ ഏകാകിയായി സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ദിവ്യരൂപധാരിണിയായ ഒരു സ്ത്രീ അദ്ദേഹത്തിന്റെ അരികത്തു ചെന്ന് അദ്ദേഹത്തെ നമസ്കരിച്ചു. അവരിരുവരും അത്യുന്നതമായ ഒരു പേരാലിന്റെ താഴെ ഇരുന്നു. ആ യുവതി ആരാണെന്നും എവിടെനിന്നു വന്നു എന്നും തന്നെ നമസ്കരിപ്പാൻ കാരണമെന്താണെന്നും കാമപാലൻ അവളോടു ചോദിച്ചു.

അവൾ പറഞ്ഞു:— "ഞാൻ ഒരു യക്ഷസ്ത്രീയാകുന്നു. എന്റെ പേർ താരാവലി എന്നാണ്. ഒരു ദിവസം ഞാൻ അഗസ്ത്യപത്നിയായ ലോപാമുദ്രയെ പൂജിച്ച് മലയപർവ്വതത്തിൽനിന്നു തിരിച്ചു പോകുമ്പോൾ വാരാണസിക്കു സമീപമുള്ള ശ്മശാനത്തിൽ ഒരു ശിശു കരയുന്നതു കേട്ടു. ഞാൻ ചെന്നു കുട്ടിയെ എടുത്തു എന്റെ ഗൃഹത്തിൽ കൊണ്ടുപോയി. എനിക്കു ആ ശിശുവിൽ പുത്രനിർവ്വിശേഷമായ സ്നേഹം തോന്നി. ഇതിന്നു കാര

ണമെന്തെന്നറിവാനായി ഞാൻ ശിശുവിനെ എടുത്തുകൊണ്ടു യക്ഷരാജന്റെ സമീപം ചെന്നു. അദ്ദേഹം പറഞ്ഞതിൽനിന്നു നമ്മൾ രണ്ടുപേരും പൂർവ്വജന്മത്തിൽ ഭാര്യാഭർത്താക്കന്മാരായിരുന്നു എന്നറിയേണം. അങ്ങയുടെപേർ ശൂദ്രകൻ എന്നായിരുന്നു. എന്റെ പേർ ആര്യദാസി എന്നത്രേ. നമുക്കു ഒരു പുത്രൻ ഉണ്ടായിരുന്നു. കാശിരാജപുത്രിയായ കാന്തിമതിക്കു പൂർവ്വജന്മത്തിൽ വിനയവതി എന്നായിരുന്നു പേർ. അവൾ നമ്മുടെ പുത്രനെ വളരെ വാത്സല്യത്തോടുകൂടി ലാളിച്ചതിനാൽ ആ പുത്രൻ തന്നെയാണു ഈ ജന്മത്തിൽ കാന്തിമതിക്കു പുത്രനായി ജനിച്ചതു്. ശ്മശാനത്തിൽ പിതൃജനങ്ങളാൽ പരിത്യജിക്കപ്പെട്ട ശിശുവിനെ യക്ഷരാജന്റെ ആജ്ഞപ്രകാരം ഞാൻ രാജവാഹനനെ പരിചരിക്കുന്നതിനായി രാജഹംസപത്നിയായ വസുമതിയുടെ കയ്യിൽ കൊണ്ടുകൊടുത്തു. ഭാഗ്യവശാൽ മരണത്തിൽനിന്നു രക്ഷപ്പെട്ടിരിക്കുന്ന ഭവാനെ പരിചരിക്കുന്നതിനായി ഗുരുജനങ്ങളുടെ അനുവാദത്തോടുകൂടി ഞാൻ ഇതാ അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്നു.’

താരാവലി പറഞ്ഞതെല്ലാം കേട്ട കാമപാലൻ വളരെ ആശ്ചര്യം പൂണ്ടു. ജന്മാന്തരത്തിൽ തന്റെ പത്നിയായിരുന്ന അവളെ ഗാഢമായി ആലിംഗനംചെയ്തു. അവരിരുവരും കുറെക്കാലം ഒന്നിച്ചു് സുഖമായി വസിച്ചു.

തനിക്കു അപകാരംചെയ്ത ചണ്ഡസിംഹനു പ്രത്യപകാരം ചെയ്താൽ കൊള്ളാമെന്നു കാമപാലനു് ആഗ്രഹം ജനിച്ചു. ഇതിനെപ്പററി അദ്ദേഹം താരാവലിയോ

ട്ടു പറഞ്ഞു. ഒരുദിവസം അർദ്ധരാത്രിസമയത്തു കാമപാലൻ താരാവലിയുടെ സഹായത്തോടുകൂടി കാശിരാജന്റെ അരമനയിൽ ചെന്നു. അപ്പോൾ രാജാവു ഉറങ്ങിക്കൊണ്ടിരുന്നു. ഉപധാനത്തിന്നു സമീപത്തായി ഒരു വാൾ കിടന്നിരുന്നു. കാമപാലൻ ആ വാൾ എടുത്തു രാജാവിനെ ഉണൎത്തി. 'ഞാൻ അങ്ങയുടെ ജാമാതാവാണെന്നറിയുക. അങ്ങയുടെ അറിവുകൂടാതെ ഞാൻ പുത്രിയെ സ്വാധീനപ്പെടുത്തി എന്നുള്ള ദോഷത്തിന്നു പരിഹാരമായി അങ്ങുചെയ്തതുപോലെതന്നെ ഒരു ക്രൂരകൎമ്മം ചെയ്യാനാണു ഞാൻ ഇപ്പോൾ ഇവിടെ വന്നിരിക്കുന്നതു്' എന്നു രാജാവിനെ നോക്കി പറഞ്ഞു. രാജാവു കിടുകിടെ വിറച്ചു താനാണു കുററക്കാരൻ എന്നു സമ്മതിച്ചു. തന്റെ പുത്രിയും രാജ്യവും താനും ആ സമയംമുതൽ കാമപാലന്റെ അധീനത്തിലാണെന്നു വാക്കു കൊടുത്തു. അടുത്ത ദിവസംതന്നെ പുത്രിയെ കാമപാലന്നു വിവാഹം ചെയ്തുകൊടുത്തു്, കാമപാലനെ രാജാവു് മന്ത്രിപദത്തിൽ നിയമിച്ചു. താരാവലിയോടും കാന്തിമതിയോടുംകൂടി കാമപാലൻ മന്ത്രിപദത്തിലിരുന്നു യുവരാജസുഖങ്ങളനുഭവിച്ചുവന്നു.

കാമപാലന്നു് എന്നിലുണ്ടായിരുന്ന സ്നേഹവിശ്വാസങ്ങൾക്കു യാതൊരു കുറവും വന്നില്ല. ശ്വശുരനായ രാജാവു് കാലധൎമ്മം പ്രാപിച്ചു. ജ്യേഷ്ഠപുത്രനായ ചണ്ഡഘോഷനും ദുർവൃത്തിയാൽ അകാലമരണംപ്രാപിച്ചു. അഞ്ചുവയസ്സുമാത്രം പ്രായംചെന്നിരുന്ന സിംഹഘോഷനെ കാമപാലൻ രാജസ്ഥാനത്തിൽ അഭിഷേകം ചെയ്തു ശരിയായി പോഷിപ്പിച്ചുവന്നു. സിംഹഘോഷൻ യൌവ

ന്ദശയെ പ്രാപിച്ചു. പൈശുന്യവാദികളായ ചില ദുർമ്മന്ത്രിമാരുടെ ദുരുപദേശംനിമിത്തം സിംഹഘോഷനു കാമപാലനിൽ വൈരം വർദ്ധിച്ചുവന്നു. എങ്കിലും താരാവലിയെ ഭയന്നു കാമപാലനെ ഉപദ്രവിപ്പാൻ ഉദ്യമിച്ചില്ല. ഒരുദിവസം കാമപാലൻ ഓർക്കാതെ താരാവലിയെ കാന്തിമതി എന്നു വിളിക്കയാൽ അവർക്കുതമ്മിൽ പ്രണയഭംഗം ഏർപ്പെട്ടു. കാമപാലൻ എത്രതന്നെ പറഞ്ഞിട്ടും ഗണിക്കാതെ താരാവലി ദേശംവിട്ടുപോയി. ഈ വിവരം സുലക്ഷണ എന്നു പേരായ രാജമഹിഷി സിംഹഘോഷനെ അറിയിച്ചു. സിംഹഘോഷൻ വളരെ നിർദ്ദയനായിത്തീർന്നു. കാമപാലനിൽ പല കുററങ്ങളും സ്ഥാപിച്ചു. ജനങ്ങൾ കാണത്തക്കവണ്ണം കാമപാലന്റെ നേത്രങ്ങളെ ഉന്മൂലനം ചെയ്യുന്നതാണെന്നു പരസ്യംചെയ്തിരിക്കുന്നു. എന്റെ സ്നേഹിതന്നു വന്നുചേർന്നിരിക്കുന്ന ആപത്തിനെ ഓർത്തു ഞാൻ ഇപ്രകാരം വ്യസനിക്കുന്നതാണ്. കാമപാലന്നു ഈ ആപത്തു നേരിടുന്നാപക്ഷം ഞാൻ എന്റെ പ്രാണങ്ങളെ ഏതെങ്കിലുംവിധത്തിൽ ത്യജിക്കുന്നതായിരിക്കും.

പൂർണ്ണഭദ്രൻ പറഞ്ഞ വൃത്താന്തങ്ങൾ കേട്ടു എനിക്കു അസഹ്യമായ വ്യസനം തോന്നി. കാമപാലൻ എന്റെ പിതാവാണെന്നും അങ്ങയുടെ പാദശുശ്രൂഷയ്ക്കായി യക്ഷകന്യക വസുമതീദേവിയുടെ കരങ്ങളിൽ അർപ്പിച്ചതായ കുമാരൻ ഞാൻതന്നെയാണെന്നും പിതാവിനെ എങ്ങിനെയെങ്കിലും കഷ്ടങ്ങളിൽനിന്നു രക്ഷിക്കുന്നതാണെന്നും ഞാൻ പൂർണ്ണഭദ്രനോടു പറഞ്ഞു. ആ സമയത്തു ഒരു സർപ്പം അളയിൽനിന്നു തല പൊക്കിയതു ഞാൻ ക

ണ്ടു. അതിനെ ഞാൻ മന്ത്രൗഷധിബലംകൊണ്ടു വശീകരിച്ചു. അനന്തരം പൂർണ്ണഭദ്രനോടു ഇപ്രകാരം പറഞ്ഞു:-

സ്നേഹിത, നമ്മുടെ അഭിമതം സാധിക്കുന്നതാണ്. നേത്രോൻമൂലനം ചെയ്‌വാനായി പിതാവിനെ കൊണ്ടുപോകുന്ന സ്ഥലത്തു ഞാനും വരാം. ജനക്കൂട്ടത്തിൽ ആരും കാണാതെ ഞാൻ ഈ സർപ്പത്തെ പിതാവിൻെറ മീതെ ഇടാം. ഉടനെ സർപ്പം പിതാവിനെ കടിക്കും. അദ്ദേഹം വിഷശക്തിയാൽ പെട്ടെന്നു മൂർഛിതനായി താഴെ പതിക്കുമെങ്കിലും മന്ത്രശക്തികൊണ്ടു ഞാൻ പിതാവിൻെറ പ്രാണങ്ങളെ നിയമനം ചെയ്തുകൊള്ളാം. ജനങ്ങളെല്ലാം പിതാവു മരിച്ച് എന്നു തന്നെ വിശ്വസിക്കും. ഈ വിവരമെല്ലാം ഭവാൻ ഗ്രഢമായി എൻെറ അമ്മയെ അറിയിക്കണം. കൂടാതെ, അമ്മയും ചെയ്യേണ്ടതായി ചില കൃത്യങ്ങളുണ്ടു്. പിതാവു മരിച്ചു എന്നു കണ്ടു. ജനങ്ങളെല്ലാം ഒഴിഞ്ഞുപോയാൽ ഉടനെ ബന്ധുവായാലും ശത്രുവായാലും ദുഷ്ടനെ ശിക്ഷിക്കുന്നതു രാജധർമ്മമെന്നപോലെ ദുഷ്ടനായാലും അല്ലെങ്കിലും ഭർത്തൃഗതിയെ അനുഗമിക്കുന്നതു ഭാര്യയുടെ ധർമ്മമാണെന്നും അതിനാൽ താൻ ഭർത്താവോടുകൂടി ചിതാരോഹണം ചെയ്‌വാൻ നിശ്ചയിച്ചു എന്നും അതിനാൽ സ്ത്രീജനങ്ങൾക്കു അനുകൂലമായ ഈ അന്ത്യവിധിയെ തനിക്കു അനുവദിക്കേണമെന്നും അമ്മ രാജാവിനു ഒരു സന്ദേശമയക്കണം. രാജാവ് ഇതിനു നിശ്ചയമായും സമ്മതിക്കും. ഉടനെ അമ്മ മൃതപ്രായനായി കിടക്കുന്ന പിതാവിനെ ഗൃഹത്തിലേക്കു കൊണ്ടുപോയി സഹഗമനയോഗ്യങ്ങളായ ആഭരണങ്ങൾ അണിഞ്ഞു പിതാവിനെ ദർഭയിൽ കിടത്തേണം. ഞാ

ൻ അവിടെ വന്നു പിതാവിനെ ജീവിപ്പിച്ചുകൊള്ളാം. അനന്തരം നമുക്കു അദ്ദേഹത്തിന്റെ അഭിമതം പോലെ പ്രവൎത്തിക്കാം.

ഇത്രയും പറഞ്ഞു ഞാൻ പൂൎണ്ണഭദ്രനെ പറഞ്ഞയച്ചു. അനന്തരം ഞാൻ ജനക്കൂട്ടം വരുന്നതിനു മുമ്പായിതന്നെ ഘോഷണാസ്ഥാനത്തിൽ ചെന്നു അവിടെ ഉണ്ടായിരുന്ന ഇടതിങ്ങിയതായ ഒരു പുളിമരത്തിന്മേൽ കയറി ഒളിച്ചിരുന്നു. ജനങ്ങൾ കൂട്ടംകൂട്ടമായി വന്ന് അവരവരുടെ സ്ഥാനയോഗ്യതയ്ക്ക് അനുകൂലങ്ങളായ സ്ഥാനങ്ങളിൽ ഇരുന്നു. തസ്കരനെപ്പോലെ പിതാവിനെ കൈരണ്ടും കെട്ടി അവിടെ കൊണ്ടുവന്നു ഞാൻ ഒളിഞ്ഞിരുന്നതായ പുളിമരത്തിന്റെ താഴെ നിറുത്തി.

മന്ത്രിസ്ഥാനത്തിരുന്നുകൊണ്ടു ഈ കാമപാലൻ രാജാവായ ചണ്ഡസിംഹനേയും യുവരാജാവായ ചണ്ഡഘോഷനേയും വിഷം കൊടുത്തു കൊന്നതിനു പുറമെ മററു പല രാജദ്രോഹങ്ങളും ചെയ്തിരിക്കുന്നതിനു ശിക്ഷയായി ഈ ദുഷ്ടന്റെ നേത്രങ്ങൾ രണ്ടും ഉന്മൂലനം ചെയ്വാൻ മഹാരാജാവു കല്പിച്ചിരിക്കുന്നു. ഈ ദുഷ്ടനെപ്പററി ആൎക്കെങ്കിലും എന്തെങ്കിലും ആവലാതി ബോധിപ്പിക്കേണ്ടതുണ്ടെങ്കിൽ ഈ സഭയിൽവച്ചുതന്നെ ബോധിപ്പിക്കേണ്ടതാണു" എന്ന് ഒരുവൻ എഴുന്നീററ് എല്ലാവരും കേൾക്കത്തക്കവിധം ഉച്ചത്തിൽ പറഞ്ഞു. ഉടനെ കലകലാശബ്ദം മുഴങ്ങിത്തുടങ്ങി. ഞാൻ സൎപ്പത്തെ പിതാവിന്റെ മീതെ ഇട്ടു വൃക്ഷത്തിൽനിന്നു താഴത്തിറങ്ങി പുരുഷാരത്തിൽ ചേൎന്നു. സൎപ്പം പിതാവിനെയും, മ

റവു രണ്ടുപേരേയും കടിച്ചു ഓടിപ്പോയി. തൽക്ഷണം പിതാവു മൂർച്ഛിതനായി വീണു.

പൂർണ്ണഭദ്രൻ പറഞ്ഞതനുസരിച്ച് എന്റെ അമ്മ അധികം വിഹ്വലത കൂടാതെ കുലപരിജനങ്ങളോടുകൂടി അവിടെ വന്നു. പിതാവിന്റെ തല എടുത്തു മടിയിൽ വെച്ചു 'എന്റെ ഭർത്താവ് അങ്ങയ്ക്കു എന്തെങ്കിലും അപകാരം ചെയ്തിട്ടുണ്ടോ ഇല്ലയൊ എന്നു ദൈവത്തിന്നറിയാം. എന്തായാലും ഞാൻ ഇക്കാര്യത്തേപ്പററി ചിന്തിക്കുന്നതായാൽ യാതൊരു ഫലവുമുണ്ടാവുന്നതല്ല. എന്റെ ഭർത്താവിന്റെ ഗതിയെ ഞാൻ അനുഗമിക്കാത്തപക്ഷം അതു് അങ്ങയുടെ കുലത്തിന് ഒരു കളങ്കമായും എനിക്ക് അധർമ്മമായും ഭവിക്കുന്നതാണ്. അതിനാൽ ഭർത്താവോടുകൂടി ചിതാരോഹണം ചെയ്വാൻ എന്നെ അനുവദിച്ചാലും' എന്നു രാജാവിനോടു അപേക്ഷിച്ചു. ഇതു കേട്ടു രാജാവു സന്തോഷിച്ചു. 'കുലോചിതമായ സംസ്കാരം ചെയ്തുകൊൾക. എന്റെ ഭഗിനീപതി അന്ത്യമായ വിധിസംസ്ക്കാരം അനുഭവിക്കട്ടെ' എന്നു പറഞ്ഞു. പിതൃശരീരത്തെ യഥേഷ്ടം സ്വഗൃഹത്തിലേക്കു കൊണ്ടുപോകാമെന്നു മാതാവിന് അനുവാദം നൽകി. ഞാൻ പറഞ്ഞിരുന്ന പ്രകാരം അമ്മ പിതാവിനെ ഗൃഹത്തിൽ കൊണ്ടുപോയി ദർഭമേൽ കിടത്തി സഹഗമനത്തിന്നനുഗുണങ്ങളായ ആഭരണങ്ങൾ മാത്രം അണിഞ്ഞു. പൂർവ്വനിശ്ചയപ്രകാരം ഞാൻ അവിടെ ചെന്നു പിതാവിന്നു വിഷോപശാന്തി ചെയ്തു. പരിതുഷ്ടയായ മാതാവു പിതാവിന്റെ പാദങ്ങളിൽ പതിച്ച് എന്നെ പല പ്രാവശ്യം ഗാഢമായി ആശ്ലേഷിച്ചു. 'പുത്ര, ജനിച്ചഉടനെ

തന്നെ നിന്നെ ഞാൻ പരിത്യജിച്ചു. എന്നേക്കാൾ പാപിയായി മററാരാണ് ഉള്ളതു്. എനിക്കുവേണ്ടി നീ എന്തിന് ഈവിധം ക്ലേശിക്കുന്നു. അഥവാ നിൻെറ പിതാവ് നിരപരാധിയായ സ്ഥിതിക്ക് അദ്ദേഹത്തെ മൃത്യുമുഖത്തിൽനിന്നു രക്ഷിക്കേണ്ടതു പുത്രനായ നിൻെറ കത്തവ്യമായിരിക്കാം. താരാവലി വളരെ ക്രൂര തന്നെ. യക്ഷരാജനിൽനിന്നു നിൻെറ ചരിത്രമെല്ലാം അറിഞ്ഞിട്ടും നിന്നെ എനിക്കുതരാതെ വിലാസപതിക്കു കൊണ്ടുകൊടുത്തതു ഉചിതമാണൊ? അഥവാ അവൾ ചെയ്തതു തന്നെ യുക്തമായിരിക്കാം. അല്പഭാഗ്യയായ എനിക്കു നിൻെറ അവ്യക്തമധുരങ്ങളായ പ്രഥമജല്പിതങ്ങൾ കേട്ടു ആനന്ദിപ്പാൻ എങ്ങിനെസാധിക്കും. വത്സ! നീ എൻെറ അരികത്തുവരിക' എന്നുപറഞ്ഞു മാതാവ് എന്നെ പലപ്രാവശ്യം ചുംബനംചെയ്തു. എന്നെ മടിയിൽഎടുത്തുവെച്ചു താരാവലിയെ ആക്ഷേപിച്ചുകൊണ്ടു് ആലിംഗനംചെയ്തു. എൻെറ അവയവങ്ങൾ തലോടി. അശ്രുധാര കൊണ്ടു എനിക്കഭിഷേകം ചെയ്തു. പൂൎണ്ണഭദ്രൻ പിതാവിനോടു വിവരമെല്ലാം വിസ്തരിച്ചുപറഞ്ഞു. പിതാവു ആനന്ദ സംഭരിതനായി തീൎന്നു. താൻ നരകത്തിൽ നിന്നു സ്വൎഗ്ഗത്തിലേക്കു ചെന്നതുപോലെയുംദേവേന്ദ്രനേക്കാൾ അധികം ഭാഗ്യവാനായതുപോലെയും അദ്ദേഹത്തിന്നു തോന്നി. അല്പനേരം പിതാവിനോടു എൻെറ ചരിത്രത്തെ പററി പറഞ്ഞതിനുശേഷം ഇനി കത്തവ്യമെന്താണെന്നു ചോദിച്ചു.

പിതാവു പറഞ്ഞു:—'നമ്മുടെ ഈ ഗൃഹം വളരെ വിസ്തൃതമാകുന്നു. അപരിമിതങ്ങളായ ആയുധങ്ങൾ

ൾ ഇവിടെ ഉണ്ടു്. ശത്രുക്കൾക്കു് അതിവിശാലങ്ങളായ ഈ പ്രാകാരങ്ങളെ ലംഘിക്കുന്നതു സുകരമല്ല. കൂടാതെ ഞാൻ വളരെ സാമന്തരാജാക്കന്മാക്കു പല ഉപകാരങ്ങൾ ചെയ്തിട്ടുണ്ടു്. പ്രജകളുടെ ഇടയിൽ തന്നെ എന്റെ വ്യസനത്തെ പററി ദുഃഖിക്കുന്നവർ വളരെ പേർ ഉണ്ടു്. കൂടാതെ എന്റെ അധീനത്തിൽ വളരെ ഭടന്മാരും സ്ഥിതി ചെയ്യുന്നു. അതിനാൽ കുറെ ദിവസം നമുക്കു ഇവിടെ തന്നെ താമസിച്ചു് ബാഹ്യാഭ്യന്തര ജനങ്ങൾക്കു രാജാവിൽ അപ്രീതി ഉണ്ടാക്കാം. രാജാവിന്റെ ശത്രുക്കളെ ഉത്സാഹിപ്പിച്ചു് അവക്കു രാജാവിൽ ശത്രുതയെ വർദ്ധിപ്പിക്കാം. പിന്നീടു് തക്കതായ അവസരം കിട്ടുമ്പോൾ ഈ ദുഷ്ടനെ നമുക്കു അനായാസേന നിഗ്രഹിക്കാം.

പിതാവിന്റെ അഭിപ്രായത്തോടുകൂടി ഞാനും യോജിച്ചു. ഞങ്ങൾ പ്രതിക്രിയ ഒന്നും ചെയ്യാതിരിക്കുന്നതു കണ്ടു രാജാവു് ഞങ്ങളെ ഉപദ്രവിപ്പാൻ പല പ്രകാരത്തിൽ യത്നിച്ചു എങ്കിലും ഒന്നും ഫലിച്ചില്ല. ഞാൻ രാജാവിന്റെ പള്ളിയറയിലേക്കു ഒരു തുരങ്കം ഉണ്ടാക്കിത്തുടങ്ങി. കുറെ ചെന്നപ്പോൾ വലുതായ ഒരു ഭൂഗൃഹം കണ്ടു. അതിൽ വളരെ കന്യകാജനങ്ങളുണ്ടായിരുന്നു. എന്നെ കണ്ടു ഉടനെ അവരെല്ലാവരും വല്ലാതെ പേടിച്ചു. അവരുടെ ഇടയിൽ ഒരു കന്യകാരത്നം സ്വലാവണ്യം കൊണ്ടു രസാതലത്തിലെ അന്ധകാരത്തെ നിശ്ശേഷം നശിപ്പിക്കുന്നവൾപോലെയും ഭൂമിദേവി വിഗ്രഹവതിയായി അവിടെ വാസംചെയ്യുകയാണോ എന്നു തോന്നുമാറും അസുരവിജയത്തിന്നായി അവതരിച്ച ദുർഗ്ഗാദേവി

യെപ്പോലെയും പാതാളഗതയായ രതീദേവിയെ പോലെയും ദുഷ്ടരാജാക്കന്മാരെ കാണാതിരിപ്പാൻവേണ്ടി മഹീവിവരത്തിൽ പ്രവേശിച്ച രാജലക്ഷ്മിയെപ്പോലെയുംഅത്യന്തം ശോഭിച്ചിരുന്നു. മലയമാരുതനാൽ ഇളക്കപ്പെട്ടചന്ദനലതപോലെ അ കന്യകാരത്നം എന്നെ കണ്ടു കിടുകിടെ വിറച്ചു. അവരുടെ ഇടയിൽ കുസുമിതമായ കാശയഷ്ടിപോലെ പലിതശിരസ്കയായ ഒരു വൃദ്ധസ്ത്രീ ഉണ്ടായിരുന്നു. ഞാൻ കാമപാലൻെറ പുത്രനാണെന്നും എൻെറ പേർ അർത്ഥപാലനെന്നാണെന്നും മററും പറഞ്ഞു ഞാൻ അവരെ സമാധാനപ്പെടുത്തി. അനന്തരം ആ കന്യകമാർ ആരാണെന്നു വൃദ്ധയോടു ചോദിച്ചു. വൃദ്ധസ്ത്രീ പറഞ്ഞു:—

'ഈ കാണുന്ന അംഗനാരത്നം ചണ്ഡഘോഷൻെറ പുത്രിയാകുന്നു. മണികർണ്ണിക എന്നാണ് ഇവളുടെ പേർ. ഇവളുടെ പിതാമഹനായ ചണ്ഡസിംഹൻ സാധാരണ ചില കന്യകമാൎക്കു സംഭവിക്കുന്ന ദോഷങ്ങൾ ഇവളെ ബാധിക്കാതിരിക്കേണമെന്നു കരുതി എന്നെ ഇവളുടെ രക്ഷാധികാരിണിയായി ഏല്പിച്ചു ഞങ്ങളെയെല്ലാം ഈ ഭൂഗൃഹത്തിൽ താമസിപ്പിച്ചിരിക്കയാണ്. ഞങ്ങൾ ഇവിടെ താമസം തുടങ്ങിയിട്ടു പന്ത്രണ്ടു കൊല്ലമായിരിക്കുന്നു. രാജാവു ഞങ്ങളെ പററി തീരെ മറന്നിരിക്കുന്നതായി തോന്നുന്നു. ഇവളെ ദർപ്പസാരനു വിവാഹം ചെയ്തുകൊടുക്കേണമെന്നായിരുന്നു ചണ്ഡസിംഹൻെറ ആഗ്രഹം. ഇതേവരെ വിവാഹത്തിനുള്ള യാതൊരു ഏൎപ്പാടും കാണാത്തതിനാൽ ഭവാൻ പിതൃജനങ്ങളുടെ അ

നവാദത്തോടുകൂടി ഈ രാജകന്യകയെ വിവാഹം ചെയ്യാൽ കൊള്ളാം.'

രാജഗൃഹത്തിൽ എനിക്കു ചില കാൎയ്യങ്ങൾ ചെയ്യേണ്ടതുണ്ടെന്നും തിരികെ വരുമ്പോൾ അവരെ കണ്ടുകൊള്ളാമെന്നും വൃദ്ധയോടു തൽക്കാലം പറഞ്ഞു ഞാൻ തുരങ്കത്തിൽ കൂടി രാജഗൃഹത്തിൽ പ്രവേശിച്ചു. സിംഹഘോഷൻ ഉറങ്ങിക്കൊണ്ടിരുന്നു. അദ്ദേഹത്തെ പിടിച്ചു വലിച്ചു തുരങ്കത്തിൽ കൂടി എൻെറ വസതിയിലേക്കു കൊണ്ടുപോയി ബന്ധനത്തിൽ ഇട്ടു. അനന്തരം പിതൃജനങ്ങളുടെ അനുവാദത്തോടുകൂടി മണികൎണ്ണികയെ ഞാൻ വിവാഹം ചെയ്തു. തന്നിമിത്തം എനിക്കു രാജ്യത്തിൽ കുറേക്കൂടി അവകാശം സിദ്ധിച്ചു. അനാഥകമായ ആ രാജ്യം എനിക്കധീനമായി. ഈ സമയത്താണു അംഗരാജാവിനെ സഹായിപ്പാൻ വരേണ്ടതായി സംഭവിച്ചതു്. അപ്പോൾ ഭാഗ്യവശാൽ ദേവനെ കാണ്മാനും എനിക്കു സാധിച്ചു. ദുഷ്ടനായ സിംഹഘോഷൻ അങ്ങയുടെ പാദങ്ങളിൽ വീണു നമസ്കരിച്ചു പാപങ്ങളിൽ നിന്നു മുക്തനായി ഭവിക്കട്ടെ."

രാജവാഹനൻ സ്നേഹിതൻെറ വീൎയ്യപരാക്രമങ്ങളെ പ്രശംസിച്ചു. സിംഹഘോഷനെ ബന്ധനത്തിൽ നിന്നു വിടുവാൻ ആജ്ഞാപിച്ചു. അനന്തരം രാജവാഹനൻെറ ആജ്ഞപ്രകാരം പ്രമതി തൻെറ ചരിതം പറയുവാൻ തുടങ്ങി.

# IX

അങ്ങയെ പല സ്ഥലങ്ങളിൽ അന്വേഷിച്ചുകൊണ്ടു ഞാൻ ഒരു ദിവസം സന്ധ്യാസമയത്തു വിന്ധ്യപർവ്വതത്തിന്റെ അടിവാരത്തിൽ ചെന്നു അവിടെയുള്ള പല്വലജലത്തിൽ സന്ധ്യാവന്ദനം ചെയ്തു. ഇരുട്ടുകൊണ്ടു നിമ്നോന്നതപ്രദേശങ്ങളെല്ലാം ഒരുപോലെ തോന്നി. ഞാൻ തളിരുകൾ കൊണ്ടു ഒരു ശയനം ഉണ്ടാക്കി രാത്രി അവിടെ തന്നെ കഴിക്കേണമെന്നു നിശ്ചയിച്ചു. ഭയങ്കരമായ ആ മഹാരണ്യത്തിൽ രാത്രി സമയത്തു ഏകാകിയായി കിടന്നുറങ്ങുന്ന സമയത്തു ആപത്തുകളൊന്നും നേരിടാതിരിക്കുന്നതിനായി ഞാൻ വനദേവതയേയും സകല ലോകശരണ്യനായ സാക്ഷാൽ ജഗദീശ്വരനേയും പ്രാർത്ഥിച്ചു. മാർഗ്ഗശ്രമത്താൽ ഞാൻ അല്പനേരത്തിനുള്ളിൽ ഉറങ്ങിപ്പോയി. കുറെനേരം കഴിഞ്ഞപ്പോൾ ഭൂലോകദുർല്ലഭമായ ഒരു ദിവ്യസ്പർശത്താൽ എന്റെ അവയവങ്ങൾ സുഖിച്ചതുപോലെയും ഇന്ദ്രിയങ്ങൾ ആഹ്ലാദിച്ചതുപോലെയും അന്തരാത്മാവു് അത്യന്തം സന്തോഷിച്ചതുപോലെയും ശരീരമെല്ലാം രോമാഞ്ചമുണ്ടായതുപോലെയും വലതുകൈ വിറച്ചതുപോലെയും എനിക്കുതോന്നി. ഉടനെ ഞാൻ കൺമിഴിച്ചു. ശുഭ്രവസ്ത്രനിർമ്മിതമായ ഒരു വിതാനം എനിക്കു മീതെ തൂങ്ങിക്കൊണ്ടിരുന്നു. ഇടതുഭാഗത്തു നോക്കിയപ്പോൾ സൌധഭിത്തിക്കു സമീപത്തായി വളരെ അംഗനാജനങ്ങൾ ഉറങ്ങിക്കൊണ്ടിരുന്നു. വലതുഭാഗത്തു നോക്കിയപ്പോൾ ഒരു തരുണീരത്നം സമുദ്രത്തിലെ നുരക്കൂട്ടംപോലെ പാണ്ഡുരവർണ്ണമായ ഒരു ശയനത്തിൽ കി

ടന്നുറങ്ങുകയായിരുന്നു. ഭയത്താലും ലജ്ജയാലും ഭൂമിദേവി തന്നെ അവിടെ മൂർച്ഛിച്ചു കിടക്കയാണൊ എന്നു എനിക്കു ആദ്യക്ഷണത്തിൽ തോന്നിപ്പോയി. അവളുടെ അരുണവൎണ്ണമായ അധരത്തിന്റെ കിരണങ്ങളാകുന്ന ബാലകിസലയങ്ങളെ മുഖാരവിന്ദത്തിലെ പരിമളോദ്വാഹിയായ നിശ്വാസമാരുതൻ ചലിപ്പിച്ചുകൊണ്ടിരുന്നു. പരമശിവന്റെ തൃക്കണ്ണിൽ ദഹിച്ചുപോയ പഞ്ചബാണനെ അവൾ തന്റെ നിശ്വാസമാരുതനെക്കൊണ്ടു വീണ്ടുംജീവിപ്പിക്കയായിരുന്നുവൊ എന്നുംഎനിക്കു തോന്നി. ആമീലിതലോചനമായ അവളുടെ മുഖം അന്തസ്സുപ്തങ്ങളായ ഭ്രമരങ്ങളോടുകൂടി മുകുളീഭവിച്ചതായ താമരപ്പൂവിന്നു തുല്യമായിരുന്നു. ഞാൻഉറങ്ങിക്കൊണ്ടിരുന്ന മഹാരണ്യമെവിടെ? ഞാൻ എങ്ങിനെ അതിരമണീയമായ ഈ മാളികയിൽവന്നു? ഞാൻ അരണ്യത്തിൽ ശയിച്ചിരുന്ന ആ പല്ലവശയനമെവിടെ? ചന്ദ്രകിരണംപോലെ ഭാസുരമായ ഈ ഹംസതൂലികാമെത്ത എങ്ങിനെ ഇവിടെവന്നു. സ്വൈരമായി ഉറങ്ങിക്കൊണ്ടിരിക്കുന്ന ഈ സുന്ദരീജനങ്ങൾ ഇവിടെ വരുവാൻ കാരണമെന്തു്. അരവിന്ദഹസ്തയായ സാക്ഷാൽ ലക്ഷ്മിക്കു തുല്യയായി ശരൽക്കാലത്തിലെ ചന്ദ്രമണ്ഡലംപോലെ അതിസ്വച്ഛമായ ഈ ശയനത്തിൽ ഉറങ്ങിക്കൊണ്ടിരിക്കുന്ന ഈ അബലാരത്നം ആരായിരിക്കും. ഇവൾ ഒരു ദേവസ്ത്രീയായിരിപ്പാൻ കാരണമില്ല. ഇവളുടെ നേത്രങ്ങൾ ചന്ദ്രകിരണസ്പർശത്താൽ സങ്കുചിതങ്ങളായ താമരപ്പൂക്കൾപോലെ മുകുളിതങ്ങളായി കാണപ്പെടുന്നു. ഞെട്ടിൽനിന്നു ഒഴുകുന്നതായ രസംപുരണ്ടു നാനാവൎണ്ണമായ ആമ്രഫലംപോലെ ഇവളുടെ ഗണ്ഡസ്ഥലം വിയർപ്പുതുള്ളികളാൽ

അത്യന്തംശോഭിക്കുന്നു. അഭിനവമായ യൌവനാജ്ഞാപരത്താൽ ഇവളുടെ വക്ഷസ്ഥലം വൈവർണ്ണ്യത്തെ പ്രാപിച്ചിരിക്കുന്നു. ഇക്കാരണങ്ങളാൽ ഇവൾ മനുഷ്യസാംഭ്രത തന്നെയായിരിക്കണം. ഇവൾക്കു വിവാഹം കഴിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ഇവളുടെ സുകുമാരങ്ങളായ അവയവങ്ങളെല്ലാം ദൃഢമായിരിക്കുന്നു. ദേഹകാന്തി വളരെ സ്നിഗ്ദ്ധമായിരിക്കുന്നുവെങ്കിലും വിളർപ്പും കലന്നിട്ടുണ്ട്. ദന്തപീഡ അനുഭവിക്കാത്തതിനാൽ മുഖത്തിലെ രാഗത്തിന്നു കുറവ് വന്നിട്ടില്ല. അധരങ്ങൾ വിദ്രുമങ്ങൾ പോലിരിക്കുന്നു. കപോലപ്രദേശം വളർച്ചയെത്താത്ത ചമ്പകകുഡ്മളംപോലെ കഠോരമായിരിക്കുന്നു. ശിഷ്ടമര്യാദയെ ഇതേവരെ അതിക്രമിക്കാത്തവനായ എനിക്കു ഇവളിൽ അനിർവ്വചനീയമായ അനുരാഗം തോന്നുന്നുവല്ലൊ. എന്റെ അനുരാഗത്തിന്നു അനുരൂപമായി ഞാൻ ഇവളെ ആശ്ലേഷിക്കുന്നുവെങ്കിൽ ആയതു ആപല്ക്കരമായി ഭവിക്കുമൊ' ഇങ്ങ വിധം പല വികല്പങ്ങളോടുകൂടി ഞാൻ അവളുടെ സമീപത്തു ഉറങ്ങുന്നവനെപ്പോലെ കിടന്നു. അവൾ പെട്ടെന്നു കണ്ണുതുറന്നു. കണ്ണിമകൾ വിറച്ചുകൊണ്ടിരുന്നു. നിദ്രാഭംഗത്താൽ അവളുടെ കടക്കണ്ണുകൾ ചുവന്നിരുന്നു. ത്രാസം, വിസ്മയം, ഹർഷം, രാഗം, ശങ്ക, വിലാസം, വിഭ്രമം ഇവയാൽ അവൾ അനിർവ്വചനീയമായ അവസ്ഥയെ പ്രാപിച്ചു എങ്കിലും വിനയാധിക്യത്താൽ പരിജനങ്ങളെ വിളിക്കാതെ തന്റെ പരവശമായ ഹൃദയത്തേയും അംഗങ്ങളേയും നിരോധിച്ചു. സങ്കുചിതങ്ങളും സസ്പൃഹങ്ങളുമായ നേത്രങ്ങൾ കൊണ്ടു എന്നെയൊന്നു നോക്കികണ്ണടച്ചു. രാഗാവിഷ്ടചേതസ്സായിരുന്നു എങ്കിലും ഞാ

ൻ അറിയാതെ തൽക്ഷണം ഉറങ്ങിപ്പോയി. ഉണൎന്ന
പ്പോൾ ആ മഹാടവി, ആ തരുതലം, ആ പത്രാസ്തരം മു
തലായതു തന്നെ കണ്ടു. നേരം നല്ലവണ്ണം പ്രഭാതമായി.
ഞാൻരാത്രിയിൽ കണ്ടതുമനുഭവിച്ചതുമെല്ലാം ഒരു സമയം
സ്വപ്നമായിരിക്കുമൊ, അഥവാ മായയായിരിക്കുമൊ, അ
ല്ലെങ്കിൽ വിപ്രലംഭമായിരിക്കുമൊ, അതുമല്ലെങ്കിൽ മതി
ഭ്രമമായിരിക്കുമൊ എന്നും മററും എനിക്കു ശങ്കയുണ്ടായി.
എന്തു തന്നെ സംഭവിക്കുന്നതായാലും വസ്തുതത്വം അറി
യുന്നതുവരെ ആ അരണ്യത്തിൽ ആ വൃക്ഷമൂലത്തിൽ ത
ന്നെ താമസിക്കേണമെന്നു ഞാൻനിശ്ചയിച്ചു. താമസിയാ
തെ അമാനുഷാകൃതിയായ ഒരു സ്ത്രീ എന്റെ സമീപത്തു
നിന്നുകൊണ്ടിരുന്നതു ഞാൻകണ്ടു. അവൾ ഭൎത്തൃവിരഹ
ദുഃഖമനുഭവിക്കുന്നവളാണെന്നു എനിക്കു തോന്നി. വെയി
ൽതട്ടി വാടിയതായ താമരപ്പൂപോലെ അവളുടെ ശരീരം
തളൎന്നിരുന്നു. അവൾ ധരിച്ചിരുന്ന വസ്ത്രങ്ങൾ പഴയതും
കീറിയതുമായിരുന്നു. നിരന്തരം അശ്രുപാതത്താൽ അവ
ളുടെ നേത്രങ്ങൾ ചുവന്നിരുന്നു. തന്റെ പരിശുദ്ധമായ
കുലത്തേയും ജീവിതത്തേയും മുറുകെ പിടിച്ചിരിക്കയാ
ണൊ എന്നു തോന്നുമാറു അവളുടെ കേശപാശം കയറു
പോലെ ഏകവേണീഭൂതമായി പരിലസിച്ചു. അവളെ
കണ്ടാൽ ഭൂമിയിൽ സഞ്ചരിക്കുന്ന പാതിവ്രത്യപതാക
യാണൊ എന്നു തോന്നും. അവൾ വളരെ ക്ഷീണിച്ചിരു
ന്നു എങ്കിലും അമാനുഷികമായ ഒരു ശക്തി അവൾക്കു
ണ്ടെന്നു എനിക്കു തോന്നി. ഞാൻ അവളെ സാഷ്ടാംഗം
നമസ്കരിച്ചു. അവൾ തന്റെ ബാഹുലതകൾകൊണ്ടു എ
ന്നെ പതുക്കെ പിടിച്ച് എഴുന്നേല്പിച്ച്, പുത്രനിൎവ്വിശേഷം

ആലിംഗനം ചെയ്തു. അവളുടെ വാത്സല്യം സ്തനങ്ങളിൽ നിന്നു സ്തന്യരൂപത്തിൽ ഒഴുകി. അവൾ ഗൽഗദസ്വരത്തിൽ ഇപ്രകാരം പറഞ്ഞു:—

"മഗധരാജപത്നിയായ വസുമതീദേവിയുടെ കയ്യിൽ ഏതോ ഒരു സ്ത്രീ ശിശുപ്രായനായ അർത്ഥപാലനെ അർപ്പിച്ച് അന്തർദ്ധാനം ചെയ്ത വിവരം അറിഞ്ഞിരിക്കുമല്ലോ. ആ സ്ത്രീ ഞാൻ തന്നെയാണ്. ഞാൻ മണിഭദ്രന്റെ പുത്രിയും ഭവാന്റെ മാതാവുമാകുന്നു. നിന്റെ പിതാവും ധർമ്മപാലന്റെ പുത്രനുമായ കാമപാലന്റെ പാദങ്ങളെ കേവലം പ്രണയകോപത്താൽ ഞാൻ ത്യജിച്ചു. അന്നു രാത്രി ഉറങ്ങുമ്പോൾ ഒരു യക്ഷൻ 'ദുഷ്ടയായ നിന്നിൽ ഞാൻ ഒരു കൊല്ലം വസിക്കുന്നതാണ്" എന്നു എന്നെ ശപിച്ചു. ഇന്നലെ എനിക്കു ശാപാവസാനമായി. ഈ ഒരു കൊല്ലം എനിക്ക് ഒരു യുഗംപോലെയാണു തോന്നിയത്. ഇന്നലെ രാത്രി ശ്രാവസ്തിയിൽ ദേവദേവനായ ഭഗവാൻ ത്ര്യംബകന്റെ ഉത്സവം കാണുന്നതിനായി ഞാൻ പോയിരുന്നു. ഉത്സവം കണ്ടു ഭർത്തൃസമീപത്തിലേക്കു പോകണമെന്നായിരുന്നു എന്റെ ഉദ്ദേശം. പോകുന്നവഴിക്കു ഭവാൻ ഇവിടെ ഉറങ്ങിക്കൊണ്ടിരുന്നതു ഞാൻ കണ്ടു. ശാപാവേശത്താൽ തത്സമയം നീ ആരാണെന്നു ഞാനറിഞ്ഞില്ല. എങ്കിലും നിസ്സഹായനായി വനദേവതയെ ശരണം പ്രാപിച്ച് രാത്രിസമയത്തു മഹാടവിയിൽ ഉറങ്ങുന്ന ഒരുവനെ ഉപേക്ഷിക്കുന്നതു യുക്തമല്ലെന്നു നിശ്ചയിച്ച് ഞാൻ നിന്നെ ഉറക്കത്തിൽ എടുത്തുകൊണ്ടുപോയി. നീ ഗാഢമായി ഉറങ്ങിക്കൊണ്ടിരുന്നു. ദേവാലയത്തിന്നു സമീപം ചെന്നപ്പോൾ തരുണനാ

യ നിന്നോടുകൂടി ഉത്സവസമാജത്തിലേക്കു പോകുന്നതു അനുചിതമാണെന്നു എനിക്കുതോന്നി. ശ്രാവസ്തിരാജാവായ ധൎമ്മവൎദ്ധനൻെറ പുത്രി നവമാലിക കന്യാപുരത്തിൽ ഉറങ്ങിക്കൊണ്ടിരുന്നു. ആരും അറിയാതെ ഞാൻ നിന്നെ അവിടെ കിടത്തി ദേവാലയത്തിലേക്കു ഉത്സവം കാണ്മാൻ പോയി. ഉത്സവം കഴിഞ്ഞു ബന്ധുജനങ്ങളെ കണ്ടു് ത്രിഭുവനേശ്വരനായ ഭഗവാൻ ത്ര്യംബകനെ അഭിവാദനം ചെയ്തു അംബികാദേവിയെ നമസ്കരിച്ചു് ഭഗവതിയുടെ അനുഗ്രഹം കൈക്കൊണ്ടു ഞാൻ മടങ്ങിപ്പോന്നു. മടക്കത്തിൽ നിന്നെ കണ്ടപ്പോൾ നീ എൻെറ പുത്രനാണെന്നും അൎത്ഥപാലൻെറ ആത്മമിത്രമാണെന്നും ഞാൻ വാസ്തവം അറിഞ്ഞു. അജ്ഞാനത്താൽ നിന്നിൽ ഔദാസീന്യം കാണിച്ചതിനെപ്പററി ഞാൻ വ്യസനിച്ചു. നീയും രാജകന്യകയും പരസ്പരം അനുരക്തരാണെന്നും ലജ്ജയാലും ഭയത്താലും നിങ്ങൾ അന്യോന്യം അഭിമതങ്ങളെ അറിയിക്കാത്തതാണെന്നും ഞാൻ മനസ്സിലാക്കി. എനിക്കു് അവിടെ താമസിപ്പാൻസമയമുണ്ടായിരുന്നില്ല. രഹസ്യരക്ഷണത്തിനായിട്ടാണു രാജകന്യക സഖിജനങ്ങളേയുംപരിജനങ്ങളേയും വിവരമറിയിക്കാത്തതെന്നും എനിക്കു മനസ്സിലായി. നീ തക്കതായ ഉപായങ്ങൾകൊണ്ടു നിൻെറ അഭിമതം സാധിച്ചുകൊള്ളുമെന്നു വിചാരിച്ചു് ഞാൻ നിന്നെ ഉറക്കത്തിൽനിന്നു ഉണൎത്താതെ ഇവിടെ തിരികെ കൊണ്ടുവന്നു. ഇത്രമാത്രമെ എനിക്കു ഇപ്പോൾ പറവാനുള്ളു. ഞാൻ നിൻെറ പിതാവിനെ കാണ്മാൻ പോകയാണു്.' ഇത്രയുംപറഞ്ഞു എൻെറ മാതൃഭൂതയായ ആ സ്ത്രീ എന്നെ പല പ്രാവശ്യം ആലിംഗ

നംചെയ്തു ശിരസ്സിൽ തലോടി, കപോലങ്ങളെ ചുംബ
നംചെയ്തു സ്നേഹവിഹ്വലയായി അവിടെനിന്നു പോയി.
ഞാൻ പഞ്ചബാണന്നു വശ്യനായി തീൎന്നതിനാൽ ശ്രാവ
സ്തിക്കു പുറപ്പെട്ടു. വഴിക്കു ഒരു ചന്തയിൽ കോഴികളു
ടെ യുദ്ധകോലാഹലം കാണുന്നതിനായി വളരെ ആളുക
ൾ കൂടിയിരുന്നു. ഞാനും അവിടെ അല്പനേരംതാമസിച്ചു.
പെട്ടെന്നു ഞാൻ അറിയാതെ ഒന്നു ചിരിച്ചുപോയി. എ
ന്റെ സമീപത്തിരുന്നുകൊണ്ടിരുന്ന ഒരു വൃദ്ധബ്രാഹ്മണ
ൻ ഇതുകണ്ടു ഞാൻ ചിരിപ്പാൻ കാരണമെന്താണെന്നു
സ്നേഹഭാവത്തിൽ ചോദിച്ചു. നാളികേരജാതിയിൽപെട്ട
ഒരു വലിയ കോഴിയോടുകൂടി ബലാകാജാതിയിൽപെട്ട ഒ
രു കോഴിയെക്കൊണ്ടു യുദ്ധം ചെയ്യിപ്പിക്കുന്നതു ജനങ്ങളു
ടെ ബുദ്ധിശൂന്യതയാണെന്നു ഓൎത്തു ചിരിച്ചതാണെന്നു
ഞാൻ മറുപടി പറഞ്ഞു. ഈ തത്വം അറിഞ്ഞിരുന്ന
ആ വൃദ്ധൻ 'അങ്ങു പറയുന്നതു ശരിതന്നെയാണ്. അ
ജ്ഞരായ ഈ ജനങ്ങളോടു ഇതിനെപ്പററി പറയുന്നതു
കൊണ്ട് എന്താണ് പ്രയോജനം. അതിനാൽ മിണ്ടാതി
രിക്കുന്നതാണ് ഉത്തമം' എന്നു പറഞ്ഞു് വൃദ്ധൻ എ
നിക്കു മുറുക്കുവാൻ തന്നു. പിന്നീട്ട് ചിത്രങ്ങളായ പലക
ഥകൾ പറഞ്ഞു കുറേനേരം ഞാൻ അവിടെത്തന്നെ ഇ
രുന്നു. കോഴികൾ രണ്ടും ജനങ്ങളുടെ കോലാഹലശബ്
ദം കേട്ടു ഉന്മത്തങ്ങളായി യുദ്ധംചെയ്തു. ബലാകാജാതി
യിൽപെട്ട കോഴി തോററുപോയി. തന്റെ പക്ഷത്തി
ൽ ചേൎന്ന കോഴി ജയിച്ചതിനാൽ ബ്രാഹ്മണൻ വളരെ
സന്തുഷ്ടനായി. ഞങ്ങളുടെ വയസ്സിന്നുതമ്മിൽ വളരെ അ
ന്തരമുണ്ടായിരുന്നു എങ്കിലും ആ വൃദ്ധബ്രാഹ്മണൻ എ

ൻെറ പ്രിയമിത്രമായിത്തീൎന്നു. എന്നുമാത്രമല്ല, എന്നെ അദ്ദേഹത്തിൻെറ ഗൃഹത്തിലേക്കു കൊണ്ടുപോയി ഭക്ഷണംമുതലായതുംതന്നു. അന്നുമുഴുവൻ ഞാൻ അവിടെ താമസിച്ചു. പിറേറദിവസം കാലത്തു ശ്രാവസ്തിക്കു യാത്ര തുടൎന്നു. ബ്രാഹ്മണൻ കുറെദൂരം എൻെറകൂടെ വന്നു. അദ്ദേഹത്തിൻെറ സഹായം എപ്പോഴെങ്കിലും വേണ്ടിവരുന്നപക്ഷം അദ്ദേഹത്തെ വിസ്മരിക്കരുതെന്നു വീണ്ടും വീണ്ടും എന്നോടുപറഞ്ഞു് ഞങ്ങൾതമ്മിൽ പിരിഞ്ഞു. ബ്രാഹ്മണൻ ഗൃഹത്തിലേക്കും തിരിച്ചു.

ഞാൻ ശ്രാവസ്തിയിൽ ചെന്നു. അദ്ധ്വശ്രമം നിമിത്തം വിശ്രാന്തനായിരുന്നതിനാൽ ബാഹ്യോദ്യാനത്തിലുള്ള ഒരു ലതാഗൃഹത്തിൽ കിടന്നു ഞാൻ ഉറങ്ങിപ്പോയി. ഹംസങ്ങളുടെ ശബ്ദം കേട്ട് ഉണൎന്നപ്പോൾ ഏതോ ഒരു സ്ത്രീ എൻെറ നേരെ വരുന്നതുകണ്ടു. അവളുടെ കയ്യിൽ ഒരു ചിത്രപ്പലക ഉണ്ടായിരുന്നു. ചിത്രപ്പലകമേൽ വരച്ചിരുന്ന ഛായയേയും എന്നേയും സൂക്ഷിച്ചുനോക്കിയതിനു ശേഷം അവൾ ഹൎഷവിസ്മയങ്ങൾകൊണ്ടു പരവശയായി കുറെ നേരം അനങ്ങാതെ നിന്നു. ചിത്രത്തിൽ വരച്ചിരുന്ന പുരുഷനും എനിക്കും തമ്മിൽ സാദൃശ്യമുണ്ടായിരുന്നു എന്നു ഞാൻ മനസ്സിലാക്കി. അവൾ കണ്ണുകൾ കൊണ്ടു ചില ചേഷ്ടകൾ കാണിച്ചു. 'ഈ ഉദ്യാനത്തിൻെറ അതിരമണീയമായ കാഴ്ച സൎവ്വസാധാരണമാണല്ലൊ. ഭവതി സ്വൈരംപോലെ ഇരിക്കാതെ എന്തുകൊണ്ടാണു നിൽക്കുന്നതു്' എന്നു ഞാൻ ആ സ്ത്രീയെ നോക്കിപ്പറഞ്ഞു. അവൾ അൽപംപുഞ്ചിരി തൂകിക്കൊണ്ടു് 'ഞാൻ ഇപ്പോൾ അനുഗൃഹീതയായി' എന്നു പറ

ഞ്ഞു എന്റെ സമീപത്തിൽ തന്നെ ഇരുന്നു. ഞങ്ങൾ ആ രാജ്യത്തെപ്പററി പല കാൎയ്യങ്ങൾ സംസാരിച്ചു ഇതിന്റെ ഇടയിൽ അവൾ 'അങ്ങ് വിദേശത്തിൽ നിന്നു വന്നിരിക്കുന്ന ഒരു പാന്ഥനാണെന്നു ഞാൻ വിചാരിക്കുന്നു. അങ്ങയുടെ ശരീരം അധ്വശ്രമത്താൽ വളരെ തളൎന്നിരിക്കുന്നുവല്ലൊ. വിരോധമില്ലെങ്കിൽ എന്റെ ഗൃഹത്തിൽവന്നു വിശ്രമിക്കാം' എന്നിപ്രകാരം എന്നോടു പറഞ്ഞു:—'ഇതിൽ എനിക്കു അപ്രീതി ഉണ്ടാവാൻ കാരണമില്ലല്ലൊ' എന്നുപറഞ്ഞു ഞാൻ ആ സ്ത്രീ ഒരുമിച്ച് അവളുടെ ഗൃഹത്തിലേക്കുപോയി. രാജാൎഹങ്ങളായ സ്നാനഭോജനാദികൾകൊണ്ടു അവൾ എന്നെ ഉപചരിച്ചു. ഊണുകഴിഞ്ഞു ഞാൻ സ്വസ്ഥനായിരിക്കുമ്പോൾ ആ സ്ത്രീ എന്റെ അരികത്തുവന്നു 'ദേശാന്തരങ്ങളിൽ ഞാൻ എന്തെല്ലാം വിശേഷങ്ങളാണു കണ്ടത്' എന്നു ചോദിച്ചു. അവളുടെ ഈ ചോദ്യം എന്റെ ആശയ്ക്കു ആസ്പദമായി ഭവിച്ചു. അവൾ എന്റെഹൃദയസ്ഥിതയായ രാജകന്യകയുടെ സഖിയാണെന്നു ഞാൻ മനസ്സിലാക്കി. ഉത്തമമായകന്യാഗൃഹം, അതിൽ ശുഭ്രവസ്ത്രമായ ഒരുവിതാനം, അതിവിസ്തീൎണ്ണവും ശരൽക്കാലമേഘംപോലെ പാണ്ഡുരവൎണ്ണത്തോടുകൂടിയതുമായശയനം, അതിന്മേൽ എന്റെ ആകൃതിയിൽ ഉറങ്ങിക്കൊണ്ടിരുന്ന ഒരു പുരുഷൻ ഇതെല്ലാം ആ ചിത്രത്തിൽ വരച്ചിരുന്നതിനാൽ രാജകന്യകയും എന്നെപ്പോലെതന്നെ വിഹ്വലയായി തീൎന്നിട്ടുണ്ടെന്നും തന്റെ വിഹ്വലതക്കു കാരണമെന്താണെന്നു സഖീജനങ്ങളോടു പറയുന്നതിന്നു പകരമായി ഈ ചിത്രം വരച്ച് അവരുടെ കയ്യിൽകൊടുത്തതായിരിക്കേണമെന്നും ഞാൻ ഒ

തവിധം നിശ്ചയിച്ചു. എന്തായാലും പ്രഷ്ടാവിൻെറ പ്രശ്നകുതൂഹലം തീർക്കേണ്ടതാണെന്നു നിശ്ചയിച്ച് ഞാൻ ആ ചിത്രപലക മേടിച്ച് അതിൽ ഒരു ഭാഗത്തു രാജകന്യകയുടെ ആകൃതിവരച്ചു. 'ഞാൻ ഒരുദിവസം രാത്രി ഒരു കാട്ടിൽ ഉറങ്ങിക്കൊണ്ടിരുന്നപ്പോൾ ഇപ്രകാരമുള്ള ഒരു സ്ത്രീ ഈ ആകൃതിയിലുള്ള ഒരു പുരുഷൻെറ സമീപത്തായി ഉറങ്ങിക്കൊണ്ടിരുന്നു എന്നു എനിക്കു തോന്നി. ഇതു സ്വപ്നമായിരിക്കുമൊ എന്നു എനിക്കറിവില്ല' എന്നു ഞാൻ പറഞ്ഞപ്പോൾ കാൎയ്യമെല്ലാം വിസ്തരിച്ചു പറയേണമെന്നു അവർ എന്നോടു ആവശ്യപ്പെട്ടു. അപ്രകാരം ഞാൻ നടന്ന സംഭവങ്ങളെല്ലാം യഥാവത്തായി അവളെ ഗ്രഹിപ്പിച്ചു. അവർ രാജകുമാരിയുടെ അപ്പോഴത്തെ അവസ്ഥകളെപ്പററിയെല്ലാം എന്നോടു പറഞ്ഞു. 'ഭവതി പറയുന്നതുപോലെ രാജകുമാരിയുടെ ചിത്തം എന്നെ അനുഗ്രഹിക്കുന്നതിൽ ഉന്മുഖമാണെങ്കിൽ കുറെദിവസം ക്ഷമിച്ചിരിക്കണം. കന്യാപുരത്തിൽ നിശ്ശങ്കമായി വസിക്കുന്നതിനു തക്കതായ ഉപായങ്ങൾ കണ്ടുപിടിക്കേണമെല്ലൊ' എന്നുപറഞ്ഞു തൽക്കാലം അവളെ യാത്രയാക്കി. അനന്തരം ഞാൻ മുൻപറഞ്ഞ വൃദ്ധ ബ്രാഹ്മണനെ കാണ്മാനായി പുറപ്പെട്ടു. അദ്ദേഹത്തിൻെറ ഗൃഹത്തിൽ ചെന്നപ്പോൾ മുമ്പിലത്തെപ്പോലെതന്നെ സ്നാനഭോജനാദികൾ കൊണ്ടു അദ്ദേഹം എന്നെ യഥാവിധി സത്കരിച്ചു. പെട്ടെന്നു തിരിച്ചുചെല്ലുവാൻ കാരണമെന്തെന്നു അദ്ദേഹം എന്നോടു ചോദിച്ചു. ഞാൻ ഇപ്രകാരം പറഞ്ഞു:—

ശ്രാവസ്തി എന്നു പേരായ നഗരത്തെപ്പററി അങ്ങു കേട്ടിരിക്കുമല്ലൊ. അവിടത്തെ രാജാവിൻെറപേർ ധൎമ്മ

വദ്ധനൻ എന്നാകുന്നു. അദ്ദേഹം ധൎമ്മത്തിൽ ധൎമ്മപുത്ര
ന്നു തുല്യനാകുന്നു. അദ്ദേഹത്തിന്നു നവമാലിക എന്നു പേ
രായ ഒരു കന്യകയുണ്ട്. അവൾ ശ്രീദേവിയുടെ പ്രത്യാ
ദേശം എന്നപോലെയും കുസുമായുധൻെറ പ്രാണങ്ങൾ
എന്നപോലെയും സൌകുമാൎയ്യത്തിൽ നവമാലികയെ
അതിക്രമിച്ചു വിളങ്ങുന്നു. യദൃച്ഛയാ എനിക്കു അവളെ
കാണ്മാനിടയായി. അവൾ കാമബാണതുല്യങ്ങളായ കടാ
ക്ഷങ്ങളെ എൻെറ മൎമ്മങ്ങളിൽ പ്രക്ഷേപിച്ചു. ഈ ശ
ല്യങ്ങളെ കളയുന്നതിന്നു ധന്വന്തരിക്കു തുല്യനായ അങ്ങ
യെപ്പോലെ വേറൊരു വൈദ്യൻ ഇല്ലെന്നു നിശ്ചയിച്ചു
ഞാൻ ഇവിടെ വന്നിരിക്കുന്നു. ഞാൻ അങ്ങയുടെ പുത്രി
യാണെന്നുള്ള ഭാവത്തിൽ സ്ത്രീവേഷം ധരിക്കാം. അങ്ങു
എന്നോടുകൂടി ധൎമ്മാസനസ്ഥനായ ധൎമ്മവൎദ്ധനൻെറ
സമീപം ചെന്നു എന്നെ കാണിച്ച് ഇവൾ എൻെറ ഏ
കപുത്രിയാകുന്നു. ഇവൾ ജനിച്ചു ഉടനെ തന്നെ ഇവളു
ടെ മാതാവു അസഹ്യമായ പ്രസവവേദന നിമിത്തം മ
രിച്ചുപോയി. മാതൃസ്ഥാനത്തിലും പിതൃസ്ഥാനത്തിലും
ഇരുന്നുകൊണ്ടു ഞാൻ തന്നെയാണു് ഇവളെ രക്ഷിച്ചു
വരുന്നതു്. ഇവളെ വിവാഹം ചെയ്തുകൊടുപ്പാൻ നിശ്ച
യിച്ചിരിക്കുന്നതായ വരൻ വിദ്യാഭ്യാസത്തിന്നായി ഉജ്ജ
യിനിയിലേക്കു പോയിരിക്കുന്നു. അയാൾ ഇവളെ വിവാ
ഹം ചെയ്യുന്നതാണെന്നു സമ്മതിച്ചിരിക്കുന്നതിനാൽ
വേറൊരാൾക്കു വിവാഹം ചെയ്തുകൊടുക്കുന്നതു യുക്തമ
ല്ലല്ലൊ. ഇവൾ താരുണ്യദശയെ പ്രാപിച്ചിരിക്കുന്നു.
വരൻ ഇനിയും വരാതിരിപ്പാൻ കാരണമെന്തെന്നറിയു
ന്നില്ല. ഞാൻ പോയി അദ്ദേഹത്തെ കൂട്ടികൊണ്ടു വന്നു

ഇവളെ വിവാഹം ചെയ്തുകൊടുത്തു ഭാരമെല്ലാം ജാമാതാവിനെ തന്നെ ഏല്പിക്കേണമെന്നു വിചാരിച്ചാണു പുറപ്പെട്ടിരിക്കുന്നതു്. ശൈശവാവസ്ഥയെ അതിക്രമിച്ച പുത്രിമാരെ വേണ്ടവിധം സംരക്ഷിക്കുന്നതു ശ്രമസാദ്ധ്യമാകയാലും വിശേഷിച്ച മാതൃഹീനകളായ കന്യകാജനങ്ങളുടെ വിഷയത്തിൽ ഇതു കുറേക്കൂടി യഥാൎത്ഥമാകയാലും പ്രജകൾക്കെല്ലാം മാതൃസ്ഥാനവും പിതൃസ്ഥാനവും വഹിക്കുന്ന ദേവനെ ഞാൻ ശരണംപ്രാപിച്ചിരിക്കുന്നു. വൃദ്ധനായ എന്നിൽ കരുണ തോന്നുന്നപക്ഷം ഞാൻ പോയിവരുന്നതുവരെ ഇവിടെ താമസിപ്പാൻ എൻെറ പുത്രിക്കു് അനുവാദം നൽകിയാൽ നന്നു്" എന്നു രാജാവിനോടു് അപേക്ഷിക്കണം. രാജാവു തൻെറ പുത്രിയോടുകൂടി താമസിക്കാമെന്നു നിശ്ചയമായും എനിക്കു് അനുവാദം തരുന്നതാണു്. എന്നെ അവിടെ വിട്ടു പോയാൽ പിന്നെ അങ്ങു് വരുന്ന മാസത്തിൽ കറുത്തവാവുദിവസം രാജഗൃഹത്തിലെ അന്തഃപുരജനങ്ങളെല്ലാം തീൎത്ഥയാത്രയ്ക്കായി പോകുന്ന സമയത്തു തീൎത്ഥക്കരയുടെ കിഴക്കുഭാഗത്തു ചൂരൽച്ചെടികളുടെ ഇടയിലുള്ള കാൎത്തികേയക്ഷേത്രത്തിൽ എനിക്കു് ആവശ്യമുള്ള രണ്ടുമുണ്ടു് എടുത്തുകൊണ്ടു് അവിടെ എന്നെ പ്രതീക്ഷിച്ചു നില്ക്കണം. ഞാൻ അതുവരെ രാജകന്യകയൊരുമിച്ചു് ഇരിക്കുന്നതാണു്. അന്തഃപുരജനങ്ങൾ തീൎത്ഥസ്നാനത്തിനു വരുമ്പോൾ ഞാനും അവരൊന്നിച്ചു വരും. എല്ലാവരും സ്നാനം ചെയ്യുമ്പോൾ ആരും കാണാതെ ഞാൻ അങ്ങയുടെ സമീപം വന്നുകൊള്ളാം. അനന്തരം ഞാൻ കന്യകയുടെ വേഷം മാറി മുണ്ടുടുത്തു അങ്ങയുടെ ജാമാതാവി

ഷൻെറ നിലയിൽ അങ്ങയെ അനുഗമിക്കാം. രാജപുത്രി
എന്നെ അങ്ങുമിങ്ങും അന്വേഷിച്ചു കാണാതെ ഞാനി
ല്ലാതെ ഉണ്ണുന്നതല്ലെന്നു പറഞ്ഞു ശാഠ്യം പിടിക്കും. ഇ
തു കാരണമായി രാജഗൃഹത്തിൽ വലുതായ കുഴപ്പമുണ്ടാ
കും. പരിജനങ്ങൾ കരഞ്ഞുതുടങ്ങും. പൌരജനങ്ങളെ
ല്ലാം വളരെ ദുഃഖിക്കും. രാജാവും മന്ത്രിയും കിംകൎത്തവ്യ
താമൂഢരായിത്തീരും. ഈ സമയത്തു് അങ്ങു് എന്നോടു
കൂടി രാജസമീപം ചെന്നു് എന്നെ കാണിച്ചു് 'ദേവ, ഇ
ദ്ദേഹമാകുന്നു എൻെറ ജാമാതാവു്. ഇദ്ദേഹത്തിനു നാ
ലു വേദങ്ങളിലും ആറു വേദാംഗങ്ങളിലും നല്ല നൈപു
ണ്യമുണ്ടു്. തൎക്കവിദ്യയിൽ സമൎത്ഥനാകുന്നു. അറുപത്തി
നാലു കലാവിദ്യകളിൽ പ്രവീണനാണു്. ഗജതുരഗാദി ത
ന്ത്രങ്ങൾ നല്ലവണ്ണമറിയാം. കാവ്യനാടകാദികളിൽ പു
സ്തകങ്ങൾ എഴുതീട്ടുണ്ടു്. അൎത്ഥശാസ്ത്രം നല്ലപോലെ തോ
ന്നും. ഗുണങ്ങളിൽനിൎമ്മത്സരനാകുന്നു. സുഹൃത്തുകളുടെ വി
ശ്വസ്തനാണു്. ഇദ്ദേഹത്തെപ്പററി ഞാൻ അന്വേഷി
ച്ചതിൽ നിന്നും ഇദ്ദേഹമായിട്ടുള്ള എൻെറ പരിചയ
ത്തിൽ നിന്നും ഇദ്ദേഹത്തിനു ഒരുവിധമായ ദോഷവുമി
ല്ലെന്നു എനിക്കു നല്ല വിശ്വാസമുണ്ടു്. ഈ വിധം ഒരു
ജാമാതാവിനെ ലഭിക്കുന്ന കാൎയ്യം സുസാദ്ധ്യമല്ല, അതി
നാൽ പുത്രിയെ ഇദ്ദേഹത്തിനു വിവാഹം ചെയ്തുകൊടു
ത്തു ഗൃഹഭാരമെല്ലാം ഇദ്ദേഹത്തെ ഏല്പിച്ചു വൃദ്ധോചിത
മായ അന്ത്യാശ്രമം സ്വീകരിക്കേണമെന്നാണു ഞാൻ
ആഗ്രഹിക്കുന്നതു്' എന്നു രാജാവിനോടു പറയേണം. ഇ
തു കേട്ടാൽ രാജാവു വല്ലാതെ കുഴങ്ങും. അങ്ങയെ സമാ
ശ്വസിപ്പിക്കുന്നതിനു രാജാവും മന്ത്രിയും പല പ്രകാര

ത്തിൽ യത്നിക്കും. അങ്ങു ഇതൊന്നും ശ്രദ്ധിക്കാതെ ഉറക്കെ കരഞ്ഞുകൊണ്ടു പുറത്തു പോയി കുറേ വിറകു കൊണ്ടുവന്നു രാജമന്ദിരദ്വാരത്തിൽ തന്നെ ഒരു ചിത തയ്യാറാക്കി തീ വെച്ചു അതിൽ ചാടുവാൻ ഭാവിക്കണം. ഇതു കണ്ടു രാജാവു അങ്ങയുടെ പാദങ്ങളിൽ വീണു നമസ്കരിച്ച് അദ്ദേഹത്തിന്റെ പുത്രിയെ പകരമായി എനിക്കു തരും. അനന്തരം എന്റെ യോഗ്യതകൾ കണ്ടു വളരെ സന്തോഷിച്ച് രാജ്യഭാരമെല്ലാം എന്നെ തന്നെ ഏല്പിക്കും. ഈ ഉപായം നല്ലതാണെന്നു അങ്ങേക്കു തോന്നുന്നുണ്ടെങ്കിൽ ഇതുപോലെ ചെയ്താൽ കൊള്ളാം.

വിടന്മാരിൽ വെച്ചു അഗ്രഗണ്യനും കപടപ്രപഞ്ചമെല്ലാം അഭ്യസിച്ചവനുമായ ബ്രാഹ്മണൻ ഞാൻ വിചാരിച്ചതിനേക്കാൾ വളരെ സാമർത്ഥ്യത്തോടു കൂടി കാര്യമെല്ലാം നിർവ്വഹിച്ചു. എനിക്കു എന്റെ അഭീഷ്ടം സാധിച്ചു. സിംഹവർമ്മാവിനെ സഹായിക്കാമെന്നും സ്നേഹിതന്മാരെ ഒരു സമയം ഇവിടെ വെച്ചു കാണാമെന്നും കരുതി സൈന്യങ്ങളോടുകൂടി ഞാൻ ഇവിടെ വന്നിരിക്കുന്നു. ദൈവാനുഗ്രഹത്താൽ അങ്ങയെ കാണ്മാനും എനിക്കു സാധിച്ചിരിക്കുന്നു."

പ്രമതിയുടെ ചരിതം കേട്ട് രാജവാഹനന്റെ മുഖകമലം വികസിച്ചു. 'വിലാസപ്രായമായ ഈ ഉൗർജ്ജിതവും മൃദുപ്രായങ്ങളായ ഈ ചേഷ്ടിതങ്ങളും ബുദ്ധിമാന്മാർ ഇഷ്ടപ്പെടുന്നതാണു' എന്നു പറഞ്ഞു മിത്രഗുപ്തനെ നോക്കി തന്റെ ചരിതം പറവാനുജ്ഞാപിച്ചു. മിത്രഗുപ്തൻ പറഞ്ഞു:—

# X

ഞാനും സുഹൃത്സാധാരണമായ ഉദ്ദേശത്തോടുകൂടി ദേശാടനം ചെയ്തു സുംഹരാജ്യത്തിലുള്ള ഭാമലിപ്തം എന്നു പേരായ നഗരത്തിൽചെന്നു. ആ നഗരത്തിന്റെ ബാഹ്യോദ്യാനത്തിൽ ഒരു ഉത്സവത്തിനായി വലിയ പുരുഷാരം കൂടിയിരുന്നു. ഉദ്യാനത്തിന്റെ ഒരു ഭാഗത്തു ഒരുലതാമണ്ഡപത്തിൽ ഒരു യുവാവു് ഏകാകിയായി ഉൽക്കണ്ഠയോടെ വീണവായിച്ചുകൊണ്ടിരുന്നു. ആ ഉത്സവം എന്താണെന്നും എന്തുകാരണത്താലാണു ഉത്സവത്തെ അനാദരിച്ചു് ഏകാന്തത്തിൽ ഉൽക്കണ്ഠിതനായി വീണ വായിച്ചുകൊണ്ടിരുന്നതു എന്നും ഞാൻ ആ യുവാവിനോടു ചോദിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു:—

ഈ രാജ്യത്തിലെ രാജാവായ തുംഗധർമ്മാവിനു കുറെകാലം സന്തതി ഉണ്ടായില്ല. ഈ ദേവാലയത്തിൽ ദുർഗ്ഗാദേവിയെ അദ്ദേഹം കുറെകാലം ആരാധിച്ചു. ഒരു ദിവസം രാജാവു് നിരാഹാരനായി ഈ ദേവാലയത്തിൽ കിടന്നുറങ്ങി. സ്വപ്നത്തിൽ ദേവി പ്രത്യക്ഷീഭവിച്ചു. തനിക്കു ഒരു പുത്രനും ഒരു പുത്രിയും ജനിക്കുന്നതാണെന്നും പുത്രൻ പുത്രിയെ ആശ്രയിച്ചു ജീവിക്കേണ്ടതായി വരുമെന്നും പുത്രി ഏഴുവയസ്സുമുതൽ വിവാഹം കഴിയുന്നതുവരെ എല്ലാമാസവും കൃത്തികാദിവസം ഈ ദേവാലയത്തിൽ വന്നു പൊതുജനങ്ങൾ കാണത്തക്കവണ്ണം പന്തുകളിച്ചു് ദേവിയെ ആരാധിച്ചു് അഭിമതനായ ഭർത്താവിനെ ലഭിക്കേണമെന്നും പുത്രി ഇഷ്ടപ്പെടുന്ന ഭർത്താവിനു അവളെ വിവാഹം ചെയ്തുകൊടുക്കേണമെന്നും പറഞ്ഞു് ദേവി തി

രോഗവിച്ചു. കാലതാമസംകൂടാതെ രാജപത്നി ഗർഭം ധരിച്ച് ഒരുപുത്രനെ പ്രസവിച്ചു. പുത്രനുരണ്ടുവയസ്സു പ്രായമായപ്പോൾ രാജ്ഞി വീണ്ടും ഗർഭം ധരിച്ചു ഒരു പുത്രിയെപ്രസവിച്ചു. കന്ദുകാവലി എന്നുപേരായ ആ രാജകന്യക ഇന്നു പന്തുകളിച്ച് ദേവിയെ ആരാധിക്കുന്നതിനായി ഇവിടെവരും. അവളുടെസഖിയായ ചന്ദ്രസേന എൻെറ ഭാൎയ്യയാകുന്നു. കുറെദിവസമായി അവളെ രാജകുമാരനായ ഭീമധന്മാവ് ബലാൽകാരേണ അനുരോധിച്ചിരിക്കുന്നു. ഇക്കാരണത്താൽ ഞാൻ ഉൽക്കണ്ഠിതനായി വീണാവാദംകൊണ്ടു അല്പം ആശ്വാസിക്കയാകുന്നു'

യുവാവു് ഇത്രയും പറഞ്ഞ ഉടനെ നൂപുരശബ്ദംകേട്ടു. താമസിയാതെ ഒരു സ്ത്രീ അവിടെവന്നു. യുവാവ് എഴുന്നേററ് അവളെ ആലിംഗനം ചെയ്തു. അനന്തരം അവർ രണ്ടുപേരും അന്യോന്യം സമീപത്തിരുന്നു. ഇവൾ എൻെറ പ്രാണപ്രിയയാകുന്നു. ഇവളുടെ വിരഹത്താലാണു ഞാൻ ഇത്രയെല്ലാം ക്ലേശിക്കുന്നതു്. എൻെറ ജീവിതഭൂതയായ ഇവളെ രാജപുത്രൻ അപഹരിച്ചിരിക്കുന്നു. രാജപുത്രനാണെന്നു വിചാരിച്ച് ഞാൻ പ്രതിക്രിയ ചെയ്യാതിരിക്കുന്നതാണു" എന്നു യുവാവ് എന്നെനോക്കിപ്പറഞ്ഞു. ഇതുകേട്ടു ആ സ്ത്രീ പറഞ്ഞു:—നാഥ, എന്നെ ഉദ്ദേശിച്ച് സാഹസം പ്രവൎത്തിക്കരുതെ. ഭവാൻ വാണിക്ശ്രേഷ്ഠനായ അൎത്ഥദാസൻെറ പുത്രനാകുന്നു. കോശദാസൻ എന്ന അങ്ങയുടെ പേർഅങ്ങേക്കു വളരെ അനുരൂപമായിട്ടുള്ളതാണ്. എന്നാൽ അത്യാസംഗം നിമിത്തം അങ്ങയെ വിരോധികൾ വേശദാസൻ എന്നു പരിഹാസമായി വിളിക്കാറുണ്ടു്. അങ്ങയുടെ മരണാനന്തരം ഞാൻ ജീവി

ച്ചിരിക്കുന്നപക്ഷം വേശ്യകൾ നൃശംസകളാകുന്നു എന്ന ലോകാപവാദത്തിന്നു ഞാൻ പാത്രീഭവിക്കേണ്ടതായിവ രും. അതിനാൽ താമസിയാതെ അങ്ങെക്ക ഇഷ്ടമുള്ള ഏ തെങ്കിലും ദിക്കിലേക്ക എന്നെ കൂട്ടിക്കൊണ്ടു പോയാലും'

ഞാൻ സഞ്ചരിച്ചരാജ്യങ്ങളിൽവെച്ച് സംപത്സമൃദ്ധ വും സസ്യപൂൎണ്ണവും സത്പുരുഷഭൂയിഷ്ഠവുമായ രാജ്യം ഏതാണെന്നു യുവാവ് എന്നോട്ട് ചോദിച്ചതിന്നു 'സ്നേ ഹിത, വിസ്തീൎണ്ണമായ ഈ ലോകത്തിൽ രമ്യങ്ങളായ എ ത്രയൊ രാജ്യങ്ങളുണ്ട്. ഇവിടെ നിങ്ങൾക്ക സുഖമായി ഇ രിപ്പാൻ സാധിക്കാത്തപക്ഷം ഞാൻ അതിന്നു എന്തെങ്കി ലും ഉപായം ഉണ്ടാക്കി നിങ്ങളുടെ ഇഷ്ടം സാധിപ്പിച്ച തരാം' എന്നു മറുപടി പറഞ്ഞു.

ഉടനെ നൂപുരങ്ങളുടെ ശബ്ദം കേൾക്കാറായി ചന്ദ്ര സേന സംഭ്രമത്തോട്ടകൂടി എഴുനീററു. പന്തുകളിച്ച് വി ന്ധ്യാവാസിനിയായ ദേവിയെ ആരാധിക്കുന്നതിന്നായി ക ന്ദുകാവലി വരികയായിരുന്നു എന്നും കന്ദുകോത്സവ ത്തിൽ ആകൎഷം അവളെ കാണാവുന്നതാണെന്നും താൻ രാ ജകന്യകയുടെ സമീപത്തുതന്നെ ഉണ്ടായിരിക്കുന്നതാണെ ന്നും പറഞ്ഞു ചന്ദ്രസേന അവിടെനിന്നു പോയി. ഞങ്ങ ൾ രണ്ടുപേരും ഉത്സവം കാൺമാനതിന്നായി അവളെ അ നുഗമിച്ചു. രാജകന്യക രത്നമയമായ രംഗപീഠത്തിൽ ഇരു ന്നു. 'ഇവൾ സാക്ഷാൽ ലക്ഷ്മിതന്നെയായിരിക്കുമൊ? അ ല്ല' ലക്ഷ്മിയുടെ കയ്യിൽ സദാ താമരപ്പൂവുണ്ടായിരിക്കുമെ ല്ലൊ. ഇവളുടെ യൌവ്വനം അനവദ്യവും അനുപഭുക്തവു മായിരിക്കുന്നു' എന്നു ഞാൻ വിചാരിക്കുമ്പോഴെക്കും രാജ കന്യക ഹസ്തപല്ലവംകൊണ്ടു ഭൂമിയെ സ്പൎശിച്ച് ഭഗവ

തിയെ വന്ദിച്ച് പന്തെടുത്തു പത്തുകെെ താഴത്തെറിഞ്ഞു. നിലത്തിൽ വീൺപൊങ്ങിയപ്പോൾ വീണ്ടും മൃദുലമായ പാണിപല്ലവംകൊണ്ടു താഴോട്ടുതട്ടി. വീണ്ടും പന്തു പൊങ്ങിയപ്പോൾ ഹസ്തത്തിന്റെ പിൻഭാഗംകൊണ്ടു അതിനെ ഇരുവശത്തേക്കും ഉന്നയിച്ചു. കുറെനേരം ആകാശത്തിൽ പറക്കുന്ന പക്ഷിയെപ്പോലെ ആ പന്തിനെ ഭ്രസ്പൎശം കൂടാതെ തട്ടികൊണ്ടിരുന്നു. ചിലസമയം ചുററും പന്തു തിരിയുന്നതു കണ്ടാൽ അവൾ പുഷ്പമയമായ ഒരു പഞ്ജരത്തിൽ ഇരിക്കയാണൊ എന്നു തോന്നും. ഇങ്ങിനെ പലപ്രകാരത്തിൽ മധുരമാകുംവണ്ണം വിഹരിച്ചുകൊണ്ടും കാണികളുടെ പ്രശംസാവചനങ്ങളെ സ്വീകരിച്ചുകൊണ്ടും ആ രാജകന്യക കുറെനേരം പന്തുകളിച്ചു. എന്റെ നേത്രങ്ങൾ സന്തോഷത്താൽ വികസിതങ്ങളായി. കോശദാസന്റ ആശ്ചൎയ്യം പ്രതിക്ഷണം വൎദ്ധിച്ചു. രാജകുമാരി കടക്കൺകൊണ്ടു എന്നെ ഒന്നു നോക്കി. അവൾ പന്തിൽ തന്നെ ബദ്ധദൃഷ്ടിയായിരുന്നതിനാൽ അവളുടെ നേത്രങ്ങൾ സങ്കുചിതങ്ങളായിരുന്നു. ചില സമയം നിന്നുകൊണ്ടും ചിലപ്പോൾ ഇരുന്നുകൊണ്ടും ചിലസമയം മുൻപോട്ട് ഓടിയും ചിലപ്പോൾ പിൻപോട്ട് ഓടിയും ഇങ്ങിനെ പല പ്രകാരത്തിൽ രാജകന്യക പന്തുകളിച്ചു. കളി അവസാനിച്ചപ്പോൾ കുമാരി ദേവിയെ വന്ദിച്ച് ചന്ദ്രസേന മുതലായ പ്രിയസഖിമാരോടുകൂടി രാജഗൃഹത്തിലേക്കു പുറപ്പെട്ടു പോകുമ്പോൾ എന്നെ ഒന്നുരണ്ടുപ്രാവശ്യം കടക്കൺകൊണ്ടു നോക്കി.

അനംഗവിഹ്വലനായ ഞാൻ കോശദാസനോടുകൂടി അയാളുടെ ഗൃഹത്തിൽ ചെന്നു. കോശദാസൻ എ

നിക്കു സ്നാനാദ്യുപചാരങ്ങൾ ചെയ്തു. വൈകുന്നേരം ചന്ദ്രസേന അവിടെ വന്ന് എന്നെ വണങ്ങി ഭർത്തൃസമീപം ചെന്നിരുന്നു. 'എന്റെ ആയുഷ്കാലപര്യന്തം ഭവതിയുടെ ഈ പ്രസാദത്തിനു ഞാൻ പാത്രീഭവിക്കുമാറാകട്ടെ' എന്നു കോശദാസൻ ചന്ദ്രസേനയെ നോക്കി പറഞ്ഞു. അതു അസാദ്ധ്യമല്ലെന്നും ഞാൻ പറയുന്നപ്രകാരം ചന്ദ്രസേന അവളുടെ കണ്ണിൽ ഒരുതരം മഷി തേക്കുന്നപക്ഷം രാജകുമാരനു അവളെ കണ്ടാൽ വാനരിയെപ്പോലെ തോന്നുന്നതാണെന്നും തൻമൂലം അവളെ ഉപേക്ഷിക്കുമെന്നും ഞാൻ ഉപദേശിച്ചു. ഇതുകേട്ടു ചന്ദ്രസേന അല്പം പുഞ്ചിരിയോടുകൂടി ഇപ്രകാരം പറഞ്ഞു. 'അങ്ങയുടെ ഉപദേശത്തെ ഞാൻ അഭിനന്ദിക്കുന്നു. ഈ ജന്മത്തിൽ മനുഷ്യരൂപം വിട്ടു വാനരസ്വരൂപം സ്വീകരിക്കാതെ തന്നെ കാര്യം സാധിക്കാമെന്നു തോന്നുന്നു. കന്ദുകോത്സവത്തിൽ വെച്ചു രാജകന്യക അങ്ങയെ അഭിലഷിച്ചിട്ടുള്ളതായി ഞാൻ മനസ്സിലാക്കി. ഈ വിവരം ഞാൻ എന്റെ അമ്മയോടു പറഞ്ഞു. അമ്മ ഇതിനെപ്പററി രാജ്ഞിയോടു പറയുന്നതും തൻമൂലം രാജാവ് അറിയുന്നതുമാകുന്നു. രാജാവ് ഈ വിവരം അറിഞ്ഞാൽ അങ്ങയെക്കൊണ്ടു പുത്രിയെ വിവാഹം ചെയ്യിപ്പിക്കും. അങ്ങു രാജപുത്രിയെ വിവാഹം ചെയ്യുന്നപക്ഷം രാജകുമാരൻ അങ്ങേക്കു അധീനനായിത്തീരുന്നതാണ്. രാജ്യം അങ്ങേക്കു അധീനമായിത്തീർന്നാൽ പിന്നെ രാജപുത്രൻ എന്നെ അവരോധിക്കുന്നതല്ല. അതിനാൽ കാലതാമസം കൂടാതെ ഞങ്ങളുടെ ഈ കഷ്ടതകൾക്കു നിവൃത്തിയുണ്ടാകുമെന്നാണു ഞാൻ വിശ്വസിക്കുന്നത്.'

ഈ വിധം പറഞ്ഞു കോശദാസനെ ആശ്വസി
പ്പിച്ചു ചന്ദ്രസേന അവിടെ നിന്നു പുറത്തു പോയി. ഞാ
നും കോശദാസനും ഇക്കാര്യത്തെപ്പററി പലതും ആലോ
ചിച്ചുകൊണ്ടു രാത്രിയെല്ലാം ഉറങ്ങാതെ കഴിച്ചു. പ്രഭാത
മായപ്പോൾ ഞാൻ സന്ധ്യാവന്ദനം ചെയ്തു പ്രിയാദർശന
സുഭഗമായ ഉദ്യാനത്തിലേക്കു പോയി. അവിടെ രാജപു
ത്രൻവന്നു. അനുകൂലങ്ങളായ പല കഥകൾ പറ
ഞ്ഞുകൊണ്ടു ഞങ്ങൾ രണ്ടുപേരും കുറെ നേരം
ആ ഉദ്യാനത്തിൽ ഇരുന്നു. അനന്തരം രാജകുമാ
രൻ എന്നെ കൂട്ടിക്കൊണ്ടു സ്വഗൃഹത്തിലേക്കു
പോയി. ആത്മതുല്യമായ സ്നാനഭോജനാദികൾകൊണ്ടു
എന്നെ ഉപചരിച്ചു. ഊണുകഴിച്ചു ഞാൻ ഒരു കിടക്ക
യിൽ കിടന്ന് ഉറങ്ങിപ്പോയി. രാജകുമാരന്റെ ആജ്ഞ
പ്രകാരം ചില കിങ്കരന്മാർ ഒരു ഇരുമ്പുചങ്ങലകൊണ്ട്
എന്റെ കാൽരണ്ടും കെട്ടി. ഞാൻ ഉണർന്നപ്പോൾ രാജ
കുമാരൻ എന്റെ അരികത്തുണ്ടായിരുന്നു. 'ദുഷ്ടയായ ക
ന്ദുകാവതി നിന്നെ അഭിലഷിക്കുന്നുപോലും. നീ അവ
ളെ വിവാഹം ചെയ്യുന്നപക്ഷം ഞാൻ നിനക്ക് അധീന
നായിത്തീരും. അങ്ങിനെവന്നാൽ ഞാൻചന്ദ്രസേനയെ
കോശദാസനുതന്നെ കൊടുക്കേണ്ടതായിവരും. ഇതിനൊ
ന്നും ഞാൻ സമ്മതിക്കുന്നതല്ല' എന്നു പറഞ്ഞു സമീ
പത്തു കൈകെട്ടി നിന്നുകൊണ്ടിരുന്ന ഒരു കിങ്കരനെ
നോക്കി എന്നെ സമുദ്രത്തിൽ കൊണ്ടിടുവാനായി ആ
ജ്ഞാപിച്ചു. രാജാജ്ഞയാണല്ലോ എന്നു വിചാരിച്ച്
കിങ്കരൻ എന്നെ എടുത്തുകൊണ്ടുപോയി ബന്ധനത്തോ
ടെ സമുദ്രത്തിൽ എറിഞ്ഞു. ആശ്രയമില്ലാതെ ഞാൻ

കൈകൊണ്ടു കുറെനേരം തുഴഞ്ഞുകൊണ്ടിരുന്നപ്പോൾ ഒരു പലക എന്റെ ശരീരത്തിൽ തട്ടി. ഉടനെ ഞാൻ അതു മുറുകെ പിടിച്ചു. ആ ദിവസം മുഴുവൻ ഞാൻ പലകയെ അവലംബിച്ച് അപാരമായ സമുദ്രജലത്തിൽ നീന്തിക്കൊണ്ടിരുന്നു. പിറെറദിവസം പ്രഭാതമായപ്പോൾ കുറെ ദൂരത്തായി ഒരു കപ്പൽ കണ്ടു. അതിൽ യവനന്മാർ സഞ്ചരിക്കയായിരുന്നു. അവർ എന്നെ കണ്ടെടുത്തു കപ്പിത്താന്റെ സമീപത്തുകൊണ്ടുപോയി, എന്നെക്കൊണ്ടു എന്തു പണിയാണ് എടുപ്പിക്കേണ്ടതു് എന്ന് അവർ ആലോചിച്ചുകൊണ്ടിരുന്നപ്പോൾ കുറെ ദൂരത്തായി ഒരു യുദ്ധക്കപ്പൽ കണ്ടു. യവനന്മാർ വല്ലരെ പേടിച്ചു. ശത്രുക്കൾ താമസിയാതെ അടുത്തു. യവനന്മാൎക്കും ശത്രുക്കൾക്കും തമ്മിൽ യുദ്ധം ആരംഭിച്ചു. യവനന്മാർ പരാജിതരായി. എന്നെ ബന്ധനത്തിൽ നിന്നു മോചിപ്പിക്കുന്ന പക്ഷം ഞാൻ ശത്രുക്കളോടുകൂടി യുദ്ധം ചെയ്തു് അവരെ തോല്പിക്കാമെന്നു പറഞ്ഞതനുസരിച്ച് യവനന്മാർ എന്റെ ബന്ധനം അഴിച്ചു. ഞാൻ ശത്രുക്കളോടു യുദ്ധം ചെയ്തു. അവരിൽ വല്ലരെ ആളുകളെ അംഗവികലരാക്കി. അവസാനം ശത്രുനായകനെ ജീവനോടുകൂടി പിടിച്ചു. ഇദ്ദേഹം കന്ദുകാവതിയുടെസഹോദരനായ ഭീമധന്വാവല്ലാതെ മററാരുമല്ലായിരുന്നു. ഞാനാരാണെന്നും വിധിവിലാസങ്ങൾ എങ്ങിനെയെല്ലാം പരിണമിക്കുന്നു എന്നും ഞാൻ അദ്ദേഹത്തെ ധരിപ്പിച്ചു. അനന്തരം എന്നെ കെട്ടിയിരുന്ന ചങ്ങലകൊണ്ടു യവനന്മാർ ഭീമധന്വാവിനെ കെട്ടി എന്നെ യഥാവിധി ബഹുമാനിച്ചു.

പ്രതികൂലമായ കാററുനിമിത്തം ഞങ്ങളുടെ കപ്പൽ

വലുതായ ഓളങ്ങളിൽ അടിച്ച് അവസാനം ഒരു കരയിൽചെന്നു മുട്ടി. വെള്ളം, വിറക, കന്ദമൂലഫലങ്ങൾമുതലായതു ശേഖരിക്കുന്നതിനായി ഞങ്ങൾ അവിടെ ഇറങ്ങി സമീപത്തുണ്ടായിരുന്ന ഒരു പർവ്വതത്തിലേക്കുപോയി. 'ഈ പർവ്വതത്തിൻെറ നിതംബഭാഗം എത്ര രമണീയമായിരിക്കുന്നു. ഗന്ധപാഷാണങ്ങളോടുകൂടിയ ഈ താഴ്‌വര ഏററവും രമ്യംതന്നെ. ഇന്ദീവരങ്ങളോടും അരവിന്ദങ്ങളോടും കൂടിയ ഈ നിർമ്മലജലം അത്യന്തം ശിശിരമായും സൌരഭ്യമുള്ളതായും ഇരിക്കുന്നു. വിചിത്രവർണ്ണങ്ങളായ കുസുമമഞ്ജരികളാൽ മഞ്ജുളതരമായ ഈ തരുവനാഭോഗം വളരെ രമ്യംതന്നെ.' ഈ വിധം ഓരോന്ന് ആലോചിച്ചതിനാൽ എൻെറ നേത്രങ്ങൾ ആ പരിതസ്ഥിതികളുടെ രമണീയതകണ്ടു തൃപ്തിപ്പെട്ടില്ല. രമ്യങ്ങളായ ആപ്രദേശങ്ങളെ നോക്കിക്കൊണ്ടു ഞാൻ കുറെദൂരം നടന്ന് അവസാനം വഴിതെററി പർവ്വതശിഖരത്തിൽ എത്തി. അവിടെ താമരപ്പൂ നിറഞ്ഞതായ ഒരു സരസ്സുണ്ടായിരുന്നു. ഞാൻ അതിൽ കുളിച്ച് സരസ്തീരത്തിൽ ഇരുന്നു വിശ്രമിക്കയായിരുന്നു. അപ്പോൾ ഭീമരൂപധാരിയായ ഒരു പുരുഷൻ എൻെറ അരികത്തുവന്നു ഞാനാരാണെന്നു ഭയപ്പെടുത്തിക്കൊണ്ടു ചോദിച്ചു. എനിക്കു സംഭവിച്ചതായ ആപത്തുകളെപ്പററി ഞാൻ അയാളോടു പറഞ്ഞു. താൻ ചോദിക്കുന്ന ചോദ്യങ്ങൾ ൧൨ ശരിയായി മറുപടി പറയാത്തപക്ഷം എന്നെ കൊല്ലുന്നതാണ് എന്നു വീണ്ടും ഘോരരൂപിയായ ആ പുരുഷൻ ഭയപ്പെടുത്തി പറഞ്ഞു.

(ച) ലോകത്തിൽ ഏററവും ക്രൂരമായിട്ടുള്ളതു എന്താണ്? (ഉ) ഒരു ഗൃഹസ്ഥനു സുഖം നൽകുന്നതു

എന്താണ്? (൩) കാമം (പുരുഷാൎത്ഥങ്ങളിൽ ഒന്നു) എന്നു പറയുന്നതു് എന്താണ്? (൪) എങ്ങിനെയാണു് ദുഷ്കരങ്ങളായ കാൎയ്യങ്ങൾ സാധിക്കേണ്ടതു്. ഇവയായിരുന്നു ആ ഘോരപുരുഷൻ എന്നോടു ചോദിച്ച ചോദ്യങ്ങൾ. ഇതിൽ ആദ്യത്തെ ചോദ്യത്തിന്നു സ്ത്രീഹൃദയമെന്നും രണ്ടാമത്തെതിന്നു ഭാൎയ്യാഗുണങ്ങൾ എന്നും മൂന്നാമത്തേതിന്നു സങ്കല്പമെന്നും നാലാമത്തെ ചോദ്യത്തിനു പ്രജ്ഞയെന്നും ഞാൻ മറുപടി പറഞ്ഞു. കൂടാതെ ഞാൻ പറഞ്ഞ സമാധാനങ്ങൾക്കു പോഷകമായി ധൂമിനി, ഗോമിനി, നിംബവതി, നിതംബവതി ഇവർ നാലുപേരുടെ ചരിത്രവും പറഞ്ഞുകേൾപ്പിച്ചു.

൰. ത്രിഗൎത്തരാജ്യത്തിൽ ധനികന്മാരായ മൂന്നു ജ്യേഷ്ഠാനുജന്മാർ ഉണ്ടായിരുന്നു. ഒരു കാലത്തു വലുതായ ക്ഷാമം ഉണ്ടായി. പന്ത്രണ്ടുകൊല്ലം മഴ പെയ്തില്ല. സസ്യങ്ങളെല്ലാം ക്ഷയിച്ചു. ഓഷധികൾ ഇല്ലാതായി. വൃക്ഷങ്ങളെല്ലാം ഉണങ്ങി. കല്യാണങ്ങൾ ഉത്സവങ്ങൾ മുതലായവയെല്ലാം ലോപിച്ചു. നദികളെല്ലാം വററിപ്പോയി. തസ്കരന്മാർ വൎദ്ധിച്ചു. ആഹാരമില്ലാതെ ജനങ്ങൾ കന്നുകാലികളെ കൊന്നു ഭക്ഷിച്ചുതുടങ്ങി. അവസാനം മനുഷ്യർ മനുഷ്യരെത്തന്നെ കൊന്നു ഭക്ഷിക്കേണമെന്നുള്ള നില വന്നു. മുൻപറഞ്ഞ മൂന്നു സഹോദരന്മാരുടെ ഗൃഹത്തിലുണ്ടായിരുന്ന സകല ഭക്ഷ്യങ്ങളും തീൎന്നു. പശുക്കളും കന്നുകാലികളും അവസാനിച്ചു. അടുത്തദിവസത്തേക്കു ധന്യകൻ എന്നു പേരായ ഒടുക്കത്തെ സഹോദരന്റെ ഭാൎയ്യയായ ധൂമിനിയെ ഭക്ഷിക്കാമെന്നു എല്ലാവരും നിശ്ചയിച്ചു. ധൂമിനിയുടെ ഭൎത്താവു് തന്റെ പ്രിയഭാൎയ്യയെ ഉപേക്ഷി

പ്പാൻ ഇഷ്ടപ്പെട്ടില്ല. അന്നുരാത്രിതന്നെ ധന്യകനും ഭാൎയ്യയും ഗൃഹം വിട്ടുപോയി. വഴിയിൽ ഇവർ അംഗവികലനായ ഒരു പുരുഷനെ കണ്ടു. ധന്യകൻ ദയതോന്നിയതിനാൽ ആ പുരുഷനെ എടുത്തു തന്റെകൂടെ കൊണ്ടുപോയി. അവർ എല്ലാവരും ഒരു കാട്ടിൽ ചെന്ന് ഒരു ഗുഹയിൽ കുറെ ദിവസം താമസിച്ചു. അവിടെ നിന്നും കന്ദമൂലാദികൾ ഭക്ഷിച്ച് അവരുടെ ആരോഗ്യം പൂൎവ്വസ്ഥിതിയെ പ്രാപിച്ചു. ധന്യകൻ ഒരു ദിവസം ഫലങ്ങൾ കൊണ്ടുവരുവാനായി പുറത്തുപോയിരുന്നു. രാഗാതുരയായ ധൂമിനി തനിക്കു രാഗോപശാന്തി ചെയ്യേണമെന്നു അംഗവികലനായ പുരുഷനോടു ആവശ്യപ്പെട്ടു. അയാൾ സമ്മതിക്കാത്തതിനാൽ അയാളെ ബലാല്ക്കാരേണ നിൎബ്ബന്ധിച്ചു. ധന്യകൻ തിരിച്ചുവന്നു കിണററിൽ നിന്നു വെള്ളം കോരിക്കൊണ്ടിരുന്നപ്പോൾ ധൂമിനി ചെന്നു ധന്യകനെ കിണററിൽ പിടിച്ചുതള്ളി. പുതിയ ഭൎത്താവോടുകൂടി ധൂമിനി അവന്തിരാജ്യത്തിലേക്കു പോയി. ഭൎത്താവു അംഗവികലനായതിനാൽ എന്തെങ്കിലും സഹായം ചെയ്യേണമെന്നു അവൾ രാജാവിനെ കണ്ടു അപേക്ഷിച്ചു. രാജാവ് അവൾക്കു ചിലവിന്നു കൊടുപ്പാൻ അനുവദിച്ചു.

ചില പാന്ഥന്മാർ വെള്ളം കോരുന്നതിനായി ചെന്നപ്പോൾ കിണററിൽ ധന്യകൻ വീണു കിടക്കുന്നതുകണ്ടു മുകളിലേക്കു കയററി. പിന്നീട് ധന്യകൻ പല സ്ഥലങ്ങളിൽ സഞ്ചരിച്ച് അവന്തിരാജ്യത്തിൽ ചെന്നു. അപ്പോൾ ധൂമിനി ധന്യകനെ കണ്ടു. തന്റെ ഭൎത്താവിനെ അംഗവികലനാക്കി ചെയ്തതു ധന്യകനാണെന്നു ധൂമിനി രാജാവിനോടു ആവലാതി പറഞ്ഞു. ധന്യകനെ തൂക്കി

കൊല്ലുവാൻ രാജാവു് ആജ്ഞാപിച്ചു. അംഗവികലനായ പുരുഷൻ സമ്മതിക്കുന്നപക്ഷം തന്നെ തൂക്കിക്കൊല്ലുവാൻ വിരോധമില്ലെന്നു ധന്യകൻ മറുപടി പറഞ്ഞു. ധന്യകൻ തനിക്കു ചെയ്തതായ ഉപകാരങ്ങൾ ഓർത്തു അംഗവികലൻ യഥാർത്ഥസംഭവങ്ങളെല്ലാം പറഞ്ഞു. രാജാവു് വിവരമെല്ലാം അറിഞ്ഞു ദുഷ്ടയായ ധൂമിനിയെ കഠിനമായി ശിക്ഷിച്ചു് നിരപരാധിയായ ധന്യകനെ അനുഗ്രഹിച്ചു.

൨. ദ്രാവിഡരാജ്യത്തുള്ള കാഞ്ചീനഗരത്തിൽ ശക്തിസാരൻ എന്നു പേരായി ധനികനായ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അയാൾക്കു പതിനെട്ടു വയസ്സു പ്രായമായപ്പോൾ അനുരൂപയായ ഒരു കന്യകയെ വിവാഹം ചെയ്യുന്നതിനായി ഒരു ഗണികന്റെ വേഷം ധരിച്ചു് കുറെ ധാന്യവും കയ്യിൽ എടുത്തു പുറപ്പെട്ടു. തന്റെ കയ്യിലുണ്ടായിരുന്ന ധാന്യത്തെ പാകംചെയ്തു തനിക്കു ഭക്ഷണം തയാറാക്കി കൊടുക്കാമൊ എന്നു അയാൾ വളരെ കന്യകമാരോടു ചോദിച്ചു. ചിലർ ഇതുകേട്ടു അയാളെ പരിഹസിച്ചു. മററു ചിലർ സമാധാനമൊന്നും പറഞ്ഞില്ല. അവസാനം ആ കച്ചവടക്കാരൻ അച്ഛനമ്മമാരില്ലാത്ത ഒരു കന്യകയുടെ ഗൃഹത്തിൽ ചെന്നു. ആ കന്യകയ്ക്കു സഹായമായി അവളുടെ ധാത്രി മാത്രമെ ഉണ്ടായിരുന്നുള്ളു. കന്യകയുടെ രൂപലാവണ്യം കണ്ടു വണിക്കിന്റെ ഹൃദയം ആകൃഷ്ടമായി. താൻ മററു കന്യകമാരോടു ചോദിച്ചതുപോലെ ഈ കന്യകയോടും ചോദിച്ചു. അവൾ കച്ചവടക്കാരന്റെ കയ്യിൽ നിന്നു ധാന്യം മേടിച്ചു. അദ്ദേഹത്തിന്നു കാൽ കഴുകുവാൻ വെള്ളം കൊടുത്തു അവിടെ ഉമ്മറ

ത്തു് ഇരുന്നു വിശ്രമിക്കുന്നതിനായി പറഞ്ഞു. അനന്തരം അ കന്യക ധാന്യത്തെ നിലത്തിട്ടരച്ചു് ഉമികളഞ്ഞു. ആ ഉമി ആൎക്കെങ്കിലും കൊടുത്തു കിട്ടുന്നതായ കാശുകൊണ്ടു കുറെ വിറകും ചെറുതായി രണ്ടു മൺകലവും മേടിച്ചുകൊണ്ടുവരുവാനായി വൃദ്ധയായ ധാത്രിയെ പറഞ്ഞയച്ചു പിന്നീടു് അവൾ അരിയിലെ കല്ലും തവിടും കളഞ്ഞു് നല്ലവണ്ണം കഴുകി വൃത്തിയാക്കി. ഇതിനകം വൃദ്ധസ്ത്രീ വിറകും കലവും കൊണ്ടുവന്നു. ഉടനെ കന്യക തീ കൂട്ടി വെള്ളം തിളപ്പിച്ചു അരി വേവിക്കുന്നതിനായി ഇട്ടു. അരി വെന്തപ്പോൾ തീയിൽ വെള്ളമൊഴിച്ചു കുറെ കരി എടുത്തു. അതു ആൎക്കെങ്കിലും കൊടുത്തു അതിന്നു കിട്ടുന്ന കാശുകൊണ്ടു കുറെ കായ്കനികളും മററും മേടിച്ചുകൊണ്ടുവരുവാനായി വൃദ്ധയെ പറഞ്ഞയച്ചു. താമസിയാതെ വൃദ്ധസ്ത്രീ സാമാനങ്ങൾ കൊണ്ടുവന്നു. കച്ചവടക്കാരനോടു കുളിച്ചു വരുവാനായി വൃദ്ധസ്ത്രീ പറഞ്ഞു. അദ്ദേഹം കുളികഴിഞ്ഞു വന്നു ഭക്ഷണത്തിനായി ഇരുന്നു. കന്യക ചോറും മററു പദാൎത്ഥങ്ങളുമെല്ലാം വിളമ്പി. കുടിക്കുന്നതിന്നു ശീതളവും പരിശുദ്ധവും പാടലസംസൎഗ്ഗത്താൽസൌരഭ്യമുള്ളതുമായ വെള്ളം കൊടുത്തു. കച്ചവടക്കാരൻ സുഖമായി ഭക്ഷണം കഴിച്ചു തൃപ്തനായി. ആ കന്യക തനിക്കനുരൂപയാണെന്നു നിശ്ചയിച്ചു് അവളെ വിവാഹം ചെയ്തു ഗൃഹത്തിലേക്കു കൊണ്ടുപോയി. വീട്ടിലെ സകല കാൎയ്യങ്ങളും ഭാൎയ്യയെ ഏല്പിച്ചു. ഈ കന്യകയുടെ പേർ ഗോമിനി എന്നായിരുന്നു. കച്ചവടക്കാരൻ ഗുണവതിയായ ഭാൎയ്യയോടു കൂടി സുഖമായി വസിച്ചു.

൩. സുരാഷ്ട്രരാജ്യത്തിലുള്ളവലഭീനഗരത്തിൽ ഒരു വലിയ ധനികനുണ്ടായിരുന്നു. അദ്ദേഹത്തിനു രത്നാവതി എന്നു പേരായ ഒരു പുത്രിയുണ്ടായിരുന്നു. ബലഭദ്രൻ എന്നുപേരായ വണിക്കു അവളെ വിവാഹം ചെയ്തു. രത്നാവതി ബാല്യസാധാരണമായ ഒരു അപരാധം ചെയ്ത കാരണത്താൽ ബലഭദ്രനു തന്റെ ഭാര്യയിൽ സ്നേഹം കുറഞ്ഞു അവസാനം അവളെ കാണുന്നതുകൂടി അയാൾക്കു ഇഷ്ടമില്ലാതായി. അവളെ ബലഭദ്രൻ നിംബവതി എന്നു വിളിപ്പാനാരംഭിച്ചു. കാലക്രമത്തിൽ ബലഭദ്രന്റെ ബന്ധുക്കൾ കൂടി രത്നാവതിയെ വെറുത്തുതുടങ്ങി. അവൾ ഭർത്താവിന്റെ നിഷ്ഠുരഭാവത്തെയും തന്റെ ഭാവിയേയും ചിന്തിച്ചു ഏകാന്തത്തിൽ ഇരുന്നു ദുഃഖിച്ചുതുടങ്ങി. ഒരു ദിവസം രത്നാവതി ഒരു സന്യാസിനിയെ കണ്ടു തന്റെ സങ്കടവൃത്താന്തം പറഞ്ഞു. സന്യാസിനിക്കു രത്നാവതിയിൽ അനുകമ്പ തോന്നി. രത്നാവതി സന്യാസിനിയോടു ഇപ്രകാരം പറഞ്ഞു. 'എന്റെ അയൽപക്കക്കാരനു കനതവതി എന്നു പേരായ ഒരു പുത്രിയുണ്ടു്. അവൾ വയസ്സുകൊണ്ടും ആകൃതികൊണ്ടും എനിക്കു തുല്യയാകുന്നു. ഞാൻ നല്ലവസ്ത്രം ധരിച്ചു അവളൊരുമിച്ചു പന്തുകളിക്കുന്നതിനായി അവളുടെ ഗൃഹത്തിൽ പോയി മാളികപ്പുറത്തു കയറി നിൽക്കാം. ഭവതി എന്റെ ഭർത്താവിനെ എങ്ങിനെ എങ്കിലും അവിടെ കൊണ്ടുവരണം. ഭർത്താവു അവിടെ വന്നാലുടനെ ധൃതിപ്പെട്ടു കളിക്കയാണെന്നുള്ള ഭാവത്തിൽ ഞാൻ ഒരുപന്തു് താഴത്തിടാം. ഭവതി അതു് എടുത്തു ഭർത്താവിന്റെ കയ്യിൽ കൊടുത്തു എന്നെ ചൂണ്ടിക്കാണിച്ചു് 'ഇവൾ കനകവതി

യാകുന്നു. പ്രധാനിയായ ഒരു വണിക്കിന്റെ പുത്രിയും രത്നാവതിയുടെ പ്രിയമിത്രവുമാണ്. ഭവാൻ രത്നാവതിയുടെ നേരെ വിമുഖത കാണിക്കുന്നതിനെപ്പററി ഇവൾ അങ്ങയെ അധിക്ഷേപിക്കയുണ്ടായി. അതിനാൽ ശത്രുധനമായ ഈ പന്ത് തിരികെ കൊടുക്കുന്നതാണ് അങ്ങേ മാനം' എന്നു പറയണം. അദ്ദേഹം നിശ്ചയമായും എന്നെ കനകവതിയാണെന്നു വിചാരിച്ച് നോക്കുന്നതും ബദ്ധാഞ്ജലിയായി നിൽക്കുന്ന എന്റെ കയ്യിൽ പന്ത് അപ്പിക്കുന്നതുമാണ്. എന്റെ ഉടുപ്പും ആഭരണങ്ങളും കണ്ടു കനകവതിയാണെന്നുള്ള ഭ്രമത്തിൽ എന്നെ അഭിലഷിക്കും. ഞാൻ അദ്ദേഹത്തെ ഭത്താവായി സ്വീകരിക്കുന്നതാണെങ്കിൽ ഏതെങ്കിലും ദൂരദേശത്തിൽ പോകാമെന്നു അദ്ദേഹം വാഗ്ദാനം ചെയ്യും. ഈവിധം എനിക്കു കാര്യം സാധിക്കാമെന്നു തോന്നുന്നു.'

രത്നാവതി പറഞ്ഞ ഉപായം ശരിയാണെന്നു സന്യാസിനി അഭിപ്രായപ്പെട്ടു. അപ്രകാരം പ്രവത്തിക്കയാൽ രത്നാവതിക്കു വീണ്ടും ഭത്താവോടുകൂടി സുഖിച്ചിരിക്കാൻ സംഗതിയായി. ഏതാനും സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ ബലഭദ്രനു വസ്തുതത്വം മനസ്സിലായി. താൻ ചെയ്ത അപരാധത്തെ ഓത്തു പശ്ചാത്തപിച്ചു. അനന്തരം ഭാര്യയോടുകൂടി സ്വരാജ്യത്തിലേക്കു പോയി സുഖമായി ജീവിതം നയിച്ചു.

൪. സൂരസേനരാജ്യത്തിൽ കലഹകണ്ടകൻ എന്നു പേരായ ഒരു പ്രസിദ്ധ വണിക്കുണ്ടായിരുന്നു. അദ്ദേഹം സൽക്കുലപ്രസൂതനാണെങ്കിലും അത്യന്തം വിഷയാസക്തനായിരുന്നു. ഒരു ദിവസം അദ്ദേഹം ഒരു ചിത്രകാര

ൻെറ കയ്യിൽ ഒരു സ്ത്രീയുടെ ചിത്രം കണ്ടു, അവളെ എങ്ങനെയെങ്കിലും തനിക്കു വിവാഹം ചെയ്യണമെന്നു നിശ്ചയിച്ചു. അവളുടെ പേർ നിതംബവതി എന്നാണെന്നും അവൾ ഉജ്ജയിനിയിൽ വസിച്ചിരുന്ന വൃദ്ധനായ ഒരു വണിക്കിൻെറ ഭാൎയ്യയാണെന്നും ചിത്രകാരൻ പറഞ്ഞു. അനന്തരം വണിക്കു ഒരു ഭിക്ഷുവിൻെറ വേഷം പൂണ്ടു ഉജ്ജയിനിയിലേക്കു പുറപ്പെട്ടു. അവിടെ ചെന്നു ഭിക്ഷയ്ക്കു എന്നഭാവത്തിൽ നിതംബവതിയുടെ ഗൃഹത്തിൽ ചെന്നു. താൻ ചിത്രത്തിൽ കണ്ടതിനേക്കാൾ അവൾ അധികം സൌന്ദൎയ്യവതിയാണെന്നു അയാൾക്കു തോന്നി. കാൎയ്യസാദ്ധ്യത്തിന് എന്താണ് ഉപായം എന്നാലോചിച്ച് ആ വണിക്ക് ഒരു ശ്മശാന രക്ഷകനായിത്തീൎന്നു. അയാൾക്ക് ഒരു ബൌദ്ധസന്യാസിനിയുടെ സഹായവും ലഭിച്ചു. ഒരു ദിവസം കലഹകണ്ടകൻ സന്യാസിനിവഴിയായി നിതംബവതിക്ക് ഒരു സന്ദേശമയച്ചു. പതിവ്രതയായ നിതംബവതി സന്ദേശത്തെ സ്വീകരിച്ചില്ലെന്നു മാത്രമല്ല സന്യാസിനിയെ വളരെ ആക്ഷേപിക്കയും ചെയ്തു. ഇതുകൊണ്ടൊന്നും അധൈൎയ്യപ്പെടാതെ കലഹകണ്ടകൻ വേറൊരു ഉപായം ചിന്തിച്ച്, ശ്രമണികയോടുപറഞ്ഞു:—

'ഭവതി ഒരിക്കൽകൂടി പോയി നിതംബവതിയെ കാണണം. അന്നു പോയതു് അവളുടെ ഗുണങ്ങളെ പരീക്ഷിപ്പാൻവേണ്ടി മാത്രമാണെന്നും സന്യാസിനികൾ മററു സ്ത്രീകളെ ഒരിക്കലും ദുൎമ്മാൎഗ്ഗത്തിൽ പ്രവൎത്തിപ്പിക്കുന്നതല്ലെന്നും നിതംബവതിക്ക് ഒരു കുട്ടി ഉണ്ടായിക്കണ്ടാൽ കൊള്ളാമെന്നു ഭവതിക്കു വളരെ ആഗ്രഹമുണ്ടെന്നും

ഏതോ ഗ്രഹപ്പിഴയാണ് അതിനെ തടസ്ഥമായി നിൽക്കു ന്നതു് എന്നും അതിനാൽ ഭവതിയോടുകൂടി ഒരു വിജന സ്ഥലത്തു വരുന്നപക്ഷം ഒരു മാന്ത്രികൻ വേണ്ട പരിഹാ രങ്ങൾ ചെയ്യുന്നതാണെന്നും പറയണം.'

വണിക്കിന്റെ ഉപദേശപ്രകാരം സന്ന്യാസിനി ചെ ന്നു നിതംബവതിയോടു വിവരമെല്ലാം പറഞ്ഞു. സാധു വായ ആ യുവതി ഇതെല്ലാം യഥാർത്ഥമാണെന്നു വിശ്വ സിച്ചു പരിവ്രാജികയോടുകൂടി പുറപ്പെട്ടു് ഒരു വിജന സ്ഥലത്തിൽ ചെന്നു. നേരം ഇരുട്ടിത്തുടങ്ങി. അവിടെ കാത്തുനിന്നിരുന്ന ഒരു പുരുഷൻ നിതംബവതിയുടെ പാ ദത്തെ മന്ത്രം ജപിച്ചു തൊടുന്ന ഭാവത്തിൽ അവളുടെ കാ ലിലുണ്ടായിരുന്ന വള ഊരി എടുത്തു കത്തികൊണ്ടു പതു ക്കെ അവളുടെ തുടയിൽ ഒന്നു മുറിച്ചു. സാധുവായ നി തംബവതി തന്റെ അറിവില്ലായ്മയെ ഓർത്തു വ്യസനി ച്ചുകൊണ്ടു ഗൃഹത്തിലേക്കു തിരിച്ചുപോയി. കുറേദിവ സം കഴിഞ്ഞപ്പോൾ കലഹകണ്ടകൻ താൻ അപഹരി ച്ച വളയുംകൊണ്ടു നിതംബവതിയുടെ ഗൃഹത്തിൽ ചെ ന്നു് വള ആവശ്യമുണ്ടോ എന്നു ചോദിച്ചു. നിതംബവ തിയുടെ ഭർത്താവിന് ആ വള കണ്ടഉടനെ അതു തന്റെ ഭാര്യയുടെ വളയാണെന്നു തോന്നിയതിനാൽ ആ വള എങ്ങനെ കിട്ടി എന്നു വണിക്കിനോടു ചോദിച്ചു. കുറെ ജനങ്ങൾ കൂടുന്നപക്ഷം അവരുടെ മുമ്പാകെ കാര്യമെ ല്ലാം പറയാമെന്നു വണിക്കു പറഞ്ഞു. നിതംബവതി യുടെ ഭർത്താവു ചില കച്ചവടക്കാരെ വിളിച്ചുവരുത്തി. അ വരുടെ മുമ്പാകെ കലഹകണ്ടകൻ ഇപ്രകാരം പറഞ്ഞു.

കുറേദിവസം മുമ്പ് ഒരു സ്ത്രീ ചിതാരൂഢമായ ഒരു മൃതശരീരത്തിൽനിന്നു പകുതി കത്തിയതായ ഒരു വസ്ത്രം എടുത്തുകൊണ്ടുപോകുന്നതു ഞാൻ കണ്ടു. അവളെ തടയുന്നതിനായി ഞാൻ അവളുടെ തുടയിൽ കത്തികൊണ്ടു മുറിച്ചു. അവൾ ഓടുമ്പോൾ അവളുടെ കാലിൽനിന്നു ഒരു വളതാഴെ ഊരിവീണു. അതുനോക്കാതെ ആ സ്ത്രീ ഓടിപ്പോയി. ഇപ്രകാരമാണു ഈ വള എന്റെ കൈവശംവന്നത്".

നിതംബവതിക്കു പൈശാചത്വമുണ്ടെന്നു അവിടെ കൂടിയിരുന്നവർ പറഞ്ഞതനുസരിച്ചു വൃദ്ധനായ ഭർത്താവു അവളെ പരിത്യജിച്ചു. ലജ്ജയും വ്യസനവും സഹിപ്പാൻവയ്യാതെ അവൾ ശ്മശാനത്തിൽ പോയി ആത്മഹത്യ ചെയ്യാൻ ഉദ്യമിച്ചു. ധൂർത്തനായ കലഹകണ്ടകൻ അവളുടെ പാദങ്ങളിൽ പതിച്ച് നടന്ന സംഭവങ്ങളെല്ലാം അവളോടു പറഞ്ഞു. നിസ്സഹായത ഹേതുവാൽ സാധുവായ നിതംബവതി കലഹകണ്ടകനു വശ്യയായിത്തീൎന്നു.

ചോദ്യങ്ങൾക്കു ഞാൻ പറഞ്ഞ സമാധാനങ്ങളും പ്രമാണകഥകളും കേട്ടു ബ്രഹ്മരാക്ഷസൻ വളരെ സന്തോഷിച്ച് എന്നെ ഉപദ്രവിക്കാതെ വിട്ടു.

ഞാൻ ഭീമധന്വാവിനോടുകൂടി കപ്പൽ കയറി നാട്ടിലേക്കു തിരിച്ചു. പുത്രവിരഹത്താൽ ഖിന്നരായ രാജാവിനേയും രാജ്ഞിയേയും ഞാൻ ആശ്വസിപ്പിച്ചു. അവരുടെ ഇഷ്ടപ്രകാരം കന്ദുകാവതിയെ ഞാൻ വിവാഹം ചെയ്തു. ഭീമധന്വാവ് എനിക്കു് അധീനനായിത്തീൎന്നു.

ചന്ദ്രസേന വീണ്ടും കോശദാസനെ പ്രാപിച്ചു. സിംഹവൎമ്മാവിനെ സഹായിപ്പാനായി ഇവിടെ വന്നതിനാൽ അങ്ങയെ കാണ്മാനും എനിക്കു സാധിച്ചു."

മിത്രഗുപ്തന്റെ ചരിത്രം കേട്ടു രാജവാഹനനും മററു രാജപുത്രന്മാരും വളരെ സന്തോഷിച്ചു. അനന്തരം രാജകുമാരന്റെ ആജ്ഞപ്രകാരം മന്ത്രഗുപ്തൻ കരകമലംകൊണ്ട് അല്പം മുഖം മറച്ചു ആത്മചരിതം പറയുവാരംഭിച്ചു.

---

# XI

രാജാധിരാജനന്ദനനായ അങ്ങയെ അന്വേഷിച്ചു ഞാൻ കലിംഗരാജ്യത്തിൽ ചെന്നു. കലിംഗനഗരത്തിനു അധികം ദൂരെയല്ലാതെ സ്ഥിതിചെയ്യുന്ന ശ്മശാനഭൂമിക്കു തൊട്ടതായി ഒരു ചെറിയ കാടുണ്ട്. അതിൽ അത്യുന്നതവും പ്രഛായശീതളവുമായ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഞാൻ ഉറങ്ങുന്നതിനായി കിടന്നു. ക്രമേണ ഇരുട്ടു ദിക്കെല്ലാം വ്യാപിച്ചു. സകല ജീവജാലങ്ങളും നിദ്രാനിമീലിതങ്ങളായിരുന്നു. ഞാൻ ഉറങ്ങാതെ തന്നെ കിടന്നു. കുറേ കഴിഞ്ഞപ്പോൾ അൎദ്ധചന്ദ്രൻ ഉദിച്ചു. കുളിർകാററു കുറേശ വീശിത്തുടങ്ങി. ഞാൻ കണ്ണിമ പൂട്ടി. അപ്പോൾ 'ഈ ദുഷ്ടൻ നമ്മെ ഒഴിവില്ലാതെ ഉപദ്രവിക്കുന്നുവല്ലൊ; ആരെങ്കിലും ഇതിനു പരിഹാരം ചെയ്തു നമ്മെ രക്ഷിക്കയില്ലയൊ' എന്നു പറഞ്ഞു ആരൊ കരയുന്നതുപോലെ എനിക്കു തോന്നി. ആ സമയത്തു വിശേഷിച്ച് ആ വിജനപ്രദേശത്തു കരച്ചിൽ കേൾപ്പാൻ കാരണമെന്തെന്നറിയു

ന്നതിനായി ഞാൻ എഴുന്നേററു പുറപ്പെട്ടു. കരച്ചിൽ കേട്ട സ്ഥലത്തെ ലക്ഷ്യമാക്കി കുറേ ദൂരം ചെന്നപ്പോൾ ഭസ്മപാണ്ഡുരനായി ജടാധാരിയായി കഴുത്തിൽ ഒരു അസ്ഥിമാലയണിഞ്ഞു ഒരു മാന്ത്രികൻ ഉജ്ജ്വലിച്ചുകൊണ്ടിരുന്ന ഹോമാഗ്നിയിൽ നെയ്യ്, എള്ള്, കടുക് മുതലായ ദ്രവ്യങ്ങളെ ഹോമിച്ചുകൊണ്ടിരുന്നതുകണ്ടു. അദ്ദേഹത്തിന്റെ പുരോഭാഗത്തു ഒരു നിശാചരൻ കൈകൂപ്പി 'ഞാനെന്താണു ചെയ്യേണ്ടതു എന്നു ആജ്ഞാപിച്ചാലും' എന്നു പറഞ്ഞു മാന്ത്രികന്റെ ആദേശത്തെ പ്രതീക്ഷിച്ചു നില്പായിരുന്നു. ഉടനെ ചെന്നു കലിംഗരാജപുത്രിയായ കനകലേഖയെ കൊണ്ടുവരുവാനായി മാന്ത്രികൻ ആജ്ഞാപിച്ചു. നിശാചരൻ താമസിയാതെ രാജകന്യകയെ അവിടെ എടുത്തുകൊണ്ടുവന്നു. ഭയത്താൽ രാജകന്യകയുടെ ശരീരം കിടുകിടെ വിറച്ചുകൊണ്ടിരുന്നു. അവൾ മാതാപിതാക്കന്മാരെ വിളിച്ച് ഉറക്കെ കരഞ്ഞു തുടങ്ങി. നിർഘൃണനായ മാന്ത്രികൻ അഴിഞ്ഞു ഉലഞ്ഞു കിടന്നിരുന്ന അവളുടെ കേശപാശത്തെ പിടിച്ചുവലിച്ച് കയ്യിലുണ്ടായിരുന്ന വാൾകൊണ്ടു രാജകന്യകയുടെ ശിരസ്സ് ഛേദിപ്പാൻ ഉദ്യമിച്ചു. ഞാൻ ഓടിച്ചെന്നു മാന്ത്രികന്റെ കയ്യിൽനിന്നു വാൾ തട്ടിപ്പറിച്ച് അതുകൊണ്ടു അയാളുടെ ശിരസ്സ് ഛേദിച്ചു സമീപത്തുണ്ടായിരുന്ന ഒരു പനമരത്തിൽ കെട്ടിത്തൂക്കി. ഇതുകണ്ടു ഹൃഷ്ടനായ നിശാചരൻ 'ആര്യ, ഈ ദുഷ്ടൻ കാരണം ഞാൻ ഊണും ഉറക്കവും ഇല്ലാതെ ദിവാനിശം ക്ലേശിച്ചുവരുന്നു. കല്യാണരാശിയായ ഭവാൻ ഈ ദുഷ്ടനെ കൊന്നു യമപുരിയിലേക്കു അയച്ചിരിക്കുന്നതു എനിക്കും മററുള്ളവർക്കും വലുതായ ഒ

ഷ അനുഗ്രഹം തന്നെ. എന്നെ രക്ഷിച്ചിരിക്കുന്നതിനാൽ ഈ സമയം മുതൽ ഞാൻ ദയാനിധിയായ അങ്ങയുടെ ദാസനാണെന്നറിഞ്ഞാലും. ഞാൻ ഇപ്പോൾ എന്താണു ചെയ്യേണ്ടതു എന്നു ദയവായി ആജ്ഞാപിക്കണം—' എന്നു പറഞ്ഞു എന്റെ കാൽക്കൽവീണു നമസ്കരിച്ചു. ഞാൻ പറഞ്ഞു:—'അല്പമായ കാരണത്താൽ അനല്പമായ ആദരവു കാണിക്കുന്നതു സജ്ജനങ്ങളുടെ സ്വഭാവമാകുന്നു. ഇത്രമാത്രം എന്റെ നേരെ ആദരവു കാണിക്കത്തക്കവണ്ണം ഞാൻ യാതൊന്നും ചെയ്തിട്ടില്ല. എങ്കിലും ഞാൻ പറയുന്നതു അനിഷ്ടമല്ലെങ്കിൽ എനിക്കുവേണ്ടി ഒരു കാര്യം ചെയ്താൽ കൊള്ളാം. ഇതുവരെ യാതൊരു ക്ലേശവുമനുഭവിച്ചിട്ടില്ലാത്ത ഈ രാജകുമാരിയെ അകൃത്യകാരിയായ മാന്ത്രികൻവളരെക്ലേശിപ്പിച്ചിരിക്കുന്നു. അതിനാൽഈ രാജപുത്രിയെ താമസിയാതെ ഇവളുടെ അരമനയിൽ കൊണ്ടുവിട്ടാൽ കൊള്ളാം.'

കുന്നുശിഖരസ്ഥിതങ്ങളായ നീലോല്പലങ്ങൾപോലെ ചഞ്ചലങ്ങളായ താരകങ്ങളെ രാജകുമാരി ചുററും സഞ്ചരിപ്പിച്ചു. അവളുടെ ഗണ്ഡസ്ഥലത്തിൽ രോമാഞ്ചമുണ്ടായി. രാഗത്താലും ലജ്ജയാലും മുഖം താഴ്ത്തി, കാൽവിരൽകൊണ്ടു എന്തൊ നിലത്തിൽ വരച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു:—

'ആര്യ, ഭവാൻ ഈ ദാസജനത്തെ മൃത്യുമുഖത്തിൽനിന്നു രക്ഷിച്ച് അനംഗസാഗരത്തിൽ നിക്ഷേപിച്ചിരിക്കുന്നു. അങ്ങയുടെ ചരണകമലത്തിൽ പററിയ ഒരു പാദധൂളിയായിട്ട് എന്നെ ഭാവിച്ചാലും. അങ്ങേക്ക് എന്നിൽ ദ

യവുണ്ടെങ്കിൽ അങ്ങയുടെ ചരണകമലങ്ങളെ ആരാധിപ്പാൻ എനിക്കു അനുവാദം തരിക. കന്യകാഗൃഹത്തിൽ വസിക്കുന്നതിനാൽ എന്തെങ്കിലും ആപത്തു നേരിടുമെന്നു ശങ്കിക്കേണ്ട. എൻെറ സഖിമാരും പരിജനങ്ങളും എന്നിൽ വളരെ സന്തുഷ്ടകളാകുന്നു. അതിനാൽ അവർ ഇക്കാര്യത്തെപ്പററി ആരോടും ഒന്നും പറയുന്നതല്ല'

തീക്ഷ്ണങ്ങളായ സായകങ്ങൾകൊണ്ടു കാമദേവൻ എന്നെ നിർദ്ദയംതാഡിച്ചു. രാജപുത്രി അവളുടെ കടാക്ഷപാശംകൊണ്ടു എന്നെ ഗാഢമായി ബന്ധിച്ചു. ഞാൻ നിശാചരനെ നോക്കി! ഞാൻ ഇവൾ പറയുന്നതിനെ അനുസരിച്ചില്ലെങ്കിൽ കാലതാമസം കൂടാതെ ഇവൾ അചിന്ത്യമായ ദശയെ പ്രാപിക്കുമെന്നു തോന്നുന്നു. അതിനാൽ ഞങ്ങൾ രണ്ടുപേരെയും ദയവായി രാജകുമാരിയുടെ അരമനയിലേക്കു കൊണ്ടുപോയാൽ കൊള്ളാ'മെന്നു ആവശ്യപ്പെട്ടതനുസരിച്ചു നിശാചരൻ എന്നെയും രാജകന്യകയേയും കന്യാഗൃഹത്തിൽ കൊണ്ടുവിട്ടു. സ്വച്ഛന്ദമായി ഉറങ്ങിക്കൊണ്ടിരുന്ന സഖീജനങ്ങളെ രാജകന്യക ചിലക്കെ കരതലംകൊണ്ടു തട്ടി ഉണർത്തി അവരോടു നടന്ന സംഭവങ്ങളെല്ലാം പറഞ്ഞു. അവർ കണ്ണീരോടുകൂടി എൻെറ പാദങ്ങളിൽ വീണു 'ആര്യ അതിപരാക്രമിയായ അങ്ങയുടെ ദൃഷ്ടിപഥത്തിൽ പതിച്ചതിനാൽ ഞങ്ങളുടെ പ്രിയസഖി കൃതാന്തനിൽനിന്നു രക്ഷപ്പെട്ടിരിക്കുന്നു. ഇവളെ മനസിജൻരാഗമാകുന്ന അഗ്നിയെ സാക്ഷീകരിച്ച് അങ്ങേക്കായി തന്നിരിക്കയും ചെയ്യുന്നു. രാഗതരളമായ ഈ ആശ്ചര്യരത്നം രത്നശൈലശിലാതലംപോലെ സ്ഥിരമായ അങ്ങയുടെ ഹൃദയത്തെ അലങ്കരിക്കട്ടെ ഇവളു

ടെ കോമളമായ കളേബരം അങ്ങയുടെ ആലിംഗനത്താൽ ചരിതാൎത്ഥമായി ഭവിക്കട്ടെ' എന്നു പറഞ്ഞു എന്നെ യഥാവിധി വന്ദിച്ചു. ഞാൻ രാജകുമാരിയോടുകൂടി കന്യകാപുരത്തിൽ താമസിച്ചുകൊണ്ടു കുറെ ദിവസംകഴിച്ചു.

വസന്ത കാലം ആവിർഭവിച്ചു. പുന്നാഗപുഷ്പങ്ങൾ മധുപാനതൽപരങ്ങളായ ഭ്രമരങ്ങളുടെ ഭാരത്താൽ ഗ്ലാനങ്ങളായി ഭവിച്ചു. തിലകപുഷ്പങ്ങൾ അരണ്യസ്ഥലികളുടെ ലലാടങ്ങൾക്കു ലീലാതിലകങ്ങളായി ശോഭിച്ചു. ലളിതനായ മദനരാജൻെറ കാഞ്ചനഛത്രമാണൊ എന്നു തോന്നുമാറു കൎണ്ണികാരപുഷ്പങ്ങളെല്ലാം വികസിച്ചു തുടങ്ങി. പുഷ്പിതങ്ങളായ സഹകാരവൃക്ഷങ്ങൾ ഭ്രമരങ്ങളെ കൂട്ടംകൂട്ടമായി ആകർഷിച്ചിരുന്നു. കോകിലങ്ങളുടെ മധുരഗാനങ്ങൾ കേട്ടു അനുരക്തകളായ സുന്ദരിമാർ കാമലീലകൾക്കു തയ്യാറായി. വിനയവതികളായ കന്യകമാരുടെ ഹൃദയങ്ങളിൽ നിന്നു സഹജമായ ലജ്ജ രാഗത്താൽ ദൂരീകരിക്കപ്പെട്ടു. ചന്ദനാശ്ലേഷത്താൽ സുരഭിശീതളമായ മന്ദമാരുതൻെറ ഉപദേശത്താലൊ എന്നു തോന്നുമാറു പുഷ്പിതങ്ങളായ ലതകൾ കാററിൽ നൃത്തം ചെയ്യുകയായിരുന്നു. അംഗനാജനങ്ങളോടും പുത്രിയോടും മററു പരിവാരങ്ങളോടും കൂടി കലിംഗരാജാവു സമുദ്രതീരത്തിലുള്ള ചെറിയ കാനനത്തിൽ കുറെ ദിവസം താമസിക്കുന്നതിനായി പുറപ്പെട്ടു. ആ കാനനത്തിൽ സൂൎയ്യകിരണങ്ങൾക്കു പ്രവേശമുണ്ടായിരുന്നില്ല. മധുപാനമത്തങ്ങളായ ഭ്രമരങ്ങളുടെ ഭാരത്താൽ നമ്രങ്ങളായ ലതകളുടെ അഗ്രകിസലയങ്ങൾ സൈകതങ്ങളെ ആലിംഗനം ചെയ്തിരുന്നു. തരളങ്ങളായ തരംഗങ്ങളുടെ സീകരാസാരങ്ങൾ എപ്പോഴും

വീണകൊണ്ടിരുന്നതിനാൽ ആ വനം അത്യന്തം ശീതളമായിരുന്നു. ഈ വനത്തിൽ രാജാവു് ക്രീഡാരസാസക്തനായി പത്തുദിവസം താമസിച്ചു. ഈ സമയത്തു ആന്ധ്രരാജാവായ ജയസിംഹൻ യുദ്ധസാമഗ്രികളോടുകൂടി അവിടെ വന്നു യുദ്ധം ചെയ്തു കലിംഗരാജാവിനേയും അദ്ദേഹത്തിൻെറ കളത്രങ്ങളേയും ബന്ധിച്ചുകൊണ്ടുപോയി. ഈ കൂട്ടത്തിൽ എൻെറ പ്രിയതമയും അവളുടെ സഖീജനങ്ങളും അപഹരിക്കപ്പെട്ടു. ശത്രുരാജാവു് എൻെറ പ്രിയതമയെ വശീകരിപ്പാൻ യത്നിക്കുന്നതാണെന്നും അങ്ങിനെ ആ ദുഷ്ടൻ എന്തെങ്കിലും ചെയ്യുന്ന പക്ഷം ആ സതീരത്നം നിശ്ചയമായും വിഷം ഭക്ഷിച്ചോ മറേറതെങ്കിലും പ്രകാരത്തിലൊ പ്രാണത്യാഗം ചെയ്യുന്നതാണെന്നും അങ്ങിനെ എന്തെങ്കിലും സംഭവിക്കുന്നപക്ഷം പിന്നെ എൻെറ ജീവിതംകൊണ്ടു പ്രയോജനമില്ലെന്നും മററും ആലോചിച്ചുകൊണ്ടു്, ആഹാരാദികളിൽ ശ്രദ്ധയില്ലാതെ ഞാൻ കുറെ ദിവസം കഴിച്ചു.

ഒരു ദിവസം ആന്ധ്രരാജ്യത്തിൽ നിന്നു വന്ന ഒരു ബ്രാഹ്മണനെ ഞാൻ കണ്ടു. ജയസിംഹൻ കലിംഗരാജാവിനെ കൊല്ലുവാൻ യത്നിച്ചതായും കനകലേഖയെപ്പററി ആലോചിച്ചപ്പോൾ അവളുടെ പിതാവിൻെറ നേരെ അല്പം അനുകമ്പ തോന്നിയതിനാൽ തൽക്കാലം അദ്ദേഹത്തെ കൊല്ലാതെ കളത്രങ്ങളോടുകൂടി ബന്ധനത്തിൽ ഇട്ടിരുന്നതായും രാജകന്യകയിൽ ഒരു യക്ഷൻ അധിവസിച്ചിരുന്നതായും അതുകാരണം അവൾ രാജാവിനേയും മററു പുരുഷന്മാരേയും കാണാറില്ലെന്നും വളരെ മാന്ത്രികന്മാർ എത്രതന്നെ ശ്രമിച്ചിട്ടും യക്ഷനെ ദൂരീകരിപ്പാൻ സാധി

ച്ചില്ലെന്നും ആ ബ്രാഹ്മണൻ പറഞ്ഞു. ഇതു കേട്ടപ്പോൾ എനിക്കു അൽപം സമാധാനമുണ്ടായി. ഞാൻ കൃത്രിമമായ ജടയും ധരിച്ച് വല്ക്കലവും ഉടുത്തു കുറെ ശിഷ്യന്മാരോടുകൂടി ആന്ധ്രരാജ്യത്തിലേക്കു പുറപ്പെട്ടു. ഭക്ഷണം, വസ്ത്രം മുതലായതു യഥേഷ്ടം കൊടുത്തു ഞാൻ ശിഷ്യന്മാരെയെല്ലാം വശീകരിച്ചു. ഏതാനും ദിവസങ്ങൾകൊണ്ടു ഞങ്ങൾ ആന്ധ്രരാജ്യത്തിൽ എത്തി. ആ നഗരത്തിൽനിന്ന് അധികം അകലെയല്ലാതെ ഒരു സരസ്സും അതിന്ന് അരികത്തായി ഒരു ചെറിയ കാടും ഉണ്ടായിരുന്നു. ഞങ്ങൾ ആ കാട്ടിൽ വാസം തുടങ്ങി. ആ സരസ്സ് അതിമനോഹരവും സാരസസമ്പൂർണ്ണവുമായിരുന്നു. കളഹംസങ്ങൾ പിളന്നതായ താമരവളയങ്ങളിൽ നിന്നു നിരന്തരം വീണുകൊണ്ടിരുന്ന കിസലയശകലങ്ങൾ കൊണ്ടു ആ സരസ്സിലെ ജലം ചിത്രവർണ്ണത്തോടുകൂടിയതായിരുന്നു. ശിഷ്യന്മാർ എന്റെ അത്ഭുതചിത്രങ്ങളായ ചേഷ്ടകളെപ്പററി പലരോടും പറഞ്ഞുതുടങ്ങി. നാലുവേദങ്ങളിലും ആറു വേദാംഗങ്ങളിലും ഒരുപോലെ പാണ്ഡിത്യമുള്ള ഒരു യതിശ്രേഷ്ഠൻ സരസ്സമീപമുള്ളതായ കാനനത്തിൽ താമസിക്കുന്നു. അദ്ദേഹത്തിനു അറിയാത്ത രഹസ്യങ്ങളില്ല. അന്യർക്കു അറിവില്ലാത്ത ശാസ്ത്രങ്ങളിൽകൂടി അദ്ദേഹത്തിന്നു അസാധാരണമായ പരിചയമുണ്ട്. അദ്ദേഹം ഒരിക്കലും അസത്യം പറകയില്ല. അദ്ദേഹത്തെ കണ്ടാൽ ദയാരാശി മൂർത്തീകരിച്ചിരിക്കയാണൊ എന്നു തോന്നും. ഇദ്ദേഹം സ്വീകരിച്ചിരിക്കുന്നതിനാൽ ഭിക്ഷുക്കൾക്കു ചാരിതാർത്ഥ്യം സിദ്ധിച്ചിരിക്കുന്നു. അദ്ദേഹം അസംഖ്യം രോഗികൾക്കു രോഗോപശാന്തി ചെയ്തിട്ടുണ്ട്. കൂടാതെ അദ്ദേഹം മന്ത്രവാദത്തിലും വളരെ സമർത്ഥനാ

കന്നു. അദ്ദേഹത്തിൻെറ ശക്തിയെ പരിച്ഛേദം ചെയ്യു ന്നതു് ഏവക്കും സാദ്ധ്യമല്ല. ഇത്രയെല്ലാം യോഗ്യതകൾ ഇരുന്നിട്ടുകൂടി അദ്ദേഹത്തിനു അഹങ്കാരലേശം കൂടി ഇ ല്ലാത്തതു വളരെ ആശ്ചയ്യം തന്നെ' എന്നുംമററും ജനങ്ങ ൾ എന്നെപ്പററി പ്രശംസിച്ചു തുടങ്ങി. കണ്ണാകണ്ണിക യായി ഈ വത്തമാനം രാജാവിൻെറ ശ്രവണങ്ങളിലും പ തിച്ചു. രാജാവു എൻെറ അടുക്കൽ വന്നു എന്നെ ആദ രവോടുകൂടി പൂജിച്ചു. എൻെറ ശിഷ്യക്ക് ഇഷ്ടമുള്ള സാ ധനങ്ങൾ കൊടുത്തു അവരെ സന്തോഷിപ്പിച്ചു. ഒരു ദിവ സം രാജാവു തൻെറ ആഗ്രഹം സാധിക്കുന്നതിനു എന്തെ ങ്കിലും ഉപായമുണ്ടോ എന്നു എന്നോടു സാകാങ്ക്ഷമായി ചോദിച്ചു. 'എല്ലാ കല്യാണലക്ഷണങ്ങളും തികഞ്ഞ ആ കന്യകാരത്നത്തെ സ്വാധീനപ്പെടുത്തുവാൻ അങ്ങു യത്നി ക്കുന്നതു വളരെ യുക്തം തന്നെ. എങ്കിലും അവളുടെ ശരീ രത്തിൽ വസിക്കുന്ന യക്ഷൻ ബലവാനാണെന്നു തോന്നു ന്നു. എന്തായാലും മൂന്നു ദിവസം കൂടിക്ഷമിക്കുക. അതി നകം ഞാൻ എന്തെങ്കിലും ഉപായംകണ്ടുപിടിക്കാം' എ ന്നുപറഞ്ഞു ഞാൻരാജാവിനെ സമാധാനിപ്പിച്ചു. രാജാ വ് അരമനയിലേക്കു തിരിച്ചുപോയി. നേരംസന്ധ്യയായി. ഞാനും ശിഷ്യന്മാരും സന്ധ്യാവന്ദനം മുതലായ നിത്യക ർമ്മങ്ങൾ ചെയ്തു ഭക്ഷണം കഴിച്ചു. എവിടെ നോക്കിയാ ലും കൂരിരുട്ട്. ജനങ്ങളെല്ലാം ഗാഢനിദ്രയിൽ ലയിച്ചു. ഞാൻ പതുക്കെ ഒരു തുമ്പയും എടുത്തു പുറത്തു പോയി സരസ്തീരത്തിൽ നിന്നു ജലത്തിൻെറ അകത്തു പ്രവേശി ക്കത്തക്കവണ്ണം വലുതായ ഒരു ദ്വാരം ഉണ്ടാക്കി അതി ൻെറ മുഖം നല്ലവണ്ണം മറച്ചു. നേരം പ്രകാശമാവുന്നതി

ന്ന മുമ്പു ഞാൻ സ്സരസ്സിൽ കളിച്ചു കാൎയ്യാകാൎയ്യസാക്ഷിയായ ഭഗവാൻ സൂൎയ്യനെ വന്ദിച്ച് ആശ്രമത്തിലേക്കു പോയി.

മൂന്നു ദിവസം കഴിഞ്ഞു. നാലാംദിവസം വൈകുന്നേരം രാജാവു എന്നെ കണ്മാൻ വന്നു ബദ്ധാഞ്ജലിയായി നിന്നു. ഞാൻ പറഞ്ഞു:–അങ്ങയുടെ അഭിമതം സാധിക്കുന്നതിനു വേണ്ട ഉപായം ഞാൻ ആലോചിച്ചിട്ടുണ്ട്. ലോകത്തിൽ അലസന്മാരോട്ടുകൂടി ലക്ഷ്മീദേവി സ്ഥിതി ചെയ്യുന്നില്ല. 'ഉത്സാഹിനം പുരുഷസിംഹമുപൈതി ലക്ഷ്മീ': എന്നാണല്ലോ ആപ്തവാക്യം. അങ്ങയുടെ കാൎയ്യം ഇന്നുതന്നെ സാധിക്കുമെന്നാണു തോന്നുന്നതു്. അൎദ്ധരാത്രി സമയത്തു അങ്ങു ഇവിടെ വന്നു ഈ സരസ്സിൽ മുങ്ങി, ശ്വാസം അടക്കാവുന്നതുവരെ വെള്ളത്തിന്റെ അടിയിൽ കിടക്കണം. അപ്പോൾ വെള്ളത്തിൽ നിന്നു ഒരു ശബ്ദം പുറപ്പെടും. ആ ശബ്ദം ശമിച്ചു ഉടനെ അങ്ങു വെള്ളത്തിൽ നിന്നു പുറത്തു വരണം. അപ്പോൾ അങ്ങയുടെ രൂപം വളരെ കൌതുകാവഹമായും നേത്രങ്ങൾ വളരെ ചുവന്നും ഇരിക്കും. ആ രൂപത്തിൽ അങ്ങയെ കണ്ടാൽ പിന്നെ യക്ഷൻ രാജകുമാരിയെ വിട്ടുപോകുന്നതാണ്. മന്ത്രവാദങ്ങൾ വേണ്ടതെല്ലാം ഞാൻ ചെയ്തുവരുന്നു. രാജകുമാരിക്കു അങ്ങയിൽ വളരെ അനുരാഗമുള്ളതിനാൽ യക്ഷൻ ഒഴിഞ്ഞ ഉടനെ അവൾ അങ്ങയെ വന്നു കാണും. രാജ്യത്തെപ്പററി അങ്ങേക്കു യാതൊന്നും പേടിക്കേണ്ടതില്ല. ശത്രുക്കളെ നിശ്ശേഷം അനായാസേന അങ്ങയ്ക്കു ജയിപ്പാൻ സാധിക്കുന്നതാണ്. ഞാൻ പറയുന്നതിൽ അങ്ങേക്കു വിശ്വാസം തോന്നുന്നില്ലായിരിക്കാം. ശാസ്ത്രകുശല

ന്മാരും ബുദ്ധിമാന്മാരുമായ മന്ത്രിമാരോടും മററു ഹി തൈഷികളോടും ആലോചിച്ച് ഞാൻ പറയുന്നപ്രകാരം പ്രവൎത്തിക്കുന്നതിൽ വിരോധമില്ലെന്നു അവർ പറയുന്ന പക്ഷം അങ്ങ് അതുപോലെ ചെയ്താൽ മതി. ധീവരന്മാരെ വരുത്തി സരസ്സിനെ നല്ലപോലെ പരിശോധിക്കാവുന്നതാണ്. സരസ്സിന്റെ ചുററും വിശ്വസ്തരായ ഭൃത്യന്മാർ നിൽക്കട്ടെ.'

ഞാൻ പറഞ്ഞതെല്ലാം രാജാവിന്നു തൃപ്തികരമായിരുന്നു. ഞാൻ പറഞ്ഞതിൽ ആൎക്കും സംശയം തോന്നിയില്ല. രാജാവ് രാജകന്യകയിൽ എത്രമാത്രം അനുരക്തനായിരുന്നു എന്ന് എല്ലാവൎക്കും നല്ലപോലെ അറിയാമായിരുന്നു. ഞാൻ രാജാവിനോട്ടു വീണ്ടും പറഞ്ഞു:—'ഞങ്ങൾ അങ്ങയുടെ രാജ്യത്തിൽ കുറെക്കാലമായി താമസിക്കുന്നു. ഒരേ സ്ഥലത്തുതന്നെ വളരെക്കാലം താമസിക്കുന്നതു ഞങ്ങളുടെ സമ്പ്രദായത്തിന്നു വിരുദ്ധമായിട്ടുള്ളതാണ്. അങ്ങയുടെ രാജ്യത്തിൽ ഞങ്ങൾ ഇത്രകാലം താമസിച്ച സ്ഥിതിക്കു ഞങ്ങളാൽ കഴിയാവുന്ന ഏതെങ്കിലും ഒരു ഉപകാരം അങ്ങേക്കു ചെയ്വാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. അങ്ങയുടെ അഭീഷ്ടം സാധിക്കുന്നതാണെന്നു വന്നിരിക്കുന്നതിനാൽ ഞങ്ങൾ ഇത്രദിവസം ഇവിടെ വസിച്ചതും സഫലമായി തീൎന്നിരിക്കുന്നു. അതിനാൽ ഞങ്ങൾ ഇവിടെനിന്നു ദേശാന്തരത്തിലേക്കു പോകയാകുന്നു. അങ്ങ് ഗൃഹത്തിൽ പോയി കുളിച്ച് ശുഭ്രമായ വസ്ത്രം ധരിച്ച് ശരീരത്തിൽ ചന്ദനം പൂശി അൎദ്ധരാത്രി സമയത്തു പരിവാരങ്ങളോടുകൂടി ഇവിടെവന്നു ഞാൻ പറഞ്ഞതുപോലെ പ്രവൎത്തിച്ചുകൊൾക'.

രാജാവു് പറഞ്ഞു:—താങ്കൾ ഇവിടെനിന്നു പോകുന്നപക്ഷം എന്റെ ആഗ്രഹം സാധിക്കുന്നതല്ല. നിരപരാധിയായ ദാസജനത്തെ ത്യജിക്കുന്ന അങ്ങയുടെ നിസ്സംഗതയെപ്പററി ആലോചിക്കുമ്പോൾ എനിക്കു സങ്കടം തോന്നുന്നു. എന്തായാലും വലിയവരുടെ വാക്കുകൾ അലംഘ്യങ്ങളാണല്ലോ.'

അനന്തരം രാജാവു് അരമനയിലേക്കു പോയി. നേരം ഏകദേശം അർദ്ധരാത്രിയായപ്പോൾ ഞാൻ സരസ്സിൽപോയി രന്ധ്രത്തിൽ ഒളിച്ചിരുന്നു. രാജാവു് പരിവാരങ്ങളോടുകൂടി വന്നു. സരസ്സിന്നു ചുററും കാവൽക്കാരെ നിറുത്തി. ധീവരന്മാർ വലയിട്ടു സരസ്സിനെ നല്ലവണ്ണം പരിശോധിച്ചു. യാതൊരു അപായവും ഇല്ലെന്നു കണ്ടു രാജാവു് നിശ്ശങ്കം സരസ്സിൽ ഇറങ്ങിമുങ്ങി. ഞാൻ രന്ധ്രത്തിൽനിന്നു നിർഗ്ഗമിച്ചു് മുതലയെപ്പോലെ പതുക്കെപ്പോയി രാജാവിന്റെ കഴുത്തുപിടിച്ചു ഞെക്കി ക്ഷണനേരം കൊണ്ടു രാജാവിനെ കൊന്നു. അനന്തരം രാജാവിന്റെ മൃതശരീരത്തെ ഛിദ്രത്തിൽ മറച്ചു ഞാൻ വെള്ളത്തിൽനിന്നു പുറത്തുവന്നു.

നാലുഭാഗത്തും നിന്നിരുന്ന ജനങ്ങളെല്ലാം ഓടിവന്നു. ഞാൻ പറഞ്ഞിരുന്ന പ്രകാരം രാജാവിന്റെ ആകൃതി ഭേദപ്പെട്ടു എന്നു നിശ്ചയിച്ചു് അവരെല്ലാവരും വളരെ ആശ്ചര്യപ്പെട്ടു. വെങ്കൊററക്കുട മുതലായ രാജചിഹ്നങ്ങളാൽ അലംകൃതമായ ആനപ്പുറത്തു കയറി ഞാൻ രാജവീഥിയിൽ ഇരുവശവും തിക്കിത്തിരക്കി നിന്നിരുന്ന പുരുഷാരത്തിന്റെ ഇടയിൽക്കൂടി അരമനയ്ക്കു പോയി. അടുത്തദിവസം കാലത്തു നിത്യകർമ്മങ്ങൾ ചെയ്തു രാജ

ജസഭയിൽ ചെന്നു സിംഹാസനത്തിൽ ഇരുന്നു. ചുററും നിന്നിരുന്ന ജനങ്ങളെ നോക്കി ഇപ്രകാരം പറഞ്ഞു. 'വിഷയാധീനരല്ലാത്ത യതീശ്വരന്മാരുടെ ശക്തിപ്രഭാവം അതിശയനീയം തന്നെ. രജോഗുണരഹിതനായ ഒരു താപസന്റെ ഇച്ഛയാൽ എനിക്കു വിശിഷ്ടമായ രൂപം സിദ്ധിച്ചിരിക്കുന്നതു നിങ്ങളെല്ലാവരും കാണുന്നുവല്ലൊ. നാസ്തികന്മാർ ലോകത്തിൽ ഇല്ലാതാകട്ടെ. ചരാചരഗുരുക്കളായ ബ്രഹ്മാ വിഷ്ണുമഹേശ്വരന്മാരെ ജനങ്ങൾ നൃത്തഗീതാദികൾ കൊണ്ടു അധികമായി ആരാധിക്കട്ടെ. ഞാൻ കൊടുക്കുന്ന ദ്രവ്യങ്ങൾ കൊണ്ടു സാധുക്കൾ അവരുടെ സങ്കടങ്ങൾക്കു നിവാരണം ചെയ്യട്ടെ.'

ഞാൻ പറഞ്ഞതുകേട്ടു ആശ്ചര്യാതിരേകത്താൽ ഹൃഷ്ടദൃഷ്ടികളായ മന്ത്രിവർയ്യന്മാർ 'ജഗദീശൻ ജയിക്കട്ടെ. ദിക്കുകളെല്ലാം ജയശ്രീ കൊണ്ടു ശോഭിക്കട്ടെ' എന്നു പറഞ്ഞു് എന്നെ ആശീർവ്വദിച്ചു് അവരവരുടെ കൃത്യങ്ങൾ ചെയ്യുന്നതിനായി രാജസഭയിൽ നിന്നു പുറത്തുപോയി.

പ്രിയതമയുടെ വിശ്വസ്തഭൃത്യയായ ശശാങ്കസേന ഏതൊ കാരണവശാൽ എന്നെ കാണ്മാൻ വന്നു. 'എന്നെ ഇതിന്നുമുമ്പു കണ്ടിട്ടുണ്ടൊ' എന്നു ഞാൻ അവളോടു സ്വകാർയ്യമായി ചോദിച്ചു. അവൾ കുറെ നേരം എന്നെ കണ്ണിമപൂട്ടാതെ നോക്കിക്കൊണ്ടുനിന്നു. അവളുടെ ഹൃദയം ആനന്ദസംഭരിതമായി. അവളുടെ നേത്രങ്ങളിൽ നിന്നു ആനന്ദബാഷ്പം ധാരയായി ഒഴുകി തുടങ്ങി. അവൾ വിനയസൂചകമായി തന്റെ കൈവിരൽ കൊണ്ടു കോമളങ്ങളായ അധരങ്ങൾ മറച്ചു 'ഞാൻ

കാണുന്നതു ഇന്ദ്രജാലമല്ലെങ്കിൽ ഈ നില്ക്കുന്ന ആൾ ആരാണെന്നു എനിക്കു നല്ലവണ്ണം അറിയാം. ഇതെങ്ങിനെ സംഭവിച്ചു' എന്നു അവൾ എന്നോടു ചോദിച്ചു. ഞാൻ നടന്ന സംഭവങ്ങളെല്ലാം അവളോടു പറഞ്ഞു. അവൾ വിവരമെല്ലാം രാജകുമാരിയെ അറിയിച്ചു. എനിക്കു വീണ്ടും പ്രിയാസംഗമം ലഭിച്ചു. അനന്തരം ഞാൻ ശത്രുജനങ്ങളെ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു. അവരുടെ ഇഷ്ടപ്രകാരം കനകലേഖയെ അഗ്നിസാക്ഷികമായി വിവാഹം ചെയ്തു. ഞാൻ ആന്ധ്രദേശത്തിന്നും കലിംഗദേശത്തിന്നും അധിപതിയായിത്തീൎന്നു. ശത്രുസഖാവായ അംഗരാജാവിനെ സഹായിപ്പാനായി സൈന്യങ്ങളോടുകൂടി വന്നിരിക്കുന്ന ഈ അവസരത്തിൽ യാദൃഛികമായി ഭാഗ്യവശാൽ അങ്ങയേയും മററു സ്നേഹിതന്മാരേയും എനിക്കു കാണ്മാൻ സാധിച്ചു.

രാജവാഹനൻ സ്നേഹിതൻെറ സാമൎത്ഥ്യത്തെപ്പററി പ്രശംസിച്ചു. 'മഹാമുനിയുടെ ചരിത്രം വളരെ വിചിത്രം തന്നെ. പ്രജ്ഞാസത്വങ്ങളുടെ സ്വരൂപം നമുക്കു നല്ലവണ്ണം അറിയാറായി' എന്നു പറഞ്ഞു ബഹുശ്രുതനായ വിശ്രുതൻെറ നേരെ നോക്കി. വിശ്രുതൻ തൻെറ ചരിതം പറയുവാനാരംഭിച്ചു.

# XII

ഞാനും മററുസ്നേഹിതന്മാരെപ്പോലെ അങ്ങയെ അന്വേഷിച്ച് പല സ്ഥലങ്ങളിൽ നടന്നു. അവസാനം വിന്ധ്യാടവിയിൽ ചെന്നു. അവിടെ ഒരു കിണററിന്നരികത്തിരുന്നു ഏകദേശം എട്ടുവയസ്സു പ്രായമുള്ള ഒരു ബാലൻ കരഞ്ഞുകൊണ്ടിരുന്നു. ഞാൻ ആ ബാലൻെറ സമീപം ചെന്നു കരയുവാൻ കാരണമെന്താണെന്നു ചോദിച്ചു. താൻ വളരെ പിപാസാകുലനായിരുന്നതിനാൽ തൻെറകൂടെ ഉണ്ടായിരുന്ന ഒരു വൃദ്ധൻ ആ കിണററിൽനിന്നു കുറെ വെള്ളമെടുപ്പാൻ ശ്രമിച്ചപ്പോൾ കാൽതെററി കിണററിൽ വീണതായും ആ വൃദ്ധനല്ലാതെ തനിക്കു ആശ്രയാന്തരമില്ലെന്നും അതിനാൽ ദയവായി അദ്ദേഹത്തെ കിണററിൽനിന്നു കയററി വിടേണമെന്നും ആ ബാലൻ എന്നോടു യാചിച്ചു. ഞാൻ ബലമുള്ള ഒരു വള്ളികൊണ്ടുവന്നു വൃദ്ധനെ കിണററിൽനിന്നു മുകളിലേക്കു കയററി. അനന്തരം അവർക്കു ഭക്ഷിപ്പാൻ കുറെ ഫലങ്ങൾ കൊടുത്തു. വള്ളിയിൽ ഒരു മുളങ്കുഴൽ കെട്ടി ആ കിണററിൽനിന്നുതന്നെ കുറെ വെള്ളവും അവർക്കു കോരിക്കൊടുത്തു. അവർ ഫലങ്ങൾ ഭക്ഷിച്ച് വെള്ളം കുടിച്ചു. അനന്തരം ഞങ്ങൾ മൂന്നുപേരുംകൂടി ഒരു വൃക്ഷച്ഛായയിൽ ചെന്നിരുന്നു. ആ വൃദ്ധനും ബാലനും ആരാണെന്നും അവർ ഈവിധം കഷ്ടങ്ങളനുഭവിപ്പാൻ കാരണമെന്തെന്നും ഞാൻ ചോദിച്ചു. വൃദ്ധൻ കണ്ണീർപൊഴിച്ചുകൊണ്ടു നെടുവീർപ്പോടുകൂടി ഇപ്രകാരം പറഞ്ഞു:—

വിദർഭരാജ്യത്തെപ്പററി ഭവാൻ കേട്ടിരിക്കുമല്ലോ.

അവിടെ ഭോജരാജവംശത്തിന്നു ഭൂഷണഭൂതനായി ധമ്മത്തിൻെറ വംശാവതാരഭൂതനായി അതിസത്വനായി സത്യവാദിയായി പുണ്യശ്ലോകനായി പുണ്യവമ്മാവു് എന്നു പേരായ ഒരു രാജാവാണു രാജ്യം ഭരിച്ചുവന്നിരുന്നതു്. ഈ രാജാവു് വളരെ വിനീതനും പ്രജകളുടെ വിനേതാവും രംജിതഭൃത്യനും ശാസ്ത്രപ്രമാണനുമായിരുന്നു. അദ്ദേഹം വിദ്വാന്മാരെ സംഭാവനകൊണ്ടും സേവകന്മാരെ ദാനംകൊണ്ടും ബന്ധുവഗ്ഗത്തെ ഉൽഭാവനകൊണ്ടും സന്തോഷിപ്പിച്ചുകൊണ്ടു അസംബന്ധപ്രലാപങ്ങളിൽ അശ്രദ്ധനായി ഗുണങ്ങളിൽ അവിതൃപ്തനായി കലകളിൽ അതിനിപുണനായി ധമ്മാത്ഥങ്ങളിൽ ആസക്തനായി രാജ്യം ഭരിച്ചുവന്നു. കൃതകമ്മാക്കളെ അനുരൂപങ്ങളായ ദാനമാനാദികൾകൊണ്ടു് ഉത്സാഹിപ്പിച്ചും ദൈവികങ്ങളും മാനുഷികങ്ങളുമായ ആപത്തുകൾക്കു് അപ്പപ്പോൾ പരിഹാരം ചെയ്തും ധമ്മമാഗ്ഗത്തിൽ പ്രജകളെ പ്രവത്തിപ്പിച്ചും ആ രാജശ്രേഷ്ഠൻ പ്രജകളുടെ വാത്സല്യത്തിന്നും വിശ്വാസത്തിന്നും ബഹുമാനത്തിന്നും പാത്രമായി. വളരെക്കാലം രാജ്യം ഭരിച്ചതിന്നുശേഷം അദ്ദേഹം പ്രാണിസാധാരണമായ കാലധമ്മം പ്രാപിച്ചു. അനന്തരം രാജപുത്രനായ അനന്തവമ്മാവു രാജാവായി. ഇദ്ദേഹം സർവ്വഗുണസമ്പന്നനാണെങ്കിലും ദണ്ഡനീതിയിൽ തല്പരനല്ല. മൃതനായ രാജാവിന്നു വളരെ ബഹുമതനും വിശ്വസ്തനുമായ മന്ത്രിവൃദ്ധൻ ഒരു ദിവസം യുവരാജാവിനെ ഇപ്രകാരം ഉപദേശിച്ചു. സത്കുലജാതനായ ഭവാനിൽ എല്ലാ ആത്മസമ്പത്തും പൂണ്ണമായി വിളങ്ങുന്നുണ്ടു്. കലകളിലും നൃത്തഗീതങ്ങളിലും ചിത്രങ്ങളായ കാവ്യവിസ്തരാദികളിലും ഭവാ

ൻെറ അസാധാരണമായ ബുദ്ധി മററുള്ളവരുടെ ബുദ്ധിയെ അതിശയിക്കുന്നുണ്ട്. എങ്കിലും ഈ ബുദ്ധി അർത്ഥശാസ്ത്രത്തിൽ ആത്മസംസ്കാരമില്ലാത്തപക്ഷം അഗ്നിസംശോധനം ചെയ്യാത്ത സുവർണ്ണംപോലെ നല്ലവർണ്ണം പ്രകാശിക്കുന്നില്ല. ബുദ്ധിശൂന്യനായ രാജാവു മഹാനാണെങ്കിലും അനായാസേന ശത്രുക്കളാൽ അഭിഭവിക്കപ്പെടുന്നു. സാധ്യസാധനങ്ങളെ വേർതിരിച്ചറിവാനും അദ്ദേഹത്തിനു സാധിക്കുന്നതല്ല. കാര്യങ്ങളിൽ അയഥാവൃത്തനായ രാജാവിനെ സ്വജനങ്ങളും പരജനങ്ങളും പരിഭവിക്കുന്നു. നിന്ദിതനായ രാജാവിൻെറ ആജ്ഞ പ്രജകളുടെ യോഗക്ഷേമങ്ങളെ പരിപാലനം ചെയ്വാൻ അസമർത്ഥമായിഭവിക്കുന്നു. രാജശാസനങ്ങളെ അതിക്രമിക്കുന്ന പ്രജകൾ തങ്ങളുടെ സ്വേച്ഛാവൃത്തികൊണ്ടു് എല്ലാ മര്യാദകളേയും കൂട്ടിക്കലത്തി തന്മൂലം കുഴപ്പമുണ്ടാക്കുന്നു. മര്യാദയില്ലാത്ത ലോകം ഇഹലോകത്തിൽനിന്നും പരലോകത്തിൽനിന്നും തങ്ങളേയും രാജാവിനേയും ബഹിഷ്കരിക്കുന്നു. ശാസ്ത്രദൃഷ്ടമായ മാർഗ്ഗത്തിൽകൂടി ഏവനും ലോകയാത്ര വളരെ സുകരമാണു്. ഭൂതഭവിഷ്യത്തുകളിൽ മനുഷ്യർ—വിശേഷിച്ചു രാജാക്കന്മാർ ശാസ്ത്രാഭ്യാസം ദിവ്യചക്ഷുസ്സായി ഭവിക്കുന്നു. ദീർഘങ്ങളും വിശാലങ്ങളുമായ നേത്രങ്ങളുണ്ടെങ്കിലും കൂടി ശാസ്ത്രപരിചയം ഇല്ലാത്തതുകൊണ്ടു് അർത്ഥദർശനങ്ങളിൽ സാമർത്ഥ്യരഹിതനായ ഒരുവൻ പരമാർത്ഥത്തിൽ അന്ധൻ തന്നെയാണു്. അതിനാൽ ഭവാൻ ബാഹ്യവിദ്യകളിൽ ആസക്തി വിട്ടു കുലവിദ്യയായ ദണ്ഡനീതിയെ വഴിപോലെ അഭ്യസിച്ചാലും.'

മന്ത്രിവൃദ്ധൻെറ ഉപദേശം കേട്ടു രാജാവ് 'അങ്ങയുടെ ഉപദേശം വളരെ യുക്തംതന്നെ; ഞാൻ അപ്രകാരം പ്രവൎത്തിച്ചുകൊള്ളാം' എന്നു പറഞ്ഞു് അന്തഃപുരത്തിലേക്കു പോയി. അവിടെ ചെന്നു തൻെറ പത്നിമാരുടെ സന്നിധാനത്തിൽവെച്ചു് വസുരക്ഷിതൻെറ (മന്ത്രിവൃദ്ധൻെറ പേർ വസുരക്ഷിതൻ എന്നായിരുന്നു) ഉപദേശത്തെപ്പററി പ്രസ്താവിച്ചു. അതെല്ലാം സമീപത്തു നിന്നുകൊണ്ടിരുന്ന വിഹാരഭദ്രൻ ശ്രദ്ധിച്ചുകേട്ടു. ചിത്താനുവൃത്തികുശലനും പ്രസാദവിത്തനും ഗീതനൃത്തവാദ്യാദികളിൽ അബാഹ്യനും ബാഹ്യനാരീപരായണനും പരമമ്മാന്വേഷണപരനും പരിഹാസശീലനും കാമതന്ത്രകൎണ്ണധാരനും കുമാരസേവകനുമായ വിഹാരഭദ്രൻ രാജാവു് പറഞ്ഞതെല്ലാംകേട്ടു പരിഹാസമായി ഇപ്രകാരം പറഞ്ഞു:-

'ദൈവാനുഗ്രഹത്താൽ ഒരുവനു ഐശ്വൎയ്യം ലഭിക്കുന്നു എങ്കിൽ അവനെ ചില ധൂൎത്തന്മാർ പലവിധത്തിലുള്ള പ്രലോഭനങ്ങൾകൊണ്ടു നിന്ദിച്ചു് തങ്ങളുടെ അഭിഗ്രഹം സാധിക്കുന്നു. എങ്ങിനെ എന്നാൽ—ചിലർ മരണാനന്തരം അഭ്യുദയമുണ്ടാകുമെന്നു പറഞ്ഞു് മററുള്ളവരെ മോഹിപ്പിച്ചു് അവരുടെ സൎവ്വസ്വവും അപഹരിക്കുന്നു. ഇവരേക്കാൾ ഘോരതരന്മാരായ ചില പാഷണ്ഡികൾ പുത്രദാരങ്ങളേയും ശരീരജീവിതങ്ങളേയുംകൂടി അപഹരിക്കുന്നു. കയ്യിൽ ഉള്ളതുകളഞ്ഞു് മൃഗതൃഷ്ണികയെ അഭിലഷിക്കാത്ത ഒരുവനുണ്ടെങ്കിൽ അവനെമാറു ചിലർ തങ്ങൾ പറയുന്നതുപോലെ ഒരുവൻ പ്രവൎത്തിക്കുന്നേതാണെങ്കിൽ അവനു ആയുധങ്ങൾ കൂടാതെ തന്നെ ശത്രുക്കളെ ജയിപ്പാൻ സാധിക്കും എന്നും മററും പറഞ്ഞു പ്രലോഭിപ്പി

ക്കുന്നു. അതെങ്ങിനെ സാധിക്കുമെന്നു ചോദിക്കുന്നതായാൽ 'ത്രയീ, വാൎത്താ, ആന്വീക്ഷകി, ദണ്ഡനീതി എന്നു നാലു രാജവിദ്യകളാകുന്നു. ഇവയിൽ ആദ്യത്തെമൂന്നും മഹത്തുകളും മന്ദഫലങ്ങളുമാണ്. അതിനാൽ ദണ്ഡനീതിയെ തന്നെയാണു നല്ലവണ്ണം അഭ്യസിക്കേണ്ടതു്. ഇതിനെ ആചാൎയ്യനായ വിഷ്ണുഗുപ്തൻ ആറായിരം ശ്ലോകങ്ങളിൽ സംഗ്രഹിച്ചു് മൌൎയ്യരാജാവിന്നു ഉപദേശിച്ചു. ഇതിനെ നല്ലപോലെ പഠിച്ചു് അതുപ്രകാരം പ്രവൎത്തിക്കുന്നതായാൽ ഇത്ര ഗുണകരമായി മറെറാന്നുമില്ല' എന്നും മററും അവർ സമാധാനം പറയും. ഇവരുടെ ഉപദേശം കേട്ട അല്പബുദ്ധികളായ ചില രാജാക്കന്മാർ ദണ്ഡനീതി പഠിപ്പാൻ ആരംഭിക്കുന്നു. പഠിച്ചു് പഠിച്ചു് അവസാനം വൃദ്ധനായിത്തീരുന്നു. ഈ ശാസ്ത്രം ശാസ്ത്രാന്തരങ്ങളെ അനുബന്ധിക്കുന്നതിനാൽ എത്ര കാലം പഠിച്ചാലും അവസാനിക്കുന്നതല്ല. അതിലെ വാക്ജാലമെല്ലാം നല്ലവണ്ണം മനസ്സിലാക്കാത്തപക്ഷം അതിനെപ്പററി ഒരുവന്നു ശരിയായ ബോധമുണ്ടാകുന്നതല്ല. ഈ ദോഷങ്ങളെല്ലാം ഇരിക്കട്ടെ. ദണ്ഡനീതി പഠിക്കുന്നവന്നു പ്രഥമമായി പുത്രദാരങ്ങളിൽകൂടി അവിശ്വാസം ജനിക്കുന്നു. ഭക്ഷണവിഷയത്തിൽകൂടി ഒരുവന്നു യഥേഷ്ടം പ്രവൎത്തിപ്പാൻ പാടില്ല. ഇത്ര അരി വെച്ചു് ഇത്രഭക്ഷണമേ കഴിപ്പാൻ പാടുള്ളു എന്നു അൎത്ഥശാസ്ത്രം വ്യവസ്ഥചെയ്യുന്നു. ഇനി ഒരു രാജാവിൻെറ നിബന്ധനകളെപ്പററി ആലോചിക്കാം. കാലത്തു ഉറങ്ങി എണിററ ഉടനെ ആയവ്യയങ്ങളെപ്പററി ആലോചിക്കണം. ഇതിനെപ്പററി രാജാവോടുകൂടി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ചില അദ്ധ്യക്ഷധൂൎത്തന്മാർ വള

ഒരു പണം അപഹരിക്കും. ചാണക്യൻ നാല്പതു ആഹരണോപായങ്ങൾ പറഞ്ഞിരിക്കുന്നു. ഈ ഉപായങ്ങളെ ചില ധൂൎത്തന്മാർ തങ്ങളുടെ ബുദ്ധിസാമൎത്ഥ്യം കൊണ്ടു അനേകങ്ങളായി വികല്പിക്കുന്നു. ആയവ്യയങ്ങളെപ്പററി ചിന്തിച്ചുകഴിഞ്ഞ ഉടനെ രാജാവു് പ്രജകളുടെ സങ്കടങ്ങൾ കേൾക്കണം. ഇതു വളരെ കഷ്ടമായിട്ടുള്ളതാണ്. ഈ കാൎയ്യത്തിൽ പ്രാഡ്വിവാകാദികൾ (ജഡ്ജിമാർ) തങ്ങളുടെ ഇഷ്ടംപോലെ ജയപരാജയങ്ങൾക്കു വ്യവസ്ഥചെയ്തു് അൎത്ഥങ്ങൾക്കു അവകാശികളായി തീരുന്നു. പാപത്തിനും അകീൎത്തിക്കും രാജാവാണ് അവകാശി. ഒമ്പതുമണിമുതൽ പത്തുമണിവരെ രാജാവിന്നു കുളിക്കുന്നതിന്നും ഭക്ഷണം കഴിക്കുന്നതിന്നും ഉള്ള സമയമാണ്. ഭക്ഷണം കഴിഞ്ഞാൽ കരങ്ങൾ സ്വീകരിപ്പാൻ തുടങ്ങണം. അനന്തരം രാജാവു് മഹത്തായ മന്ത്രാലോചനാദുഃഖമനുഭവിക്കുന്നു. ഇതിൽ മന്ത്രിമാർ മദ്ധ്യസ്ഥരെപ്പോലെ അന്യോന്യം യോജിച്ചു് ദോഷഗുണങ്ങൾ ദൂതവാക്കുകൾ ശക്യാശക്യത ദേശകാലകാൎയ്യാദികൾ ഇവയെ എല്ലാം തങ്ങളുടെ ഇഷ്ടംപോലെ മാററിയും മറിച്ചും വ്യവസ്ഥചെയ്യുന്നു. കൂടാതെ ഇവർ ഗൂഢമായി ബാഹ്യാഭ്യന്തരകലഹങ്ങൾ ഉണ്ടാക്കി അവയ്ക്കു പരിഹാരങ്ങൾ ചെയ്യുന്നവർപോലെ അഭിനയിച്ചുകൊണ്ടു അവശനായ രാജാവിനെ വശീകരിക്കുന്നു. പന്ത്രണ്ടുമണിക്കു മീതെ രാജാവിന്നു സ്വൈരവിഹാരം ചെയ്യാം. ഇതിന്നു അല്പസമയമെ ഉള്ളൂ. ഇതു കഴിഞ്ഞാൽ ഉടനെ ചതുരംഗബലത്തെ പരിശോധിക്കേണം. അതു കഴിഞ്ഞാൽ സേനാപതിയോടുകൂടി വിക്രമങ്ങളെപ്പററി ആലോചിക്കണം. ഇതു കഴിയുന്നതോടുകൂടി നേരം സ

ന്ധ്യയാവും. ഉടനെ സന്ധ്യാവന്ദനം കഴിച്ചു ആറുമണി മുതൽ ഏഴുമണിവരെ ഗൃദ്ധപുരുഷന്മാരെ കണ്ടു സം സാരിക്കേണം. അനന്തരം ഭക്ഷണം കഴിച്ചു ശ്രോത്രിയ നെ പോലെ പുസ്തകപാരായണം ചെയ്യേണം. ഇതു കഴിഞ്ഞാൽ ശയനഗൃഹത്തിൽ ചെന്നു കുറേനേരം ഉറ ങ്ങാം. വീണ്ടും മൂന്നു മണിക്കു എഴുന്നീററു നാലുമണിവ രെ ശാസ്ത്രചിന്ത ചെയ്യണം. നാലുമണിക്കു ശേഷം അഞ്ചുമണിവരെ മന്ത്രഗ്രഹം ദൂതാഭിപ്രേഷണം മുതലാ യതു നടത്തണം. ദൂതന്മാർ ഇരുഭാഗത്തും പ്രിയവചന ങ്ങൾ പറഞ്ഞു തന്മൂലം ലഭിക്കുന്നതായ അത്ഥത്തെ വർദ്ധിപ്പിക്കുന്നു. അവക്കു കരം കൊടുക്കേണ്ടതില്ല. ജോ ലി ഒന്നും ഇല്ലാത്തപ്പോൾ വളരെ ജോലി ഉണ്ടെന്നു ഭാവിച്ചു കൊണ്ടു് അവർ സദാ ചുററിത്തിരിഞ്ഞു കൊണ്ടിരിക്കും. അഞ്ചു മണി കഴിഞ്ഞാൽ പു രോഹിതന്മാർ വന്നുതുടങ്ങും. ഇന്നു ദുസ്വപ്നം ക ണ്ടു. ഗ്രഹങ്ങളെല്ലാം പിഴച്ചിരിക്കുന്നു. വരുമ്പോൾ ചീ ത്ത ശകുനമാണു കണ്ടതു്. അതിനാൽ ചില ശാന്തികൾ ചെയ്യേണം. ഹോമസാധനങ്ങൾ എല്ലാം സുവൎണ്ണം കൊ ണ്ടായാൽ വളരെ വിശേഷം, എന്നും മററും പറഞ്ഞു രാ ജാവിനെ കൊണ്ടു പല ദാനങ്ങളും മററും ചെയ്യിപ്പിച്ചു് അവർ ധനികന്മാരായിത്തീരുന്നു. ഈ വിധം ദിവാനിശം സുഖലേശം കൂടാതെ വളരെ ആയാസങ്ങൾ അനുഭവിക്കു ന്ന നയജ്ഞനു് തന്റെ രാജ്യംകൂടി ദുരക്ഷ്യമായി ഭവിക്കു ന്നു. ശാസ്ത്രജ്ഞനാൽ ഉപദേശിക്കപ്പെട്ട ഒരു രാജാവു് എന്തുതന്നെ പറഞ്ഞാലും പ്രവൎത്തിച്ചാലും ജനങ്ങൾക്കു അതിൽ വിശ്വാസം ജനിക്കുന്നില്ല. അവിശ്വാസ്യത അ

ലക്ഷ്മിക്കു ജന്മഭൂമിയാകുന്നു. നയം കൂടാതെ തന്നെ ലോകയാത്ര സാദ്ധ്യമാണെന്നു നമുക്കു ലോകാനുഭവത്തിൽനിന്നു തന്നെ മനസ്സിലാക്കാം. ലോകഗതിക്കു ശാസ്ത്രത്തിന്റെ ആവശ്യമില്ല. മാതാവിന്റെ സ്തന്യപാനം ചെയ്യുന്നതിന്നു ശിശുക്കൾക്കു ശാസ്ത്രപരിചയം ആവശ്യമില്ലല്ലൊ. ഇന്ദ്രിയങ്ങളെ ജയിക്കണം. കാമക്രോധാദികളെ ത്യജിക്കണം. സാമം, ദാനം മുതലായ ഉപായങ്ങളെ സ്വജനങ്ങളിലും പരജനങ്ങളിലും സദാ പ്രയോഗിക്കേണം. സന്ധിവിഗ്രഹചിന്തകൊണ്ടു തന്നെ കാലം നയിക്കേണം. എന്നും മററും ഉപദേശിക്കുന്ന മന്ത്രിബകങ്ങൾ, അങ്ങുകൊടുക്കുന്നതായ ധനത്തെ ദാസീജനങ്ങൾക്കു ദാനം ചെയ്യുന്നു. ഈ ദുഷ്ടന്മാരെ കൊണ്ടു പ്രയോജനമെന്തു്? ശുക്രാചാൎയ്യൻ, അംഗിരസൻ മുതലായ മന്ത്രകൎശന്മാരായ ശാസ്ത്രതന്ത്രകാരന്മാർ കാമക്രോധാദികളെ ജയിച്ചിരുന്നുവൊ? അവൎക്കും പ്രാരബ്ധകാൎയ്യങ്ങളിൽ സിദ്ധിയും അസിദ്ധിയും ഉണ്ടായിരുന്നു. ശാസ്ത്രാഭ്യാസം ചെയ്യാത്തവർ ശാസ്ത്രജ്ഞന്മാരെ ജയിക്കാറില്ലെ? അങ്ങു് സൎവ്വലോകവന്ദ്യമായ ജാതിയിൽ ജനിച്ചിരിക്കുന്നു. നവമായ വയസ്സും ദൎശനീയമായ വപുസ്സും അപാരമായ ഐശ്വൎയ്യവും അങ്ങേക്കു ലഭിച്ചിരിക്കുന്നു. ഇതെല്ലാം സൎവ്വാവിശ്വാസങ്ങൾക്കു ഹേതുഭൂതവും സുഖാനുഭവത്തിന്നു പ്രതിബന്ധിയുമായ നയതന്ത്രത്താൽ വൃഥാവാക്കിച്ചെയ്യരുതു്. അങ്ങേക്കു ബലവത്തായ ചതുരംഗബലമുണ്ടു്. ഭണ്ഡാരം സ്വൎണ്ണത്താലും രത്നങ്ങളാലും സദാ പൂൎണ്ണമായിത്തന്നെ ഇരിക്കുന്നു. എത്രകാലം അനുഭവിച്ചാലും അങ്ങയുടെ ധനം നശിക്കുന്നതല്ല. എന്തിന്നുവേണ്ടി വൃഥാ ശരീരത്തെ ആയാസപ്പെടുത്തുന്നു. മനുഷ്യത്വ

ടെ ജീവിതം വളരെ അല്പമാണല്ലൊ. ഇതിലും ഭോഗയോഗ്യമായ കാലം കുറച്ചേ ഉള്ളൂ. സമ്പാദിച്ചതിനെ അനുഭവിക്കാതെ വീണ്ടും സമ്പാദിച്ചുകൊണ്ടുതന്നെ മരിക്കുന്നവർ എത്ര മൂഢന്മാരാണ്. ഞാൻ എന്തിന്നധികം പറയുന്നു. ഭാരക്ഷമന്മാരും വിശ്വസ്തരുമായ ആളുകളിൽ രാജ്യഭാരം സമൎപ്പിച്ച് അപ്സരസ്സുല്യകളായ അന്തഃപുരകാമിനികളോടുകൂടി രമിച്ചുകൊണ്ടും ഗീതം, സംഗീതം, പാനം മുതലായ ഗോഷ്ഠികളെ യഥേഷ്ടം അനുഭവിച്ചുകൊണ്ടും ശരീരലാഭത്തെ അന്വൎത്ഥമാക്കി ചെയ്താലും.'

ഇത്രയും പറഞ്ഞു വിഹാരഭദ്രൻ രാജാവിനെ സാഷ്ടാംഗം നമസ്കരിച്ചു. വിഹാരഭദ്രൻ നമസ്കരിക്കുന്നതുകണ്ടു അന്തഃപുരജനങ്ങൾ ചിരിച്ചു. വിഹാരഭദ്രന്റെ ഉപദേശപ്രകാരം താൻ നടക്കുന്നതാണെന്നു രാജാവ് സമ്മതിച്ചു.

മന്ത്രിവൃദ്ധനായ സുരക്ഷിതൻ രാജാവിനെ വീണ്ടും വീണ്ടും പ്രസ്തുതാൎത്ഥത്തിൽ പ്രേരിപ്പിച്ചു. മന്ത്രിയുടെ ഉപദേശത്തെ രാജാവ് വാക്കുകൊണ്ടു സ്വീകരിക്കാറുണ്ടെങ്കിലും അപ്രകാരം പ്രവൎത്തിച്ചു കാണായ്കയാൽ മന്ത്രിവൃദ്ധൻ ഒരു ദിവസം ഇപ്രകാരം ചിന്തിച്ചു.

'കഷ്ടം അറിവില്ലായ്കയാൽ ഞാൻ കേവലം ഒരു ബാലനെപ്പോലെ പ്രവൎത്തിച്ചുവല്ലൊ. അനുചിതമായ കാൎയ്യത്തിൽ പ്രവൎത്തിക്കയാൽ ഞാൻ അദ്ദേഹത്തിന്നു അക്ഷിഗതനായ അൎത്ഥിയെപ്പോലെ ഹാസ്യനായിത്തീൎന്നിരിക്കുന്നു. ഇദ്ദേഹം മുമ്പിലത്തെപ്പോലെയല്ല ഇപ്പോൾ ഓരോന്നു പ്രവൎത്തിക്കുന്നതു്. എന്നെ സ്നേഹപുരസ്സരം നോക്കാറില്ല. എന്നെ നോക്കി ചിരിക്കാറില്ല. രഹസ്യവൃ

ത്താന്തങ്ങളൊന്നും എന്നോടു പറയാറില്ല. എന്നെ സ്പർശിക്കാറില്ല. എൻെറ വ്യസനങ്ങളിൽ അദ്ദേഹത്തിന്ന ഒട്ടും അനുകമ്പതോന്നാറില്ല. ഉത്സവങ്ങളിൽ എന്നെ ആദരിക്കാറില്ല. എനിക്കു വിശേഷപ്പെട്ട സാധനങ്ങളൊന്നും കൊടുത്തയക്കാറില്ല. എൻെറ സൽകൃത്യങ്ങളെ ഗണിക്കാറില്ല. എന്നോടു കുടുംബയോഗക്ഷേമങ്ങളൊന്നും ചോദിക്കാറില്ല. ആസന്നകാൎയ്യങ്ങളിൽ എന്നെ നിയോഗിക്കാറില്ല. അന്തഃപുരത്തിൽ എന്നെ പ്രവേശിപ്പിക്കാറില്ല. കൂടാതെ, എന്നെ അനൎഹങ്ങളായ കാൎയ്യങ്ങളിൽ പ്രവൎത്തിപ്പിക്കുന്നു. എനിക്കു ഇഷ്ടമില്ലാത്ത ജനങ്ങളിൽ അദ്ദേഹം വിശ്വാസം പ്രദൎശിപ്പിക്കുന്നു. ഞാൻ ചോദിക്കുന്നതിനൊന്നും ശരിയായി സമാധാനം പറയാറില്ല. അവസരം കിട്ടുമ്പോളെല്ലാം എന്നെ പരിഹസിക്കുന്നു. ഞാൻ എന്തുകൊടുത്താലും സന്തോഷത്തോടുകൂടി സ്വീകരിക്കാറില്ല. നയജ്ഞന്മാരുടെ സ്ഖലിതങ്ങളെ എൻെറ മുമ്പാകെ മൂഢന്മാരെക്കൊണ്ടു ഉൽഘോഷിപ്പിക്കുന്നു. ചിത്താനുവൎത്തനം അനൎത്ഥമാണെങ്കിലും പ്രിയമായി ഭവിക്കുന്നു എന്നും എത്രതന്നെ സാമൎത്ഥ്യമുള്ളവരാണെങ്കിലും അഭിപ്രായത്തോടുകൂടി യോജിക്കാത്തവർ ബഹിഷ്കൃതന്മാരായി ഭവിക്കുന്നു എന്നും ചാണക്യൻ പറയുന്നതു വളരെ യഥാൎത്ഥം തന്നെ. ഇങ്ങിനെയെല്ലാമാണെങ്കിലും ഇനി എന്താണുഗതി. എൻെറ പിതൃപിതാമഹാദികൾ ഈ രാജകുടുംബത്തെ വളരെക്കാലമായി ആശ്രയിച്ചുവരുന്നതിനാൽ ഞാൻ എങ്ങിനെയാണു വിനയശൂന്യനായ ഇദ്ദേഹത്തെ ത്യജിക്കേണ്ടതു്. ത്യജിക്കാതിരിക്കുന്നതുകൊണ്ടും പ്രയോജനമെന്തു്? ഞാൻ പറയുന്നതൊന്നും

ഇദ്ദേഹം കേൾക്കാറില്ലല്ലൊ. നയജ്ഞനും അശ്മകേന്ദ്രനുമായ വസന്തഭാനു ഈ രാജ്യത്തെ കാലതാമസംകൂടാതെ സ്വാധീനപ്പെടുത്തുമെന്നതു നിശ്ചയംതന്നെ.'

രാജാവു വസുരക്ഷിതൻെറ ഉപദേശങ്ങളൊന്നും ശ്രദ്ധിക്കാതെ സ്വേച്ഛപോലെ ഓരോന്നു പ്രവർത്തിച്ചുതുടങ്ങി. അശ്മകരാജാവിൻെറ മന്ത്രിയായ ഇന്ദ്രപാലൻെറ പുത്രൻ ചന്ദ്രപാലൻ തൻെറ ദുരാചാരം നിമിത്തം പിതാവിനാൽ ബഹിഷ്കരിക്കപ്പെട്ടു വളരെ ചാരന്മാരുമായി ഒന്നിച്ചുകൂടി വിദർഭരാജ്യത്തിൽ ചെന്നു വിഹാരഭദ്രനെ വശീകരിച്ചു. തദ്വാരാ രാജാവിലും ആസ്പദം ലഭിച്ചു. രാജാവു ചെയ്യുന്ന വ്യായാമാദികൾ വളരെ ഉപയുക്തങ്ങളാണെന്നുപറഞ്ഞു രാജാവിൽ വിശ്വാസം ജനിപ്പിച്ചുതുടങ്ങി. നായാട്ടിനെ പോലെ നല്ലതായ വ്യായാമം വേറൊന്നുമില്ല. നായാട്ടു ശീലിക്കുന്നതിനാൽ കാലുകൾക്കു വേഗതയുണ്ടാകുന്നു. ശരീരത്തിൽ കഫം കുറഞ്ഞു അഗ്നിദീപ്തി ഉണ്ടാകുന്നു. മേദസ്സ് കുറഞ്ഞു അംഗങ്ങൾക്കു സ്ഥിരത കൃശത്വം അതിലാഘവം മുതലായ ഗുണങ്ങൾ സിദ്ധിക്കുന്നു. ശീതോഷ്ണാദിദുഃഖങ്ങളെ സഹിപ്പാൻ ശക്തി ഉണ്ടാകുന്നു. അവസ്ഥാന്തരങ്ങളിൽ പ്രാണികളുടെ ചിത്തവൃത്തികളെ അറിവാൻ സാധിക്കും. മാൻ, ഗവയം, മുതലായ മൃഗങ്ങളെ കൊല്ലുന്നതിനാൽ സസ്യലോപത്തിനു പ്രതിക്രിയചെയ്യാം. ചെന്നായ്, വ്യാഘ്രം മുതലായ ദുഷ്ടമൃഗങ്ങളെ കൊല്ലുന്നതിനാൽ സ്ഥലപഥങ്ങളിൽ ശല്യമില്ലാതാകുന്നു. ഇതുപോലെ പല ഗുണങ്ങൾ നായാട്ടുകൊണ്ടു സിദ്ധിക്കും. ഇതുപോലെ ദ്യൂതവും വളരെ നല്ലതുതന്നെയാണ്. ദ്യൂതത്തിൽ ഒരുവൻ തൃണംപോലെ പണം ചെലവുചെയ്യുന്നു

തിനാൽ തനിക്ക് ഔദാൎയ്യമുണ്ടെന്നു ജനങ്ങൾ പറയും. ദ്യൂതത്തിൽ ജയപരാജയങ്ങൾ അവ്യവസ്ഥിതങ്ങളാകയാൽ ഹൎഷത്തിലും വിഷാദത്തിലും ഒരുവന്റെ ബുദ്ധി മാറുന്നില്ല. പൌരുഷം കൊണ്ടു അമൎഷം വൎദ്ധിക്കുന്നു. കപടകൎമ്മജ്ഞാനത്താൽ ബുദ്ധി വികസിക്കുന്നു. ഒരേ വിഷയത്തിൽതന്നെ ശ്രദ്ധ വയ്ക്കുന്നതിനാൽ ബുദ്ധിക്ക് ഏകാഗ്രത ഉണ്ടാകുന്നു. സാഹസകാൎയ്യങ്ങളിൽ ആസക്തി വൎദ്ധിക്കുന്നു. ഇപ്രകാരം മററനേകം ഗുണങ്ങൾ ദ്യൂതംകൊണ്ടു സിദ്ധിക്കുന്നതാണ്. ഉത്തമാംഗനമാരുടെ ഉപഭോഗവും ആവശ്യംതന്നെ. ഇതിനാൽ ധൎമ്മാൎത്ഥങ്ങൾ രണ്ടും സഫലങ്ങളായി തീരുന്നു. പുരുഷാഭിമാനം പൂൎണ്ണമായി സിദ്ധിക്കുന്നു. അഭിപ്രായങ്ങളെ അറിയുന്നതിൽ കൌശലം, കലകളിൽ സാമൎത്ഥ്യം, ബുദ്ധിക്കും വാക്കിനും പാടവം, ഉൽകൃഷ്ടമായ ശരീരസംസ്കാരത്താലും സുഭഗവേഷത്താലും ലോകസംഭാവനീയത, സുഹൃൽപ്രിയത്വം, ദാക്ഷിണ്യം മുതലായ ഗുണങ്ങൾ സിദ്ധിക്കുന്നു. ഇതുപോലെ പാനം കൊണ്ടും വളരെ ഗുണങ്ങൾ സാധിപ്പാനുണ്ട്. പലതരം രോഗങ്ങളെ ശമിപ്പിക്കത്തക്കതായ ആസവങ്ങൾ കഴിക്കുന്നതിനാൽ ദീൎഘായുസ്സ് സിദ്ധിക്കുന്നു. അഹങ്കാരോൽക്കൎഷത്താൽ എല്ലാ ദുഃഖങ്ങളേയും തിരസ്കരിക്കാം. മാത്സൎയ്യം ശമിക്കുന്നതിനാൽ എപ്പോഴും ആനന്ദാനുഭവം തന്നെ. ശബ്ദാദിവിഷയങ്ങളെ സദാ അനുഭവിക്കാം. സുഹൃത്തുക്കളുടെ ഏകീകരണം ഉത്തമമായ അംഗലാവണ്യം അനുത്തരങ്ങളായ വിലാസങ്ങൾ മുതലായതും സിദ്ധിക്കുന്നു. രാജാവ് ഒരു മുനിയെപ്പോലെ ശമപ്രധാനനായിരുന്നാൽ ശത്രുക്ക

ളെ ആക്രമിക്കുന്നതിനോ ലോകതന്ത്രത്തെ അവലംബിക്കുന്നതിനോ സാധിക്കുന്നതല്ല. ഈവിധം ഓരോന്നിനെ പററി വൎണ്ണിച്ച് ചന്ദ്രപാലൻ രാജാവിന്റെ ആപ്തമിത്രമായിത്തീൎന്നു. ചന്ദ്രപാലന്റെ അഭിപ്രായങ്ങളെ രാജാവ് ഗുരുവചനം പോലെ അനുസരിച്ചുവന്നു. 'യഥാ രാജാ തഥാ പ്രജാഃ' എന്ന പ്രകാരം പ്രജകളും രാജാവിനെ അനുകരിച്ചു തുടങ്ങി. സമാനദോഷതയാൽ ഒരുവൻ മറെറാരുവന്റെ ദോഷങ്ങളെ ഗണിച്ചില്ല. രാജാവിനേയും പ്രജകളേയും അനുസരിച്ച് താന്ത്രികന്മാരും രാജലബ്ധങ്ങളായ ദ്രവ്യങ്ങളെ യഥേഷ്ടം അനുഭവിച്ചുതുടങ്ങി. ആയദ്വാരങ്ങൾ ക്രമത്തിൽ കുറഞ്ഞുവന്നു. രാജാവ് വിടന്മാൎക്കു വശപ്പെട്ടതിനാൽ വ്യയദ്വാരങ്ങൾ വൎദ്ധിച്ചുതുടങ്ങി. പ്രധാനികളായ പൌരജനങ്ങളും രാജാവോടുകൂടി ചേൎന്നു പാനഗോഷ്ഠികളിൽ പ്രവൎത്തിച്ച് അവനവന്റെ ആചാരങ്ങളെ അതിക്രമിച്ചുതുടങ്ങി. രാജാവ് പൌരസ്ത്രീകളെ ആക്രമിപ്പാനാരംഭിച്ചു. പൌരന്മാരും അരമനയിൽ അന്തഃപുരസ്ത്രീകളോടുകൂടി ലജ്ജാഭയം കൂടാതെ സ്വേച്ഛയാ വിഹരിച്ചുതുടങ്ങി. കുലസ്ത്രീകളെല്ലാം പാംസുലന്മാരുടെ വാക്കിലും വേഷത്തിലും തൽപ്പരകളായിത്തീൎന്ന് ചാരിത്രഭംഗം ചെയ്തു ഭൎത്താക്കന്മാരെ അവഗണിച്ച് ജാരന്മാരുടെ ഇഷ്ടപ്രകാരം പലതും പ്രവൎത്തിച്ചുതുടങ്ങി. ഇതു കാണ്മാൻ സഹിക്കാത്തവരായ ചിലരുടെ ഇടയിൽ കലഹം വൎദ്ധിച്ചു. ബലവാന്മാർ ബലഹീനരെ ഉപദ്രവിച്ചുതുടങ്ങി. ധനികന്മാരുടെ ധനങ്ങളെ തസ്കരന്മാർ യാതൊരു ഭയവും കൂടാതെ അപഹരിച്ചുവന്നു. ആൎക്കും എന്തും ചെയ്യാമെന്നുള്ള സ്ഥിതിവന്നു. ബന്ധുക്കൾ

മരിച്ച് ധനമെല്ലാം നശിച്ച് നിസ്സഹായരായി പ്രജകൾ കണ്ണീർപൊഴിച്ച് നിലവിളിതുടങ്ങി. രാജാവ് ആലോചനകൂടാതെ അസ്ഥാനങ്ങളിൽ ദണ്ഡം പ്രയോഗിക്കയാൽ പ്രജകളുടെ ഇടയിൽ ഭയവും ക്രോധവും വർദ്ധിച്ചുതുടങ്ങി. സാധുകുടുംബങ്ങളിൽ ലോഭം സ്ഥലംപിടിച്ചു. മാനികൾ അവമാനംനിമിത്തം ക്രുദ്ധരായിത്തീൻ. ഈ അവസരം നോക്കി ശത്രുക്കൾ ആപൽക്കരങ്ങളായ ഓരോ കാര്യങ്ങളിൽ പ്രേരിപ്പിച്ചു തൻമൂലം അവരെ നിഗ്രഹിച്ചുതുടങ്ങി. ശത്രുക്കൾ ഇവരെ വേട്ടയ്ക്കാണെന്നു പറഞ്ഞുകാട്ടിലേക്കു കൊണ്ടുപോകും. അവരെ കാട്ടിലാക്കി നാലുഭാഗത്തും തീ വെക്കും. പുലി മുതലായ ക്രൂരമൃഗങ്ങളെ കൊല്ലുന്നതിനായി ശത്രുക്കൾ ഇവരെ പ്രേരിപ്പിച്ച് ആ മൃഗങ്ങളെക്കൊണ്ടു തന്നെ ഇവരെ നിഗ്രഹിപ്പിക്കും. ശത്രുക്കളുടെ വാക്കുകേട്ടു ചിലർ അപകടങ്ങളായ മാൎഗ്ഗങ്ങളിൽക്കൂടി ഓടുമ്പോൾ കുഴികളിൽ വീണു മരിച്ചുപോകും. ഇവരെ ശത്രുക്കൾ സ്ത്രീകൾ വഴിക്കു ചില സങ്കേതസ്ഥലങ്ങളിൽ വരുത്തി ആക്രമിക്കും. ഈവിധം പല ഭേദപ്രയോഗങ്ങൾകൊണ്ടു ശത്രുക്കൾ ഇവരെ ഉപദ്രവിച്ചു തുടങ്ങി. കാലതാമസംകൂടാതെ അശ്മകരാജാവായ വസന്തഭാനു സൈന്യങ്ങളോടും സാമന്തരാജാക്കന്മാരോടുംകൂടി ചെന്നു അനന്തവൎമ്മാവിനെയും രാജ്യത്തേയും ആക്രമിച്ചു. അനന്തരം അശ്മകേന്ദ്രൻ സാമന്തരാജാക്കന്മാൎക്കു തമ്മിൽ കലഹം ഉണ്ടാക്കി അവരെയെല്ലാം നശിപ്പിച്ച് സൎവ്വസ്വവും കരസ്ഥമാക്കി അനന്തവൎമ്മാവിന്റെ രാജ്യത്തിനു താൻ അധിപതിയായി ഭവിച്ചു.

ഈസമയത്തു മന്ത്രി വൃദ്ധനായ വസുരക്ഷിതൻ ചി

ല പ്രധാനികളോടുകൂടി ചേൎന്ന ബാലനായ ഭാസ്കരവൎമ്മാവിനേയും അയാളുടെ ജ്യേഷ്ഠ സഹോദരിയായ മംജുവാദിനിയേയും ഇവരുടെ മാതാവായ വസുന്ധരയേയും കൂട്ടിക്കൊണ്ടു പുറപ്പെട്ടു. ഇവരുടെ ഭാവി കഷ്ടങ്ങൾ ഓൎത്തു വസുരക്ഷിതൻ ദാഹജ്വരത്താൽ മരിച്ചുപോയി. ഞാനും മററു ചില മിത്രങ്ങളും കൂടി രാജ്ഞിയേയും കുട്ടികളേയും മാഹിഷ്മതിക്കുകൊണ്ടുപോയി; രാജ്ഞിയുടെ ഭൎത്താവിൻെറ സാപത്നഭ്രാതാവായ മിത്രവൎമ്മാവിൻെറ അടുക്കൽ അവരെ ഏല്പിച്ചു. ആൎയ്യയായ രാജ്ഞിയെ അനാൎയ്യനായ മിത്രവൎമ്മാവു് അന്യഥാ ഗ്രഹിച്ചു. അദ്ദേഹത്തെ രാജ്ഞി വളരെ അധിക്ഷേപിച്ചു. ബാലനായ ഭാസ്കരവൎമ്മാവു് ഒരു സമയം രാജ്യാവകാശിയായി തീരുമൊ എന്നു ശങ്കിച്ചു് മിത്രവൎമ്മാവു് ആ ബാലനെ കൊല്ലുവാൻ യത്നിച്ചു രാജ്ഞി ഈ ഗൂഢാലോചനയെപ്പററി എങ്ങിനെയൊ അറിഞ്ഞു. അനന്തരം എന്നെ വിളിച്ചു് ബാലനെ എവിടെ എങ്കിലും കൊണ്ടുപോയി രക്ഷിക്കേണമെന്നു പറഞ്ഞു. ഞാൻ ആരും കാണാതെ ബാലനെ കൂട്ടിക്കൊണ്ടു് ഈ വിന്ധ്യാടവിയിൽ വന്നുചേൎന്നു. പാദസഞ്ചാരത്താൽ ബാലൻ വല്ലാതെ ക്ഷീണിച്ചു. ദാരുണമായ ദാഹം ബാലനെ പീഡിപ്പിച്ചുതുടങ്ങി. ഈ കിണററിൽ നിന്നു കുറെ വെള്ളം എടുപ്പാനായി ഉത്സാഹിച്ചപ്പോൾ ഞാൻ കാൽതെററി കിണററിൽ വീണുപോയി. ഈശ്വരാനുഗ്രഹത്താൽ ഭവാൻ യദൃച്ഛയാ ഇവിടെ വന്നു ഞങ്ങളെ രക്ഷിച്ചിരിക്കുന്നു.'

ഇത്രയും പറഞ്ഞു ആ വൃദ്ധൻ എന്നെ തൊഴുതു വന്ദിച്ചു. വീണ്ടും ഞങ്ങൾ സംസാരിച്ചതിൽനിന്നു എന്റെ

ക്ഷം ആ ബാലനും തമ്മിൽ കുറച്ചു ബന്ധമുണ്ടെന്നു മന സ്സിലായി. ബാലനെ ഞാൻ ആലിംഗനം ചെയ്തു. അ ശ്മകേന്ദ്രനെ നയംകൊണ്ടു ഉൻമൂലനം ചെയ്തു ബാല നെ പിതൃസ്ഥാനത്തിൽ വെക്കുന്നതാണെന്നു ഞാൻ പ്രതിജ്ഞചെയ്തു. ഈ സമയത്തു് ഒരു വ്യാധൻ രണ്ടു മൃ ഗങ്ങളെ പിന്തുടൎന്നുകൊണ്ടു അവിടെ വന്നു. വ്യാധൻ എയ്ത ശരങ്ങൾ ഒന്നും മൃഗങ്ങളുടെ മീതെ കൊണ്ടില്ല. ഞാൻ വ്യാധന്റെ കയ്യിൽ നിന്നു വില്ലും ബാക്കി ഉണ്ടാ യിരുന്ന രണ്ടു ശരങ്ങളും മേടിച്ചു് ഓരോ ശരംകൊണ്ടു ഓ രോ മൃഗത്തിനെ കൊന്നു. ഒന്നിനെ വേടനു കൊടുത്തു മറെറാന്നിനെ ഞങ്ങൾ പാകം ചെയ്തു ഭക്ഷിച്ചു. വ്യാധ നും ഞങ്ങൾ കുറേ ഭക്ഷണം കൊടുത്തു. അവൻ വളരെ സന്തുഷ്ടനായി. മാഹിഷ്മതീവൃത്താന്തം എന്തെങ്കിലും അറിയുമൊ എന്നു ഞാൻ വ്യാധനോടു ചോദിച്ചു. അവി ടെ താൻ പുലിത്തോൽ വിൽക്കുന്നതിനു പോയിരുന്ന തായും ചണ്ഡവൎമ്മാവിന്റെ അനുജൻ പ്രചണ്ഡവൎമ്മാ വു മിത്രവൎമ്മാവിന്റെ പുത്രിയായ മംജുവാദിനിയെ വി വാഹം ചെയ്വാൻ പോകുന്നതായി അവിടെ ജനങ്ങൾ ഉ ൽഘോഷിച്ചുകൊണ്ടിരുന്നതായും വ്യാധൻ പറഞ്ഞു. ഇ തുകേട്ടു ഞാൻ വൃദ്ധന്റെ ചെവിയിൽ ഇപ്രകാരം മന്ത്രി ച്ചു. ധൂൎത്തനായ മിത്രവൎമ്മാവു മംജുവാദിനിയെ സ്വന്തം പുത്രിയെ പോലെ കരുതി അവളെ വിവാഹം ചെയ്തു കൊടുപ്പാൻ യത്നിക്കുന്നതു രാജ്ഞിയുടെ വിശ്വാസം സ മ്പാദിക്കുന്നതിനും തൻമൂലം രാജപുത്രനെ കൊല്ലുന്നതി നുമാകുന്നു. അതിനാൽ നിങ്ങൾ പോയി കുമാരന്റെ കു ശലവൃത്താന്തവും എന്നെ കണ്ട വിവരവും രാജ്ഞിയോടു

സ്വകാൎയ്യമായി പറഞ്ഞു കുമാരനെ പുലി ഭക്ഷിച്ചു എന്നു പരസ്യപ്പെടുത്തേണം. ഇതു കേട്ടു് ആ ദുഷ്ടൻ വളരെ സന്തോഷിക്കും. എങ്കിലും ദുഃഖമുള്ളവൻ പോലെ പുറമെ നടിച്ചുകൊണ്ടു രാജ്ഞിയെ ആശ്വസിപ്പിപ്പാൻ അവൻ യത്നിക്കും. തന്റെ പുത്രൻ മരിച്ചതിനാൽ രാജാവു പറയുന്നതുപോലെയെല്ലാം പ്രവൎത്തിപ്പാൻ താൻ തയാറാണെന്നു രാജ്ഞി പറഞ്ഞതായി അങ്ങു് ആ ദുഷ്ടനോടു പറയണം. ഇതു കേട്ടാൽ വളരെ സന്തോഷത്തോടുകൂടി ആ ദുഷ്ടൻ വീണ്ടും രാജ്ഞിയെ കാണ്മാൻ പുറപ്പെടും. രാജ്ഞി ഞാൻ തരുന്നതായ ഈ വിഷത്തിൽ ഒരു പുഷ്പമാല മുക്കി 'ഞാൻ പതിവ്രതയാണെങ്കിൽ ഈ പുഷ്പമാല പാപിയായ അങ്ങേക്കു അസിപ്രഹാരമായി ഭവിക്കട്ടെ' എന്നു പറഞ്ഞു രാജാവിന്റെ ശരീരത്തിന്മേൽ എറിയണം. അനന്തരം ആ മാലയെ തന്നെ ഞാൻ തരുന്നതായ ഈ മരുന്നിൽ മുക്കി പുത്രിക്കു കൊടുക്കണം. രാജാവു പെട്ടെന്നു മരിക്കുന്നതും പുത്രി യാതൊരു വികാരവും കൂടാതെ നില്ക്കുന്നതും കണ്ടാൽ രാജ്ഞി വലിയ പതിവ്രതയാണെന്നു ജനങ്ങൾ വിശ്വസിക്കും. രാജ്യത്തിൽ നായകനില്ലാത്തതിനാൽ രാജ്യത്തേയും പുത്രിയേയും സ്വീകരിച്ചാൽ കൊള്ളാമെന്നു രാജ്ഞി പ്രചണ്ഡവൎമ്മാവിനോടു അപേക്ഷിക്കണം. ഞാനും ബാലനും ഭിക്ഷുവേഷത്തിൽ അവിടെ വന്നു രാജ്ഞിയെ കണ്ടു ഭിക്ഷ മേടിച്ചു ശ്മശാനത്തിനു സമീപത്തായി വാസം തുടങ്ങും. രാജ്ഞി അൎയ്യന്മാരായ പൌരവൃദ്ധന്മാരേയും മററു ആപ്തജനങ്ങളേയും വരുത്തി 'ഇന്നു കാലത്തു സ്വപ്നത്തിൽ എനിക്കു ദേവി പ്രത്യക്ഷീഭവിച്ചു. ഇന്നു മുതൽ നാലാമത്തെ

ദിവസം പ്രചണ്ഡവൎമ്മാവു മരിക്കുന്നതാണെന്നും അഞ്ചാം ദിവസം രേവാതടവൎത്തിയായ ദേവീക്ഷേത്രത്തിൽ നിന്നു എന്റെ പുത്രനോടുകൂടി ഒരു യുവാവു പുറത്തു വരുന്നതാണെന്നും ആ യുവാവു ഈ രാജ്യത്തെ വേണ്ടവിധം പരിപാലിച്ചു എന്റെ പുത്രനെ രാജസ്ഥാനത്തിൽ വെക്കുന്നതാണെന്നും എന്റെ പുത്രനെ ദേവിയാണു വ്യാഘ്രരൂപം ധരിച്ചു മറച്ചതു എന്നും വത്സയായ മഞ്ജുവാദിനിയെ ആ യുവാവിനു വിവാഹം ചെയ്തുകൊടുക്കേണമെന്നും സ്വപ്നത്തിൽ ദേവി എന്നോടു പറഞ്ഞതായി ഞാൻ ഓൎക്കുന്നു" എന്നു ഉൽഘോഷിക്കണം. ഞാൻ പറഞ്ഞ ഈ രഹസ്യങ്ങളെല്ലാം നിങ്ങളും രാജ്ഞിയും ഒഴികെ മററാരും അറിവാൻ പാടില്ല.

എന്റെ സന്ദേശത്തെ ശിരസാവഹിച്ച് വൃദ്ധൻ മാഹിഷ്മതിക്കു പുറപ്പെട്ടുപോയി. അവിടെ ചെന്നു ഞാൻ പറഞ്ഞതുപോലെയെല്ലാം പ്രവൎത്തിച്ചു. 'പതിവ്രതകളുടെ മാഹാത്മ്യം ആശ്ചൎയ്യകരം തന്നെ. മിത്രവൎമ്മാവിൽ മാലാപ്രഹാരം അഗ്നിപ്രഹാരമായി ഭവിച്ചുവെല്ലാ. ഇതിൽ യാതൊരു കപടവും ഉണ്ടെന്നു വിചാരിപ്പാൻ പാടില്ല. എന്തെന്നാൽ ആ പുഷ്പമാല തന്നെ മഞ്ജുവാദിനിക്കു സ്തനമണ്ഡനമായിട്ടാണല്ലൊ ഭവിച്ചതു്. ഈ പതിവ്രതയുടെ ശാസനങ്ങളെ അതിക്രമിക്കുന്നവൻ ഭസ്മീകരിക്കപ്പെടുന്നതാണ്'' എന്നു ലോകവാദം നാടെല്ലാം പരന്നു.

ഞാനും രാജപുത്രനും ഭിക്ഷുവേഷം ധരിച്ച് മാഹിഷ്മതിക്കുപോയി ഭിക്ഷയ്ക്കാണെന്നുള്ള ഭാവത്തിൽ രാജ്ഞിയെ ചെന്നുകണ്ടു. ഞങ്ങളെ കണ്ട ഉടനെ രാജ്ഞി എ

ണിററു-ഭഗവൻ, നമസ്കാരം. അനാഥയായ എന്നെ അനുഗ്രഹിച്ചാലും. ഞാൻ ആശ്ചൎയ്യകരമായ ഒരു സ്വപ്നം കണ്ടു. അതു വാസ്തവമാണൊ എന്നറിഞ്ഞാൽ കൊള്ളാം.' എന്നു എന്നെ നോക്കി സമീപത്തു നിന്നുകൊണ്ടിരുന്നവർ കേൾക്കത്തക്കവണ്ണം പറഞ്ഞു. സ്വപ്നഫലം ഉടനെ സിദ്ധിക്കുന്നതാണെന്നു മാത്രം ഞാൻ മറുപടി പറഞ്ഞു.

അനന്തരം ഭിക്ഷ മേടിച്ച് ഞാൻ മേൽപറഞ്ഞ വൃദ്ധനെ വിളിച്ച് പുറത്തുപോയി പ്രചണ്ഡവൎമ്മാവിനെപ്പററി വിവരങ്ങളെല്ലാം ചോദിച്ചു. തത്സമയം പ്രചണ്ഡവൎമ്മാവ് കുശീലവന്മാരാൽ ഉപാസിക്കപ്പെട്ടു സഭാമണ്ഡപത്തിൽ ഇരിക്കയായിരുന്നു. ഞാൻ വൃദ്ധനോടു ഉദ്യാനത്തിൽ ഇരിപ്പാൻ പറഞ്ഞ് വിജനമായ ഒരു സ്ഥലത്തിൽ പോയി ഉടുപ്പുകളെല്ലാം മാറി രാജപുത്രനെ അവിടെ വെച്ച് കുശീലവവേഷം ധരിച്ച് പ്രചണ്ഡവൎമ്മാവിൻെറ സമീപം ചെന്ന് അദ്ദേഹത്തെ അനുരഞ്ജിപ്പിച്ചു. നേരം സന്ധ്യയായി. പലതരം പാട്ടുകൾ കൊണ്ടും നൃത്യവിശേഷങ്ങൾകൊണ്ടും ഞാൻ പ്രചണ്ഡവൎമ്മാവിനെ സന്തോഷിപ്പിച്ചു. പല നേരംപോക്കുകൾ കാണിക്കുന്ന കൂട്ടത്തിൽ ഞാൻ ഒരു കത്തികൊണ്ടു പ്രചണ്ഡവൎമ്മാവിൻെറ മാറത്തുകുത്തി. പ്രചണ്ഡവൎമ്മാവ് സിംഹാസനത്തിൽ നിന്നു താഴെ വീണു. ഞാൻ പുറത്തു ഓടിപ്പോയി ഉയരമുള്ള ഒരു മതിൽ ചാടി ഉദ്യാനത്തിൽ കടന്നു. ആരും എന്നെ പിന്തുടരാതിരിക്കുന്നതിനു വേണ്ടി മണലിൽ എൻെറ കാലടികൾ പതിഞ്ഞതെല്ലാം വൃദ്ധൻ തട്ടി സമപ്പെടുത്തി. ഞാൻ ശത്രുക്കളുടെകയ്യിൽ പെടാതെ പുറത്തു

കടന്നു. രാജഗൃഹത്തിൽ ജനങ്ങൾ കൂട്ടുന്നതിന്നു മുമ്പായി ഞാൻ മുൻപറഞ്ഞ വിജനസ്ഥലത്തിൽ ചെന്നു സന്ന്യാസിവേഷം ധരിച്ചു. അനന്തരം രാജകുമാരനോടുകൂടി ദേവീക്ഷേത്രത്തിൽ ചെന്നു. അവിടെ ബിംബത്തിന്റെ അടിയിലേക്കു പുറത്തു നിന്നു വലുതായ ഒരു ദ്വാരം ഞാൻ മുമ്പു തന്നെ ഉണ്ടാക്കിയിരുന്നു.

രാജ്ഞി സങ്കേതപ്രകാരം ഞങ്ങൾക്കു ധരിപ്പാൻ ഉചിതങ്ങളായ വസ്ത്രാദികൾ വൃദ്ധന്റെ കയ്യിൽ കൊടുത്തയച്ചു. അർദ്ധരാത്രിയായപ്പോൾ ഞങ്ങൾ നല്ല വസ്ത്രങ്ങൾ ധരിച്ച് ആഭരണങ്ങൾ അണിഞ്ഞു മുൻപറഞ്ഞ ദ്വാരത്തിൽ പ്രവേശിച്ചു സ്വസ്ഥരായിരുന്നു. രാജ്ഞി മൃതനായ പ്രചണ്ഡവർമ്മാവിന്നു പ്രേതസംസ്കാരാദികൾ ചെയ്യിപ്പിച്ച് അദ്ദേഹത്തിന്റെ മരണത്തിന്നു കാരണം അശ്മകരാജാവാണെന്നു ചണ്ഡവർമ്മാവിനെ അറിയിച്ചു. അടുത്തദിവസം കാലത്തു രാജ്ഞി മന്ത്രിമാരോടുകൂടി ദേവീക്ഷേത്രത്തിൽ വന്നു ദേവിയെ പൂജിച്ചു. ബിംബത്തിന്നു ചുറവുമുണ്ടായിരുന്ന മുറികളെല്ലാം ശൂന്യങ്ങളാണെന്നു കാണികളെ ബോദ്ധ്യപ്പെടുത്തി. ഞങ്ങൾക്കു പുറത്തു വരുവാൻ സമയമായി എന്നു സൂചിപ്പിച്ചുകൊണ്ടു വാദ്യഘോഷം മുഴങ്ങി. രാജ്ഞിയും മററു ജനങ്ങളും ഞങ്ങളെ പ്രതീക്ഷിച്ചുനിന്നു. ഞാൻ ബിംബത്തോടുകൂടി ലോഹപാദപീഠത്തെ പൊന്തിച്ച് പതുക്കെ രണ്ടു കൈകൊണ്ടു പിടിച്ചു ഒരു വശത്തുവെച്ചു. ഞാനും രാജകുമാരനും പുറത്തുവന്നു. പ്രതിമയെ യഥാപൂർവ്വം സ്ഥാപിച്ചു വാതിൽ തുറന്നു. ജനങ്ങളെല്ലാം ആശ്ചര്യത്തോടും സന്തോഷത്തോടും കൂടി പുളകാഞ്ചിതഗാത്രരായി ഞങ്ങളെ വന്ദിച്ചു. ഞാൻ അവരെ

നോക്കി ഇപ്രകാരം പറഞ്ഞു:- 'ഈ രാജകുമാരൻ ആപത്തിൽപെട്ടിരുന്നപ്പോൾ വിന്ധ്യാവാസിനിയായ ദേവി വ്യാഘ്രരൂപം ധരിച്ച് ഇദ്ദേഹത്തെ രക്ഷിച്ചതായും ഈ രാജപുത്രനെ ദേവിയുടെ പുത്രനെപ്പോലെ എല്ലാവരും വിചാരിക്കണമെന്നും ഞാൻവഴിക്കു ദേവി നിങ്ങളെ അറിയിക്കുന്നു. കൂടാതെ ഞാൻ ഈ രാജകുമാരന്റെ രക്ഷകത്താവാണെന്നും ഇദ്ദേഹത്തിന്റെ സോദരിയെ ഞാൻ വിവാഹം ചെയ്യേണമെന്നും ദേവി ആജ്ഞാപിക്കുന്നു.'

ഇതുകേട്ടു സന്തോഷപരവശരായി ജനങ്ങളെല്ലാം 'ഭോജവംശം വളരെ ഭാഗ്യവത്തു തന്നെ' എന്നു ഉറക്കെ ഘോഷിച്ചു. രാജ്ഞി അന്നുതന്നെ മഞ്ജുവാദിനിയെ എനിക്കു വിവാഹം ചെയ്തുതന്നു. അന്നുരാത്രിതന്നെ ആരും കാണാതെ ഞാൻ ദേവാലയത്തിലെ ബിലത്തെ നല്ലവണ്ണം അടച്ചു. എനിക്കു ഏതോ ദിവ്യാംശമുണ്ടെന്നു വിശ്വസിച്ചു ജനങ്ങളെല്ലാം എന്റെ ആദേശങ്ങളെ അനുസരിച്ചുവന്നു. രാജപുത്രനെ ജനങ്ങൾ ദേവീപുത്രനെപ്പോലെ ഭക്തിബഹുമാനപുരസ്സരം സ്നേഹിച്ചുവന്നു. ശുഭദിനത്തിൽ ഞാൻ പുരോഹിതന്മാരെ വരുത്തി രാജപുത്രനു ഉപനയനം ചെയ്തു. രാജപുത്രനു നീതി ഉപദേശിപ്പാൻ പുരോഹിതന്മാരെ ഏല്പിച്ചു ഞാൻ രാജ്യകാര്യങ്ങൾ നോക്കിവന്നു. പഞ്ചാംഗമന്ത്രമാകുന്ന മൂലത്തോടും അർത്ഥപുഷ്ടിസമൃദ്ധിയാകുന്ന സ്കന്ധത്തോടും ചതുർഗ്ഗുണങ്ങളാകുന്ന വിടപങ്ങളോടും പ്രകൃതികളാകുന്ന പത്രങ്ങളോടും ഷൾഗുണങ്ങളാകുന്ന കിസലയങ്ങളോടും ശക്തിത്രയമാകുന്ന പുഷ്പങ്ങളോടും സിദ്ധിത്രയമാകുന്ന ഫലങ്ങളോടും കൂടിയ നയമാകുന്ന വൃക്ഷത്തെ നിസ്സഹായനായി ഉപജീവിക്കു

ന്നതു ശ്രമസാദ്ധ്യമാണെന്നു എനിക്കു തോന്നി. മിത്രവമ്മ ന്റെ മന്ത്രിയായ ആശ്ചൎയ്യകേതു മന്ത്രിഗുണയുക്തനാണെന്നും കോസലവംശജനാകയാൽ രാജ്ഞിപക്ഷത്തിൽപെട്ട ആളാണെന്നും അദ്ദേഹത്തെ സഹായിയായി ലഭിക്കുന്നതു വളരെ മംഗളമായിരിക്കുമെന്നും എനിക്കു തോന്നി. അനന്തരം വൃദ്ധനെ വിളിച്ച് സാകാൎയ്യമായി ഇപ്രകാരം പറഞ്ഞു:-

'അങ്ങുപോയി ആൎയ്യകേതുവിനെകണ്ടു 'രാജ്യലക്ഷ്മിയെ അനുഭവിക്കുന്ന ഈ മായാപുരുഷൻ ആരാണെന്നറിയുന്നില്ല. നമ്മുടെ ബാലനെ ഈ സൎപ്പം പിടിച്ചിരിക്കുന്നവല്ലൊ. ഈ ഭുജംഗമം ബാലനെ രക്ഷിക്കുമൊ നിഗ്രഹിക്കുമൊ എന്നറിയുന്നില്ല' എന്നിപ്രകാരം പറയണം. ഇതുകേട്ടു ആൎയ്യകേതു എന്താണു പറയുന്നതു എന്ന് എന്നെ അറിയിക്കേണം.'

വൃദ്ധൻ ആൎയ്യകേതുവിനെ ചെന്നുകണ്ടു തിരികെവന്നു. ആൎയ്യകേതുവിന്റെ മറുപടി ഇപ്രകാരമായിരുന്നു:—

'ഈവിധം പറയരുത്:—അദ്ദേഹം ഒരു ഉത്തമ കുലത്തിൽ ജനിച്ച ആളാണ്. അദ്ദേഹത്തിന്റെ ബുദ്ധിനൈപുണ്യം അസാധാരണമാകുന്നു. അതിമാനുഷമായ പ്രാണബലം, അളവില്ലാത്ത ഔദാൎയ്യം, ആശ്ചൎയ്യകരമായ ശസ്ത്രകൌശലം അനല്പമായ ശില്പവിജ്ഞാനം, ആൎദ്രമായ ഹൃദയം, അസഹ്യമായ പരാക്രമം ഈ ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ ഒന്നിച്ച് സ്ഥിതിചെയ്യുന്നു. അദ്ദേഹം ശത്രുക്കൾക്കു വിഷവൃക്ഷവും മിത്രങ്ങൾക്കു ചന്ദനവൃക്ഷവുമാകുന്നു. ആ മഹാപുരുഷൻ അശ്മകരാജാവി

നെ ഉദ്ധരിപ്പിച്ച നമ്മുടെ രാജപുത്രനെപിതൃസ്ഥാനത്തിൽ വെക്കുമെന്നുള്ളതിനു സംശയമില്ല.'

ഞാൻ ആര്യകേതുവിനെ എൻെറ സഹായിയാക്കിത്തീർത്തു. അദ്ദേഹത്തിൻെറ സഹായത്തോടുകൂടി വിശ്വസ്തരായ മന്ത്രിമാരേയും പല വേഷത്തിലുള്ള ഗൂഢപുരുഷന്മാരേയും സമ്പാദിച്ചു. അവർമൂലമായി പ്രജകളുടെ പ്രകൃതിഭേദങ്ങളെ നല്ലവണ്ണം അറിഞ്ഞു. നാസ്തികന്മാരെ ഉൻമൂലനം ചെയ്തു കണ്ടകന്മാരെ ശോധിച്ചു. വർണ്ണാശ്രമധർമ്മങ്ങൾക്കു വ്യവസ്ഥചെയ്തു.

അനന്തരം ഞാൻ ഏററവും വിശ്വസ്തരായ ജനങ്ങളെ പറഞ്ഞയച്ച് അശ്മകരാജാവിൻെറ ജനങ്ങളിൽനിന്നു പ്രധാനപ്പെട്ട ചിലരെ എൻെറ ഭാഗത്തിലേക്കു വശീകരിച്ചു. എൻെറ പ്രവൃത്തികൾ കണ്ടു് അശ്മകരാജാവു ഭയാകുലനായിത്തീൎന്നു. ക്ഷമിച്ചിരിക്കുന്നപക്ഷം രാജ്യം പോകുമെന്നു വിചാരിച്ച് അശ്മകരാജാവു സൈന്യസമേതനായി യുദ്ധത്തിനു വന്നു. ഞാൻ ഏകാകിയായി അദ്ദേഹത്തോടുകൂടി യുദ്ധം ചെയ്തു. സൈന്യങ്ങളുടെ സഹായം കൂടാതെ ഞാൻ യുദ്ധം ചെയ്യുന്നതുകണ്ടു ശത്രുസൈന്യം വളരെ വിസ്മയിച്ചു. അശ്മകരാജാവ് എൻെറനേരെ എതിർത്തു. ഞാൻ വാളുകൊണ്ടു് അദ്ദേഹത്തിൻെറ ശിരസ്സു ഛേദിച്ചു. ശത്രുസൈന്യമെല്ലാം ഞങ്ങൾക്കു വശപ്പെട്ടു ഭാസ്കരവർമ്മാവിനെ വന്ദിച്ച് അദ്ദേഹം തങ്ങളുടെ രാജാവാണെന്നു സമ്മതിച്ചു. എൻെറ യത്നങ്ങളെല്ലാം ഈ വിധം സഫലമായിത്തീൎന്നു. എൻെറ പ്രയത്നങ്ങൾക്കു പാരിതോഷികമായി പ്രചണ്ഡവർമ്മാവി

ൻെറ രാജ്യം എനിക്ക കിട്ടി. അനന്തരം ഞാൻ എൻെറ പ്രിയ സഖാവായ ദേവനെ അന്വേഷിച്ചുപുറപ്പെട്ടു. ഭാസ്കരവൎമ്മാവു് അദ്ദേഹത്തിൻെറ അമ്മ മുതലായവർ ഞാനില്ലാതെ ഒരു നിമിഷംപോലും ഇരിക്കുന്നതല്ലെന്നു പറഞ്ഞു. അങ്ങയെ കാണുന്നതുവരെ ഞാൻ ഒരു ദിക്കിലും സ്ഥിരമായി താമസിക്കുന്നതല്ലെന്നും ആൎയ്യകേതുവിൻെറ സാന്നിദ്ധ്യത്തിൽ യാതൊന്നും പേടിക്കേണ്ടതില്ലെന്നും അങ്ങയെ കണ്ടെത്തിയാൽ താമസിയാതെ അവിടെ ചെന്നുകൊള്ളാമെന്നും മററും പറഞ്ഞു രാജാവിനേയും രാജ്ഞിയേയും സമാധാനപ്പെടുത്തി പ്രിയതമയെ തൽക്കാലം അവിടെ തന്നെ വിട്ടു ദേവനെ അന്വേഷിപ്പാനായി പുറപ്പെട്ടു. അപ്പോഴാണു സിംഹവൎമ്മാവു് സഹായത്തിനായി എന്നെ വിളിച്ചതു്. അദ്ദേഹത്തെ സഹായിപ്പാൻ വന്നതിനാലൊ പൂൎവ്വപുണ്യവിപാകത്താലൊ വിചാരിക്കാതെതന്നെ അങ്ങയെ കാണ്മാൻ എനിക്കു സാധിച്ചു."

---

# XIII

അവരവരുടെ ചരിത്രം പറഞ്ഞതിന്നു ശേഷം രാജകുമാരന്മാരെല്ലാവരും ഒന്നിച്ചു ചേൎന്നു പാടലീപുരത്തിൽ യുവരാജാവായിരുന്ന സോമദത്തനെ പൂൎവ്വസങ്കേതപ്രകാരം ആളയച്ചുവരുത്തി. സോമദത്തൻ വന്നു മററുള്ളവരുടെ കൂട്ടത്തിൽ ചേൎന്നു. പുഷ്പപുരത്തിൽ നിന്നു രാജപുരുഷന്മാർ രാജാവായ രാജഹംസൻെറ ഒരു എഴുത്തു കൊണ്ടുവന്നു രാജവാഹനൻെറ കയ്യിൽ കൊടുത്തു. രാജവാഹനൻ എഴുത്തു പൊട്ടിച്ചു് എല്ലാവരും കേൾക്കത്തക്കവണ്ണം വായിച്ചു.

കുമാരന്മാർക്കെല്ലാം ആശീർവ്വാദം. രാജവാഹനൻ സ്നേഹിതന്മാരുടെ കൂട്ടത്തിൽ നിന്നു പെട്ടെന്നു പിരിഞ്ഞു പോയി എന്നും അവരെല്ലാവരും അവനെ അന്വേഷിച്ചു പുറപ്പെട്ടിരിക്കുന്നതായും അറിഞ്ഞു ഞാനും മഹാറാണിയും വളരെ വ്യസനിച്ചു. ഞങ്ങൾ പ്രാണത്യാഗം ചെയ്യാനായി ഉദ്യമിച്ചപ്പോൾ വാമദേവമഹർഷി ഞങ്ങളെ തടഞ്ഞു. ഏതാനും വത്സരങ്ങൾ കഴിഞ്ഞു നിങ്ങൾ എല്ലാവരും വിജയികളായി സ്വരാജ്യത്തിലേക്കു തിരിച്ചുവരുന്നതാണെന്നു പറഞ്ഞു ഞങ്ങളെ സമാശ്വസിപ്പിച്ചു. അദ്ദേഹം പറഞ്ഞതായ അവധി അവസിതപ്രായമായിരിക്കുന്നു. ഞങ്ങൾ ഇന്നു വീണ്ടും ഋഷിയെ ചെന്നു കണ്ടു. കുമാരന്മാരെല്ലാവരും ശത്രുക്കളെ ജയിച്ചു രാജ്യങ്ങൾ ലഭിച്ചു ചംപാനഗരത്തിൽ കൂടി ചേർന്നിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞു. നിങ്ങളെല്ലാവരും ഉടനെ പുറപ്പെട്ടു വരണം.

രാജാവിന്റെ ആജ്ഞപ്രകാരം രാജകുമാരന്മാരെല്ലാവരും ഉടനെ പുഷ്പപുരത്തിലേക്കു പുറപ്പെട്ടു. ഉജ്ജയിനിയിൽ ചെന്നു അവർ പുഷ്പോൽഭവനെ ബന്ധനത്തിൽ നിന്നു മോചിപ്പിച്ചു. അനന്തരം മാളവേന്ദ്രനെ ജയിച്ച് പുഷ്പപുരത്തിൽ ചെന്നു.

പുത്രസമാഗമത്താൽ പിതൃജനങ്ങൾ അമന്ദമായ ആനന്ദം പൂണ്ടു. കുമാരന്മാരെല്ലാവരും മുനിശ്രേഷ്ഠനേയും അനന്തരം പിതൃജനങ്ങളേയും സാഷ്ടാംഗം നമസ്കരിച്ചു. ദിക്വിജയാരംഭകാലം മുതൽ അവർ തിരിച്ചു ചെന്നതുവരെയുള്ള സ്വവൃത്താന്തങ്ങളെ ഓരോരുത്തരും പറഞ്ഞു. പിതൃജനങ്ങൾ കുമാരന്മാരുടെ അതിദീർഘകാ

ങ്ങളായ പരാക്രമകൃത്യങ്ങൾ കേട്ട വളരെ സന്തോഷിച്ചു. അനന്തരം രാജാവ് ഋഷിശ്രേഷ്ഠനെ നോക്കി ഇപ്രകാരം പറഞ്ഞു:—

'ഭഗവൻ, അങ്ങയുടെ അനുഗ്രഹത്താൽ ഞാൻ മനുഷ്യദുർല്ലഭങ്ങളായ സുഖങ്ങൾ അനുഭവിച്ചു. ഇനി വാർദ്ധക്യത്തിന്നു ഉചിതമായ വാനപ്രസ്ഥാശ്രമം സ്വീകരിച്ച് അങ്ങയുടെ പാദസന്നിധാനത്തിൽ ഇരുന്നു ആത്മസ്വരൂപവിചിന്തനം ചെയ്തുകൊണ്ടു ജീവിതശേഷത്തെ നയിച്ചാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ പുഷ്പപുരത്തിന്നും മാനസാരൻെറ രാജ്യത്തിന്നും അധിപതിയായി രാജവാഹനനെ അഭിഷേകം ചെയ്തു ശിഷ്ടങ്ങളായ രാജ്യങ്ങളെ ബാക്കി ഒമ്പതു കുമാരന്മാൎക്കു ഭാഗിച്ചുകൊടുത്താലും. അവരെല്ലാവരും രാജവാഹനൻെറ ആജ്ഞകളെ അനുസരിച്ചുകൊണ്ടു ഐകമത്യത്തോടുകൂടി അവരവരുടെ രാജ്യങ്ങളെ യഥാവിധി ഭരിച്ചുകൊള്ളട്ടെ.' രാജാവു് വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്നതിൽ കുമാരന്മാൎക്കു് അത്ര ഇഷ്ടമുണ്ടായിരുന്നില്ലെന്നുകണ്ടു താപസൻ അവരോടുപറഞ്ഞു:—

'കുമാരന്മാരെ! മഹാരാജാവു് അദ്ദേഹത്തിൻെറ വയസ്സിന്നനുഗുണമായി ആശ്രമം സ്വീകരിക്കുന്നതിനെപ്പററി നിങ്ങൾ എന്തുകൊണ്ടാണു വ്യസനിക്കുന്നതു്. അദ്ദേഹം വാർദ്ധക്യത്തിന്നനുരൂപമായ മാൎഗ്ഗത്തിൽ പ്രവേശിച്ച് കായക്ലേശം കൂടാതെ എൻെറ ആശ്രമത്തിൽ എന്നോടുകൂടി വാനപ്രസ്ഥാശ്രമം സ്വീകരിച്ച് ഇരിക്കുന്ന കാൎയ്യത്തിൽ നിങ്ങൾ യാതൊരു തടസ്ഥവും പറയരുതു്.

നിങ്ങൾക്കു ഇനി പിതൃസന്നിധാനത്തിൽ സുഖം ലഭിക്കുന്നതല്ല.'

താപസൻെറ ആജ്ഞയെ കുമാരന്മാർ കൈക്കൊണ്ടു. രാജാവു് ആശ്രമാന്തരം സ്വീകരിക്കുന്നതിനെപ്പററി അവർ യാതൊരു തടസ്ഥവും പറഞ്ഞില്ല. രാജവാഹനനെ പുഷ്പപുരത്തിൽ അഭിഷേകം ചെയ്തു അദ്ദേഹത്തിൻെറ ആജ്ഞപ്രകാരം മററു രാജകുമാരന്മാരെല്ലാവരും അവരവരുടെ രാജ്യങ്ങളെ ഭരിച്ചുവന്നു. വാനപ്രസ്ഥാശ്രമം സ്വീകരിച്ചു് ആശ്രമത്തിൽ വസിച്ചിരുന്ന രാജാവിനേയും രാജ്ഞിയേയും രാജകുമാരന്മാർ ഇടയ്ക്കിടെ ചെന്നുകണ്ടു. ഇപ്രകാരം രാജവാഹനപ്രമുഖരായ രാജകുമാരന്മാരെല്ലാവരും പരസ്പരം ഐകമത്യത്തോടുകൂടി അവരവരുടെ രാജ്യങ്ങളെ ന്യായമായി പാലിച്ചുകൊണ്ടും ഇന്ദ്രാദിദേവന്മാൎക്കുപോലും ദുർല്ലഭങ്ങളായ രാജ്യസുഖങ്ങൾ അനുഭവിച്ചുകൊണ്ടും യഥേഷ്ടം സുഖിച്ചുവാണു.

ശുഭം.





Indic Digital Archive Foundation
gpura.org